Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
VOL.4 / ISSUE 1 / PAGES 32
19
ജൂൺ 2024
ബുധനാഴ്ച
1199 മിഥുനം 5

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World



# പുടിൻ–കിം സൗഹൃദം ലോകത്തിന് ഭീഷണിയോ?

## പിന്നിലെ യഥാർത്ഥ ശക്തി ആര്?

ശീതയുദ്ധത്തിനു ശേഷമുള്ള ഏറ്റവും ശക്തമായ പങ്കാളിത്ത കരാറിൽ ഒപ്പുവച്ചിരിക്കുകയാണ് റഷ്യയും ഉത്തരകൊറിയയും. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും ഉത്തരകൊറിയൻ നേതാവ് കിം ജോങ് ഉന്നും ബുധനാഴ്ചയാണ് കരാറിൽ ഒപ്പുവച്ചത്. തങ്ങളിൽ ഏതെങ്കിലും രാജ്യത്തിന് ആക്രമണം നേരിടേണ്ടി വന്നാൽ പരസ്പര സഹായം വാഗ്ദാനം ചെയ്യുന്ന ഒരു തന്ത്രപ്രധാന ഉടമ്പടിയാണ് ഇരുരാജ്യങ്ങളും തമ്മിൽ ഒപ്പുവച്ചിരിക്കുന്നത്. ഇത് പടി

ശേഷം പേജ് 8 ൽ

‘മുതിർന്നവർ അവണിക്കപ്പെടേണ്ടവർ അല്ല, മറിച്ച് ആദരിക്കപ്പെടേണ്ടവർ...’ പേജ് 03

രാഹുൽഗാന്ധിയും വയനാടും (എൻ.പി. ചെക്കുട്ടി എഴുതുന്നു) പേജ് 05

മഞ്ഞിയും മിന്നിയും ലോക കേരളസഭ പേജ് 15

‘ഗ്ർർർ’ എന്നു ഒരു നേതാവ് മുരളുന്നു, പാർട്ടിയിലുള്ളവർ വാല് ചുരുട്ടുന്നു..! പേജ് 22

വിശ്വാസ്യത തകർന്നടിഞ്ഞ നീറ്റ് പരീക്ഷയിൽ ആസൂത്രിതമായ വൻ തട്ടിപ്പ് പേജ് 25

# യുഎസ് ആയുധങ്ങൾ തടഞ്ഞ് വയ്ക്കുന്നുവെന്ന് നെതന്യാഹു; ശരിയല്ലെന്ന് യുഎസ് പ്രതിനിധി

വാഷിംഗ്ടൺ: യുഎസ് നൽകുന്ന ആയുധങ്ങളെക്കുറിച്ചുള്ള നെതന്യാഹുവിന്റെ അഭിപ്രായങ്ങൾ തികച്ചും തെറ്റാണെന്ന് നെതന്യാഹുവിനോട് ബൈഡൻ പ്രതിനിധി.



ഇസ്രായേലിന് ആയുധങ്ങളും വെടിക്കോപ്പുകളും യുഎസ് തടഞ്ഞുവയ്ക്കുന്നു എന്ന പ്രസ്താവന പൂർണ്ണമായും തെറ്റാണെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനോട് ചൊവ്വാഴ്ച യുഎസ് പ്രതിനിധി ആമോസ് ഹോഷ്സ്റ്റീൻ പറഞ്ഞു.ഇസ്രായേലിലെ യുഎസ് അംബാസഡർ ജാക്ക് ല്യൂവും നെതന്യാഹുവിനോട് അഭിപ്രായങ്ങൾ ശരിയല്ലെന്ന് ആവർത്തിച്ചു. ഇസ്രായേൽ നേതാവിന്റെ അഭിപ്രായത്തിൽ ഭരണകൂടത്തിന്റെ വർദ്ധിച്ചുവരുന്ന നിരാശയാണ് യോഗം പ്രതിഫലിപ്പിക്കുന്നത്. ഇസ്രായേൽ-ഹമാസ് യുദ്ധത്തിനിടയിൽ നെതന്യാഹു ബൈഡൻ ഭരണകൂടത്തെ പരസ്യമായി ആക്ഷേപിക്കുന്നത് ഇതാദ്യമല്ല, എന്നാൽ ഗാസയിലെ യുദ്ധവും ഇസ്രായേലും ഹിസ്ബുള്ളയും തമ്മിലുള്ള സംഘർഷ

ശേഷം പേജ് 8 ൽ

ഇ–പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

## റഷ്യ – ഉത്തരകൊറിയ ഉടമ്പടി;

# പ്രകടമാകുന്നത് സ്വേച്ഛാധിപത്യ ശക്തികളുടെ പരസ്പര പിന്തുണയെന്ന് നാറ്റോ മേധാവി

ഒട്ടാവ: ഉത്തരകൊറിയയുമായുള്ള റഷ്യയുടെ പുതിയ പ്രതിരോധ ഉടമ്പടി സ്വേച്ഛാധിപത്യ ശക്തികൾക്കിടയിൽ വർദ്ധിച്ചുവരുന്ന യോജിപ്പ് കാണിക്കുന്നതാണെന്ന് നാറ്റോ മേധാവി. ഇത് ജനാധിപത്യ രാജ്യങ്ങൾ ഐക്യമുന്നണി അവതരിപ്പിക്കുന്നതിന്റെ പ്രാധാന്യം ഉയർത്തികാട്ടുന്നതായും നാറ്റോ സെക്രട്ടറി ജനറൽ ജെൻസ് സ്റ്റോൾട്ടൻബെർഗ് പറഞ്ഞു.

ആക്രമണമുണ്ടായാൽ പരസ്പരം സഹായിക്കാമെന്ന കരാറിൽ റഷ്യയും ഉത്തരകൊറിയയും ഒപ്പുവച്ചത് പ്യോങ്‌യാങ്ങോടുള്ള മോസ്കോയുടെ നയത്തെ മാറ്റിമറിക്കുന്ന നീക്കമാണ്. ഉക്രെയ്നിനെതിരായ യുദ്ധത്തിൽ ചൈനയും ഇറാനും മോസ്കോയെ സൈനികമായി പിന്തുണയ്ക്കുമ്പോൾ ഉത്തരകൊറിയ റഷ്യയ്ക്ക് വലിയ തോതിൽ വെടിമരുന്ന് നൽകിയിട്ടുണ്ടെന്ന് നാറ്റോ സെക്രട്ടറി ജനറൽ ജെൻസ് സ്റ്റോൾട്ടൻബെർഗ് പറഞ്ഞു.

'സ്വേച്ഛാധിപത്യ ശക്തികൾ കൂടുതൽ അണിനിരക്കുന്നുവെന്ന് നാം അറിഞ്ഞിരിക്കണം. മുമ്പ് കണ്ടിട്ടില്ലാത്ത വിധത്തിൽ അവർ പരസ്പരം പിന്തുണയ്ക്കുന്നു' ഒട്ടാവയിലെ ഔദ്യോഗിക സന്ദർശനത്തിനിടെ ഒരു പാനൽ ചർച്ചയിൽ അദ്ദേഹം പറഞ്ഞു.



ഉത്തര കൊറിയ, ചൈന, ഇറാൻ, റഷ്യ തുടങ്ങിയ സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾ കൈകോർക്കുമ്പോൾ സ്വാതന്ത്ര്യത്തിലും ജനാധിപത്യത്തിലും വിശ്വസിക്കുന്ന രാജ്യങ്ങളായി നമ്മൾ ചേർന്ന് നിൽക്കേണ്ടത് അതിലും പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു.

## ജനക്കൂട്ടം 85 വർഷത്തിന് മുമ്പ് കത്തിച്ച വീടിന് പകരം പുതിയ വീട്;

# 'മുത്തശ്ശി ഓഫ് ജുനെറ്റീന്' തക്കോൽ കൈമാറി

ടെക്സാസ്: 1939ൽ ടെക്സാസിലെ ഫോർട്ട് വർത്തിൽ ഒപാൽ ലീയുടെ കുടുംബ വീട് വെള്ളക്കാരായ ജനക്കൂട്ടം കത്തിച്ചു. അവൾക്ക് അന്ന് 12 വയസായിരുന്നു. എൺപത്തിയഞ്ച് വർഷത്തിന് ശേഷം, ഇപ്പോൾ 97 വയസ്സുള്ള ലീക്ക് ഒരു പുതിയ വീടിന്റെ താക്കോൽ ലഭിച്ചിരിക്കുന്നു. അതിശയിപ്പിക്കുന്ന കാര്യം ആ പഴയ വീടിന്റെ സ്ഥാനത്ത് തന്നെയാണ് പുതിയ വീട് സ്ഥിതി ചെയ്യുന്നത്.



2016ൽ ഫോർട്ട് വർത്തിൽ നിന്ന് വാഷിംഗ്ടൺ ഡിസിയിലേക്ക് പ്രതീകാത്മകമായി 1,400 മൈൽ മാർച്ച് നടത്തിയാണ പതിറ്റാണ്ടുകളായി ജൂൺടീന്തിന്റെ ഫെഡറൽ അംഗീകാരത്തിനായുള്ള ദേശീയ പ്രചാരണത്തിന് പൗരാവകാശ പ്രവർത്തകൻ നേതൃത്വം നൽകിയത്.

അമേരിക്കയിലെ അടിമത്തം അവസാനിച്ചതിന്റെ ഏറ്റവും പഴയ വാർഷിക അനുസ്മരണമായ ജുനെറ്റീന്ത് 2021ൽ ഔദ്യോഗികമായി ഒരു ദേശീയ അവധിയായി പ്രഖ്യാപിക്കപ്പെട്ടു. ഈ വർഷമാദ്യം ലീക്ക് പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം ലഭിച്ചു. അവളുടെ നേതൃത്വത്തെ ജുനെറ്റീന്തിന്റെ മുത്തശ്ശി ആയിട്ടാണ് അംഗീകരിക്കുന്നത്.

"നമുക്ക് ഒരു മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് ചെറുപ്പക്കാർ തിരിച്ചറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ ആരുടെയെങ്കിലും മനസ്സ് മാറ്റാൻ തങ്ങളെ തന്നെ ഒരു കമ്മിറ്റിയാക്കാൻ ഞാൻ അവരോട് ആവശ്യപ്പെടുന്നു.

ആളുകളെ വെറുക്കാൻ പഠിപ്പിച്ചിട്ടുണ്ടെങ്കിൽ, അവരെ സ്നേഹിക്കാൻ പഠിപ്പിക്കാം" ലീ എബിസി ന്യൂസിനോട് പൗരാവകാശ ആക്ടിവിസത്തിന്റെ പാരമ്പര്യത്തെക്കുറിച്ച് പറഞ്ഞു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
M.G. Radhakrishnan
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**
**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

## American Diary — 60 Years Ago

### *Civil Rights Act outlawed discrimination, but the journey continues*

The Civil Rights Act of 1964 was approved by the U.S. Senate, 73-27, after surviving a lengthy filibuster. Just two weeks later, it was signed into law by President Lyndon B. Johnson.

Essentially, the Civil Rights Act of 1964 outlawed discrimination on the basis of race, color, religion sex or national origin. Passage of the bill was secured after debates and amendments, but is lauded today as landmark legislation. The


DESERET NEWS
Barry Heats Campaign
With Rights Bill Stand

front page of the Deseret News, in reporting the deliberations in Washington, noted that Utah Sen. Wallace F. Bennett vowed to vote for passage of the act. June 19, 1964

## വിവേക് രാമസ്വാമി സ്മാർട്ട് പയ്യനാണ്; അദ്ദേഹം എന്റെ ടീമിലുണ്ടാവും: ഡൊണാൾഡ് ട്രംപ്

വിസ്കോൺസിൻ: ഇന്ത്യൻ വംശജനായ വ്യവസായി വിവേക് രാമസ്വാമിയെ മുക്തകണ്ഠം പ്രശംസിച്ച് മുൻ യുഎസ് പ്രസിഡന്റും റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയുമായ ഡൊണാൾഡ് ട്രംപ്. രാമസ്വാമിയെ 'സ്മാർട്ട് ഗൈ' എന്ന് പരാമർശിച്ച ട്രംപ്, ഏതെങ്കിലും രൂപത്തിൽ അദ്ദേഹം തന്റെ ടീമിന്റെ ഭാഗമാകുമെന്ന് പറഞ്ഞു. വിസ്കോൺസിനിൽ നടന്ന റാലിയിലാണ് ട്രംപിന്റെ പരാമർശം.

600 മില്യൺ ഡോളറിന്റെ ആസ്തിയുള്ള വ്യവസായിയായ വിവേക് രാമസ്വാമി, റിപ്പബ്ലിക്കൻ പ്രൈമറിയിൽ ട്രംപിന്റെ എതിരാളിയായിരുന്നു. പിന്നീട് മൽസരത്തിൽ നിന്ന് പിൻമാറി ട്രംപിനെ അംഗീകരിക്കുന്നതായി പ്രഖ്യാപിച്ച രാമസ്വാമി, വൈസ് പ്രസിഡന്റാകുന്നതിന് താൽപ്പര്യമുണ്ടെന്നും വെളിപ്പെടുത്തിയിരുന്നു. പിന്നീട് ഇത് സംബന്ധിച്ച ചർച്ച അദ്ദേഹം തന്നെ അവസാനിപ്പിച്ചു. വിവേകിന്റെ ശ്രദ്ധ ട്രംപ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുന്നതിൽ മാത്രമായിരിക്കുമെന്നും അതിലൂടെ അമേരിക്കയെ അടുത്ത ഘട്ടത്തിലേക്ക കൊണ്ടുപോകാൻ കഴിയുമെന്നും അദ്ദേഹത്തിന്റെ വക്താവ് ട്രിസിയ മക്ലോഫ്ളിൻ പറഞ്ഞു.



വിസ്കോൺസിൻ റാലിയുടെ സ്വാഗത പ്രാസംഗികനായിരുന്ന രാമസ്വാമി, 'ഡൊണാൾഡ് ട്രംപ് നമ്മുടെ കാലത്തെ ജോർജ്ജ് വാഷിംഗ്ടണാണ്.' എന്ന് പ്രകീർത്തിച്ചു. ജൂലൈയിൽ മിൽവാക്കിയിൽ നടക്കുന്ന റിപ്പബ്ലിക്കൻ നാഷണൽ കൺവെൻഷനിൽ (ആർഎൻസി) ട്രംപ് തന്റെ വൈസ് പ്രസിഡന്റിനെ പ്രഖ്യാപിക്കും.

ഇന്ത്യൻ അമേരിക്കൻ കുടിയേറ്റക്കാരന്റെ മകനായ രാമസ്വാമിക്ക് പബ്ലിക് സ്പീക്കിംഗ് വൈദഗ്ധ്യം ഉള്ളതിനാൽ ഹോംലാൻഡ് സെക്യൂരിറ്റി സെക്രട്ടറി സ്ഥാനത്തേക്ക് പരിഗണിക്കുന്നതായി റിപ്പോർട്ടുകൾ പറയുന്നു. ഇത് ട്രംപിന്റെ കുടിയേറ്റ നയങ്ങളെ ചെറുക്കാൻ സഹായിച്ചേക്കും.

## റീ...പോളിംഗ്



# ‘മുതിർന്നവർ അവഗണിക്കപ്പെടേണ്ടവർ അല്ല, മറിച്ച് ആദരിക്കപ്പെടേണ്ടവർ...’




## കലയെ സ്നേഹിച്ച ഈ അധ്യാപകന് പറയാൻ ഏറെയുണ്ട് !

**ഒരുപാടൊന്നും പ്രശസ്തർ അല്ലെങ്കിലും തങ്ങളുടെ പ്രയത്നത്തിന്റെ ഫലമായി വർഷങ്ങൾക്ക് മുമ്പേ അമേരിക്കയിലെത്തി ജീവിതം പടുത്തുയർത്തിയ നിരവധി മലയാളികൾ നമ്മുടെ സമൂഹത്തിൽ ഉണ്ട്. അങ്ങനെ വർഷങ്ങൾക്ക് മുമ്പേ ഇവിടെ എത്തി ജീവിത വിജയം നേടിയ മലയാളികളെ പരിചയപ്പെടാനും അവരുടെ ജീവിത അനുഭവങ്ങൾ വായനക്കാരുമായി പങ്കുവയ്ക്കാനായി ‘നൻമരങ്ങൾ’ എന്ന തലക്കെട്ടോടെ വാചകം ന്യൂസ് ഇപ്പോൾ അവസരം ഒരുക്കുകയാണ് ‘മുതിർന്നവർ അവഗണിക്കപ്പെടേണ്ടവർ അല്ല, മറിച്ച് ആദരിക്കപ്പെടേണ്ടവർ...’ എന്ന പൊതുബോധം യുവതലമുറയ്ക്ക് പകർന്നു നൽകാൻ ലക്ഷ്യമിട്ടുള്ളതാണ് ഈ പുതിയ പംക്തി.**

ഈ ആഴ്ച വായനക്കാർക്കായി പരിചയപ്പെടുത്തുന്നത് ജോസഫ് സ്റ്റാനിസ്ലാസ് എന്ന അധ്യാപകനെയാണ്. കോതംഗലമെന്ന ഗ്രാമീണതയിൽ നിന്നും അമേരിക്കയെന്ന സ്വപ്ന ഭൂമിയിലേയ്ക്ക് ചേക്കേറിയ വ്യക്തിയാണ് ജോസഫ് സ്റ്റാനിസ്ലാസ്.

ജോസഫ് സ്റ്റാനിസ്ലാസ് ജനിച്ചത് കോതമംഗലത്ത് മുണ്ടയ്ക്കൽ കുടുംബത്തിലാണ്. ആറ് സഹോദരന്മാരും രണ്ട് സഹോദരിമാരും അടങ്ങുന്ന കുടുംബത്തിലെ ഏഴാമത്തെ ആളാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ബാല്യവും ബാല്യകാല വിദ്യാഭ്യാസമെല്ലാം കോതമംഗലത്തായിരുന്നു.



സ്കൂളിലെ പഠനത്തിൽ അദ്ദേഹം അത്ര പ്രഗൽഭൻ ഒന്നും ആയിരുന്നില്ല. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി, കോതമംഗലത്തെ സെന്റ് ജോർജ് ഹൈസ്കൂളിൽ പ്രവേശിച്ചു. പഠനം തനിക്ക് ഒരു സെക്കണ്ടറി ചോയ്സ് മാത്രമായിരുന്നുവെന്ന് അദ്ദേഹം പറയുന്നു. അതുകൊണ്ടു തന്നെ ഹൈസ്കൂളിൽ ചില ക്ലാസുകൾ ആവർത്തിക്കേണ്ടി വന്നു.

കോഴിക്കോട് ദേവഗിരിയിലെ സെന്റ് ജോസഫ് കോളേജിൽ ആയിരുന്നു പ്രീഡിഗ്രി. അതേ കോളേജിൽ ബി.എസ്.സി സുവോളജിക്ക് ചേർന്നു. ആദ്യം ഞാൻ സസ്യശാസ്ത്രം തിരഞ്ഞെടുത്തു. അത് പൂർത്തിയാക്കിയില്ല, പക്ഷേ ഒരാഴ്ച ബോട്ടണി ക്ലാസിൽ ഇരുന്ന ശേഷം അദ്ദേഹം രസതന്ത്രത്തിലേക്ക് മാറി. കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിലും സ്റ്റേജ് ഷോകളിലും കോളേജ് ബാസ്കറ്റ്ബോൾ ടീമിലും സജീവമായി.

ഡിഗ്രി കോഴ്സിന്റെ രണ്ടാം വർഷം കമ്മ്യൂണിസ്റ്റ് സർക്കാരിനെ താഴെയിറക്കാനുള്ള നീക്കം നടന്നു. സമരത്തിന്റെ മൂന്നാം ദിവസം കളക്ടറേറ്റ് ഓഫീസ് പിക്കറ്റിങ്ങിനിടെ പൊലീസ് അറസ്റ്റ് ചെയ്ത് കോടതിയിലേക്ക് കൊണ്ടുപോയി. 10 ദിവസത്തേക്ക് ജയിലിലടച്ചു.

തന്റെ മലയാള ഭാഷാധ്യാപകരിൽ ഒരാളെന്ന നിലയിൽ ഡോ. സുകുമാർ അഴീക്കോടിന്റെ വിദ്യാർത്ഥിയായതിൽ താൻ അഭിമാനിക്കുന്നുവെന്നും അദ്ദേഹം പറയുന്നു. 1964ൽ ദേവഗിരി സെന്റ് ജോസഫ് കോളേജിൽ സുവോളജി വിഭാഗത്തിൽ അദ്ധ്യാപകനായി ചേർന്നു. 1962 ൽ എം.എസിക്ക് ചേർന്നു. ബിരുദാനന്തര ബിരുദത്തിന് ബറോഡയിലെ മഹാരാജ സായിരാജ് സർവകലാശാലയാണ് തിരഞ്ഞെടുത്തത്.

സുവോളജി ഡിപ്പാർട്ട്മെന്റിലെ ബിരുദാനന്തര കോഴ്സിന് ശരീരശാസ്ത്രം, ഭ്രൂണശാസ്ത്രം, ഏവിയൻ ബയോളജി, എന്റേമോളജി തുടങ്ങിയ സ്പെഷ്യലൈസേഷൻ മേഖലകളിൽ ചോയ്സുകൾ കുറവായിരുന്നു. തന്റെ സ്പെഷ്യലൈസേഷൻ മേഖലയായി എന്റേമോളജി (കീടശാസ്ത്രം) എടുത്തു.



അവസാന വർഷത്തിന്റെ മധ്യത്തിൽ മഞ്ഞപ്പിത്തം, ഹെപ്പാപ്പ്റ്റൈറ്റിസ് എ എന്നിവ ബാധിച്ച് 3 ആഴ്ച ആശുപത്രിയിൽ കിടന്നു. ഹോസ്റ്റലിൽ തിരിച്ചെത്തി തുടർ ചികിത്സയ്ക്കായി കേരളത്തിലേക്ക് പോകാൻ തീരുമാനിച്ചു. മുംബൈ കൊച്ചി ഫ്ളൈറ്റിൽ നാട്ടിലേയ്ക്ക് വിട്ടു. അതായിരുന്നു അദ്ദേഹത്തിന്റെ ആദ്യ ഫ്ളൈറ്റ് യാത്ര. ചികിത്സയ്ക്ക് ശേഷം ബറോഡയിൽ എത്തി ബിരുദാനന്തര ബിരുദ കോഴ്സ് പൂർത്തിയാക്കി, നല്ല മാർക്കോടെ പാസായി.

പിന്നീട് ദവഗിരിയിലെ സെന്റ് ജോസഫ്സ് കോളേജിൽ ജൂനിയർ ലെക്ചറിന്റെ ഒഴിവിൽ പ്രവേശനം ലഭിച്ചു. ദേവഗിരി കോളേജിൽ അധ്യാപന കാലത്ത് ഷേക്സ്പീരിയൻ സ്റ്റേജ് ഷോ ഒഥല്ലോയിലും പങ്കെടുത്തിരുന്നു. ദേവഗിരി കോളേജിൽ നാടകം അവതരിപ്പിച്ച് കുറച്ച് മാസങ്ങൾക്ക് ശേഷം വിദ്യാർത്ഥി സമരം പൊട്ടിപ്പുറപ്പെട്ടു. വിദ്യാർത്ഥികൾ കോളേജിലെ പ്രിൻസിപ്പലിനേയും ചില പ്രൊഫസർമാരെയും ക്ലാസ് മുറിയിൽ പൂട്ടിയിട്ടു. തുടർന്ന് എട്ട് സ്റ്റാഫ് അംഗങ്ങളെ പിരിച്ചുവിടാനുള്ള അറിയിപ്പ് നൽകി. ജോലി അവസാനിപ്പിച്ചവരിൽ സുവോളജി വിഭാഗം പ്രൊഫസറും സിഎംഐ വൈദികനുമായ ഫാ. ആബേൽ, പിന്നീട് ‘കലാഭവൻ’ എന്നതിന്റെ സ്ഥാപകനായ ആബേലച്ചനും ഉണ്ടായിരുന്നു.

ദേവഗിരിയിലെ ജോലി അവസാനിപ്പിച്ച് ഏതാനും മാസങ്ങൾക്ക് ശേഷം തേവരയിലെ സേക്ര ഹാർട്ട് കോളേജിൽ ലക്ചററായി നിയമിതനായി. അവിടെ ജോലി ചെയ്യുന്നതിനിടയിൽ 1966 ജനുവരിയിൽ ഈസ്റ്റ് മലേഷ്യയിലെ കുച്ചിംഗിൽ അധ്യാപക ജോലിക്കായി ക്ഷണം ലഭിച്ചു. അങ്ങനെ 1966 ജനുവരിയിൽ അദ്ദേഹം ആദ്യമായി ഇന്ത്യ വിട്ടു. അന്ന് മുതൽ ഇന്ന് വരെ ഇന്ത്യയ്ക്ക് പുറത്താണ് അദ്ദേഹത്തിന്റെ താമസം.

1966 ജോസഫ് സ്റ്റാനിസ്ലാസ് ഈസ്റ്റ് മലേഷ്യയിലെ സരവാക്കിൽ ജോലിയിൽ പ്രവേശിച്ചു. അദ്ദേഹത്തിന് സെന്റ് ജോസഫ്സ് കോളേജിൽ അധ്യാപകനായി ജോലി കിട്ടി. ആ സമയം അദ്ദേഹം അവിവാഹിതനായിരുന്നു. പിന്നീട് ഒരു മാറ്റത്തിനായി അദ്ദേഹം ആഗ്രഹിച്ചു. അങ്ങനെ സഫിക് ദ്വീപുകളിലെ സമോവയിൽ നിന്ന് ഓഫർ ഏറ്റെടുക്കാൻ തീരുമാനിച്ചു. ക്രിസ്ത്യാനികളുടെ വ്യത്യസ്ത വിഭാഗങ്ങളാണ് അവിടെയുള്ള ജനസംഖ്യയിൽ ഏറെയും.

1960ൽ സ്വതന്ത്രമാകുന്നതിന് മുമ്പ് സരവാക്ക് ജർമ്മനിയുടെ കീഴിലും ന്യൂസിലാന്റിന് കീഴിലുമായിരുന്നു. കുറച്ച് വർഷങ്ങൾക്ക് ശേഷം സമോവയിൽ കഴിഞ്ഞ അദ്ദേഹം ഇന്ത്യയിൽ എത്തിയ ശേഷമാണ് വിവാഹിതനായത്. ഭാര്യ ഫ്ളോറമ്മ പാലാ സ്വദേശിയാണ്. അവർ രണ്ടുപേരും 1980 വരെ സമോവയിൽ ജോലി ചെയ്തു.

1980ൽ അദ്ദേഹം അമേരിക്കൻ ദ്വീപ് പ്രദേശമായ സമോവയിലേക്ക് പോയി. അങ്ങനെ അദ്ദേഹവും ഭാര്യയും സമോവാന ഹൈസ്കൂളിൽ ജോലി ചെയ്തു. അവിടെ പഠിപ്പിക്കുമ്പോൾ അദ്ദേഹവും ഭാര്യയും അണ്ടഡ് സ്റ്റേറ്റ് പ്രസിഡന്റിൽ നിന്ന് മികച്ച അധ്യാപികർക്കുള്ള അവാർഡ് ഏറ്റുവാങ്ങി. 1986 ൽ റൊണാൾഡ് റീഗൻ പ്രസിഡന്റായിരിക്കെയാണ് അദ്ദേഹത്തിന് അവാർഡ് ലഭിച്ചത്. ജോർജ്ജ് ബുഷ് പ്രസിഡന്റായിരുന്ന കാലത്താണ് അദ്ദേഹത്തിന്റെ ഭാര്യക്ക് അവാർഡ് ലഭിച്ചത്. അവർ അമേരിക്കയിലെ സമോവയിൽ 4 വർഷത്തോളം ജോലി ചെയ്തു. ദമ്പതികൾക്ക് രണ്ട് മക്കളാണ് ഉള്ളത്. അഡിനൈൻ, ആറ്റം. അതിൽ 4 പേരക്കുട്ടികൾ, 3 പെൺകുട്ടിയും ഒരു ആൺകുട്ടിയും.

അഡിനൈൻ വിവാഹിതയും ഡോക്ടറുമാണ്. ഭർത്താവും ഡോക്ടറാണ്. എട്ടാം ക്ലാസിൽ പഠിക്കുന്ന നേഹ, അഞ്ചാം ക്ലാസിൽ പഠിക്കുന്ന ഏഥൻ എന്നിങ്ങനെ രണ്ട് മക്കളുണ്ട്. അദ്ദേഹത്തിന്റെ മകൻ ആറ്റം, കെമിക്കൽ എഞ്ചിനീയറാണ്. ഒരു ചൈനീസ് സിംഗപ്പൂർ പൗരയായ പെൺകുട്ടിയെ വിവാഹം കഴിച്ച അദ്ദേഹത്തിന് രണ്ട് പെൺകുട്ടികളുണ്ട്. അദ്ദേഹം അഡെനൈൻ, ബ്രൈസ് കുടുംബത്തോടൊപ്പം ഷിക്കാഗോയിലാണ് ഇപ്പോൾ താമസം. പൂന്തോട്ട പരിപാലനം, ഓയിൽ, അക്രിലിക് പെയിന്റിംഗ്, ഇടയ്ക്കിയ്ക്കുള്ള ലോക പര്യടനം എന്നിങ്ങനെ വിരമിക്കൽ ജീവിതം ആസ്വദിക്കുകയാണ് ജോസഫ് സ്റ്റാനിസ്ലാസ്.



◗ *ജിജി ജേക്കബ്*

**ഈ പംക്തിയിൽ
പങ്കെടുക്കുന്നതിനായി ബന്ധപ്പെടുക**
1-773-842-9149
1-773-888-2242

# വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ ഭക്തിപൂർവ്വം കൊണ്ടാടി



ഷിക്കാഗോ: കാലഘട്ടത്തിന്റെ പ്രവാചികയും പഞ്ചക്ഷതധാരിണിയും തിരുകുടുംബ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകയും കുടുംബപ്രേക്ഷിതരുടെ മാതൃകയും മധ്യസ്ഥയുമായ വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ ഭക്തിപൂർവ്വം ആചരിച്ചു. വിശ്വാസത്തിന്റെയും ജീവകാരുണ്യത്തിന്റെയും വീരോചിത മാർഗ്ഗത്തിലൂടെ ചരിച്ച ഈ സുകൃതകന്യകയുടെ തിരുന്നാൾ ബെൽവുഡിലുള്ള മാർ തോമാ സ്ലീഹാ കത്തിഡ്രലിൽ ജൂൺ 9ന് രാവിലെ 10 മണിയ്ക്ക് ആഘോഷമായ ദിവ്യബലയോടെ സമുചിതമായി ആചരിച്ചു.

തൃശൂർ തൂപതയുടെ സഹായ മെത്രാൻ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിയിൽ രൂപതാവികാരി ജനറൽ റവ. ഫാ. ജോൺ മേലേപ്പുറം, കത്തിഡ്രൽ വികാരിയും വികാരി ജനറലുമായ റവ. ഫാ. തോമസ് കടുകപ്പിള്ളി, രൂപതാ പ്രൊ. ചാൻസലർ റവ. ഫാ. ജോൺസൺ, റവ. ഫാ. യൂജിൻ എന്നിവർ സഹകാർമികരായിരുന്നു. ഇടവകയിലെ ഗായകസംഘം ഭക്തി നിർഭരമായ ഗാനങ്ങളിലൂടെ വിശ്വാസികളുടെ വിശുദ്ധ കുർബാനയിലുള്ള പങ്കാളിത്വം ധന്യമാക്കി.

ബഹുമാന്യനായ ടോണീ നീലങ്കാവിൽ പിതാവ് കേരളത്തിൽ നിന്നും കൊണ്ടു വന്ന വിശുദ്ധ മറിയം ത്രേസ്യയുടെ തിരുസ്വരൂപം വെഞ്ചിരിച്ച് അശീർവദിച്ചതോടെ ആഘോഷമായ തിരുന്നാൾ കുർബാനയ്ക്ക് തുടക്കമായി. ആദ്യമായി കത്തീഡ്രൽ ദേവലായത്തിൽ ഭകതിപൂർവം കൊണ്ടാടിയ വി. മറിയം ത്രേസ്യയുടെ തിരുന്നാളിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കാൻ സന്യാസിനികളടക്കം അനേകം ദൈവമക്കളാണ് എത്തിച്ചേർന്നത്.

1876 ഏപ്രിൽ 26-ാം തീയതി വി. മറിയം ത്രേസ്യ ഇരിഞ്ഞാലക്കുടക്കടുത്ത് പുത്തൻചിറയിൽ ജനിച്ചു. കുടുംബങ്ങളിൽ പ്രാർത്ഥന ചൈതന്യവും സ്നേഹവും വളർത്തി ദൈവോൻമുഖരാക്കുകയെന്ന ഉദ്ദേശത്തോടെ 1914ൽ തിരുകുടുംബ സന്യാസി സമൂഹത്തിന് തുടക്കം കുറിച്ച മദറിനെ വി.ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 2000 ഏപ്രിൽ 9ന് വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. കുടുംബങ്ങളിൽ ക്രിസ്തീയ ചൈതന്യവും മൂല്യങ്ങളും വളർത്താൻ ആൽമാർത്ഥമായി പരിശ്രമിച്ച മറിയം ത്രേസ്യയെ 2019 ഒക്ടോബർ 13-ാം തിയതി ഫ്രാൻസിസ് മാർപ്പാപ്പാ വിശുദ്ധയായി പ്രഖ്യാപിച്ചു.

ദിവ്യബലിക്ക് ശേഷം വിശുദ്ധയുടെ തിരുസ്വരൂപം വഹിച്ചു കൊണ്ടുള്ള പ്രദക്ഷിണത്തിന് മുത്തുകുടകളും, ചെണ്ടമേളവും മാറ്റുകൂട്ടി. കൈക്കാരന്മാരായ സന്തോഷ് കാട്ടൂക്കാരൻ, ബിജി. സി. മാണി, ബോബി ചിറയിൽ, വിവിഷ് ജേക്കബ്ബ് എന്നിവർ പ്രദക്ഷിണത്തിന് നേതൃത്വം നൽകി.

തിരുനാൾ കോർഡിനേറ്റർമരായ ഡേവിസ് കൈതാരത്ത്, മില്ലീ തരുത്തിക്കര, സാൻജോ തുളുവത്ത് എന്നിവരുടെ നേതൃത്വത്തിൽ തിരുനാൾ പ്രസുദേന്തിമാർ പാരിഷ് ഹാളിൽ എല്ലാവർക്കും ഒരുക്കിയ സ്നേഹവിരുന്ന് ജനപങ്കാളിത്വം കൊണ്ട് ശ്രദ്ധേയമായി.

# പിതൃദിനം നവ്യാനുഭവമാക്കി ബെൻസൻവിൽ തിരുഹൃദയ ഇടവക




ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിലെ പിതൃദിനാഘോഷം ജൂൺ 16 ഞായറാഴ്ച ആചരിച്ചു. വിമെൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിലാണ് വിപുലമായ രീതിയിൽ പിതൃദിനാഘോഷം ക്രമീകരിച്ചത്. ഇടവകയിലെ എല്ലാ പിതാക്കന്മാർക്കുമായി ഡാഡികൂൾ ഫോട്ടോ ഷൂട്ട് മത്സരവും സംഘടിപ്പിച്ചു.

വി.കുർബാനയെത്തുടർന്ന് തിരികൾ നൽകി പിതാക്കന്മാരെ ആദരിച്ച ശേഷം പ്രദക്ഷിണമായി എല്ലാവരും ചേർന്ന് ദേവാലയാങ്കണത്തിൽ അമേരിക്കൻ പതാക ഉയർത്തി. തുടർന്ന് വ്യത്യസ്തമായ മത്സരങ്ങളും പ്രത്യേകം സ്നേഹവിരുന്നും വിമെൻസ് മിനിസ്ട്രി കോർഡിനേറ്റർ മേഴ്സി ചെമ്മലക്കുഴിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ഒരുക്കിയിരുന്നു. മത്സരവിജയികൾക്ക് ഫാ. ജെയ്മോൻ ചേത്തലിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, ട്രസ്റ്റിമാരായ തോമസ് നെടുവാമ്പുഴ, സാബു മുത്തോലം, മത്തിയാസ് പുല്ലാപ്പള്ളി, കിഷോർ കണ്ണാല, ജെൻസൺ ഐക്കരപ്പറമ്പിൽ എന്നിവർ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

◗ *ലിൻസ് താന്നിച്ചുവട്ടിൽ*

## സിൻജിയാങ്ങിലെ ഉയ്ഗൂർ ഗ്രാമങ്ങളുടെ പേരുകൾ നീക്കം ചെയ്ത് ചൈന; അപലപിച്ച് സിഎഐആർ




വാഷിംഗ്ടൺ: നൂറുകണക്കിന് ഉയ്ഗൂർ ഗ്രാമങ്ങളുടെ പേരുകൾ ചൈന ആസൂത്രിതമായി മാറ്റുകയാണെന്ന് ഹ്യൂമൻ റൈറ്റ്സ് വാച്ച് റിപ്പോർട്ട് ആരോപിച്ചതിന് പിന്നാലെ, തങ്ങളുടെ മുസ്ലീം ഉയ്ഗൂർ സംസ്കാരം ഇല്ലാതാക്കാനുള്ള ചൈനയുടെ നിരന്തരമായ ശ്രമത്തെ കൗൺസിൽ ഓൺ അമേരിക്കൻ ഇസ്ലാമിക് റിലേഷൻസ് ബുധനാഴ്ച അപലപിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി പ്രത്യയശാസ്ത്രത്തെ പ്രതിഫലിപ്പിക്കുന്നു.

ഉയ്ഗൂർ സംസ്കാരവും ഇസ്ലാമിക പൈതൃകവും തുടച്ചുനീക്കാനുള്ള ചൈനീസ് ഗവൺമെന്റിന്റെ തുടർച്ചയായ ശ്രമത്തിന്റെ ഭാഗമാണ് ഈ പേര് മാറ്റാനുള്ള കാമ്പയിൻ എന്ന് വാഷിംഗ്ടൺ ആസ്ഥാനമായുള്ള യുഎസിലെ ഏറ്റവും വലിയ മുസ്ലിം പൗരാവകാശ സംഘടനയായ സിഎഐആറിന്റെ കമ്മ്യൂണിക്കേഷൻസ് ഡയറക്ടർ ഇബ്രാഹിം ഹൂപ്പർ ഒരു പ്രസ്താവനയിൽ വ്യക്തമാക്കി.

ഹ്യൂമൻ റൈറ്റ്സ് വാച്ച് ഗവേഷണത്തിലൂടെ ചൈനയിലെ സിൻജിയാങ് ഉയ്ഗൂർ സ്വയംഭരണ മേഖലയിലെ 630 ഗ്രാമങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്. അവിടെ ചൈനീസ് ഗവൺമെന്റ് പ്രചരണ പദങ്ങളെ പ്രതിഫലിപ്പിക്കുന്നതിനായി പേരുകൾ മാറ്റിയിട്ടുണ്ട്. ഉദാഹരണത്തിന്, സന്തോഷം, ഐക്യത, ഹാർമണി എന്നിവ. അന്താരാഷ്ട്ര സമൂഹം, പ്രത്യേകിച്ച് മുസ്ലീം ഭൂരിപക്ഷ രാഷ്ട്രങ്ങൾ, ഈ വംശഹത്യ പ്രചാരണം അവസാനിപ്പിക്കാൻ നടപടിയെടുക്കണമെന്ന് സിഎഐആ ആവശ്യപ്പെട്ടു.

ചൈനയിലെ ഹ്യൂമൻ റൈറ്റ്സ് വാച്ചിലെ ഒരു ഉദ്യോഗസ്ഥൻ ആരോപിച്ചു, ചൈനീസ് സർക്കാർ നൂറുകണക്കിന് സിൻജിയാങ് പ്രവിശ്യാ ഗ്രാമങ്ങളുടെ പേര് 'ഉയ്ഗൂറുകൾക്ക് അർത്ഥമുള്ളവയിൽ നിന്ന് സർക്കാർ പ്രചാരണത്തെ പ്രതിഫലിപ്പിക്കുന്നവയിലേക്ക്' മാറ്റുന്നത് എങ്ങനെയെന്ന് ആരോപിച്ചു.



നാഴികമണി

# രാഹുൽഗാന്ധിയും വയനാടും



എൻ.പി.ചെക്കുട്ടി

മഹാരാജാവായ ദുഷ്യന്തൻ കാട്ടിലെത്തിയ കഥയാണ് രാഹുൽഗാന്ധിയുടെ വയനാട്ടിലേക്കുള്ള വരവിനെക്കുറിച്ചു പറയുമ്പോൾ നാട്ടുകാരിൽ പലരും ഓർക്കാറുള്ളത്. വനത്തിലെ ആശ്രമത്തിൽ കഴിഞ്ഞുകൂടുന്ന കന്യക ശകുന്തളയിൽ ദുഷ്യന്തൻ ആകൃഷ്ടനായി. ഉടൻതന്നെ ഗാന്ധർവ വിവാഹവും കഴിച്ചു. നാളുകൾ കുറേ കഴിഞ്ഞു രാജാവ് കൊട്ടാരത്തിലേക്കു തിരിച്ചുപോയി. ശകുന്തളയ്ക്കു മുദ്രമോതിരവും മോഹനവാഗ്ദാനങ്ങളും നൽകിയാണ് അദ്ദേഹം സ്ഥലംവിട്ടത്. വൈകാതെ പുള്ളിക്കാരൻ കാട്ടിലെ പ്രേയസിയുടെ കാര്യം മറന്നു.

ഗാന്ധിമാരും ഗാന്ധർവ വിവാഹവും തമ്മിൽ പ്രാസംനോക്കിയാൽ ഒരുചേർച്ചയുണ്ട്. എന്നിരുന്നാലും രാഹുൽഗാന്ധി വയനാടിനെ വരിച്ചത് ഗാന്ധർവ രീതിയിൽ ആയിരുന്നില്ല. എന്നും കൂട്ടായിനിന്ന അമേത്തി ചതിക്കും എന്നുബോധ്യമായപ്പോൾ ലോക്സഭയിൽ പ്രവേശിക്കാൻ ഒരു ഉറപ്പിനുവേണ്ടി വയനാട്ടിൽ വന്നതാണ്. വയനാട്ടിലെ ജനങ്ങൾ അദ്ദേഹത്തെ ഇരുകയ്യും നീട്ടി സ്വീകരിച്ചു. കഴിഞ്ഞ തവണയും ഇത്തവണയും കേരളത്തിൽ റെക്കാർഡ് ഭൂരിപക്ഷം നൽകി അദ്ദേഹത്തെ വിജയിപ്പിക്കുകയും ചെയ്തു.

എന്നാൽ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടങ്ങളിൽ നടന്ന വയനാട് മണ്ഡലത്തിലെ വോട്ടെടുപ്പു കഴിഞ്ഞപ്പോഴാണ് റായ്ബറേലിയിൽ സോണിയാഗാന്ധിക്ക് പകരം രാഹുൽ മത്സരിക്കും എന്ന വാർത്ത വന്നത്. അദ്ദേഹം അവിടെ മത്സരിക്കുക മാത്രമല്ല, വമ്പിച്ച ഭൂരിപക്ഷത്തിനു വിജയിക്കുകയും ചെയ്തു. ഇനി ഏതു മണ്ഡലം കൈവശം വയ്ക്കണം എന്ന ചോദ്യം വരുമ്പോൾ രാഹുൽജിക്ക് പ്രിയം വയനാട്ടിലെ ആദിവാസികളും കൃഷിക്കാരും അടങ്ങിയ സാധാരണ ജനങ്ങളോടു ആയിരുന്നാലും അതുപേക്ഷിച്ചു ഉത്തർപ്രദേശിലെ റായ്ബറേലിയെ വരിക്കാൻ അദ്ദേഹം നിർബന്ധിതനാവും. അതായതു വയനാടിന്റെ കാര്യം ശകുന്തളയുടെ അവസ്ഥ പോലെ തന്നെ.

ഇങ്ങനെയൊക്കെ സംഭവിക്കുന്നതിൽ രാഹുലിനെയോ ഗാന്ധി കുടുംബത്തെയോ കോൺഗ്രസിനെയോ കുറ്റം പറയുന്നതിൽ അർത്ഥമില്ല. രാഷ്ട്രീയത്തിൽ വൈകാരികതയ്ക്കോ മൃദുലവികാരങ്ങൾക്കോ സ്ഥാനമില്ല. അധികാരം മാത്രമാണ് അവിടെ പ്രധാനം. കവി ഇടശ്ശേരിയും അതുതന്നെയാണ് പറഞ്ഞത്. 'അധികാരം കൊയ്യണമാദ്യം നാം; അതിനുമേലാകട്ടെ പൊന്നാര്യൻ!' പൊന്നാര്യൻ വിള കൊയ്ത്തിനായി കാത്തിരിക്കുമ്പോഴും ആദ്യം അരിവാൾ എടുത്തു പ്രയോഗിക്കേണ്ടത് അധികാരം പിടിക്കാനാണ് എന്നാണ് ശാന്തനും സമാധാനപ്രിയനുമായ പൊന്നാനിക്കാരൻ കവിപോലും ഉപദേശിച്ചതെങ്കിൽ രാഹുൽഗാന്ധിയുടെ കാര്യം പറയേണ്ടതുണ്ടോ?

എന്തുകൊണ്ട് തനിക്ക് അഭയം തന്ന വയനാടിനെ രാഹുൽ കൈവിടുന്നു എന്നചോദ്യത്തിനുള്ള ഉത്തരം, അധികാരത്തിന്റെ മത്സരവേദിയിൽ ഉത്തർപ്രദേശിനോടോ ഗാന്ധി കുടുംബത്തിന്റെ സ്ഥിരം തട്ടകമായ റായ്ബറേലി-അമേത്തിയോടോ ഏറ്റുമുട്ടാൻ വയനാടിന് കരുത്തില്ല എന്നുതന്നെയാണ്. യുപിയിലെ ഇരുമണ്ഡലങ്ങളും ഇന്ദിരയുടെ കാലം മുതൽ കുടുംബത്തിന്റെ സ്ഥിരം മണ്ഡലങ്ങൾ ആയിരുന്നു. കഴിഞ്ഞ തവണ അമേത്തി രാഹുലിനെ കൈവിട്ട സന്ദർഭത്തിൽ പോലും റായ്ബറേലി സോണിയാഗാന്ധിയെ ഉപേക്ഷിക്കുകയുണ്ടായില്ല. നരേന്ദ്രമോദിയും യോഗി ആദിത്യനാഥും ചേർന്ന് ഉത്തർ പ്രദേശിനെ ഇന്ത്യയിലെ ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ പുതു പരീക്ഷണവേദിയാക്കി മാറ്റിയ സന്ദർഭത്തിലും റായ്ബറേലിയിലെ ജനങ്ങൾ ഗാന്ധി കുടുംബത്തോടുള്ള തങ്ങളുടെ കൂറു മറന്നില്ല. ഇത്തവണ സോണിയയ്ക്ക് ആരോഗ്യപരമായ കാരണങ്ങളാൽലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ സാധിക്കാതെ വന്നതിനാൽ രാഹുൽ




ഗാന്ധിയെ തന്നെ അങ്ങോട്ടു നിയോഗിക്കുകയായിരുന്നു. അത് ഗാന്ധി കുടുംബവും അവരുടെ മണ്ഡലത്തിലെ അണികളും തമ്മിലുള്ള ഇഴയടുപ്പത്തിന്റെയും വൈകാരിക ബന്ധത്തിന്റെയും സൂചനയാണ്.

അതിനാൽ രാഹുൽഗാന്ധി വയനാടിനെ ഉപേക്ഷിക്കാൻ തീരുമാനിക്കുന്നതിൽ അസാംഗത്യം ഒന്നുമില്ല. കാരണം കേരളം പിടിക്കാൻ വയനാടിന്റെ ആവശ്യമില്ല. ഇന്നത്തെ നിലയിൽ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ നിലവിലെ ഭരണകക്ഷി സി.പി.എമ്മും കൂട്ടരും എട്ടുനിലയിൽ പൊട്ടും. കാരണം കഴിഞ്ഞ ഏതാനും വർഷങ്ങളിൽ അവരുടെ ഭരണം ജനങ്ങളെ അത്രയേറെ വെറുപ്പിച്ചിട്ടുണ്ട്. ഒരു ബദൽ ശക്തിയായി ഉയർന്നുവരാൻ ബിജെപിക്കു ഇനിയും കഴിഞ്ഞിട്ടുമില്ല. അതിനാൽ‌ കോൺഗ്രസ്സിനും സഖ്യകക്ഷികൾക്കും നേരത്തെ രണ്ടു തവണ കൈവിട്ടുപോയ കേരളം തിരിച്ചുപിടിക്കാൻ ഇത്തവണ കഴിയും എന്നാണ് കരുതേണ്ടത്.

എന്നാൽ ഉത്തർപ്രദേശിൽ അതല്ല സ്ഥിതി.കോൺഗ്രസ്സ് അവിടെ നിയമസഭാ മത്സരങ്ങളിൽ കാര്യമായ ഒരു നേട്ടവും ഇല്ലാതെ കഴിയാൻ തുടങ്ങിയിട്ട് കാലമേറെയായി. തൊണ്ണൂറുകൾ മുതൽ മണ്ഡൽ രാഷ്ട്രീയവും കമണ്ഡൽ രാഷ്ട്രീയവും ആ നാടിനെ ആകമാനം മാറ്റിത്തീർക്കുകയുണ്ടായി. ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമാണ് ഉത്തർപ്രദേശ്. യുപി പിടിച്ചാൽ ഇന്ത്യ പിടിക്കാം എന്ന് രാഷ്ട്രീയനിരീക്ഷകർ വെറുതെ പറയുന്നതല്ല.ലോക് സഭയിൽ അത്രയും വിപുലമായ സാന്നിധ്യമാണ് ഉത്തർപ്രദേശിനുള്ളത്. അവിടെ മണ്ഡൽ രാഷ്ട്രീയം ശക്തമായപ്പോൾ ഒ.ബി.സി, മുസ്ലിം ഐക്യം വഴി മുലായം സിങ് അധികാരം പിടിച്ചു. പിന്നാലെ അയോധ്യയിലെ രാമക്ഷേത്രം മുൻനിർത്തി പ്രചാരണം നടത്തി പിന്നാക്കക്കാരനായ കല്യാൺ സിങ്ങിനെ മുന്നിൽ നിർത്തി ബിജെപി അധികാരം സ്ഥാപിച്ചു. അന്നാണ് സംഘപരിവാര കർസേവകർ ബാബ്രി മസ്ജിദ് തകർത്തത്. എന്നാൽ മസ്ജിദിന്റെ മിനാരങ്ങൾക്കൊപ്പം തകർന്നത് കോൺഗ്രസിന്റെ രാഷ്ട്രീയ യശസ്സ് കൂടിയായിരുന്നു. കാരണം എന്തു വന്നാലും അക്രമികളിൽ നിന്നും മസ്ജിദ് സംരക്ഷിക്കും എന്ന് സുപ്രീംകോടതിയിലും ദേശീയോദ്ഗ്രഥന സമിതിയിലും ഉറപ്പു നൽകിയ പ്രധാനമന്ത്രി നരസിംഹറാവു കൃത്യസമയത്തു പൂജാമുറിയിൽകേറിയതാണ്. കർസേവകരുടെ ക്രിയ പൂർത്തിയായി എന്നറിഞ്ഞപ്പോൾ മാത്രമാണ് അദ്ദേഹം പൂജ നിർത്തി പുറത്തിറങ്ങിയത്. അതിനുശേഷം യുപിയിൽ മാത്രമല്ല, ഉത്തരേന്ത്യയിൽ മിക്കയിടത്തുംകോൺഗ്രസ്സ് പച്ച തൊട്ടിട്ടില്ല. യുപിയിൽ ബിജെപി ഭരണംപോയപ്പോൾ അവിടെ നേട്ടമുണ്ടാക്കിയത് മായാവതിയുടെ ദളിത് ബഹുജൻ രാഷ്ട്രീയമാണ്. അവിടെ വലിയ ശക്തിയുള്ള ദളിത് ബഹുജൻ പ്രസ്ഥാനങ്ങളും മുസ്ലിംകളും തമ്മിലുള്ള ഐക്യമാണ് അവർക്കു അന്ന് സഹായകമായത്.

ഇന്നിപ്പോൾ മായാവതി രംഗത്തുനിന്ന് അപ്രത്യക്ഷയായ മട്ടാണ്. അവർ പൊതുരംഗത്തു കാര്യമായി പ്രത്യക്ഷപ്പെടുന്നില്ല. അവരുടെ പാർട്ടിയാകട്ടെ, പ്രതിസന്ധിയിലുമാണ്. അതിനാൽ ഇത്തവണ മുസ്ലിംകൾ അവരെ വിട്ടുപോയി. മറുവശത്തു അഖിലേഷ് യാദവ് രാഹുൽഗാന്ധി സഖ്യം വലിയ സ്വാധീനമാണ് ഇത്തവണ യുപിയിൽ ഉണ്ടാക്കിയത്. അവരുടെ റാലികളിലെ ജനസാന്നിധ്യം അത്ഭുതാവഹമായിരുന്നു. അതു മാത്രമല്ല, വാരണാസിയിൽ മോദിക്ക് കിട്ടിയതിനേക്കാൾ വലിയ ഭൂരിപക്ഷമാണ് റായ്ബറേലിയിൽ ജനം രാഹുൽ ഗാന്ധിക്ക് നൽകിയത്. ബിജെപിയെ പിന്നിലാക്കി സമാജ്വാദി കോൺഗ്രസ്സ് സഖ്യം അവിടെ മുന്നേറിയിരിക്കുന്നു.

യുപിയിൽ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിന് ഇനി രണ്ടു വർഷവും രണ്ടു മാസവും ബാക്കിയുണ്ട്. 2027 മാർച്ചിനു മുമ്പ് അതു നടക്കണം. യോഗി ആദിത്യനാഥിന്റെ സർക്കാരിനോടു ജനങ്ങൾക്കുള്ള അതൃപ്തി ഇതിനകം പല നിലയിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടുണ്ട്. ഇത്തവണ യുപിയിൽ പര്യടനം നടത്തിയ എല്ലാ നിരീക്ഷകരും സ്വതന്ത്ര മാധ്യമപ്രവർത്തകരും ചൂണ്ടിക്കാട്ടിയ ഒരു വിഷയമാണിത്. ജനജീവിതം കൂടുതൽ ദുസ്സഹമായി എന്നാണവർ നിരീക്ഷിച്ചത്. പ്രധാനപ്രശ്നം തൊഴിലില്ലായ്മയും വിലക്കയറ്റവും തന്നെ. കൃഷിക്കാരുടെ അതൃപ്തിയും അവിടെ, പ്രത്യേകിച്ച് പശ്ചിമ യുപിയിൽ, വലിയ വിഷയമാണ്. യുവാക്കൾക്കു സൈന്യത്തിലെ സ്ഥിരംജോലി വലിയ ആകർഷണമായിരുന്നു. ഇപ്പോൾ നാലുവർഷം മാത്രംസേവന കാലാവധിയുള്ള അഗ്നിവീർ പദ്ധതി അവർക്കിടയിൽ കടുത്ത അതൃപ്തിയാണ് ഉണ്ടാക്കിയത്. വികസനത്തിന്റ പേരിലുള്ള മെഗാപദ്ധതികൾ പ്രധാനമായും ധനികർക്കു മാത്രമാണ് പ്രയോജനം ചെയ്യുന്നത് എന്നാണ് സാധാരണ ജനങ്ങൾ പരാതി പറയുന്നത്.

ഇതൊരു വലിയ സാധ്യത രാഹുലിനും കോൺഗ്രസ്സിനും മുന്നിൽ തുറന്നുവെക്കുന്നുണ്ട്. യുപിയിൽ പതിറ്റാണ്ടുകളായി തകർന്നു കിടക്കുന്ന കോൺഗ്രസ്സിനെ പുനരുജ്ജീവിപ്പിക്കാനുള്ള ഒരു സാധ്യതയാണ് ഇത്തവണത്തെ ലോക്സഭാ തെരഞ്ഞെടുപ്പു ഫലങ്ങൾ കോൺഗ്രസ്സിന് നൽകുന്നത്. പ്രിയങ്കാ ഗാന്ധിയാണ് യുപിയിൽ ചുമതലയുള്ള കോൺഗ്രസ്സ് ജനറൽ സെക്രട്ടറി. ഇപ്പോൾ രാഹുൽഗാന്ധി കൂടി അവിടെ ശ്രദ്ധകേന്ദ്രീകരിക്കുമ്പോൾ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ അഖിലേഷ് യാദവിന്റെ സമാജ്വാദി പാർട്ടിയുമായിചേർന്ന് ഒരു തിരിച്ചുവരവിനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

അതിനാൽ രാഹുൽഗാന്ധിയ്ക്കു വയനാടിനെ ഉപേക്ഷിക്കുക മാത്രമേ നിർവാഹമുള്ളൂ. ഇന്ത്യൻ രാഷ്ട്രീയത്തിൽ കോൺഗ്രസ്സിന് തിരിച്ചുവരണമെങ്കിൽ അവർ യുപിയിൽ ശക്തി തിരിച്ചുപിടിക്കണം. വളരെക്കാലത്തിനിടയിൽ ആദ്യമായി അതിനുള്ള ഒരു കളം ഒരുങ്ങിവരികയാണ്. അതിനാൽവയനാട്എന്ന ശകുന്തളയെ തത്കാലം ഉപേക്ഷിക്കുക മാത്രമേ രാഹുലിന് കരണീയമായിട്ടുള്ളൂ. അവിടെ തത്കാലം കോട്ട കാക്കാൻ പ്രിയങ്ക വരുമെന്നമോഹവും ഉപേക്ഷിക്കുന്നതാണ് നല്ലത്. കാരണം യുപിയിൽകോൺഗ്രസ്സ് രാഷ്ട്രീയത്തിന്റെ ചക്രം തിരിക്കുന്നത് പ്രിയങ്കയാണ്. രണ്ടു അങ്കക്കളരിയിൽ ഒരേസമയം പടവെട്ടാൻ ഉണ്ണിയാർച്ചക്കും കഴിയില്ല; പ്രിയങ്കയ്ക്കും കഴിയില്ല.

*എൻ.പി. ചെക്കുട്ടി*



# ജപ്പാനെ കാർന്നുതിന്ന് മാംസം ഭക്ഷിക്കുന്ന ബാക്ടീരിയ!





ജപ്പാനിൽ അപകടകാരിയായ എസ്ടിഎസ്എസ് പടരുന്നതായാണ് റിപ്പോർട്ട്. സ്ട്രെപ്റ്റോകോക്കൽ ടോക്സിക് ഷോക്ക് സിൻഡ്രോം എന്ന അണുബാധയാണിത്. എസ്ടിഎസ്എസ് കൃത്യമായ ചികിത്സ ലഭിച്ചില്ലെങ്കിൽ മരണം വരെ സംഭവിക്കാവുന്ന രോഗമാണ്. ജപ്പാനിൽ കഴിഞ്ഞ കുറച്ച് മാസങ്ങളായി ഈ രോഗം ഭീതി പരത്തുകയാണ്. എന്നാൽ ഇതുവരെ വിദഗ്ധർക്ക് ഇതിന്റെ കാരണം അറിയാൻ സാധിച്ചിട്ടില്ല.

ജപ്പാനിലെ ആരോഗ്യ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം ജൂൺ രണ്ട് വരെ 977 കേസുകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 30 ശതമാനമാണ് ഈ അണുബാധയുടെ മരണനിരക്ക്. ജനുവരിക്കും മാർച്ചിനും ഇടയിൽ 77 പേരാണ് എസ്ടിഎസ്എസിനെ തുടർന്ന് ജപ്പാനിൽ മരിച്ചത്.

നിലവിൽ ജപ്പാനിൽ പടർന്നുപിടിക്കുന്ന ഈ അണുബാധയുടെ കണക്കുകൾ കഴിഞ്ഞ വർഷത്തെ കേസുകളുടെ എണ്ണത്തെ മറികടന്നിരിക്കുകയാണ്. 2023ൽ 941 കേസുകളായിരുന്നു ഉണ്ടായിരുന്നത്. 1999ന് ശേഷം എസ്ടിഎസ്എസ് അണുബാധ ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയ വർഷമായിരുന്നു 2023.

ജപ്പാനിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെക്ഷ്യസ് ഡിസീസസ് 97 മരണങ്ങളാണ് കഴിഞ്ഞ വർഷം മാത്രം രേഖപ്പെടുത്തിയത്. കഴിഞ്ഞ ആറ് വർഷത്തിനിടെ ഏറ്റവും കൂടുതൽ മരണം ഈ അണുബാധയെ തുടർന്ന് രേഖപ്പെടുത്തിയതും ഈ വർഷമാണ്.

### എന്താണ് എസ്ടിഎസ്എസ് അണുബാധ

സ്ട്രെപ്റ്റോകോക്കസ് പയോജെൻസ് എന്ന ബാക്ടീരിയ മൂലമാണ് എസ്ടിഎസ്എസ് അണുബാധയുണ്ടാകുന്നത്. മനുഷ്യമാംസം ഭക്ഷിക്കുന്ന ബാക്ടീരിയയാണ് ഈ അണുബാധ വരുന്നതിനുള്ള പ്രധാന കാരണം.

അണുബാധയേറ്റ് വെറും 48 മണിക്കൂറിനുള്ളിൽ മനുഷ്യ ജീവനെടുക്കാൻ ഇവയ്ക്ക് സാധിക്കും. ടിഷ്യുകളുടെ നാശത്തിനും അതിവേഗം അവയങ്ങളുടെ പ്രവർത്തനം നിലയ്ക്കുന്നതിനും ഈ ബാക്ടീരിയ കാരണമാകും.

### രോഗലക്ഷണങ്ങൾ

പനിയും തൊണ്ടവേദനയാണ് ഈ അണുബാധയുടെ പ്രധാന ലക്ഷണങ്ങൾ. കുട്ടികളിലാണ് ഇവ അധികവും വലിയ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ഭൂരിഭാഗം സ്ട്രെപ് ഫീവറുകളും നേരിയ പനിയായി മാറിപ്പോകുമെങ്കിലും ഒട്ടേറെ ആളുകൾക്ക് രോഗലക്ഷങ്ങൾ മൂർച്ഛിക്കുകയും കൃത്യമായ ആരോഗ്യപരിചരണം ആവശ്യമായി വരികയും ചെയ്യും.

പരിചരണം ലഭ്യമായില്ലെങ്കിൽ മരണം വരെ സംഭവിക്കാവുന്ന അവസ്ഥയിലേക്ക് എത്തും. അണുബാധയേറ്റ പ്രായമായവരിൽ ജലദോഷം, പനി പോലുള്ള ലക്ഷണങ്ങളാണ് ആദ്യം അനുഭവപ്പെടുക. എന്നാൽ അപൂർവ ഘട്ടങ്ങളിൽ അസഹനീയമായ തൊണ്ട വേദന, ടോൺസിലൈറ്റിസ്, ന്യൂമോണിയ, മെനിഞ്ചൈറ്റിസ് തുടങ്ങിയ ആരോഗ്യപ്രശ്നങ്ങളിലേക്ക് നയിക്കും.

### ഗുരുതരമാകുന്നത് എങ്ങനെ

ഗ്രൂപ്പ് എ സ്ട്രെപ്റ്റോകോക്കസ് ബാക്ടീരീയ ശരീരത്തിൽ ഹൈപ്പർഇൻഫ്ളമേറ്ററി പ്രതികരണത്തിന് കാരണമാകുന്ന വിഷവസ്തുക്കളെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഈ വിഷവസ്തുക്കളാണ് വ്യാപകമായ ടിഷ്യു നാശത്തിലേക്കും കഠിനമായ വീക്കത്തിലേക്കും നയിക്കുന്നത്. ഇത് അതിവേഗത്തിലുള്ള ടിഷ്യു നെക്രോസിസ്, അങ്ങേയറ്റത്തെ വേദന എന്നിവയിലേക്ക് നയിക്കുന്നു.

ബാക്ടീരിയകൾക്ക് രക്തപ്രവാഹത്തിലേക്കും അവയങ്ങളിലേക്കും അതിവേഗം പ്രവേശിക്കാൻ കഴിയും. ഇത് ചുരുങ്ങിയ സമയത്തിനുള്ളിൽ ഒന്നിലധികം അവയങ്ങളുടെ പരാജയത്തിന് കാരണമാകുന്നു. വിഷവസ്തുക്കളാണ് രോഗപ്രതിരോധ സംവിധാനത്തെ തടസ്സപ്പെടുത്തുന്നത്. മരണം തടയുന്നതിന് അടിയന്തര വൈദ്യ ഇടപെടൽ ആവശ്യമാണ്.

# ദലൈലാമയെയും ടിബറ്റൻ പ്രവാസി സർക്കാരിനെയും കണ്ട് യുഎസ് നിയമനിർമ്മാതാക്കളുടെ സംഘം



ധർമശാല/ബെയ്ജിംഗ്: മുൻ യുഎസ് ഹൗസ് സ്പീക്കർ നാൻസി പെലോസി ഉൾപ്പെടെയുള്ള മുതിർന്ന യുഎസ് നിയമനിർമ്മാതാക്കൾ ടിബറ്റൻ ആത്മീയ നേതാവ് ദലൈലാമയുമായും ഇന്ത്യയിലെ ടിബറ്റൻ പ്രവാസ സർക്കാരുമായും കൂടിക്കാഴ്ച നടത്തിയതിനെതിരെ കടുത്ത വിമർശനവുമായി ചൈന.

യുഎസ് കോൺഗ്രസ് അംഗം മൈക്കൽ മക്കോളിന്റെയും പെലോസിയുടെയും നേതൃത്വത്തിലുള്ള യുഎസ് നിയമനിർമ്മാതാക്കളുടെ ഉഭയകക്ഷി സംഘം 88 കാരനായ ബുദ്ധമത ആത്മീയ നേതാവിനെ ധർമ്മശാലയിലെത്തിയാണ് കണ്ടത്.

'ലോകം മുഴുവനും, നമ്മൾ ഒരേ മനുഷ്യരാണ്, നമുക്കെല്ലാവർക്കുംഒരേഅവകാശമുണ്ട്ഈലോകം മനുഷ്യരാശിയുടേതാണ്,' ദലൈലാമ പ്രതിനിധികളോട് പറഞ്ഞു. ടിബറ്റ് തങ്ങളുടെ പ്രദേശത്തിന്റെ ഭാഗമാണെന്ന് അവകാശപ്പെടുന്ന ചൈന, 'ബാഹ്യ ഇടപെടലുകളെ' അപലപിക്കുകയും ടിബറ്റിലെ വിഷയങ്ങൾ 'പൂർണ്ണമായും ചൈനയുടെ ആഭ്യന്തരകാര്യങ്ങൾ' ആണെന്നും പറഞ്ഞു.

ദലൈലാമയുമായി കൂടിക്കാഴ്ച നടത്തിയത് ഒരു ബഹുമതിയും അനുഗ്രഹവുമാണെന്ന് പെലോസി ടിബറ്റൻ ജനയോട് പറഞ്ഞു. ടിബറ്റ് പ്രവാസ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ടിബറ്റ് ടിവി പ്രസംഗം സംപ്രേഷണം ചെയ്തു.

2010 മുതൽ മരവിപ്പിക്കപ്പെട്ടിരുന്ന, ടിബറ്റൻ നേതാക്കളുമായി ചർച്ച നടത്താൻ ചൈനയെ പ്രേരിപ്പിക്കുന്നതിനുള്ള യുഎസ് കോൺഗ്രസ് ബിൽ പാസാക്കിയതിനെ തുടർന്നാണ് സന്ദർശനം.

ടിബറ്റിന്റെ സ്വാതന്ത്ര്യം സംബന്ധിച്ച വിഷയത്തിൽ ഞങ്ങളുടെ ചിന്തയിലും ധാരണയിലും വ്യക്തതയുണ്ടെന്ന് ചൈനീസ് സർക്കാരിനുള്ള സന്ദേശമാണ് ഈ ബില്ലെന്ന് പെലോസി പറഞ്ഞു. ബില്ലിൽ യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ഉടൻ ഒപ്പുവെക്കുമെന്ന് പെലോസി പറഞ്ഞു.

ന്യൂഡെൽഹിയിലെ ചൈനയുടെ എംബസിയും യുഎസ് നേതൃത്വം ദലൈലാമയുമായി നടത്തിയ കൂടിക്കാഴ്ചയെ വിമർശിച്ചു, ദലൈലാമ 'ശുദ്ധനായ ഒരു മതവ്യക്തിത്വമല്ല, മറിച്ച് മതത്തിന്റെ മറവിൽ ചൈന വിരുദ്ധ വിഘടനവാദ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു രാഷ്ട്രീയ പ്രവാസിയാണ്' എന്ന് ചൈനീസ് എംബസി ആരോപിച്ചു.

ചൈന ടിബറ്റിൽ അധിനിവേശം നടത്തിയതിനെ തുടർന്ന് 23-ാം വയസിലാണ് ദലൈലാമയും മറ്റ് ടിബറ്റൻ പൗരൻമാരും ഇന്ത്യയിലേക്ക് രക്ഷപെട്ടത്. 1,30,000 ടിബറ്റ് പൗരൻമാരാണ് ഇന്ത്യയിൽ രാഷ്ട്രീയ അഭയാർത്ഥികളായി കഴിയുന്നത്.






# ഇന്ത്യയിൽ ജീവിത നിലവാരം ഉയരുന്നില്ല! 86% പേരും സഹിച്ചും കഷ്ടപ്പെട്ടും കഴിയുന്നവർ



മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നത് ഉയർന്ന തസ്തികകളിൽ ജോലി ലഭിക്കുന്നതിന് അനിവാര്യമാണ്. എന്നാൽ ജോലി ലഭിച്ചതുകൊണ്ടു മാത്രം ജീവിത സാഹചര്യങ്ങൾ മികച്ചതാണെന്ന നിഗമനത്തിൽ എത്തിച്ചേരാനാകില്ല. തൊഴിലിടത്തിൽ നേരിടുന്ന അനുഭവങ്ങൾ ജീവിതത്തിന്റെ ആകെയുള്ള നിലവാരത്തെ ബാധിക്കുന്നുണ്ട്. ഇന്ത്യയിലെ ജീവനക്കാരിൽ 86 ശതമാനവും തൊഴിലിടത്തിൽ പോരാടുകയോ അങ്ങേയറ്റം കഷ്ടപ്പെടുകയോ ചെയ്യുന്നവരാണ് എന്ന് കണ്ടെത്തിയിരിക്കുകയാണ് ഒരു പഠനം.

ആഗോള തലത്തിൽ ജീവനക്കാരുടെ മാനസികാരോഗ്യവും ക്ഷേമവും പരിശോധിക്കുന്ന ഗാലപ്പ് 2024 സ്റ്റേറ്റ് ഓഫ് ഗ്ലോബൽ വർക്ക്പ്ലേസ് റിപ്പോർട്ടിലാണ് ഇന്ത്യയിലെ തൊഴിൽ സാഹചര്യങ്ങളെക്കുറിച്ച് വ്യക്തമായ ചിത്രം പുറത്തുവന്നിരിക്കുന്നത്.

അമേരിക്കൻ അനലിറ്റിക്സ് കമ്പനിയായ ഗാലപ്പ് നടത്തിയ പഠനത്തിൽ ജീവനക്കാരുടെ തൊഴിലിടത്തിലെ സാഹചര്യങ്ങളെ അഭിവൃദ്ധിക്ക് സഹായിക്കുന്നത്, പോരാടേണ്ടി വരുന്നത്, കഷ്ടപ്പാടുകൾ നിറഞ്ഞത് ഇങ്ങനെ മൂന്നായി തരംതിരിച്ചിരുന്നു. ഇന്ത്യയിലെ ജീവനക്കാരിൽ 86 ശതമാനവും തങ്ങളുടെ തൊഴിലിടം പോരാട്ടങ്ങൾ നിറഞ്ഞതോ കഷ്ടപ്പാടുകൾ നിറഞ്ഞതോ ആണെന്നാണ് വെളിപ്പെടുത്തിയത്. 14 ശതമാനം മാത്രമാണ് അഭിവൃദ്ധിക്ക് ഉതകുന്ന സാഹചര്യം തൊഴിലിടത്തിൽ ഉള്ളതായി അംഗീകരിച്ചത്.

അഭിവൃദ്ധി പ്രാപിക്കുന്ന അന്തരീക്ഷത്തിൽ ജോലിചെയ്യുന്നവരുടെ ആഗോളതലത്തിലുള്ള കണക്ക് 34 ശതമാനമാണെന്നിരിക്കെ ഇന്ത്യയിലെ തൊഴിൽസാഹചര്യങ്ങളുടെ ദയനീയ അവസ്ഥയിലേക്ക് പഠന റിപ്പോർട്ട് വെളിച്ചം വീശുന്നുണ്ട്. വരുന്ന അഞ്ച് വർഷക്കാലം വളർച്ചയുടേതായിരിക്കുമെന്ന കാഴ്ചപ്പാടോടെ നിലവിലെ ജീവിത സാഹചര്യങ്ങൾക്ക് ഏഴോ അതിനു മുകളിലോ റേറ്റിങ് നൽകിയവരാണ് ഒന്നാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നത്. നിലവിലെ ജീവിത സാഹചര്യത്തിൽ അനിശ്ചിതത്വം ഉള്ളവരും പ്രതികൂല മനോഭാവമുള്ളവരും സാമ്പത്തികമായി വിഷമിക്കുന്നവരും സമ്മർദ്ദം അനുഭവിക്കുന്നവരും പോരാടുന്നവരുടെ പട്ടികയിൽ ഉൾപ്പെടുന്നു. ഭാവിയെ പറ്റിയുള്ള പ്രതീക്ഷകൾ നഷ്ടപ്പെട്ട് അങ്ങേയറ്റം ദയനീയ സ്ഥിതിയിൽ ജീവിത സാഹചര്യങ്ങൾക്ക് നാലോ അതിൽ താഴെയോ റേറ്റിങ് നൽകിയവരാണ് കഷ്ടപ്പെടുന്നവരുടെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഭക്ഷണം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തതു മുതൽ ഉയർന്ന മാനസിക സമ്മർദ്ദം, വിഷമങ്ങൾ, ശാരീരികമായ ബുദ്ധിമുട്ടുകൾ എന്നിവയെല്ലാം ഇവർക്ക് നേരിടേണ്ടിവരുന്നുണ്ട്. അഭിവൃദ്ധി പ്രാപിക്കുന്നവരുടെ പട്ടികയിൽ ഉൾപ്പെടുന്നവരുമായി താരതമ്യം ചെയ്യുമ്പോൾ ആരോഗ്യ ഇൻഷുറൻസ് പോലെയുള്ള പരിരക്ഷകൾ ഇല്ലാത്തവരാണ് കഷ്ടപ്പാടുകളിലൂടെ കടന്നുപോകുന്നത്.

എന്നാൽ ഇന്ത്യയിൽ മാത്രമല്ല ദക്ഷിണേഷ്യൻ മേഖലയിൽ പൊതുവേ ഈ ട്രെൻഡാണ് നിലനിൽക്കുന്നത് എന്നും പഠനം ചൂണ്ടിക്കാട്ടുന്നു. ദക്ഷിണേഷ്യയിലെ ആകെ കണക്കെടുത്താൽ 15 ശതമാനം ജീവനക്കാർ മാത്രമാണ് സ്വയം അഭിവൃദ്ധി പ്രാപിക്കുന്നതായി തിരിച്ചറിഞ്ഞിട്ടുള്ളത്. തൊഴിലിടത്തിൽ വളർച്ച നേടുന്നവർ 14 ശതമാനം മാത്രമാണെങ്കിലും ദക്ഷിണേഷ്യയിലെ ആകെ കണക്കെടുക്കുമ്പോൾ ഈ പട്ടികയിൽ ഇന്ത്യ രണ്ടാം സ്ഥാനത്തുണ്ട്. ഏറ്റവും കൂടുതൽ അഭിവൃദ്ധി പ്രാപിക്കുന്ന ജീവനക്കാരുള്ള രാജ്യം നേപ്പാളാണ് (22 ശതമാനം). തൊഴിൽ സാഹചര്യങ്ങളിൽ പതിവായി ദേഷ്യം തോന്നുന്നതായി 35 ശതമാനം ഇന്ത്യൻ ജീവനക്കാരും സമ്മതിക്കുന്നു. ഇത് ഈ മേഖലയിലെ ഏറ്റവും ഉയർന്ന നിരക്കാണ്. എന്നാൽ മാനസിക സമ്മർദ്ദം അനുഭവിക്കുന്നവരുടെ കണക്കുകളിൽ ഇന്ത്യയിൽ ഏറ്റവും പിന്നിലാണ്. 32 ശതമാനം ജീവനക്കാർ മാത്രമാണ് മാനസിക സമ്മർദ്ദത്തെക്കുറിച്ച് വ്യാകുലപ്പെടുന്നത്. സാഹചര്യങ്ങൾ പ്രതികൂലമാണെങ്കിലും തൊഴിലിൽ ഊർജ്ജസ്വലതയോടെ ഇടപഴകുന്നവരാണ് ഇന്ത്യയിലെ 32 ശതമാനം ജീവനക്കാരും. ഇക്കാര്യത്തിൽ ആഗോള ശരാശരി 23 ശതമാനം മാത്രമാണ്. അതായത് ഇന്ത്യയിൽ ജോലിക്കാർ ക്ഷേമത്തിന്റെയും ജീവിതനിലവാരത്തിന്റെയും കാര്യത്തിൽ ബുദ്ധിമുട്ടുകയോ പോരാടുകയോ ചെയ്യുന്നുണ്ടെങ്കിലും അവരിൽ ഏറിയ പങ്കും ജോലിയോട് ആത്മാർത്ഥതയും പ്രതിബദ്ധതയും പുലർത്തുന്നുവെന്നാണ് പഠനം വെളിവാക്കുന്നത്.

# പന്നൂൻ വധശ്രമക്കേസ്; താൻ നിരപരാധിയാണെന്ന് നിഖിൽ ഗുപ്ത കോടതിയിൽ



ന്യൂയോർക്ക്: ഖാലിസ്ഥാൻ വിഘടനവാദി നേതാവ് ഗുർപത്വന്ത് സിംഗ് പന്നുവിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ പ്രതിയായ ഇന്ത്യൻ പൗരൻ നിഖിൽ ഗുപ്തയുടെ വിചാരണ യുഎസ് കോടതിയിൽ ആരംഭിച്ചു. ചെക്ക് റിപ്പബ്ലിക്കിലെ പ്രാഗിൽ വെച്ച് കഴിഞ്ഞ വർഷം ജൂൺ 30ന് അറസ്റ്റിലായ നിഖിൽ ഗുപ്തയെ ജൂൺ 16ന് യുഎസിലേക്ക് കൈമാറിയിരുന്നു. കേസ് മാൻഹട്ടനിലെ ഫെഡറൽ കോടതിയിലാണ് പരിഗണിക്കുന്നത്. കാനഡ, ഓസ്ട്രേലിയ, പാകിസ്ഥാൻ, ഖത്തർ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളും കോടതി വാദങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്.

കേസിൽ താൻ നിരപരാധിയാണെന്നാണ് നിഖിൽ ഗുപ്ത കോടതിയിൽ അറിയിച്ചത്. അമേരിക്കൻ പൗരൻമാരെ വധിക്കാനുള്ള ശ്രമത്തെ ഒരുതരത്തിലും വച്ചുപൊറുപ്പിക്കാനാവില്ലെന്ന് യുഎസ് അറ്റോർണി ജനറൽ മെറിക് ഗാർലൻഡ് കോടതിയെ അറിയിച്ചു. ഇന്ത്യയിൽ നിന്നുള്ള നിർദേശമനുസരിച്ചാണ് നിഖിൽ ഗുപ്ത പ്രവർത്തിച്ചതെന്നും അറ്റോർണി ആരോപിച്ചു.

പന്നൂനെ കൊല്ലാൻ നിഖിൽ ഗുപ്ത ഒരു വാടക കൊലയാളിയെ നിയമിച്ചതായും ഇയാൾക്ക് 15,000 ഡോളർ അഡ്വാൻസ് നൽകിയതായും ഫെഡറൽ പ്രോസിക്യൂട്ടർമാർ ആരോപിക്കുന്നു. റോ ഉദ്യോഗസ്ഥനായ വിക്രം യാദവ് ആണ് നിഖിൽ ഗുപ്തയുടെ പിന്നിലെന്ന് കഴിഞ്ഞ ഏപ്രിലിൽ വാഷിങ്ടൻ പോസ്റ്റ് റിപ്പോർട്ട് ചെയ്തിരുന്നു. ഈ ആരോപണങ്ങൾ എല്ലാം തന്നെ ഇന്ത്യ നിഷേധിച്ചിട്ടുണ്ട്.

അതേസമയം ഇന്ത്യയ്ക്കെതിരെ പാകിസ്ഥാൻ അടക്കമുള്ള രംഗത്തെത്തിയിട്ടുണ്ട്. അയൽരാജ്യമായ ഇന്ത്യയുടെ രഹസ്യാന്വേഷണ ഏജൻസി തങ്ങളുടെ പൗരന്മാരെ നിയമവിരുദ്ധമായ കൊലപാതകങ്ങളിൽ പങ്കുണ്ടെന്ന് പാകിസ്ഥാൻ ആരോപിക്കുന്നു. വിദേശ മണ്ണിൽ വസിക്കുന്ന ഭീകരരെ ലക്ഷ്യമിട്ടുള്ള വിപുലമായ നയത്തിന്റെ ഭാഗമായി 2020 മുതൽ പാക്കിസ്ഥാനിൽ 20 വ്യക്തികളുടെ കൊലപാതകങ്ങളിൽ റിസർച്ച് ആൻഡ് അനാലിസിസ് വിംഗ് (റോ) ഉൾപ്പെട്ടിട്ടുണ്ടെന്ന് ഗാർഡിയൻ റിപ്പോർട്ട് ചെയ്തു.

2020 ജനുവരി മുതൽ റിസർച്ച് ആൻഡ് അനാലിസിസ് വിംഗിന് (ആർ&എഡബ്ല്യു) വേണ്ടി രാജ്യത്തെ സിഖ് സമുദായത്തെയും കാശ്മീർ പ്രവർത്തകരെയും ചാരപ്പണി ചെയ്തതിന് ജർമ്മനി ഒരു ഇന്ത്യക്കാരനെതിരെ കുറ്റം ചുമത്തിയിട്ടുണ്ട്. ഖാലിസ്ഥാൻ സിന്ദാബാദ് ഫോഴ്സിന്റെ (ഗദഎ) പ്രമുഖ പ്രവർത്തകനായ ഗുർമീത് സിംഗ് ബഗ്ഗ ജർമ്മനിയിൽ സ്വതന്ത്രമായി കറങ്ങിനടക്കുന്നതായും ഇന്ത്യാ വിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെടുന്നതായും റിപ്പോർട്ടുണ്ട്.

കഴിഞ്ഞ വർഷം സെപ്തംബറിൽ കനേഡിയൻ പ്രധാനമന്ത്രി ഖാലിസ്ഥാൻ നേതാവ് നിജ്ജാറിനെ കൊലപ്പെടുത്തിയതിൽ ഇന്ത്യൻ ഏജന്റുമാരുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള ആരോപണമുയർത്തിയതിനാൽ ഇന്ത്യയും കാനഡയും തമ്മിലുള്ള ബന്ധം കടുത്ത സമ്മർദ്ദത്തിലായിട്ടുണ്ട്.







# പുടിൻകിം സൗഹൃദം ലോകത്തിന് ഭീഷണിയോ?

(ഒന്നാം പേജ് തുടർച്ച)

ഞ്ഞാറൻ രാജ്യങ്ങളുമായുള്ള സംഘർഷത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള നീക്കമാണ്. അതേസമയം കരാറിന്റെ വിശദാംശങ്ങൾ പുറത്തുവിട്ടിട്ടില്ല. പക്ഷേ ശീതയുദ്ധത്തിന്റെ അവസാനത്തിനുശേഷം മോസ്കോയും പ്യോങ്യാങ്ങും തമ്മിലുള്ള ഏറ്റവും ശക്തമായ ബന്ധത്തെയാണ് ഇത് അടിവരയിടുന്നത്. സുരക്ഷ, വ്യാപാരം, നിക്ഷേപം, സാംസ്കാരിക, മാനുഷിക ബന്ധങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന തങ്ങളുടെ ബന്ധങ്ങളുടെ പ്രധാന നവീകരണമായാണ് ഇരു നേതാക്കളും ഉടമ്പടിയെ വിശേഷിപ്പിച്ചത്.

24 വർഷത്തിന് ശേഷം പുടിൻ ആദ്യമായി ഉത്തരകൊറിയ സന്ദർശിക്കുകയും സാമ്പത്തിക സഹായത്തിന് പകരമായി പ്യോങ്യാങ് മോസ്കോയ്ക്ക് യുദ്ധത്തിന് ആവശ്യമായ ആയുധങ്ങൾ നൽകുകയും ചെയ്യുന്ന ആയുധ ക്രമീകരണത്തെക്കുറിച്ച് യുഎസും സഖ്യകക്ഷികളും വർദ്ധിച്ചുവരുന്ന ആശങ്കകൾ പ്രകടിപ്പിച്ച സാഹചര്യത്തിലാണ് ഇരുവരും തമ്മിലുള്ള കൂടിക്കാഴ്ച നടന്നിരിക്കുന്നത്.

കിമ്മിന്റെ ആണവായുധങ്ങളും മിസൈൽ പദ്ധതിയും ഉയർത്തുന്ന ഭീഷണി വീണ്ടും ഉയർത്താൻ തക്കതാണ് പുതിയ സാങ്കേതിക കൈമാറ്റങ്ങൾ.അമേരിക്ക ഉൾപ്പെടെയുള്ള പാശ്ചാത്യരെ ആശങ്കയിലാക്കുന്നതാണ് അതിവേഗം വളരുന്ന പുതിയ കൂട്ടുകെട്ടും ഉടമ്പടി ഉറപ്പിക്കലും. ഇത് ലോകത്തിന് കാര്യമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാമെന്ന് നിരീക്ഷകർ വ്യക്തമാക്കുന്നു.

ഏത് തരത്തിലുള്ള പരസ്പര പ്രതിരോധ ഉടമ്പടിയും ഭാവിയിൽ കൊറിയൻ ഉപദ്വീപിലെ ഒരു സംഘട്ടനത്തിൽ പ്യോങ്യാങ്ങിനെ മോസ്കോ സഹായിക്കുന്നത് കാണാൻ കഴിയും. അതേസമയം ഉത്തരകൊറിയയ്ക്ക് ഉക്രെയ്നിനെതിരായ യുദ്ധത്തിൽ റഷ്യയെ പരസ്യമായി സഹായിക്കാനാകും. കിം നേരത്തെ തന്നെ റഷ്യയ്ക്ക് ആയുധങ്ങൾ വിതരണം ചെയ്തതായി റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. അതേപോലെ മിസൈൽ പ്രോഗ്രാമിനെ സഹായിക്കുന്ന ബഹിരാകാശ സാങ്കേതികവിദ്യ ഉത്തര കൊറിയക്ക് പുടിൻ നൽകുമെന്ന് കരുതപ്പെടുന്നു. പുടിൻ സമീപ മാസങ്ങളിൽ ഉക്രെയ്നിലെ യുദ്ധക്കളത്തിൽ ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ട്. പ്രത്യേകിച്ച് ആയുധങ്ങളുടെ കുറവ് നിമിത്തം. സെപ്രംബറിൽ കിം റഷ്യ സന്ദർശിച്ചപ്പോൾ അവരുടെ അവസാനത്തെ മുഖാമുഖം കൂടിക്കാഴ്ചയിൽ, സൈനിക സഹകരണത്തെക്കുറിച്ച് ഇരുവരും ചർച്ച ചെയ്യുകയും ആയുധ ഇടപാട് നടത്തിയതായി സംശയിക്കുകയും ചെയ്തിരുന്നു.

അതിനുശേഷം റഷ്യ ഉത്തരകൊറിയൻ മിസൈലുകൾ ഉക്രെയ്നിൽ വിന്യസിക്കുന്നുണ്ടെന്നതിന് തെളിവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇരു രാജ്യങ്ങളും അന്താരാഷ്ട്ര ഒറ്റപ്പെടലിനെ അഭിമുഖീകരിക്കുന്ന സമയത്ത് റഷ്യഉത്തര കൊറിയ ബന്ധം പുനർരൂപകൽപ്പന ചെയ്യുന്നതായിരിക്കും ഇരു നേതാക്കളുടേയും കൂടിക്കാഴ്ച. അതേസമയം പശ്ചാത്യലോകം ഈ കൂടിക്കാഴ്ചയെ ആശങ്കയോടെയാണ് നോക്കി കാണുന്നത്. റഷ്യയ്ക്കും ഉത്തരകൊറിയയ്ക്കുമെതിരെയുള്ള പാശ്ചാത്യ ഉപരോധങ്ങളെക്കുറിച്ചും പുടിൻ വ്യക്തമാക്കി 'ബ്ലാക്ക്മെയിലിന്റെയും ആജ്ഞതയുടെയും ഭാഷ ഞങ്ങൾ ഇരുവരും സഹിക്കില്ല'.

ആധിപത്യം നിലനിർത്താൻ പാശ്ചാത്യരുടെ ഉപരോധം എന്ന കഴുത്തു ഞെരിക്കലിനെ ഞങ്ങൾ ശക്തമായി പ്രതിരോധിക്കുന്നത് തുടരുമെന്നും പറഞ്ഞു. അതേസമയം പുടിന്റെയും കിമ്മിന്റെയും വളർന്നുവരുന്ന സൗഹൃദത്തിലെ യഥാർത്ഥ ശക്തി ചൈനയാണെന്ന സൂചനകളും പുറത്തുവരുന്നുണ്ട്. സോൾ, ടോക്കിയോ, വാഷിംഗ്ടൺ, ബ്രസൽസ് എന്നിവയെ പറ്റി ഇരുവരുടേയും സംസാരത്തിൽ വന്നത് വളരെ ശ്രദ്ധയോടെയാണ് പാശ്ചാത്യ ലോകം നിരീക്ഷിക്കുന്നത്. എന്നാൽ രണ്ട് നേതാക്കൾക്കും പരസ്പരം ആവശ്യമാണെന്ന് തോന്നുന്ന വസ്തുത ഇതാണ് ഒന്ന് യുദ്ധം തുടരാൻ പുടിന് വെടിമരുന്ന് ആവശ്യമാണ്, ഉത്തര കൊറിയയ്ക്ക് പണവും ആവശ്യമാണ് എന്നതാണ്.

എന്നിരുന്നാലും, ഈ മേഖലയിലെ യഥാർത്ഥ ശക്തി പ്യോങ്യാങ്ങിൽ ആയിരുന്നില്ല എന്നാണ് വ്യക്തമാകുന്നത്. പുടിനും കിമ്മും ചൈനയുമായി നല്ല ബന്ധത്തിലായിരുന്നു. അതിനാൽ ഈ രണ്ട് ഭരണകൂടങ്ങളും വ്യാപാരത്തിന്റെയും സ്വാധീനത്തിന്റെയും സുപ്രധാന ഉറവിടമായ ബീജിംഗിനെ പ്രകോപിപ്പിക്കുന്നതിൽ ജാഗ്രത പുലർത്തുകയും ചെയ്യുന്നുണ്ടായിരുന്നു.

കിമ്മുമായുള്ള തന്റെ ഉറച്ച സൗഹൃദത്തെ പുടിൻ വാഴ്ത്തുമ്പോഴും അതിന് ഒരു പരിധിയുണ്ട്. ആ പരിധി ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങാണ്.

### ബെയ്ജിംഗ് നിരീക്ഷിക്കുന്നു

തന്റെ രണ്ട് സഖ്യകക്ഷികൾ തമ്മിലുള്ള വളർന്നുവരുന്ന സഖ്യത്തെ മിസ്റ്റർ ഷീ സസൂക്ഷ്മം നിരീക്ഷിക്കുകയാണ്. അക്കാര്യത്തിൽ അദ്ദേഹം അംഗീകരിക്കാത്ത ചില കാര്യങ്ങളും ഉണ്ട്. കാരണം മെയ് മാസത്തിൽ പ്രസിഡന്റ് ഷീയെ കണ്ടതിന് ശേഷം പ്യോങ്യാങ് സന്ദർശിക്കരുതെന്ന് ബീജിംഗ് പ്രസിഡന്റ് പുടിനോട് ആവശ്യപ്പെട്ടതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.ലോകത്തിന് ചൈനീസ് വിപണി ആവശ്യമുള്ളതുപോലെ, മന്ദഗതിയിലുള്ള വളർച്ചയെ ചെറുക്കാനും ലോകത്തിലെ രണ്ടാമത്തെ വലിയ സമ്പദ്വ്യവസ്ഥ എന്ന സ്ഥാനം നിലനിർത്താനും ബീജിംഗിന് വിദേശ വിനോദസഞ്ചാരികളും നിക്ഷേപവും ആവശ്യമാണ്.

അതുകൊണ്ടു തന്നെ എന്തും എടുത്തുചാടി ചൈന തീരുമാനിക്കില്ല. അതുകൊണ്ടു തന്നെ ഇപ്പോൾ യൂറോപ്പിന്റെ ചില ഭാഗങ്ങളിൽ നിന്നും പ്രത്യേകിച്ച് തായ്‌ലൻഡ്, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ നിന്നുമുള്ള സന്ദർശകർക്ക് വിസ രഹിത യാത്ര വാഗ്ദാനം ചെയ്യുന്നു. അവരുടെ പാണ്ടകളെ വീണ്ടും വിദേശ മൃഗശാലകളിലേക്ക് അയയ്ക്കുന്നു.

ഒരു വലിയ ആഗോള പങ്ക് ഏറ്റെടുക്കാനും യുഎസിനെ വെല്ലുവിളിക്കാനും ആഗ്രഹിക്കുന്ന ചൈനയുടെ നേതാവിന് ഒരുപാട് മുൻ ധാരണകളും തന്ത്രങ്ങളും ഉണ്ട്. കൂടുതൽ യുഎസ് യുദ്ധക്കപ്പലുകൾ പസഫിക് സമുദ്രത്തിൽ നിരീക്ഷണം നടത്തുമ്പോൾ കിഴക്കൻ ഏഷ്യൻ നാറ്റോയെക്കുറിച്ചുള്ള മിസ്റ്റർ ഷീയുടെ ഭയത്തിന് ആക്കം കൂട്ടുന്നു. അതുകൊണ്ടു തന്നെ പുതിയ കൂട്ടുകെട്ട് ഷീ വളരെയധികം ശ്രദ്ധയോടെ മാത്രമെ കൈകാര്യം ചെയ്യുകയുള്ളു. എന്നാൽ അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങൾ പുതിയ സൗഹൃദത്തെ ശ്രദ്ധയോടെ നീരിക്ഷിക്കുകയാണ്. വരും ദിവസങ്ങളിൽ ഇതുമായി ബന്ധപ്പെട്ട കുടുതൽ നിരീക്ഷണങ്ങളും തന്ത്രപ്രധാന നീക്കങ്ങളും ഈ രാജ്യങ്ങളിൽ നിന്നും പ്രതീക്ഷാം.



## പൗരത്വം അഞ്ച് ലക്ഷം പങ്കാളികൾക്ക്

തിരഞ്ഞെടുപ്പ് അടുത്തതോടെ കുടിയേറ്റക്കാരുടെ വിഷയത്തിൽ നിലപാട് മയപ്പെടുത്തിയിരിക്കുകയാണ് പ്രസിഡന്റ് ജോ ബൈഡൻ. അമേരിക്കൻ പൗരന്മാരുടെ, കുടിയേറ്റക്കാരായ പങ്കാളികൾക്ക് പൗരത്വം നൽകാൻ ഒരുങ്ങുകയാണ് രാജ്യം. പ്രസിഡന്റ് ജോ ബൈഡന്റെ സ്വപ്ന പദ്ധതിയിലൂടെയാണ് അഞ്ച് ലക്ഷം പേർക്ക് പൗരത്വം ലഭിക്കുന്നത്. നിലവിലെ ഇമിഗ്രേഷൻ നിയമങ്ങൾ കാരണം വേർപിരിഞ്ഞ് താമസിക്കേണ്ടി വരുന്ന കുടുംബങ്ങൾക്ക് സഹായമാവുകയാണ് പദ്ധതിയുടെ ലക്ഷ്യം.

അതേസമയം നിയമവിരുദ്ധമായി അതിർത്തി കടന്നെത്തിയവർ സ്വന്തം രാജ്യത്തേക്ക് മടങ്ങി ഗ്രീൻ കാർഡ് നടപടിക്രമങ്ങൾ പൂർത്തിയാക്കണെമെന്നാണ് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. പുതിയ നയത്തിന്റെ ഗുണഫലം അഞ്ച് ലക്ഷത്തോളം കുടിയേറ്റക്കാർക്കാണ് ലഭിക്കുക. കുടിയേറ്റക്കാർ 2024 ജൂൺ 17 ന് അമേരിക്കയിൽ താമസം ആരംഭിച്ചിട്ട് 10 വർഷമെങ്കിലും ആയിരിക്കണം എന്നതാണ് പൗരത്വത്തിന് യോഗ്യത നേടാനുള്ള പ്രധാന മാനദണ്ഡം. മാത്രമല്ല ഇവർ അമേരിക്കൻ പൗരനെ വിവാഹം കഴിച്ചിരിക്കണം. ഈ യോഗ്യതയുള്ള അംഗീകൃത അപേക്ഷകർക്ക് ഗ്രീൻ കാർഡിന് അപേക്ഷിക്കാൻ മൂന്ന് വർഷം സമയമുണ്ട്. മാത്രമല്ല ഇവർക്ക് താൽകാലിക വർക്ക് പെർമിറ്റും നാടുകടത്തലിൽ നിന്നുള്ള സംരക്ഷണവും ലഭിക്കും.

ഇതിന് പുറമെ അമേരിക്കൻ പൗരന്മാരെ വിവാഹം കഴിച്ചവരുടെ അമേരിക്കൻ പൗരന്മാരല്ലാത്ത മക്കൾക്കും ഇതേ ആനുകൂല്യം ലഭിക്കും. വിവാഹകാലാവധി എത്ര വേണമെന്ന് വ്യവസ്ഥയില്ല. ജൂൺ 17 ന് അമേരിക്കയിൽ പത്ത് വർഷം പൂർത്തിയായിരിക്കണം എന്നതാണ് പ്രധാന മാനദണ്ഡം. വേനൽ അവസാനത്തോടെ ഇതിനായി അപേക്ഷ സമർപ്പിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്. അപേക്ഷാ ഫീസ് ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല.

രേഖകളില്ലാത്ത കുടിയേറ്റക്കാർക്ക് നാടുകടത്തൽ പരിരക്ഷകളും താൽക്കാലിക വർക്ക് പെർമിറ്റുകളും വാഗ്ദാനം ചെയ്യുന്ന, ഒബാമ കാലത്തെ നിർദ്ദേശമായ ഡെഫർഡ് ആക്ഷൻ ഫോർ ചൈൽഡ്ഹുഡ് അറൈവൽസ് (DACA) പ്രോഗ്രാമിന്റെ 12ാം വാർഷികത്തോടനുബന്ധിച്ചായിരുന്നു പുതിയ പദ്ധതിയുടെ പ്രഖ്യാപനം.

ഏകദേശം അരലക്ഷം കുട്ടികൾക്ക് പദ്ധതി പ്രയോജനപ്പെടും. കുട്ടികളിലും ജൂൺ പതിനേഴ് വരെയുള്ളതാണ് പരിഗണിക്കുക. നവംബറിലെ യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പു മുന്നിൽക്കണ്ടാണ് ബൈഡന്റെ ഉദാര നീക്കമെന്നാണ് പറയുന്നത്.

### അധികാരത്തിലെത്തിയാൽ റദ്ദാക്കുമെന്ന് ട്രംപ്

തീരുമാനത്തിനെതിരെ മുൻ പ്രസിഡന്റും റിപ്പബ്ലിക്കൻ പാർട്ടിക്കാരനുമായ ഡൊണാൾഡ് ട്രംപ് രംഗത്തെത്തി. തന്റെ മുൻഗാമികൾ കുടിയേറ്റക്കാരെക്കുറിച്ച് സമൂഹത്തിൽ ഭയം പടർത്തിയെന്ന് കഴിഞ്ഞ ദിവസം ബൈഡൻ ആരോപിച്ചിരുന്നു. ഇതിന് ശക്തമായ ഭാഷയിൽ തിരിച്ചടിച്ച ട്രംപ് രംഗത്തെത്തുകയായിരുന്നു. താൻ വീണ്ടും അധികാരത്തിലെത്തിയാൽ ബൈഡന്റെ കുടിയേറ്റ നയം റദ്ദാക്കുമെന്നും പ്രഖ്യാപിച്ചു. അമേരിക്കൻ രക്തത്തെ മലിനീകരിക്കുന്ന അപകടകാരികളായ കുറ്റവാളികളാണ് കുടിയേറ്റക്കാരെന്നും എല്ലാവരെയും നാടുകടത്തണമെന്നുമാണ് ട്രംപിന്റെ ആവശ്യം.

# യുഎസ് ആയുധങ്ങൾ തടഞ്ഞ് വയ്ക്കുന്നുവെന്ന് നെതന്യാഹു; ശരിയല്ലെന്ന് യുഎസ് പ്രതിനിധി

(ഒന്നാം പേജ് തുടർച്ച)

വും അവിശ്വസനീയമാംവിധം ഉയർന്ന നിലയിലായിരിക്കെയാണ് തർക്കം. അതേസമയം വ്യാഴാഴ്ച നടത്താനിരുന്ന യുഎസ്ഇസ്രായേൽ സ്ട്രാറ്റജിക് കൺസൾട്ടേറ്റീവ് ഗ്രൂപ്പിന്റെ (എസ്ഡിജി) യോഗം യുഎസ് മാറ്റിവച്ചേക്കുമെന്നും റിപ്പോർട്ടുകളുണ്ട്. നെതന്യാഹുവിന്റെ അഭിപ്രായത്തിന് മറുപടിയായാണ് കൂടിക്കാഴ്ച മാറ്റുന്നതെന്നും റിപോർട്ടുകൾ പറയുന്നു.

ചൊവ്വാഴ്ച എക്സിൽ പോസ്റ്റ് ചെയ്ത വീഡിയോയിൽ ബൈഡൻ ഭരണകൂടം ആയുധങ്ങൾ കൈവശം വച്ചിരിക്കുകയാണെന്ന് നെതന്യാഹു പരസ്യമായി അവകാശപ്പെട്ടിരുന്നു. സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കെൻ ഈ തടസ്സങ്ങൾ നീക്കാൻ ഭരണകൂടം രാവും പകലും പ്രവർത്തിക്കുന്നുവെന്ന് എനിക്ക് ഉറപ്പുനൽകിയെന്നും അദ്ദേഹം പറഞ്ഞു.






## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**
**224 – 382 – 3669**
ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക

#061924

## BABYSITTER WANTED

**ഫിലാഡൽഫിയയിൽ താമസിക്കുന്ന യുവ** ദമ്പതികൾക്ക് 2 വയസ്സുള്ള കുട്ടിയെ നോക്കാൻ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്. താൽപ്പര്യമുള്ളവർ വിളിക്കുക

**ഷീബ (516-209-8800),**
**സിറിയക് (718-869-4626)**

#061224






## നൊവേന

### സെന്റ് ആന്റണീസ് നൊവേന



ഓ ധന്യനായ വിശുദ്ധ അന്തോനീസേ നന്മയുടെ നിറകുടവും എളിമയുടെ ദർപ്പണവുമായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങേ മദ്ധ്യസ്ഥതയാൽ രോഗവും മരണവും അബദ്ധവും അനർത്ഥങ്ങളും തിന്മകളും നഷ്ടങ്ങളും ഇല്ലാതാകുന്നുവെന്നു ഞങ്ങൾ അറിയുന്നു. നഷ്ടപ്പെട്ട വസ്തുക്കൾ വീണ്ടെടുക്കുന്നതിനും ദുഃഖിതർക്ക് ആശ്വാസവും പാപികൾക്ക് അനുതാപവും നൽകുന്നതിനും കഴിവുള്ള അങ്ങേയ്ക്ക് അസാദ്ധ്യമായി ഒന്നുമില്ല. ഉണ്ണീശോയുടെ വിശ്വസ്ത സ്നേഹിതനായ വിശുദ്ധ അന്തോനീസേ അങ്ങ് ഞങ്ങൾക്ക് എന്നും തുണയും മദ്ധ്യസ്ഥനും ഉപകാരിയും ആയിരിക്കേണമേ. ഞങ്ങളുടെ ആത്മീകവും ഭൗതീകവുമായ സകല ആവശ്യങ്ങളും പ്രത്യേകിച്ച് ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുന്ന നന്മകൾ പരമപിതാവായ ദൈവത്തിന്റെ പക്കൽ നിന്നും അങ്ങേ മാദ്ധ്യസ്ഥം വഴി ഞങ്ങൾക്ക് നേടിത്തരണമേ. ശാന്തനും സ്നേഹസമ്പൂർണനുമായ വിശുദ്ധ അന്തോണീസ് അങ്ങയുടെ അനുഗ്രഹങ്ങളെ ഞങ്ങൾ എന്നും കൃതജ്ഞതയോടെ പ്രകീർത്തിക്കും. ഞങ്ങളുടെ ആത്മ ആത്മശരീരങ്ങളും ഞങ്ങൾക്കുള്ള സകലതും അങ്ങേയ്ക്ക് സമർപ്പി ക്കുന്നു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത വിശുദ്ധ അന്തോനീസേ എല്ലാവിധ വിപത്തുകളിൽ നിന്നും ഞങ്ങളെ കാത്തു രക്ഷിക്കണമേ. ജീവിത ക്ലേശങ്ങളെ പ്രശാന്തതയോടെ നേരിടുവാനും പാപത്തിൽ അകപ്പെടാതെ നല്ല ജീവിതം നയിക്കാനും അങ്ങു ഞങ്ങളെ സഹായിക്കണമേ. പ്രലോഭനങ്ങൾ ഞങ്ങളെ ദുർബലരാക്കുന്ന നിമിഷങ്ങളിൽ ഞങ്ങൾക്ക് അങ്ങ് ശക്തമായ തുണയായിരികണം. ഉദാരതയും സ്നേഹവുമുള്ള ഹൃദയം ഞങ്ങൾക്കു നൽകണമേ. ഞങ്ങൾക്ക് ലഭിക്കുന്ന എല്ലാ നന്മകളും ദുഃഖിതരും പാവങ്ങളുമായ ഞങ്ങളുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കുവാനുള്ള സന്നദ്ധതയും ഞങ്ങൾക്ക് നൽകണമെന്ന് അങ്ങയോട് ഞാൻ അപേഷിക്കുന്നു.

ആമേൻ

**ജോസഫ്**

#061924

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**മറിയാമ്മ തോമസ്**

#061924

## SEEKING BRIDE

**Parents are seeking** proposal for their son 48 years, US Citizen, working with a MNC in Texas, having two children in first marriage (14 year boy & 12 year daughter (Joint custody), Height 182cm, weight 168.

**Ph: 281-631-5103**
**longwood81@yahoo.com**

#061924

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section. His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Native place Changanacherry. Born and brought up in Dubai. Father passed away. 2 elder sisters married and settled. Mother is working and staying in Dubai with Orville. Seekingan alliancefrom Romancatholic girl. Now mother and son here in Chicago.

**Contact 00971502811046**
**Mail to: susanpadiyath@gmail.com**

#061224

## SEEKING BRIDEGROOM

**Roman Catholic parents** invite propsals for their daughter 26years, Height 5'7, Weight 68kg, BSc Nursing, working as a Registered Nurse (St. Georges NHS Trust, Tooting) in London, UK from the parents of professionally qualified christian matches. Interesting parents may contact with details.

**Contact: 708-304-2116**
**Mail: sibymathayi@icloud.com**

#061224

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM

**ബന്ധപ്പെടുക:**
**773 – 888 – 2242,**
**773 – 842 – 9149**
**E-mail: vachakamonline@gmail, news@vachakam.com**

**For E-Paper reading visit Vachakam.com**

# ന്യായമായ വേതനവും മെച്ചപ്പെട്ട വരുമാനവും: ഒറിഗോണിലെ നഴ്സുമാർ സമരത്തിൽ

ഒറിഗൺ: ആറ് ഒറിഗൺ ആശുപത്രികളിലെ മൂവായിരത്തിലധികം നഴ്സുമാർ തങ്ങളുടെ ആവശ്യങ്ങൾ ഉന്നയിച്ച് ബുധനാഴ്ച പിക്കറ്റ് ലൈനുകളിൽ രണ്ടാം ദിവസവും ചെലവഴിച്ചു. ന്യായമായ വേതനവും മെച്ചപ്പെട്ട വരുമാനവും പ്രതിഷീച്ച് നിരവധി ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ബോർഡുകളും അവർ കൈകളിൽ ഉയർത്തിയിരുന്നു.

സംസ്ഥാനത്തുടനീളമുള്ള ആറ് പ്രൊവിഡൻസ് മെഡിക്കൽ സൗകര്യങ്ങളിൽ നഴ്സുമാർ സമരം ചെയ്യുന്നുണ്ട്. വടക്ക് പോർട്ട്ലാൻഡിലെ സെന്റ് വിൻസെന്റ് മെഡിക്കൽ സെന്റർ മുതൽ തെക്ക് മെഡ്ഫോർഡ് മെഡിക്കൽ സെന്റർ വരെ. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ നഴ്സുമാരുടെ സമരമാണിതെന്ന് സംഘാടകർ പറയുന്നു. അതേസമയം ശൂന്യത താൽക്കാലികമായി നികത്താൻ കരാർ തൊഴിലാളികളെ നിയമിച്ചതിനാൽ ഒരു രോഗിയുടെയും ആരോഗ്യം അപകടത്തിലാക്കുന്നില്ലെന്ന് പ്രൊവിഡൻസ് വ്യക്തമാക്കി.




നഴ്സുമാർ ഡിസംബർ മുതൽ ചർച്ചകളിൽ ഏർപ്പെട്ടിരുന്നുവെങ്കിലും അവർക്ക് പ്രൊവിഡൻസ് ന്യായമായ കരാറിലേക്ക് വരാൻ കഴിഞ്ഞിട്ടില്ലെന്ന് ഒറിഗൺ നഴ്സസ് അസോസിയേഷന്റെ ചീഫ് ഓഫ് സ്റ്റാഫ് സ്കോട്ട് പാമർ പറഞ്ഞു, വേതനം, ആനുകൂല്യങ്ങൾ, മതിയായ സ്റ്റാഫ് മാനദണ്ഡങ്ങൾ എന്നിവയുൾപ്പെടെ 'റിക്രൂട്ട്മെന്റ്, നിലനിർത്തൽ പ്രശ്നങ്ങൾ' എന്നിവയിലാണ് ചർച്ചകളുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് അവർ പറഞ്ഞു.

രോഗി പരിചരണം ബാധിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ പകരം ജോലിക്കാരെ നൽകുന്നതിന് ഒരു കമ്പനിയുമായി സംഘടന കരാർ ചെയ്തതായി പ്രൊവിഡൻസ് സെൻട്രൽ ഡിവിഷനിലെ ചീഫ് നഴ്സിംഗ് ഓഫീസർ ജെന്നിഫർ ജെൻട്രി പറഞ്ഞു. സമരം തങ്ങളുടെ സൗകര്യങ്ങളെ ബാധിച്ചിട്ടില്ലെന്ന് കമ്പനി വക്താവ് ഗാരി വാക്കർ പറഞ്ഞു. ചൊവ്വാഴ്ച അവർ 800 ഓളം ആളുകളെ അവരുടെ അത്യാഹിത വിഭാഗങ്ങളിൽ ചികിത്സിച്ചു. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട ശസ്ത്രക്രിയകളൊന്നും മാറ്റിവച്ചിട്ടില്ല.

പണിമുടക്കുന്ന നഴ്സുമാർ ആളുകൾക്ക് ആവശ്യമായ പരിചരണം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നു. എന്നാൽ പരിചരണം നൽകുന്നവരെ പിന്തുണയ്ക്കണമെന്ന് അവർ ആഗ്രഹിക്കുന്നുവെന്ന് പാമർ പറഞ്ഞു. നിങ്ങൾക്ക് അസുഖമുണ്ടെങ്കിൽ വൈദ്യസഹായം ലഭിക്കാൻ കാലതാമസം വരുത്തരുതെന്ന് നഴ്സുമാരിൽ നിന്നും അമേരിക്കൻ നഴ്സസ് അസോസിയേഷനിൽ നിന്നും ആളുകൾ അറിയേണ്ടത് വളരെ പ്രധാനമാണെന്ന് പാമർ അസോസിയേറ്റഡ് പ്രസ്സിനോട് പറഞ്ഞു. രോഗികൾ അവർക്ക് ആവശ്യമെങ്കിൽ ഉടൻ ആശുപത്രി പരിചരണം തേടണം.

സ്റ്റാഫിംഗും മത്സര വേതനവുമാണ് അവരുടെ ആവശ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് പാമർ പറഞ്ഞു. സ്റ്റാഫ് ലെവൽ കുറവായപ്പോൾ, നഴ്സുമാർക്ക് ഉച്ചഭക്ഷണം കഴിക്കാൻ കഴിയാത്ത അവസ്ഥയിൽ വരെ എത്തി. രോഗികളുടെ കോളുകൾക്ക് മറുപടി നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നു, ബാത്ത്റൂമിൽ പോകാൻ സമയം കണ്ടെത്തുന്നത് പോലും ബുദ്ധിമുട്ടാണെന്ന് അദ്ദേഹം പറഞ്ഞു.

# പെട്രോ ഡോളർ യുഗത്തിന് അന്ത്യം; സൗദിയുടെ തീരുമാനം അമേരിക്കയ്ക്ക് തിരിച്ചടിയാകുമോ?



പെട്രോഡോളർ യുഗം അവസാനിക്കുന്നുവെന്ന വാർത്ത നിരവധി ചോദ്യങ്ങളാണ് ബാക്കിയാക്കുന്നത്. യു.എസുമായി നിലനിന്നിരുന്ന 50 വർഷത്തെ പെട്രോഡോളർ കരാർ അവസാനിപ്പിച്ചിരിക്കുകയാണ് സൗദി അറേബ്യ. 1974 ജൂൺ എട്ടിന് ഒപ്പുവെച്ച, ദീർഘകാലമായി നിലനിൽക്കുന്ന കരാറാണ് സൗദി പുതുക്കേണ്ടെന്ന് തീരുമാനിച്ചിരിക്കുന്നത്. ഇതോടെ ഡോളറിന് പകരം എന്ത് എന്ന ചോദ്യമാണ് ഉയരുന്നത്.

യു.എസ് ഡോളറിന് പകരം ചൈനീസ് ആർ.എം.ബി, യൂറോ, യെൻ, യുവാൻ തുടങ്ങിവ്യത്യസ്തകറൻസികൾഉപയോഗിച്ച് സൗദിക്ക് എണ്ണയും മറ്റ് സാധനങ്ങളും വിൽക്കാൻ സാധിക്കും. ബിറ്റ്കോയിൻ പോലുള്ള ഡിജിറ്റൽ കറൻസികളുടെ സാധ്യതയും രാജ്യത്തിന് ഉപയോഗപ്പെടുത്താനാകും. ആഗോള സാമ്പത്തിക ചക്രത്തെ തകിടം മറിക്കാൻ ശേഷിയുള്ളതാണ് പെട്രോഡോളർ കരാറിന്റെ അന്ത്യം. ഡോളറിന്റെ കരുത്തിൽ അമേരിക്ക സ്വീകരിക്കുന്ന നിലപാടുകൾക്കും ഒരുപോലെ തിരിച്ചടി നൽകുകയാണോ പെട്രോഡോളർ അവസാനിപ്പിക്കാനുള്ള തീരുമാനത്തിലൂടെ സൗദിയുടെ ലക്ഷ്യമെന്ന് പറയാനാവില്ല.

### പെട്രോഡോളർ എന്താണെന്ന് നോക്കാം

പെട്രോഡോളർ എന്നാൽ പ്രത്യേക കറൻസിയല്ല, പകരം പെട്രോളിയം ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന രാജ്യങ്ങൾക്ക് ലഭിക്കുന്ന ഡോളർ വരുമാനമാണ് പെട്രോഡോളർ. 1970 കളിലാണ് പെട്രോഡോളർ എന്ന വാക്ക് ആദ്യമായി ഉപയോഗിക്കപ്പെട്ടത്. പിന്നീട് ആഗോള സമ്പദ്ഘടനയിലും വിപണിയിലും പെട്രോഡോളർ നിർണായകമായ പങ്കുവഹിക്കാൻ തുടങ്ങി.

1944ലെ ബ്രിട്ടൺവുഡ്സ് കരാറാണ് ലോകരാജ്യങ്ങളുടെ പ്രാഥമിക കരുതൽ ധനമായി ഡോളറിനെ തിരഞ്ഞെടുത്തത്. സ്വർണവുമായി ഡോളറിനെ വിനിമയം ചെയ്യാം. ഒരു ഔൺസ് സ്വർണത്തിന് 35 ഡോളർ എന്നതായിരുന്നു യു.എസ് ഗോൾഡ് സ്റ്റാൻഡേഡ്. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമുള്ള സാമ്പത്തിക സുസ്ഥിരതയ്ക്കും അന്താരാഷ്ട്ര വാണിജ്യങ്ങളേയും സുഗമമാക്കുന്നതിന് ഇത് സഹായിച്ചു. എന്നാൽ 1971ൽ യു.എസ് പ്രസിഡന്റ് റിച്ചാർഡ് നിക്സൺ ഡോളർ സ്വർണവുമായി വിനിമയം ചെയ്യുന്ന സമ്പ്രദായം അവസാനിപ്പിച്ചു. ഇതോടെയാണ് ഡോളറിന്റെ വിനിമയം മൂല്യത്തിൽ ഏറ്റക്കുറച്ചിലുകളും കറൻസി മൂല്യത്തിലെ അസ്ഥിരതകളും പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്.

അതിനിടെയാണ് അറബ്-ഇസ്രയേൽ യുദ്ധം (യോംകിപ്പൂർ യുദ്ധം) പൊട്ടിപ്പുറപ്പെട്ടത്. യുദ്ധത്തിൽ അമേരിക്ക ഇസ്രയേലിനെ പിന്തുണച്ചത് അറബ് രാജ്യങ്ങളെ ചൊടിപ്പിച്ചു. 1973ൽ അമേരിക്കയ്ക്കുള്ള എണ്ണക്കയറ്റുമതിക്ക് ഉപരോധം ഏർപ്പെടുത്തിക്കൊണ്ടാണ് പെട്രോളിയം കയറ്റി അയക്കുന്ന രാജ്യങ്ങളുടെ കൂട്ടായ്മയായ ഒപെക് അമേരിക്കയ്ക്ക് മറുപടി നൽകിയത്. ഇതോടെ അമേരിക്കൻ രാജ്യങ്ങളിൽ എണ്ണവില കുതിച്ചുയർന്നു. ഡോളറിന്റെ ഡിമാൻഡ് കുറഞ്ഞതും വിനിമയത്തിലെ ചാഞ്ചാട്ടവും അമേരിക്കയെ ബാധിച്ചു. എണ്ണക്ഷാമം രൂക്ഷമായി, വിലക്കയറ്റവും ആരംഭിച്ചു.

ഒപെകിന്റെ ഉപരോധത്തിന് പിന്നാലെ എണ്ണക്ഷാമവും വിലക്കയറ്റവും രൂക്ഷമായ പശ്ചാത്തലത്തിലാണ് സ്ഥിതിഗതികൾ സുഗമമാക്കാൻ സൗദിയുമായി അമേരിക്ക നിർണായകമായ കരാറിലേർപ്പെട്ടത്. സൗദിയുടെ എണ്ണവ്യാപാരം പൂർണമായും ഡോളറിലായിരിക്കണമെന്ന് കരാർ പറയുന്നു. ഒപ്പം സൗദി അമേരിക്കയ്ക്ക് എണ്ണ നൽകുമ്പോൾ അമേരിക്ക തിരിച്ച് സൈനിക പരിരക്ഷയും ഉപകരണങ്ങളും സൗദിക്ക് നൽകുമെന്നും വാഗ്ദാനമുണ്ടായി. ഇത് പ്രാബല്യത്തിൽ വന്നതോടെ അമേരിക്കയിലേക്കുള്ള എണ്ണക്കൈമാറ്റം പുന:സ്ഥാപിക്കപ്പെടുകയും അത് സൗദിക്ക് സാമ്പത്തിക മെച്ചമുണ്ടാക്കി കൊടുക്കുകയും ചെയ്തു. മാത്രമല്ല സൗദിയിലേക്കൊഴുകുന്ന അധിക ഡോളർ വരുമാനം സൗദി അറേബ്യയ്ക്ക് യു.എസ് ട്രഷറിയിൽ ബോണ്ടുകളായി നിക്ഷേപിക്കാനുള്ള അവസരവും അമേരിക്കയൊരുക്കി. ഇത് അമേരിക്കയ്ക്കും നേട്ടമുണ്ടാക്കി.

യു.എസ് പ്രസിഡന്റ് റിച്ചാർഡ് നിക്സണും സ്റ്റേറ്റ് സെക്രട്ടറി ഹെൻറി കിസിഞ്ജറും സൗദി രാജകുടുംബവും ചേർന്ന് നേതൃത്വം നൽകിയ കരാർ 1974 ജൂൺ എട്ടിനാണ് പ്രാബല്യത്തിൽ വന്നത്. 50 വർഷത്തേക്കായിരുന്നു കരാർ. എണ്ണ വാങ്ങുന്നതിന് ഡോളർ വേണമെന്ന നിബന്ധന കർശനമാക്കിയതോടെ മറ്റ് രാജ്യങ്ങൾക്കും ഡോളർ വിനിമയം ചെയ്യേണ്ടത് അത്യാവശ്യമായി വരികയും ഇത് ഡോളറിന്റെ, അമേരിക്കൻ കറൻസിയുടെ വിനിമയം വർധിപ്പിക്കുകയും ചെയ്തു. സൗദിയുമായാണ് അമേരിക്ക കരാറിലൊപ്പിട്ടതെങ്കിലും ഇത് പിന്തുടർന്ന് എല്ലാ ഒപെക് രാജ്യങ്ങളും ഡോളറിനെ പ്രധാന വിനിമയ മാർഗമായി ഉപയോഗിക്കാനും ആരംഭിച്ചു.

ലോകത്തെ പ്രാഥമിക കരുതൽ ധനമായി ഡോളറിനെ നിശ്ചയിച്ച തീരുമാനത്തെ ഊട്ടിയുറപ്പിക്കുന്നതായിരുന്നു പെട്രോഡോളർ കരാർ. ഇത് ലോകത്തെ ഏറ്റവും കൂടുതൽ ആധിപത്യമുള്ള കറൻസികളിലൊന്നായി ഡോളറിനെ മാറ്റി. അന്താരാഷ്ട്ര വാണിജ്യവിനിമയങ്ങൾക്ക് ഡോളർ ഉപയോഗിക്കുന്നത് വ്യാപകമായതോടെ ആഗോള സാമ്പത്തിക ഘടനയിൽ കൂടുതൽ സ്വാധീനം ചെലുത്താനുള്ള അമേരിക്കയുടെ സാധ്യതകളുമേറി. യു.എസ് ഡോളറിനുള്ള സ്ഥിരമായ ഡിമാൻഡ് അതിന്റെ മൂല്യത്തിന്റെ സ്ഥിരത നിലനിർത്തി. എണ്ണ കൈമാറ്റത്തിൽ നിന്നുള്ള അധികവരുമാനം ഒപെക് രാജ്യങ്ങൾ യു.എസ് ട്രഷറിയിൽ നിക്ഷേപിച്ചത് സാമ്പത്തിക ബാധ്യതകളെ പരിഹരിക്കാൻ സഹായിച്ചുകൊണ്ട് അമേരിക്കയുടെ സാമ്പത്തികഘടനയേയും പിന്തുണച്ചു.

പെട്രോഡോളർ റീസൈക്ലിംഗ് എന്നാണ് ഇതറിയപ്പെടുന്നത്. അധികവരുമാനം ബോണ്ടുകളിൽ നിക്ഷേപിക്കാനുള്ള ഒപെക് രാജ്യങ്ങളുടെ തീരുമാനം വലിയ വ്യാപാരികമ്മിയുണ്ടെങ്കിലും അത് സാമ്പത്തിക പ്രത്യാഘാതങ്ങളിലേക്ക് നയിക്കാതെ നിയന്ത്രിക്കാൻ അമേരിക്കയെ സഹായിച്ചു. അന്താരാഷ്ട്ര വാണിജ്യത്തിൽ അമേരിക്കയ്ക്ക് മാത്രമായിരുന്നു ഇത്തരമൊരു അതുല്യശേഷിയുണ്ടായിരുന്നത്. അതും ഡോളറിന്റെ കരുത്തിൽ മാത്രം.

### പെട്രോഡോളർ യുഗം അവസാനിക്കുമ്പോൾ ഇനിയെന്ത്?

1974 മുതൽ 50 വർഷത്തേക്കുള്ള കരാർ ആണ് 2024 ജൂൺ എട്ടിന് അവസാനിച്ചിരിക്കുന്നത്. അവസാനിച്ച കരാർ സൗദി അറേബ്യ ഇനി പുതുക്കില്ലെന്നാണ് റിപ്പോർട്ടുകൾ. അങ്ങനെയെങ്കിൽ യു.എസ് ഡോളറിന് പകരം മറ്റ് കറൻസികൾ ഉപയോഗിച്ച് സൗദിക്ക് ഇടപാടുകൾ നടത്താൻ സാധിക്കും. ഇടപാടിന്റെ കാലാവധി അവസാനിച്ചതോടെ, യുവാൻ, യൂറോ, റൂബിൾ, യെൻ, ചൈനീസ് ആർഎംബി തുടങ്ങിയ കറൻസികൾക്ക് എണ്ണ വിൽക്കാൻ സൗദി അറേബ്യയ്ക്ക് സ്വാതന്ത്ര്യമുണ്ട്. കൂടാതെ ബിറ്റ്കോയിൻ പോലുള്ള ഡിജിറ്റൽ കറൻസികൾ ഉപയോഗിക്കാനുള്ള സാധ്യതകളും പരിഗണനയിലുണ്ട്.

പുതിയ മാറ്റത്തോടെ അന്താരാഷ്ട്ര വ്യാപാരത്തിനായി ഇതര കറൻസികൾ ഉപയോഗിക്കുന്ന ആഗോളപ്രവണത വർധിപ്പിക്കാനും യു എസ് ഡോളറിന്റെ ആഗോള ആധിപത്യം ദുർബലപ്പെടുകയും ചെയ്തേക്കാം. ഡോളറിനുള്ള ആഗോള ഡിമാൻഡ് കുറയുന്നത് ഉയർന്ന പണപ്പെരുപ്പത്തിനും പലിശ നിരക്കിനും യുഎസിലെ ബോണ്ട് മാർക്കറ്റിനെ പോലും ബാധിക്കും. ഇത് ആഗോള സാമ്പത്തിക നീക്കങ്ങളിൽ വലിയ മാറ്റങ്ങളുടെ പ്രതിഫലനം ഉണ്ടാക്കും. ഉടനടി ഇല്ലെങ്കിലും ദീർഘകാല അനന്തരഫലമായി രാജ്യങ്ങളുടെ റിസർവ് കറൻസി എന്ന നിലയിൽ നിന്ന് ഡോളർ മാറും എന്നാണ് സാമ്പത്തിക നിരീക്ഷകർ വ്യാഖ്യാനിക്കുന്നത്. ഡോളറിന് പകരം ബ്രിക്സ് കൂട്ടായ്മ സ്വീകരിക്കുന്ന പൊതു കറൻസിയോ ചൈനയുടെ യുവാനോ വരുമെന്നും റിപ്പോർട്ടുകളുണ്ട്.

പെട്രോഡോളർ കരാർ അറബ് രാജ്യങ്ങളുമായുള്ള സാമ്പത്തിക ബന്ധം ദീർഘകാലത്ത് ശക്തിപ്പെടുത്താൻ തങ്ങളെ സഹായിക്കുമെന്ന് അമേരിക്ക പ്രതീക്ഷിച്ചിരുന്നു. ആ പ്രതീക്ഷകൾക്ക് കൂടിയാണ് കരാർ പുതുക്കാതിരിക്കുന്നതിലൂടെ തിരിച്ചടി നേരിട്ടിരിക്കുന്നത്. അന്താരാഷ്ട്ര സാമ്പത്തിക കൈമാറ്റങ്ങളെ സുഗമമാക്കാനായി ഒരു സെൻട്രൽ ബാങ്ക് ഡിജിറ്റൽ കറൻസി പ്രോജക്ടാണ് എംബ്രിഡ്ജ്. ചൈനയും ബാങ്ക് ഓഫ് ഇന്റർനാഷണൽ സെറ്റിൽമെന്റ് എന്ന ആകട നയിക്കുന്ന പ്രോജക്ട് എംബ്രിഡ്ജ് 2021ലാണ് ആരംഭിച്ചത്. അതത് രാജ്യങ്ങളുടെ ഡിജിറ്റൽ കറൻസികൾ(സി.ബി.ഡി.സി) കൈമാറ്റം ചെയ്യാൻ എംബ്രിഡ്ജ് സംവിധാനം സഹായിക്കും.

നിലവിൽ ലോകത്ത് ബ്രസീൽ, ഇന്ത്യ, ചൈന, റഷ്യ, ദക്ഷിണാഫ്രിക്ക ഉൾപ്പെടെയുള്ള നിരവധി രാജ്യങ്ങൾക്ക് സ്വന്തമായി ഡിജിറ്റൽ കറൻസിയുണ്ട്. പല രാജ്യങ്ങളും ഡിജിറ്റൽ കറൻസിയുടെ പൈലറ്റ് പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിർത്തി കടന്നുള്ള അന്താരാഷ്ട്ര കൈമാറ്റങ്ങൾ ഡിജിറ്റൽ കറൻസിയിലൂടെ എളുപ്പമാവും. അത് സാധ്യമാക്കുന്ന പ്ലാറ്റ്ഫോമാണ് എംബ്രിഡ്ജ്. നിരവധി രാജ്യങ്ങൾ ഇതിലേക്ക് ചേരാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. പദ്ധതി വ്യാപകമായാൽ വിദേശ വിനിമയം പ്രതീക്ഷിക്കുന്നതിലും സുഗമമാവും.

ഹോങ് കോങ്ങിലെ ബിസ് ഇന്നൊവേഷൻ ഹബ്ബ്, ഹോങ് കോങ് മോണിറ്ററി അതോറിറ്റി, ബാങ്ക് ഓഫ് തായ്ലാൻഡ്, ചൈനയിലെ ഡിജിറ്റൽ കറൻസി ഇൻസ്റ്റിറ്റ്യൂട്ട്, യു.എ.ഇ സെൻട്രൽ ബാങ്ക് എന്നീ സ്ഥാപനങ്ങൾ ചേർന്നുള്ള സംയുക്ത പ്രോജക്ടാണിത്.

ഏറ്റവും ഒടുവിലായി സൗദി അറേബ്യയും എംബ്രിഡ്ജിലേക്ക് ചേരുമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. അമേരിക്കയുമായുള്ള പെട്രോഡോളർ കരാർ സൗദി പുതുക്കില്ലെന്ന റിപ്പോർട്ടുകൾക്ക് പിന്നാലെയാണ് എംബ്രിഡ്ജിൽ ചേരുമെന്ന വാർത്തകളും പുറത്തുവരുന്നത്.

സൗദി അറേബ്യയുടെ ഈ നീക്കം ആഗോള സാമ്പത്തിക ഘടനയിൽ ദീർഘകാലത്തിൽ വരാനിരിക്കുന്ന ഒരു വലിയ മാറ്റത്തിന്റെ തുടക്കത്തെയാണ് സൂചിപ്പിക്കുന്നതെന്ന് നിരീക്ഷകർ വിലയിരുത്തുന്നു.

വിഷൻ 2030 മുന്നിൽക്കണ്ട് കൊണ്ട് പ്രധാന വരുമാനമാർഗമായ ക്രൂഡ് ഓയിൽ വ്യാപാരം വർധിപ്പിക്കാനും വിദേശനിക്ഷേപം വർധിപ്പിക്കാനുമുള്ള ശ്രമത്തിലാണ് സൗദി അറേബ്യ. ചൈനയുൾപ്പെടെയുള്ള രാജ്യങ്ങളുമായി വലിയ പദ്ധതികളിൽ സൗദി ഇതിനോടകം തന്നെ കരാറൊപ്പിട്ടിട്ടുമുണ്ട്.

### ഡോളർ കിതയ്ക്കുമോ?

കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ ഡോളറിനെ വലിയ രീതിയിൽ ബാധിക്കാനിടയുള്ള രണ്ട് സുപ്രധാന തീരുമാനങ്ങളാണ് പുറത്തുവന്നിരിക്കുന്നത്. അതിലൊന്ന് ബ്രിക്സ് രാജ്യങ്ങൾ പുതിയ കറൻസി വിനിമയത്തിനായി തിരഞ്ഞെടുക്കുകയോ വികസിപ്പിക്കുകയോ ചെയ്യുമെന്നതാണ്. ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ ബ്രിക്സ് പേ എന്ന പേരിൽ ഒരു ഡിജിറ്റൽ സംവിധാനത്തിന് രൂപം നൽകിയേക്കുമെന്നാണ് സൂചനകൾ.

അന്താരാഷ്ട്ര വിനിമയത്തിന് ഡോളർ ഉപയോഗിക്കുന്നതിന് പകരം പ്രാദേശിക കറൻസികൾ ഉപയോഗിക്കുന്നത് വ്യാപകമാക്കാനും ബ്രിക്സ് തീരുമാനിച്ചിട്ടുണ്ട്. ഡോളറിന്റെ അപ്രമാദിത്വത്തെ അവസാനിപ്പിക്കാനുള്ള ഡീഡോളറൈസേഷൻ നിലപാടിന്റെ ഭാഗമാണ് ബ്രിക്സിന്റെ നീക്കം. ഇറാനും റഷ്യയും ബ്രിക്സ് കറൻസി പ്രോജക്ടിലേക്ക് ചേരുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഒക്ടോബറിലെ ബ്രിക്സ് സമ്മേളനത്തോടെ ബ്രിക്സ് കറൻസി/ പെയ്മെന്റ് സംവിധാനമോ നിലവിൽ വരുമെന്നാണ് അനൗദ്യോഗിക റിപ്പോർട്ടുകൾ.

50 വർഷം നീണ്ടുനിന്ന കരാർ അവസാനിക്കുന്നതിലൂടെ ഏത് കറൻസിയിലും ഇനി ക്രൂഡ് ഓയിൽ വാങ്ങാം എന്ന നിലയിലേയ്ക്കെത്തും. അത് ഡോളറിനെ ബാധിക്കുമെന്നതും തീർച്ച. അങ്ങനെയെങ്കിൽ നേട്ടമുണ്ടാവുക ആർക്കാണ്? ഡോളറിന് പകരം യൂറോ ഉപയോഗിക്കണമെന്ന ചർച്ചകൾ പണ്ടുമുതൽക്കേ തന്നെ ആരംഭിച്ചിരുന്നു. എന്നാൽ അത് നടപ്പിലായില്ല. ബ്രിക്സ് കറൻസി നിലവിൽ വരുന്നത് സംബന്ധിച്ച് നിലവിൽ ഔദ്യോഗിക സൂചനകളൊന്നുമില്ല. അപ്പോൾ ബദൽമാർഗമായി രാജ്യങ്ങൾ സ്വർണത്തെ താൽക്കാലികമായെങ്കിലും ആശ്രയിച്ചേക്കാമെന്നും നിരീക്ഷണങ്ങളുണ്ട്.

അതേസമയം പെട്രോഡോളർ കരാർ അവസാനിക്കുന്നത് ഉടനടി അമേരിക്കയെ ബാധിക്കില്ലെന്നും വാദങ്ങളുണ്ട്. രേഖകളിൽ മാത്രമാണ് ഇപ്പോൾ കരാർ അവസാനിക്കുന്നത്. ഇതിന് മുൻപുതന്നെ ഡോളറിനെ വിനിമയത്തിന് ഉപയോഗിക്കുന്നത് പല രാജ്യങ്ങളും അവസാനിപ്പിച്ചിരുന്നു. അടുത്തിടെ ഇന്ത്യ യുഎഇയിൽ നിന്ന് രൂപ കൊടുത്ത് ക്രൂഡ് ഓയിൽ വാങ്ങിയിരുന്നു. റഷ്യയും സമാനമായി റൂബിളിൽ എണ്ണവിൽപന നടത്തിയ വാർത്തകളും പുറത്തുവന്നിരുന്നു.



# പുടിന്റെ സന്ദർശനത്തിൽ ആശങ്കയോടെ പാശ്ചാത്യ ലോകം



ഉത്തര കൊറിയയിൽ എത്തിയ റഷ്യൻ പ്രസിഡന്റ് വ്‌ളാഡിമിർ പുടിന് ഊഷ്മളമായ സ്വീകരണമാണ് കിം ജോങ് ഉൻ ഒരുക്കിയത്. ബുധനാഴ്ച പ്യോങ്യാങ്ങിലെ വിമാനത്താവളത്തിൽ എത്തിയ പുടിനെ ഉത്തര കൊറിയൻ നേതാവ് കിം ജോങ് ഉൻ സ്വീകരിച്ചു. സൈന്യത്തിന്റെ ഗാർഡ് ഓഫ് ഹോണർ നൽകിയാണ് പുടിനെ സ്വീകരിച്ചത്. 24വർഷത്തിന് ശേഷം ആദ്യമായാണ് പുടിൻ ഉത്തര കൊറിയ സന്ദർശിക്കുന്നത്.

ഇരു നേതാക്കളും തങ്ങളുടെ രാജ്യങ്ങളുടെ ബന്ധം വികസിപ്പിക്കാൻ സമ്മതിച്ചതായി ഉത്തര കൊറിയൻ സ്റ്റേറ്റ് മീഡിയ അറിയിച്ചിട്ടുണ്ട്. ഇരു രാജ്യങ്ങളും അന്താരാഷ്ട്ര ഒറ്റപ്പെടലിനെ അഭിമുഖീകരിക്കുന്ന സമയത്ത് റഷ്യ-ഉത്തര കൊറിയ ബന്ധം പുനർരൂപകൽപ്പന ചെയ്യുന്നതായിരിക്കും ഇരു നേതാക്കളുടേയും കൂടിക്കാഴ്ച. അതേസമയം പാശ്ചാത്യ ലോകം കൂടിക്കാഴ്ചയെ ആശങ്കയോടെയാണ് നോക്കി കാണുന്നത്.

റഷ്യയുടെ ഉക്രെയ്ൻ അധിനിവേശത്തിൽ ഉത്തര കൊറിയ പിന്തുണ അറിയിച്ചിരുന്നു. ഉക്രെയ്നെതിരായ ആക്രമണത്തിൽ റഷ്യ ഉത്തര കൊറിയൻ ആയുധങ്ങൾഉപയോഗിച്ചതായിറിപ്പോർട്ടുണ്ട്. കഴിഞ്ഞ വർഷം മുതൽ 7000 കണ്ടെയ്നർ ആയുധങ്ങളും സൈനിക ഉപകരണങ്ങളും ഉത്തര കൊറിയ റഷ്യയിലേക്ക് അയച്ചിട്ടുണ്ട് എന്നാണ് ദക്ഷിണ കൊറിയൻ പ്രതിരോധ മന്ത്രി ഷിൻ വോൺ സിക് ആരോപിക്കുന്നത്.

ഇതിന് പകരമായി ഭക്ഷണവും സാമ്പത്തിക സഹായവും ഉത്തര കൊറിയയ്ക്ക് ലഭിക്കുന്നുണ്ട്. മിസൈൽ നിർമ്മാണത്തിലും ചാര സാറ്റലൈറ്റുകളുടെ നിർമ്മാണത്തിലുമുള്ള സാങ്കേതിക വിദ്യാ സഹായമാണ് കിം പുടിനിൽ നിന്ന് പ്രതീക്ഷിക്കുന്നത്. പുടിന് ആയുധങ്ങളും കിമ്മിന് സാങ്കേതിക വിദ്യയും വേണ്ട സാഹചര്യത്തിലാണ് ഇരു നേതാക്കളും ഒന്നിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

കഴിഞ്ഞ വർഷം സെപ്തംബറിൽ റഷ്യൻ പ്രസിഡന്റിന്റെ അതിഥിയായി കിം ജോങ് ഉൻ റഷ്യയിലെത്തിയിരുന്നു. അതേസമയം റഷ്യ-ഉത്തര കൊറിയ പങ്കാളിത്തം ഒരു പുതിയ ബഹുധ്രുവലോകത്തിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള എഞ്ചിൻ ആണെന്നും പുടിന്റെ സന്ദർശനം തങ്ങളുടെ സൗഹൃദത്തിന്റെയും ഐക്യത്തിന്റെയും അജയ്യതയും ദൃഢതയും പ്രകടമാക്കുന്നുവെന്നും ഉത്തര കൊറിയയുടെ സ്റ്റേറ്റ് ന്യൂസ് ഏജൻസിയായ കെസിഎൻഎ പറയുന്നു.

യുഎസിന് മുന്നറിയിപ്പ് നൽകാനായി റഷ്യ, ഉത്തര കൊറിയയുമായുള്ള ബന്ധം ഉപയോഗിച്ചിരുന്നു. മറുവശത്ത് കനത്ത ഉപരോധം ഏർപ്പെടുത്തിയ ഉത്തര കൊറിയ മോസ്കോയിൽ നിന്ന് രാഷ്ട്രീയ പിന്തുണയും സാമ്പത്തിക പിന്തുണയും വ്യാപാരവും ആണ് തേടുന്നത്. യുഎൻ സുരക്ഷാ കൗൺസിൽ പ്രമേയങ്ങളാൽ നിരോധിച്ച ഉത്തര കൊറിയയുടെ മിസൈൽ, ആണവ പദ്ധതികൾക്ക് റഷ്യ സഹായം നൽകുമെന്നാണ് അമേരിക്കയും സഖ്യകക്ഷികളും ഭയപ്പെടുന്നത്.

ഉക്രെയ്നിലെ യുദ്ധത്തിൽ റഷ്യ ഉപയോഗിച്ച ബാലിസ്റ്റിക് മിസൈലുകളും പീരങ്കി ഷെല്ലുകളും പ്യോങ്യാങ് നൽകിയതാണ് എന്നാണ് ആരോപണം. എന്നാൽ മോസ്കോയും പ്യോങ്യാങ്ങും ആയുധ കൈമാറ്റം നിഷേധിച്ചു. യുഎൻ സെക്യൂരിറ്റി കൗൺസിലിലെ വീറ്റോ അംഗമായ റഷ്യ, ഉത്തര കൊറിയയോടുള്ള സമീപനം പുന:പരിശോധിക്കുകയാണെന്ന സൂചനയാണ് നൽകുന്നത്.

യുഎസ് സാമ്പത്തിക സമ്മർദ്ദം, ഭീഷണിപ്പെടുത്തൽ എന്നിവയെ ചെറുത്തുനിന്നതിന് പുടിൻ, ഉത്തര കൊറിയയെ പ്രശംസിച്ചിരുന്നു. റഷ്യയുടെ നേതൃത്വത്തിലുള്ള പാശ്ചാത്യ വിരുദ്ധ സാമ്പത്തിക സംഘത്തിനുള്ളിൽ ഉത്തര കൊറിയയുടെ സാമ്പത്തിക വളർച്ചയ്ക്ക് അവസരമുണ്ടെന്നാണ് പുടിൻ സൂചന നൽകുന്നത്. ഉത്തര കൊറിയയുമായി സമഗ്രവും തന്ത്രപരവുമായ പങ്കാളിത്ത ഉടമ്പടിയിൽ ഒപ്പുവെക്കാൻ മോസ്കോ നോക്കുന്നതായി പുടിൻ പ്രസിഡൻഷ്യൽ ഉത്തരവിലൂടെ വ്യക്തമാക്കിയിരുന്നു.



# ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സിനെ തീവ്രവാദ സംഘടനയായി പട്ടികപ്പെടുത്തി കാനഡ

ഒട്ടാവ: ഇറാന്റെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സിനെ (IRGC) തീവ്രവാദ സംഘടനയായി പട്ടികപ്പെടുത്തി കാനഡ. ആഗോള ഭീകരതയ്ക്കെതിരെ പോരാടുന്നതിനുള്ള സുപ്രധാന ചുവട്‌വെപ്പാണിതെന്ന് പബ്ലിക് സേഫ്റ്റി മന്ത്രി ഡൊമിനിക് ലെബ്ലാങ്ക് വിശേഷിപ്പിച്ചു.

ഐആർജിസിയിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെ ആയിരക്കണക്കിന് മുതിർന്ന ഇറാനിയൻ സർക്കാർ ഉദ്യോഗസ്ഥർക്ക് കാനഡയിൽ പ്രവേശിക്കുന്നത് വിലക്കുന്നതാണ് ഈ നീക്കം. പരമോന്നത നേതാവ് ആയത്തുല്ല അലി ഖമേനിയുമായി അടുത്ത ബന്ധമുള്ള ഇറാനിലെ ഒരു പ്രധാന സൈനിക, രാഷ്ട്രീയ, സാമ്പത്തിക ശക്തിയാണ് ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ്.

ഇറാന്റെ തന്ത്രപ്രധാനമായ ആയുധങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന സ്വന്തം കരസേന, നാവികസേന, വ്യോമസേന എന്നിവയുമായി 190,000ത്തിലധികം സജീവ ഉദ്യോഗസ്ഥർ ഉള്ള ഗ്രൂപ്പാണ് ഇസ്ലാമിക് റെവല്യൂഷൻ ഗാർഡ് കോർപ്സ്. IRGC യുടെ ഭീകര സംഘടനയെ നേരിടാൻ കാനഡ അതിന്റെ പക്കലുള്ള എല്ലാ ഉപകരണങ്ങളും ഉപയോഗിക്കുമെന്ന ശക്തമായ സന്ദേശമാണ് ഈ നടപടി നൽകുന്നതെന്ന് മാധ്യമപ്രവർത്തകരോട് സംസാരിച്ച ലെബ്ലാങ്ക് പറഞ്ഞു.

# പക്ഷാഘാതം: കാലിഫോർണിയ മലനിരകളിൽ നിന്ന് ഹൈക്കർ രക്ഷപ്പെട്ടു



കാലിഫോർണിയ: കഴിഞ്ഞയാഴ്ച കാലിഫോർണിയയിലെ സിയറ നെവാഡ പർവതനിരകളിൽ വച്ച് പക്ഷാഘാതം ഉണ്ടായ ഹൈക്കറെ രക്ഷപ്പെടുത്തി. അവരുടെ ഫോൺ ഓഫ് ആകുന്നതിന് തൊട്ടുമുമ്പ് അവളുടെ സ്ഥാനം റിലേ ചെയ്യാൻ കഴിഞ്ഞതായി അധികൃതർ പറഞ്ഞു. കനത്ത മഞ്ഞുവീഴ്ചയെത്തുടർന്ന് സിയറ നെവാഡയിലെ ജോൺ മുയർ ട്രെയിലിൽ നിന്ന് ടാബൂസ് പാസ് എടുത്ത് ഒരു അരുവിക്കരയിൽ നിന്ന് വെള്ളമെടുക്കുന്നതിനിടെ ചിലന്തി പോലെയെന്തോ ഒന്ന് യുവതിയെ കടിച്ചതായി ഇൻയോ കൗണ്ടി സെർച്ച് ആൻഡ് റെസ്ക്യൂ ഉദ്യോഗസ്ഥർ സോഷ്യൽ മീഡിയയിലെ പോസ്റ്റിലൂടെ വ്യക്തമാക്കി.

പിന്നീട്, അവർക്ക് കാലിൽ സ്പർശനം ഒന്നും അറിയാതെ ആയി. അതോടെ മലകയറ്റം നടത്താൻ കഴിഞ്ഞില്ലെന്ന് രക്ഷാപ്രവർത്തകർ പറഞ്ഞു. വൈകുന്നേരം 6:30 ഓടെ രക്ഷാപ്രവർത്തകരെ വിളിച്ച് അവളുടെ കോർഡിനേറ്റുകളെ അറിയിക്കാൻ കഴിഞ്ഞു. അവളുടെ ഫോൺ ബാറ്ററി തീരുന്നതിന് മുമ്പ കാര്യങ്ങൾ നീക്കാൻ കഴിഞ്ഞു.

കൗണ്ടിയുടെ സെർച്ച് ആൻഡ് റെസ്ക്യൂ ടീം അർദ്ധരാത്രിക്ക് തൊട്ടുമുമ്പ് ട്രയൽഹെഡിലെത്തി, കയർ ഉപയോഗിച്ച് അവരുടെ സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട്, ട്രയലിന്റെ തന്ത്രപ്രധാനമായ ഭാഗത്തേക്ക് അവളെ സാവധാനം എത്തിച്ചു.

Certified Accounting & Tax, Inc
506 B Zenith Dr. Glenview, IL 60025
Personal & Business Income Tax
FREE Electronic Filing
Incorporation, Sales Tax, Payroll, Business and Personal Income Tax & Accounting

Andrew P Thomas CPA
Cell: (847) 702-3877

Joseph Chamakala CPA
Cell: (847) 370-5673
Ph: (888) OUR-CPA-1, (888) 687-2721(224) 567-8089
Fax: (847) 890-6267 ourcpa1@gmail.com

# സി.പി.എം നേതൃയോഗം: മുഖ്യമന്ത്രിക്ക് കടുത്ത വിർമശനം, പാർട്ടിയിലും ഭരണത്തിലും തിരുത്തൽവേണം

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള നേതാക്കളുടെ പ്രവർത്തന ശൈലിയും പെരുമാറ്റ രീതിയും സി.പി.എമ്മിനെ ജനങ്ങളിൽ നിന്നകറ്റിയെന്ന് സംസ്ഥാന നേതൃയോഗങ്ങളിൽ ഉയരുന്ന രൂക്ഷ വിമർശനം, പാർട്ടിയിലും ഭരണത്തിലും അടിമുടി തിരുത്തലിന് വഴിയൊരുക്കുമോ? പാർട്ടിയുടെ അടിസ്ഥാന വോട്ടുകൾ പോലും തകർന്നടിഞ്ഞിരിക്കെ, തിരിച്ചടിയിൽ നിന്ന് പാഠം പഠിക്കാൻ സി.പി.എം എത്ര മാത്രം തയ്യാറാവുമെന്നതാണ്, അഞ്ച് ദിവസത്തെ നേതൃയോഗം ഇന്ന് (ജൂൺ 20) സമാപിക്കാനിരിക്കെ ഉയരുന്ന വലിയ ചോദ്യം. ഉത്തരം അനുകൂലമായാലും, പ്രതികൂലമായാലും അത് ബാധിക്കുന്നത് സർക്കാരിനെയോ, നേതാക്കളെയോ മാത്രമല്ല, കേരളമെന്ന കൊച്ചു തുരുത്തിലെ ചെങ്കൊടിയുടെ നില നിൽപ്പിനെ കൂടിയാണ്.



കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉയർച്ചയിലും വീഴ്ചയിലും ഒപ്പം പാറ പോലെ ഉറച്ചു നിന്ന ഈഴവരാദി പിന്നാക്കപട്ടിക വിഭാഗം ജനത പാർട്ടിയിൽ നിന്ന് അകന്നതാണ് ഇത്ര കനത്ത തിരിച്ചടിക്ക് കാരണമെന്ന് സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ സംസ്ഥാന കമ്മിറ്റി യോഗത്തിൽ അവതരിപ്പിച്ച റിപ്പോർട്ടിലും പറയുന്നു.

എന്നിട്ടും പാർട്ടിയുടെ അടിത്തറ എപ്പോഴും ഭദ്രമാണെന്ന വാദം പരിഹാസ്യമാണെന്നാണ് പൊതു വ്യാഖ്യാനം. ക്ഷേമ പെൻഷനുകൾ മുടങ്ങിയത് ഉൾപ്പെടെ സർക്കാരിന്റെ വീഴ്ചകൾ സൃഷ്ടിച്ച ജനരോഷം ഭരണ വിരുദ്ധ വികാരമായി ആഞ്ഞടിച്ചെന്ന നഗ്ന സത്യം അംഗീകരിക്കുന്നതിലുള്ള ഭരണ നേതൃത്വത്തിന്റെ വൈമനസ്യവും ചർച്ചാ വിഷയമാണ്. സാമൂഹ്യ പെൻഷൻകാർ ഉൾപ്പെടെ വലയുമ്പോൾ, കോടികൾ ചെലവിട്ട് ലോക കേരള സഭകളും നവ കേരള സദസ്സുകളും നടത്തുമ്പോൾ അപഹാസ്യതയും തിരിച്ചറിയപ്പെടണം.

### അതിരു വിട്ട ന്യൂനപക്ഷ പ്രീണനം

പിണറായി സർക്കാരിന്റെ അതിരു വിട്ട ന്യൂനപക്ഷ പ്രീണനത്തോടൊപ്പം, ഭരണത്തിന്റെ ഉന്നത സ്ഥാനങ്ങളിൽ നിന്ന് പിന്നാക്ക പട്ടിക വിഭാഗങ്ങളെ ആട്ടിപ്പായിക്കുന്ന സമീപനവും സർക്കാരിനും മുന്നണിക്കും തിരിച്ചടിയായി. 2021 ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ മുതലാക്കിയ പൗരത്വ ഭേദഗതി നിയമം ഈ തിരഞ്ഞെടുപ്പിലും ഏക അജൻഡയാക്കി മുഖ്യമന്ത്രി ഉൾപ്പെടെ നടത്തിയ പ്രചാരണം സർക്കാരിന്റെ വീഴ്ചകൾ മറയ്ക്കാനുള്ള അടവായാണ് കരുതപ്പെട്ടത്.

പിന്നാക്ക ജനതയുടെ സാമൂഹ്യ നീതിക്ക് ഉപയുക്തമെന്ന് കരുതുന്ന ജാതി സെൻസസിനോട് ആരെയൊക്കെയോ ഭയന്ന് പിണറായി സർക്കാർ മുഖം തിരിഞ്ഞു നിൽക്കുന്നുവെന്ന വികാരവും ആ ജന വിഭാഗങ്ങളെ ഇരുത്തി ചിന്തിപ്പിക്കുന്നു.

### വേണ്ടത് സ്തുതി പാടലല്ല, തിരുത്തൽ

പിണറായി വിജയൻ 1998ൽ പാർട്ടി സെക്രട്ടറിയായതു മുതൽ പാർട്ടിയിലും, 2016ൽ മുതൽ ഭരണത്തിലും പിണറായി യുഗം ആരംഭിച്ച ശേഷം ഇതാദ്യമായാണ് ഇത്ര ശക്തമായ വിമർശനം പാർട്ടി നേതൃത്വത്തിൽ നിന്ന് അദ്ദേഹത്തിനെതിരെ ഉയരുന്നത്. പാർട്ടി അടി പതറിയപ്പോൾ വിമർശനത്തിന്റെ കൂരമ്പുകളെയ്യുന്ന പലരും ഇതുവരെ സ്തുതി പാഠക വൃന്ദത്തിലായിരുന്നു. വി.എസ് അച്യുതാന്ദൻ ഇന്നത്തെ ആനാരോഗ്യാവസ്ഥയിലാവുന്നത് വരെ പാർട്ടിയിൽ ഒരു തിരുത്തൽ ശക്തിയായി നിലകൊണ്ടിരുന്നു.

കടുത്ത വിഭാഗീയതകൾക്കിടയിലും സംഘടനയെ ഉലയാത്ത തോണി പോലെ നയിക്കാനുള്ള കരുത്തും ജാഗ്രതയും അതു വഴി പിണറായിക്കും കൈ വന്നു. പക്ഷേ, വീഴ്ചകൾ ചൂണ്ടിക്കാട്ടി തിരുത്തിക്കാനും, ജന വികാരം ഉൾക്കൊണ്ട് നേർവഴി നയിക്കാനും മനസും ശേഷിയുമുള്ള നേതൃത്വത്തിന്റെ അഭാവം ഇപ്പോൾ പാർട്ടിയിലും ഭരണത്തിലും പ്രകടം. അതിന്റെ അപചയമാണ് ഇപ്പോൾ കാണുന്നത്. അടിത്തറ തകർന്നതാണ് ബംഗാളിലെയും ത്രിപുരയിലും ഉയർത്തെഴുന്നേൽ അസാദ്ധ്യമാക്കിയത്.

# 'ആളൊഴിഞ്ഞ വീടുകൾ ബോംബ് നിർമ്മാണ ഹബ്ബ്'



കണ്ണൂർ: തലശ്ശേരി എരഞ്ഞോളിയിൽ ആൾ താമസമില്ലാത്ത വീട്ടുപറമ്പിൽ വീണ തേങ്ങ പെറുക്കാനെത്തിയ വേലായുധൻ (85) സ്റ്റീൽ ബോംബ് പൊട്ടി മരിച്ച സംഭവത്തിൽ വെളിപ്പെടുത്തലുമായി അയൽവാസിയായ യുവതി സീന. പ്രദേശത്തെ ആളൊഴിഞ്ഞ വീടുകളെല്ലാം ബോംബ് നിർമ്മാണ ഹബ്ബാണ്. ബോംബ് പൊട്ടി മരിക്കാൻ ഞങ്ങൾക്ക് ആഗ്രഹമില്ല. ഇതിനെതിരെ പ്രതികരിക്കുന്നവർക്ക് രക്ഷയില്ല.

ആരെങ്കിലും തുറന്നുപറഞ്ഞാൽ പറയുന്നവരുടെ വീട് ബോംബെറിഞ്ഞ് നശിപ്പിക്കും. ഇവിടെ ജീവിക്കാൻ അനുവദിക്കില്ല. താൻ ഇത് തുറന്നു പറയുന്നത് ഈ നാട്ടിലെ എല്ലാവർക്കും വേണ്ടിയാണ്. പരസ്യമായി മാദ്ധ്യമങ്ങൾക്ക് മുന്നിൽ സീന പ്രതികരിച്ചു. സമീപത്തെ പറമ്പിൽ നിന്ന് പാർട്ടിക്കാരെത്തി ബോംബുകൾ എടുത്തുമാറ്റി. സഹികെട്ടാണ് ഇത്തരത്തിൽ പ്രതികരിക്കുന്നത്. ഭയമില്ലാതെ ഞങ്ങൾക്ക് ഇവിടെ ജീവിക്കണം സീന പറഞ്ഞു.

സ്റ്റീൽ ബോംബ് പൊട്ടിത്തെറിച്ച് വൃദ്ധൻ മരിച്ച സംഭവം തലശേരി എ.എസ്.പി കെ.എസ് ഷഹൻഷായുടെ നേതൃത്വത്തിൽ പ്രത്യേക സംഘം അന്വേഷിക്കും. ബോംബിന്റെ ഉറവിടം കണ്ടെത്തും. ആൾത്താമസമില്ലാത്ത വീടുകളുടേയും പറമ്പുകളുടേയും പട്ടിക തയ്യാറാക്കും.

തലശേരി, പാനൂർ മേഖലകളിൽ വ്യാപക പരിശോധന നടത്തും. അതേസമയം, ഇത്തരം കേസുകളിൽ പ്രതികളെ പിടികൂടുന്നതിൽ പൊലീസിന് വീഴ്ച സംഭവിക്കുന്നുണ്ടെന്ന ആരോപണം ഉയരുന്നുണ്ട്.









# മുഖം നോക്കാതെ നടപടിയെന്ന് മുഖ്യമന്ത്രി, സർക്കാർ-പോലീസ് ഒത്താശയിലെന്ന് പ്രതിപക്ഷം




തിരുവനന്തപുരം: ബോംബ് നിർമ്മിക്കുന്നവർക്കെതിരെ മുഖംനോക്കാതെ നടപടിയെടുക്കുമെന്നുംഅത്തരക്കാരെഅമർച്ച ചെയ്യുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സമാധാനാന്തരീക്ഷം തകർക്കാനുള്ള ശ്രമങ്ങളെ ശക്തമായി നേരിടുമെന്ന് മുഖ്യമന്ത്രി. ബോംബ് നിർമ്മാണത്തോട് വിട്ടുവീഴ്ചയില്ല. കർശന നടപടികളെടുക്കും. എവിടെയാണ് നിർമ്മിച്ചതെന്നതടക്കം ഗൗരവമായി അന്വേഷിക്കും. ബോംബുകളുടെ ഉറവിടം കണ്ടെത്തും. എല്ലാ ബോംബിനും രാഷ്ട്രീയനിറമില്ല. കൊച്ചിയിൽ സോഷ്യൽമീഡിയയിൽ നിന്ന് പഠിച്ച് ബോംബുണ്ടാക്കിയ സംഭവമുണ്ടായില്ലേ. പരിശീലനം പലയിടത്തും കിട്ടുന്നുണ്ട്. ക്വാറികളിലടക്കം റെയ്ഡുകൾ ശക്തമാക്കും.

കണ്ണൂരിലെബോംബ്നിർമ്മാണംസർക്കാരിന്റെയും പോലീസിന്റെയും ഒത്താശയിലാണെന്ന് പ്രതിപക്ഷം നിയമസഭയിൽ ആരോപിച്ചു. പരിഷ്കൃത സമൂഹത്തിന് അപമാനകരമായ ബോംബ് നിർമ്മാണം സി.പി.എം അവസാനിപ്പിക്കണമെന്നും അല്ലെങ്കിൽ നിരപരാധികൾ മരിച്ചുവീഴുമെന്നും പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ. ബോംബ് നിർമ്മാണത്തിനിടെ മരണപ്പെട്ട സി.പി.എം പ്രവർത്തകരുടെ പേര് പ്രതിപക്ഷം പറഞ്ഞത് ബഹളത്തിനിടയാക്കി. ബോംബുണ്ടാക്കുന്നവർക്കെതിരെ ശക്തമായ നടപടിയെടുക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽനിന്ന് ഇറങ്ങിപ്പോയി.

തലശേരിയിൽ ആൾ താമസമില്ലാത്ത വീട്ടുപറമ്പിൽ തേങ്ങ പെറുക്കാനെത്തിയ വൃദ്ധൻ സ്റ്റീൽ ബോംബ് സ്ഫോടനത്തിൽമരിച്ചസംഭവത്തിന്റെപശ്ചാത്തലത്തിൽ കോൺഗ്രസിലെ സണ്ണി ജോസഫാണ് അടിയന്തരപ്രമേയ നോട്ടീസ് നൽകിയത്. തലശേരിയിലേത് ഒറ്റപ്പെട്ട സംഭവമല്ലെന്നും പൊലീസ് കേസെടുക്കുമെങ്കിലും പ്രതികളെ പിടിക്കാറില്ലെന്നും സണ്ണി ജോസഫ് പറഞ്ഞു. സി.പി.എമ്മിന്റെ നേതൃത്വത്തിലും ഒത്താശയിലുമാണ് ബോംബ് നിർമ്മാണം.

കണ്ണൂർ ഡി.സി.സി ഓഫീസിൽ പലതരം ബോംബുകൾ പ്രദർശിപ്പിച്ച സംഭവമുണ്ടായിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻനിയമസഭയിൽ പറഞ്ഞു. മാദ്ധ്യമപ്രവർത്തകരുടെ മുന്നിലായിരുന്നു ഈ പ്രദർശനം. പുക മാത്രമുള്ളത്, ഉഗ്ര സ്ഫോടനം നടക്കുന്നത് ഇങ്ങനെ തരംതിരിച്ചായിരുന്നു നാലിനം ബോംബുകൾ പ്രദർശിപ്പിച്ചത്. കണ്ണൂരിൽ നിലവിൽ സമാധാനപരമായ അന്തരീക്ഷമാണുള്ളതെന്നും സണ്ണിജോസഫിന്റെ അടിയന്തര പ്രമേയ നോട്ടീസിന് മറുപടി നൽകവേ മുഖ്യമന്ത്രി പറഞ്ഞു. തലശേരി സഹകരണ ആശുപത്രിയിൽ കുറ്റവാളികൾക്ക് സംരക്ഷണം ഒരുക്കുന്നില്ലെന്നും പറഞ്ഞു.

കുടിൽവ്യവസായം പോലെ പാർട്ടി ഗ്രാമങ്ങളിൽ ബോംബുണ്ടാക്കുന്നതായി വി.ഡി.സതീശൻ ആരോപിച്ചു. നിരപരാധികളാണ് കൊല്ലപ്പെടുന്നത്. സ്റ്റീൽ പാത്രങ്ങൾ കണ്ടാൽ തുറന്നുനോക്കരുതെന്ന് സർക്കാർനിർദ്ദേശിക്കണം. ബോംബ്നിർമ്മാണത്തെ സന്നദ്ധപ്രവർത്തനമെന്ന ഓമനപ്പേരിട്ട് വിളിക്കുന്നു. 6വർഷത്തിനിടെ ബോംബുപൊട്ടി 32പേർ മരിച്ചു. പട്ടിയുണ്ട് സൂക്ഷിക്കണമെന്ന ബോർഡു പോലെ ഈ പറമ്പിൽ ബോംബുണ്ടെന്ന് ബോർഡ് വയ്ക്കണം. ഇനിയെങ്കിലും ആയുധം താഴെവച്ച് സി.പി.എം ആശയപരമായ പോരാട്ടത്തിലേക്ക് വരണം.

## മുഖ്യമന്ത്രിയ്ക്കെതിരെ ആക്ഷേപ പരാമർശവുമായി കെ.സുധാകരൻ

കണ്ണൂർ: എരഞ്ഞോളി ബോംബ് സ്ഫോടനത്തിൽ 85കാരന്റെ മരണം സംബന്ധിച്ച് വിവാദ പരാമർശം നടത്തിയതിൽ വിശദീകരണവുമായെത്തിയ കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ മുഖ്യമന്ത്രി പിണറായി വിജയനെതിരെ നടത്തിയത് രൂക്ഷമായ ആക്ഷേപപരാമർശം.

'ആണത്തമുണ്ടോ പിണറായി വിജയന് പറയാൻ. അവൻ വെട്ടിക്കൊന്ന ആളെത്രയാ? അവൻ വെടി വച്ചുകൊന്ന ആളെത്രയാ? അവൻ ബോംബെറിഞ്ഞു കൊന്ന ആളെത്രയാ? പറയണോ ആളുകളുടെ പേരിനിയും. സ്കൂളിൽ പഠിക്കുന്ന കാലം മുതൽ വെട്ടാനും കുത്താനും തുടങ്ങിയതല്ലേ പിണറായി വിജയൻ? എത്രയാളുകളെ കൊന്നു? കെ. സുധാകരന് ആ റെക്കോർഡില്ല',

കോൺഗ്രസുകാരന്റെ ബോംബേറിൽ ആരും മരിച്ചിട്ടില്ലെന്നും സുധാകരൻ പറഞ്ഞു. ഡി.സി.സി. ഓഫീസിൽനിന്ന് ബോംബ് കണ്ടെടുത്തുവെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ പരാമർശം ചൂണ്ടിക്കാട്ടിയപ്പോഴായിരുന്നു സുധാകരന്റെ പ്രതികരണം.

'വൃദ്ധനല്ലേ മരിച്ചതെന്നല്ല ഞാൻ പറഞ്ഞത്, ചെറുപ്പക്കാരൻ മരിച്ചില്ല. കഴിഞ്ഞ ദിവസങ്ങളിൽ എത്ര ചെറുപ്പക്കാരെ സി.പി.എമ്മുകാർ കൊന്നു? സ്വന്തം പാർട്ടിയെ നേതാക്കൾ ബോംബ് പൊട്ടി മരിച്ചില്ലേ? നിങ്ങളെന്തെങ്കിലും പൊകച്ചു കേറ്റുന്നുണ്ടെങ്കിൽ കയറ്റിക്കോ, അതിൽ എനിക്ക് പ്രശ്നമൊന്നുമില്ല. ഞാനിതെത്ര കണ്ടു, എത്രകേട്ടു',സുധാകരൻപറഞ്ഞു.സി.പി.എമ്മിന്റെ രാഷ്ട്രീയ അസ്തിത്വം തന്നെ അക്രമത്തിലും കൊലപാതകത്തിലുമാണ്. സി.പി.എമ്മിന്റെ രാഷ്ട്രീയ വളർച്ച മുഴുവൻ അക്രമത്തിന് മുമ്പിൽ ആളുകളെ വിറപ്പിച്ചു നിറുത്തിയിട്ടാണ്. അതിൽ ആദ്യത്തെ ആയുധമാണ് ബോംബ് സുധാകരൻ പറഞ്ഞു.

### പഴയ കാര്യം പറയേണ്ട: സ്പീക്കർ

കണ്ണൂരിൽ ബോംബ്പൊട്ടി കൊല്ലപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും വിവരങ്ങൾ സണ്ണിജോസഫ് നിരത്തിയപ്പോൾ 'പത്തും ഇരുപതും കൊല്ലം മുൻപുള്ള ചരിത്രം പറയാനല്ല അടിയന്തര പ്രമേയം' എന്ന് സ്പീക്കർ എ.എൻ.ഷംസീർ പറഞ്ഞു. പി.ജയരാജന്റെ മകന് ബോംബ് നിർമ്മാണത്തിനിടെ പരിക്കേറ്റപ്പോൾ വിഷുവിന് പടക്കമുണ്ടാക്കുന്നതിനിടെ സംഭവിച്ചതാണെന്നാണ് വിശദീകരിച്ചതെന്നും സണ്ണിജോസഫ് ചൂണ്ടിക്കാട്ടി.













## മോഹൻലാൽ മൂന്നാം തവണയും അമ്മ പ്രസിഡന്റ്, ഉണ്ണി മുകുന്ദൻ ട്രഷറർ

കൊച്ചി: താരസംഘടനയായ അമ്മയുടെ പ്രസിഡന്റായി മോഹൻലാൽ, ട്രഷററായി ഉണ്ണി മുകുന്ദൻ എന്നിവർ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറി, സെക്രട്ടറി, വൈസ് പ്രസിഡന്റ്, നിർവാഹക സമിതി അംഗങ്ങൾ എന്നിവരെ 30ന് ചേരുന്ന പൊതുയോഗം വോട്ടെടുപ്പിലൂടെ തിരഞ്ഞെടുക്കും.

തുടർച്ചയായ മൂന്നാം തവണയാണ് മോഹൻലാൽ പ്രസിഡന്റാകുന്നത്. കുക്കു പരമേശ്വരൻ, ജയൻ ചേർത്തല, അനൂപ് ചന്ദ്രൻ എന്നിവർ പ്രസിഡന്റ് സ്ഥാനത്തേക്ക് നാമനിർദേശപത്രിക നൽകിയെങ്കിലും സഹപ്രവർത്തകർ ഇടപെട്ട് പിൻവലിപ്പിച്ചു. ഇന്നസെന്റിന്റെ മരണത്തെ തുടർന്നാണ് മോഹൻലാൽ പ്രസിഡന്റായത്. മാറാൻ അദ്ദേഹം താത്പര്യം പ്രകടിപ്പിച്ചെങ്കിലും സഹപ്രവർത്തകരുടെ സ്നേഹത്തിന് വഴങ്ങുകയായിരുന്നു. ഉണ്ണി മുകുന്ദനെതിരെ ആരും പത്രിക നൽകിയില്ല.

ഇടവേള ബാബു ഒഴിഞ്ഞ ജനറൽ സെക്രട്ടറിസ്ഥാനത്തേക്ക്കുക്കു പരമേശ്വരൻ, സിദ്ദിഖ്, ഉണ്ണി ശിവപാൽ എന്നിവർ മത്സരിക്കും. വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് ജഗദീഷ്, ജയൻ ചേർത്തല, മഞ്ജു പിള്ള എന്നിവരും സെക്രട്ടറി സ്ഥാനത്തേക്ക് അനൂപ് ചന്ദ്രൻ, ബാബുരാജ് എന്നിവരും മത്സരിക്കും.

നിർവാഹക സമിതിയിലേക്ക് അനന്യ, അൻസിബ ഹസൻ, ജോയ് മാത്യു, കലാഭവൻ ഷാജോൺ, രമേശ് പിഷാരടി, റോണി ഡേവിഡ്, സരയു മോഹൻ, സുരാജ് വെഞ്ഞാറമൂട്, സുരേഷ് കൃഷ്ണ, ടിനി ടോം, ടൊവിനോ തോമസ്, വിനു മോഹൻ എന്നിവർ മത്സരിക്കും. 11 പേരുള്ള നിർവാഹകസമിതിയിലേക്ക് മൂന്നു വനിതകളുൾപ്പെടെ 12 പേരാണ് മത്സരിക്കുന്നത്.

ഭരണസമിതിയിലെ ആകെ 17 അംഗങ്ങളിൽ നാലുപേർ വനിതകളാകണമെന്നാണ് അമ്മയുടെ നിയമാവലി. 30ന് രാവിലെ 10 മുതൽ എറണാകുളം കലൂരിലെ ഗോകുലം കൺവെൻഷൻ സെന്ററിലാണ് പൊതുയോഗം.

# വയനാട് തുരങ്കപ്പാത നിർമ്മാണം ഈ വർഷം തുടങ്ങും: മന്ത്രി റിയാസ്

തിരുവനന്തപുരം: കോഴിക്കോട് നിന്ന് വയനാട്ടിലേക്കും മൈസൂരിലേക്കുള്ള യാത്ര സുഗമമാക്കുന്നതിനുള്ള ആനയ്ക്കാം പൊയിൽ കള്ളാടി തുരങ്കപ്പാതയുടെ നിർമ്മാണം ഈ വർഷം തുടങ്ങുമെന്ന് പൊതുമരാമത്ത്, ടൂറിസം മന്ത്രി പി.എ.മുഹമ്മദ് റിയാസ് നിയമസഭയിൽ പറഞ്ഞു. ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. തുരങ്കപ്പാതയുടെ ടെണ്ടർ വിജ്ഞാപനമായി. ടെക്നിക്കൽ ബിഡ് പരിശോധന തുടങ്ങി. 2043.70കോടിയാണ് ചെലവ്. ഇത് അനുവദിച്ചിട്ടുണ്ട്. ഇടതുമുന്നണി സർക്കാരിന്റെ സ്വപ്നപദ്ധതിയാണ് വയനാട് തുരങ്കപ്പാത മന്ത്രി പറഞ്ഞു.



ആറുവരി ദേശീയപാതയുടെ നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. 2016ൽ സംസ്ഥാനത്ത് ഇടതുമുന്നണിസർക്കാർ അധികാരത്തിലെത്തിയിരുന്നില്ലെങ്കിൽ ഇത് യാഥാർത്ഥ്യമാകില്ലായിരുന്നു. തലപ്പാടി മുതൽ വളാഞ്ചേരിവരെ പാതനിർമ്മാണം പൂർത്തിയായി ഗതാഗതത്തിന് തുറന്ന് കൊടുത്തു. മലയോര ഹൈവേയുടെ നിർമ്മാണം 149കിലോമീറ്റർ പൂർത്തിയായി. 486 കിലോമീറ്റർ ടെണ്ടർ സ്ഥിതിയിൽ, ബാക്കിഭാഗം നടപടികൾ പൂർത്തിയായിവരുന്നു. ആകെ. 733കിലോമീറ്ററാണ് നീളം. 3505കോടി അനുവദിച്ചു. ഇതുവരെ 1288കോടി ചെലവായി. തീരദേശ ഹൈവേ മലപ്പുറത്ത് മൊഹിയുദ്ദീൻ പള്ളിമുതൽ കൊട്ടുങ്കൽ വരെ പൂർത്തിയായി. ലെവൽക്രോസില്ലാത്ത കേരളം പദ്ധതിയിൽ അഞ്ച് റെയിൽവേ മേൽപാലനിർമ്മാണം പൂർത്തിയായി. ഒൻപതെണ്ണം ഈ വർഷം പൂർത്തിയായി. ബാക്കി നിർമ്മാണങ്ങൾ വിവിധ ഘട്ടത്തിലാണ്. മുളന്തുരുത്തി, ചിറയിൻകീഴ് മേൽപാലങ്ങളുടെ നിർമ്മാണം ഈ വർഷം പൂർത്തിയാകും. ജംഗ്ഷൻ നവീകരണ പദ്ധതിയിൽ 20റോഡ് ജംഗ്ഷനുകൾ നവീകരിക്കാൻ 200കോടി അനുവദിച്ചിട്ടുണ്ട്. ശബരിമല റോഡ് നവീകരണത്തിന് 355.65കോടി നീക്കിവെച്ചിട്ടുണ്ട്.

ടൂറിസം മേഖലയിൽ കാരവൻ ടൂറിസം കൂടുതൽ വിപുലമാക്കും. സംസ്ഥാനത്ത്കാരവൻപാർക്കുകൾഈവർഷം തുറക്കും. ഡെസ്റ്റിനേഷൻ ചലഞ്ച് ടൂറിസം പദ്ധതി 30കേന്ദ്രങ്ങളിൽ ഈ വർഷം തുറക്കും. തിരുവനന്തപുരത്തെ വട്ടിയൂർക്കാവ് ജംഗ്ഷൻ നവീകരണത്തിന് 600കോടിയുടെ വികസന പദ്ധതി തയ്യാറാക്കിയതായി മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു.

നിർമ്മാണപ്രവർത്തനം ഉടൻ ആരംഭിക്കും. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ശംഖുമുഖം ബീച്ച് നവീകരണം ഉൾപ്പടെ 29പദ്ധതികൾ ഈ വർഷം പൂർത്തിയാക്കും.

പ്രതിപക്ഷാംഗങ്ങളോട് ധാർഷ്ട്യമോ, ധിക്കാരമോ ആയി പെരുമാറിയിട്ടില്ലെന്ന് മുഹമ്മദ് റിയാസ് നിയമസഭയിൽ മറുപടിക്കിടെ പറഞ്ഞു. ആദരവോടെയാണ് എല്ലാവരോടും പെരുമാറിയിട്ടുള്ളത്. പരാതികളുണ്ടെങ്കിൽ തിരുത്തും. വ്യക്തിപരമായ ആക്രമണങ്ങൾ പല കോണുകളിൽ നിന്നും ഉണ്ടാകുന്നുണ്ട്. അതിന് മറുപടി പറയുന്നില്ല. രാഷ്ട്രീയ നിലപാടുകൾ വ്യക്തമാക്കുമ്പോൾ മാത്രമാണ് കർശനനിലപാട് എടുത്തിട്ടുള്ളു. അത് തുടരുക തന്നെ ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി. ലോകസഭാതിരഞ്ഞെടുപ്പിൽ ജയിച്ചതോടെ പ്രതിപക്ഷ നേതാക്കളുടെ ഭാഷയും രീതിയും മാറി. എന്നാൽ 2019ലെ ലോകസഭാ തിരഞ്ഞെടുപ്പ് ഫലം വന്നതിന് ശേഷം ചേർന്ന നിയമസഭാ മിനിട്സ് വായിച്ചുനോക്കിയാൽ ഈ അഹങ്കാരം തീരുമെന്നും മന്ത്രി മുന്നറിയിപ്പ് നൽകി.









# മങ്ങിയും മിന്നിയും ലോക കേരളസഭ


ബാബു കദളിക്കാട്

പ്രതീക്ഷകളുണർത്തിയും പ്രതിഷേധം പിടിച്ചുപറ്റിയുമൊരുങ്ങിയ വേദികളെ ആദ്യന്തം ആവരണം ചെയ്തു നിന്നത് സാന്ദ്ര വിഷാദം. തിരുവനന്തപുരത്ത് നടന്ന നാലാമത് ലോക കേരളസഭയുടെ പങ്കിട്ടു കുറയാനിടയാക്കി കുവൈറ്റിലെ തീപിടുത്ത ദുരന്തമുൾപ്പെടെയുള്ള സംഭവ പരിണാമങ്ങൾ.

ഇത്തരമൊരു അവസരത്തിൽ മലയാളി പ്രവാസികളുടെ ആഗോള കൂട്ടായ്മ നടത്തുന്നതിൽ ശക്തമായ എതിർപ്പ് ഉണ്ടായിരുന്നുവെങ്കിലും മുൻനിശ്ചയ പ്രകാരം പരിപാടിയുമായി മുന്നോട്ടു പോകാനാണ് സർക്കാർ തീരുമാനിച്ചത്. നെടുമ്പാശേരിയിൽ ചെന്ന്, കുവൈറ്റിൽനിന്നെത്തിയ പ്രവാസി മലയാളികളുടെ മൃതദേഹങ്ങളിൽ പുഷ്പചക്രം സമർപ്പിച്ച ശേഷമാണ് മുഖ്യമന്ത്രി തിരുവനന്തപുരത്ത് എത്തി കേരളസഭ പരിപാടി ഉദ്ഘാടനം ചെയ്തത്.

സാമ്പത്തിക ധൂർത്ത് ഉണ്ടെന്നാരോപിച്ച് പ്രതിപക്ഷം പരിപാടിയിൽ നിന്ന് വിട്ടുനിന്നു. സാമൂഹിക ക്ഷേമ പെൻഷൻ വിതരണം, വിലക്കയറ്റം തടയുന്നതിന് വിപണിയിൽ ഇടപെടൽ തുടങ്ങി അനിവാര്യ കാര്യങ്ങൾക്ക് പണമില്ലാതെ സംസ്ഥാന സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുമ്പോൾ ലോക കേരളസഭ മാമാങ്കത്തിന് കോടികൾ ചെലവിടുന്നത് ധൂർത്തും കേരളീയ സമൂഹത്തോട് ചെയ്യുന്ന കടുത്ത അപരാധവുമാണെന്നായിരുന്നു പ്രതിപക്ഷത്തിന്റെ വാദം. കഴിഞ്ഞ മൂന്ന് ലോക കേരള സഭാ മാമാങ്കങ്ങൾ സംസ്ഥാനത്തിന് എന്ത് നേട്ടമുണ്ടാക്കി എന്നതു സംബന്ധിച്ച് ധവളപത്രം ഇറക്കണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു.

മൂന്ന് കോടി രൂപയാണ് സമ്മേളന നടത്തിപ്പിന് പൊതുഖജനാവിൽ നിന്ന് അനുവദിച്ചിരുന്നത്. വേദികളും വഴികളും അലങ്കരിക്കാൻ 35 ലക്ഷം, സാംസ്കാരിക പരിപാടിക്ക് 25 ലക്ഷം, പരസ്യത്തിന് 10 ലക്ഷം എന്നിങ്ങനെ നീണ്ടു ചെലവുകളുടെ പട്ടിക.

ഇടതു സർക്കാരിന്റെ ഏത് സംരംഭങ്ങളെയും അധിക്ഷേപിക്കുകയും വിമർശനബുദ്ധിയോടെ മാത്രം കാണുകയും ചെയ്യുന്ന പ്രതിപക്ഷ നിലപാട് ശരിയല്ലെന്ന നിരീക്ഷണം ഇതിനിടെ ചില പ്രവാസി സംഘടനകളിൽ നിന്ന് പുറത്തുവന്നു. പ്രവാസികളുടെ സജീവ പങ്കാളിത്തം കേരളത്തിന്റെ വികസന പ്രക്രിയയുടെ ഗതിവേഗത്തിന് ആവശ്യമാണെന്ന അടിസ്ഥാനത്തിലാണ് ഇത്തരമൊരു പരിപാടി സർക്കാർ ആസൂത്രണം ചെയ്തത്.




ദശാബ്ദങ്ങളായി പരിഹരിക്കപ്പെടാതെ അവശേഷിക്കുന്ന പ്രവാസികളുടെ പ്രശ്നങ്ങൾക്ക് കൂട്ടായ ചർച്ചയിലൂടെ പരിഹാരം കാണലും സഭയുടെ ലക്ഷ്യമാണ്. രചനാത്മകമായി കാണേണ്ടതാണിവയെന്ന് ചൂണ്ടിക്കാട്ടി പ്രമുഖരായ പലരും.

അതേസമയം, ഇത്തരം കാര്യങ്ങളിൽ രാഷ്ട്രീയ ഭേദമന്യേ എല്ലാവരുടെയും ക്രിയാത്മക സഹകരണം ഉറപ്പാക്കാൻ സർക്കാർ മനസ്സിരുത്തിയില്ലെന്ന വാദവും ശക്തം.

പ്രതിപക്ഷം ചൂണ്ടിക്കാട്ടിയതു പോലെ ധൂർത്ത് വരാതെയും കേരളത്തിന്റെ പരിതാപകരമായ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും വേണം ഇതുമായി ബന്ധപ്പെട്ട് സാമ്പത്തിക വിഹിതം കണ്ടെത്തേണ്ടതെന്ന കാര്യത്തിൽ രണ്ടു പക്ഷമാവശ്യമില്ല. സ്പോൺസർഷിപ്പിലൂടെയും മറ്റും ലോക കേരള സഭയ്ക്ക് തുക കണ്ടെത്തി പൊതുഖജനാവിന്റെ ഭാരം പരമാവധി കുറയ്ക്കാൻ ശ്രമം ഫലപ്രദമാകണം.

നവകേരള നിർമ്മിതിക്ക് പ്രവാസി മലയാളികളുടെ സഹായം ഉറപ്പാക്കുക, പ്രവാസികൾക്കിടയിൽ കൂട്ടായ്മയും സഹകരണവും വർധിപ്പിക്കുക, പ്രവാസകേരളം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണുക തുടങ്ങിയ ലക്ഷ്യങ്ങളോടെ തുടക്കം കുറിച്ച ലോക കേരളസഭയിൽ മുൻ വർഷങ്ങളിലെ പോലെ ഇത്തവണയും പ്രവാസികൾക്ക് പ്രതീക്ഷയേകുന്ന കുറെ പ്രഖ്യാപനങ്ങളുണ്ടായത് നല്ല കാര്യം.

ലോക കേരളസഭയുടെ ഭാഗമായി നടന്ന മേഖലാതല ചർച്ചകളിൽ ശ്രദ്ധേയമായ നിരവധി നിർദേശങ്ങൾ ഉയർന്നുവന്നു. പ്രവാസി ക്ഷേമനിധി അംഗത്വം എടുക്കുന്നവരുടെ പ്രായം 65 ആയി ഉയർത്തുക, ജോലി നഷ്ടപ്പെട്ടോ ഉപേക്ഷിച്ചോ നാട്ടിൽ മടങ്ങിയെത്തുന്ന പ്രവാസികൾക്ക് വ്യവസായം തുടങ്ങുന്നതിന് ഏകജാലക സംവിധാനം ആരംഭിക്കുക, പ്രവാസികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനും വിവാഹത്തിനും പലിശരഹിത ലോൺ അനുവദിക്കുക, വിദേശത്ത് മരിക്കുന്ന പ്രവാസികളുടെ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കുക, മരണപ്പെടുന്ന പ്രവാസികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായം നിലവിലെ ഒരു ലക്ഷം രൂപയിൽ നിന്ന് അഞ്ച് ലക്ഷമാക്കി ഉയർത്തുക, നോർക്ക സ്ഥാപനങ്ങളിൽ പ്രവാസികൾക്ക് തൊഴിൽ സംവരണം അനുവദിക്കുക തുടങ്ങിയവയായിരുന്നു നിർദേശങ്ങൾ.

## പണം വന്നിട്ടും...

പ്രവാസികൾ വഴി കേരളത്തിലേക്ക് ഓരോ വർഷവും ഒഴുകുന്നത് സഹസ്ര കോടിക്കണക്കിന് പണമാണ്. ഈയിടെ പുറത്തു വന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ സർവേ റിപ്പോർട്ട് പ്രകാരം 2.14 ലക്ഷം കോടി രൂപ പ്രവാസികൾ കേരളത്തിലേക്ക് അയച്ചിട്ടുണ്ട്. രാജ്യത്തെ എൻആർഐ നിക്ഷേപത്തിന്റെ 21 ശതമാനം കേരളത്തിലാണ്. പ്രവാസികൾ വീടുകളിലേക്ക് അയയ്ക്കുന്ന പണത്തിന്റെ കണക്കും പ്രത്യേകമായി വന്നിട്ടുണ്ട്.

2023ൽ 37,058 കോടി രൂപയാണ് പ്രവാസികൾ നേരിട്ടു വീടുകളിലേക്ക് അയച്ചത്. 2018 ലേതിനേക്കാൾ 20 ശതമാനം കൂടുതൽ. അതേസമയം കേരളത്തിൽ നിന്നു പുറത്തേക്ക് അയച്ച തുകയിലും വർധന ഉണ്ടായി. 43,378 കോടി രൂപയാണ് കേരളത്തിൽനിന്നു പുറത്തേക്ക് അയച്ചത്.

ഇത് ഏറെയും വിദേശ വിദ്യാഭ്യാസത്തിനായി പോകുന്നവർക്കു വേണ്ടിയുള്ളതായിരുന്നു.

കോവിഡിനു ശേഷം കേരളത്തിലേക്കുള്ള വിദേശപ്പണത്തിന്റെ വരവിൽ വലിയ വർധനയുണ്ടായി. പക്ഷേ, കോൺക്രീറ്റ് നിർമ്മിതികൾ ഏറിയതിലധികമായി കേരളത്തിന്റെ സമ്പദ്ഘടനയിൽ എന്തു മാറ്റമാണ് ഇതു വരുത്തിയത് എന്ന വലിയ ചോദ്യത്തിന് ഉത്തരം കാണാൻ ലോക കേരള സഭയ്ക്കാകില്ലെന്നു വ്യക്തം.

സംസ്ഥാനത്തിന് പ്രയോജനകരമായ സംരംഭങ്ങളിൽ പണം വിനിയോഗിച്ചവർ വിരലിലെണ്ണാവുന്നവർ മാത്രം. വ്യവസായികൾ കേരളത്തിൽ നിക്ഷേപം നടത്താൻ ഭയപ്പെട്ടിരുന്ന അവസ്ഥ മാറി, നിക്ഷേപകർക്ക് വിശ്വാസമർപ്പിക്കാവുന്ന ഇടമായി കേരളം മാറിയെന്ന് സർക്കാർ അവകാശപ്പെടുമ്പോൾ എന്തുകൊണ്ട് പ്രവാസികൾ നിക്ഷേപത്തിന് വിമുഖത കാണിക്കുന്നുവെന്ന് പഠനം നടത്തി പരിഹാരം കാണേണ്ടതുണ്ട്.

കേരളത്തിൽ വ്യവസായ ബിസിനസ്സ് സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ സർക്കാർ പുതിയ ചുവടുവെപ്പുകൾ നടത്തിയിട്ടുണ്ടെന്നും വിവിധ ഓഫീസുകൾ കയറിയിറങ്ങാതെ സ്മാർട്ട് ഫോണിലൂടെ വ്യവസായങ്ങൾക്ക് അനുമതി നേടാനും മറ്റു കാര്യങ്ങൾ നടപ്പാക്കാനുമുള്ള സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടെന്നുമാണ് ഇതിനിടെ വ്യവസായ മന്ത്രി അവകാശപ്പെട്ടത്.

എന്നാൽ 15 കോടി ചെലവിട്ടു നിർമിച്ച കൺവെൻഷൻ സെന്ററിന് അനുമതി ലഭിക്കാത്തതിനെ ചൊല്ലി ഒരു പ്രവാസി ആത്മഹത്യ ചെയ്തത് കേരളത്തിലായിരുന്നു. സർക്കാർ എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയാലും അതിനെയെല്ലാം തുരങ്കം വെക്കുന്ന കടുത്ത അഴിമതിക്കാരായ ഉദ്യോഗസ്ഥരും ജീവനക്കാരും ഇപ്പോഴുമുണ്ട് സർവീസ് മേഖലയിൽ. അഴിമതിക്കേസിൽ ഉദ്യോഗസ്ഥർ പിടിയിലാകുന്നത് മാധ്യമങ്ങളിൽ സ്ഥിരം വാർത്തയാണ്.

ക്രിയാത്മകമായ നിർദേശങ്ങളാണ് നാലാം ലോക കേരളസഭയിൽ ഉയർന്നു വന്നതെന്നും അവ നടപ്പിൽ വരുത്താൻ സാധ്യമായ തീരുമാനങ്ങളും നടപടികളും സ്വീകരിക്കുമെന്നും സമ്മേളനത്തിന്റെ മറുപടി പ്രസംഗത്തിൽ മുഖ്യമന്ത്രി ഉറപ്പ് നൽകുകയുണ്ടായി.

അഴിമതിക്കാരായ ഉദ്യോഗസ്ഥരെ കെട്ടിയെങ്കിൽ മാത്രമേ സർക്കാരിന് പദ്ധതികളുമായി മുന്നോട്ടു പോകാനാകൂ. അല്ലെങ്കിൽ പദ്ധതികൾ ജലരേഖയായി മാറുകയും സംസ്ഥാനത്തിന്റെ നിക്ഷേപ സാഹചര്യത്തെയും വ്യാപാര സൗഹൃദാന്തരീക്ഷത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈഗ്രേഷൻ ആൻഡ് ഡെവലപ്മെന്റ് ചെയർമാൻ എസ്. ഇരുദയരാജന്റെ നേതൃത്വത്തിൽ തയാറാക്കിയ കേരള മൈഗ്രേഷൻ സർവേ റിപ്പോർട്ട് പ്രകാരം കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിൽനിന്നു വിദേശത്തേക്ക് വിദ്യാഭ്യാസത്തിനായി പോകുന്നവരുടെ എണ്ണം ഇരട്ടിയായിട്ടുണ്ട്. 2018ൽ ഒന്നേകാൽ ലക്ഷം വിദ്യാർത്ഥികൾ വിദേശ വിദ്യാഭ്യാസത്തിനു പോയപ്പോൾ 2023ൽ എണ്ണം രണ്ടര ലക്ഷമായി ഉയർന്നു. ഏറ്റവുംകൂടുതൽ പേർ പോയത് യുകെയിലേക്കാണ്. രണ്ടാമതു കാനഡ. ഇരു രാജ്യങ്ങളിലും വിദ്യാഭ്യാസത്തിനും ജോലിക്കുമായി പോകുന്നവർ നേരിടുന്ന പ്രശ്നങ്ങൾ ഏറെയാണ്. വിദേശത്തെത്തിയാൽ എല്ലാം ശരിയാകുമെന്ന പ്രചാരണവും മങ്ങുന്നു. ഇക്കാര്യത്തിൽ സൂക്ഷ്മതലത്തിലുള്ള ചർച്ചയും നിഗമനങ്ങളും ലോക കേരള സഭയിലുണ്ടായില്ല.

◗ *ബാബു കദളിക്കാട്*



# എന്തുകൊണ്ട് പ്രിയങ്ക?



ഊഹാപോഹങ്ങൾക്ക് വിരാമമിട്ട് രാഹുൽ ഗാന്ധി വയനാട് മണ്ഡലം ഒഴിയുകയും പ്രിയങ്ക ഗാന്ധി പകരമെത്തുകയും ചെയ്യുകയാണ്. പൊതുരംഗത്ത് പതിറ്റാണ്ടിലേറെയായി സജീവമായുണ്ടെങ്കിലും തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്കും അതുവഴി പാർലമെന്ററി ജീവിതത്തിലേക്കും കടക്കാൻ ഒരുങ്ങുകയാണ് പ്രിയങ്ക ഗാന്ധി. രാഹുലിന് മൂന്നരലക്ഷം വോട്ടിന്റെ ഭൂരിപക്ഷം സമ്മാനിച്ച വയനാട്ടിൽ പ്രിയങ്കയ്ക്ക് ജയം ഉറപ്പാണ്.

ഇതോടെ ഗാന്ധി കുടുംബത്തിൽ നിന്നുള്ള മൂന്ന് പേർ ഒരേ സമയം പാർമെന്റിലുണ്ടാകും എന്ന സവിശേഷതയും കൈവന്നിരിക്കുകയാണ്. രാഹുലും പ്രിയങ്കയും ലോക്സഭയിലുണ്ടാകുമ്പോൾ സോണിയ ഗാന്ധി രാജ്യസഭയിലാകും എന്ന് മാത്രം. രാജസ്ഥാനിൽ നിന്നാണ് സോണിയ ഗാന്ധി രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

## ആരാണ് പ്രിയങ്ക?

ആദ്യം അമ്മക്കൊപ്പം പിന്നീട് സഹോദരനൊപ്പവും തിരഞ്ഞെടുപ്പ് പ്രചരണത്തിനായി നിഴൽ പോലെ ഒപ്പം നടന്നയാളാണ് പ്രിയങ്ക. എന്നാൽ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഇതുവരെ പ്രിയങ്ക തയ്യാറായിട്ടില്ല. അതേസമയം കോൺഗ്രസിന്റെ താരപ്രചാരകരിൽ ഒരാളാണ് താനും. തിരഞ്ഞെടുപ്പ് റാലികളിൽ രാഹുലിനൊപ്പമോ രാഹുലിനേക്കാൾ ഒരുപടി മുകളിലോ ആണ് പ്രിയങ്കയുടെ പ്രസംഗങ്ങൾ സ്ഥാനം പിടിക്കുന്നത്.

അത് തന്നെയാണ് കോൺഗ്രസിലെ ഏറ്റവും വലിയ ക്രൗഡ് പുള്ളർ എന്ന നിലയിലേക്ക് പ്രിയങ്കയെ എത്തിച്ചത്. കഴിഞ്ഞ ആറ് വർഷത്തിനിടയിൽ രാഹുലിനേക്കാൾ കൂടുതൽ ഗ്രൗണ്ടിലിറങ്ങി പ്രവർത്തിച്ചത് പ്രിയങ്കയാണ് എന്ന് പറയാം. ഹാത്രാസ്, ലഖിംപൂർ ഖേരി, കർഷക സമരം തുടങ്ങി എല്ലാ പ്രശ്നങ്ങളിലും പ്രിയങ്ക ജനങ്ങൾക്കിടയിലുണ്ടായിരുന്നു. യുപിയിലുംഹിന്ദിഹൃദയ ഭൂമിയിലും കോൺഗ്രസിന്റെ പുനരുജ്ജീവനത്തിന് ഇതെല്ലാം സഹായകമായി എന്നത് സംശയമില്ലാത്ത കാര്യമാണ്.

## എന്തുകൊണ്ട് പ്രിയങ്ക?

ബിസിനസുകാരനായ റോബർട്ട് വാദ്രയുമായുള്ള പ്രിയങ്കയുടെ വിവാഹം വലിയ വിവാദങ്ങൾക്ക് കാരണമായിരുന്നു. രാഷ്ട്രീയത്തിലേക്ക് വരാൻ അതിന് മുൻപും ശേഷവും അവസരമുണ്ടായിട്ടും സജീവമായിരുന്നില്ല പ്രിയങ്ക. എങ്കിലും ഏറ്റവും താഴെത്തട്ടിലിറങ്ങി ജനങ്ങളുമായി സംവദിക്കാൻ അവർക്ക് പ്രത്യേകമായ കഴിവുണ്ടായിരുന്നു. കുടുംബകോട്ട എന്ന് വിശേഷിപ്പിക്കപ്പെടുന്ന റായ്ബറേലി, അമേഠി മണ്ഡലങ്ങളിലെ ജനപ്രിയ മുഖമാണ് പ്രിയങ്ക.

2004ലെ പൊതു തിരഞ്ഞെടുപ്പിൽ സോണിയയുടെ പ്രചാരണ മാനേജരായിരുന്നു പ്രിയങ്ക. പിന്നീട് സഹോദരന്റെ രാഷ്ട്രീയ ജീവിതത്തിലും നിഴലായി കൂടെ നിന്നു. 2019ൽ ആണ് പ്രിയങ്കയുടെ മറ്റൊരു മുഖം രാജ്യം കണ്ടത്. ബിജെപിയുടെ തേരോട്ടത്തിന് ചുക്കാൻ പിടിച്ച യുപിയിൽ നിന്ന് തന്നെയായിരുന്നു പ്രിയങ്കയുടെ തുടക്കം. ഒരുവേള മോദിക്കും യോഗിക്കും എതിരെ പ്രിയങ്ക എന്ന മാനങ്ങൾ വരെ ചിത്രീകരിക്കപ്പെട്ടു.

കിഴക്കൻ യുപിയുടെ ചുമതലയുള്ള ജനറൽ സെക്രട്ടറിയായും തുടർന്ന് 2020 സെപ്തംബറിൽ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ജനറൽ സെക്രട്ടറിയായും അവരെ ചുമതലപ്പെടുത്തി. മുത്തശിയും മുൻ പ്രധാനമന്ത്രിയുമായ ഇന്ദിരാ ഗാന്ധിയുടെ മുഖസാദൃശ്യമുള്ളതിനാൽ തന്നെ കോൺഗ്രസിന്റെ അടുത്ത മുഖമായി പ്രിയങ്ക ഉയർത്തിക്കാട്ടപ്പെട്ടു. ഒടുവിൽ വാരണാസിയിൽ നിന്ന് മോദിക്ക് വെല്ലുവിളിയാകാൻ സാധ്യതയുള്ള നേതാവായി വരെ പ്രിയങ്ക ഉയർന്നു.

യുപി കോൺഗ്രസിന്റെ സംഘടനാ ഘടനയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ അവർ ശ്രമിച്ചിട്ടും പാർട്ടി 2022ലെ കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ വൻ തിരിച്ചടി നേരിട്ടു. എങ്കിലും അടിസ്ഥാന പ്രശ്നങ്ങളിലൂന്നി പ്രിയങ്ക രാജ്യം മുഴുവൻ കോൺഗ്രസിന്റെ തിരിച്ചുവരവിനുള്ള വഴിയൊരുക്കി. കർണാടക നിയമസഭാ തിരഞ്ഞെടുപ്പ് അതിന് ഉദാഹരണമാണ്. വനിതാ വോട്ടർമാരെ ലക്ഷ്യം വെച്ച് അവർ മുന്നോട്ട് വെച്ച വാഗ്ദാനങ്ങൾ ജനങ്ങൾ ഏറ്റെടുത്തു.

ഫലമോ കർണാടകയിൽ മിന്നും ജയമാണ് കോൺഗ്രസിന് ലഭിച്ചത്. രാഹുൽ ഗാന്ധിയുടെ രണ്ട് യാത്രകൾ രാജ്യത്തുടനീളം അലയൊലികൾ സൃഷ്ടിച്ചപ്പോൾ അതിന് തുടക്കമിട്ടതും നിലനിർത്തിയതും പ്രിയങ്കയാണ് എന്ന് നിസംശയം പറയാം. കോൺഗ്രസ് വളരെക്കാലമായി മികച്ച പ്രചാരകനെ തേടുകയായിരുന്നു. ഒരുവശത്ത് രാഹുലുണ്ടെങ്കിലും അദ്ദേഹത്തിന് പിന്തുണ കൊടുക്കാൻ മറ്റൊരാൾ വേണമായിരുന്നു.

അത് വൃത്തിയായി ചെയ്യാൻ പ്രിയങ്കയ്ക്കറിയാം എന്നതാണ് അവരുടെ മേന്മ. ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിലും അത് കണ്ടതാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയിൽ നിന്നും മറ്റ് ബിജെപി നേതാക്കളിൽ നിന്നുമുള്ള നിരന്തരമായ ആക്ഷേപങ്ങളെ ചെറുക്കുന്നതിൽ പ്രിയങ്ക കാണിച്ച അസാമാന്യമായ പോരാട്ടം നിർണായകമായിരുന്നു.

തന്റെപ്രചാരണവേളയിലുടനീളംതന്റെ കുട്ടിക്കാലം, അച്ഛൻ രാജീവ് ഗാന്ധിയുടെ കൊലപാതകത്തിന്റെ വേദന, അമ്മയുടെ ദു:ഖം എന്നിവയെല്ലാം ചർച്ച ചെയ്യുകയും എന്തുകൊണ്ടാണ് താനും രാഹുലും രാജ്യത്തിന് വേണ്ടി നിലകൊള്ളുന്നത് എന്ന് വോട്ടർമാരുടെ മനസിൽ ആഴത്തിൽ പതിപ്പിക്കാനും അവർക്കായി. എതിരാളികളുടെ ഓരോ പ്രചരണങ്ങൾക്കും അതേരീതിയിൽ മറുപടി പറയാൻ പ്രിയങ്കക്ക് സാധിക്കാറുണ്ട്. ഈ തിരഞ്ഞെടുപ്പിൽ 108 പൊതുയോഗങ്ങളിലും റോഡ് ഷോകളിലും പ്രിയങ്ക പങ്കെടുത്തു. 16 സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണ പ്രദേശത്തും അവർ പ്രചാരണം നടത്തി. അമേഠിയിലും റായ്ബറേലിയിലും തൊഴിലാളികളുടെ രണ്ട് സമ്മേളനങ്ങളെ അഭിസംബോധന ചെയ്തു.

ഇതെല്ലാം കോൺഗ്രസിനും ഇന്ത്യാ സഖ്യത്തിനാകെയും തിരിച്ചുവരവിന്റെ പാത വെട്ടിത്തുറക്കുന്നതായിരുന്നു. അതിനാൽ തന്നെ പ്രിയങ്ക ഇനി വേണ്ടത് പാർലമെന്റിലാണ് എന്ന കോൺഗ്രസിന്റെ തീരുമാനം പാർട്ടിയെ ഒന്നുകൂടി ശക്തിപ്പെടുത്തുന്നതായിരിക്കും.






# കോൺഗ്രസ് അനിശ്ചിതത്വത്തിന്റെ വഴിത്തിരിവിൽ




**രാജീവ് ഗാന്ധിയുടെ ദാരുണ മരണം നടന്ന സമയത്ത് 19 വയസ്സുള്ള പ്രിയങ്കാ ഗാന്ധി ഏവരിലും ഇന്ദിരാഗാന്ധിയെ അനുസ്മരിപ്പിച്ചു. രാഹുൽഗാന്ധിയെ കൂട്ടിക്കൊണ്ടു വരാൻ അമിതാഭ് ബച്ചനൊപ്പം വിമാനത്താവളത്തിൽ പോയപ്പോഴും സംസ്കാരത്തിന്റെ ഒരുക്കങ്ങൾക്ക് മേൽനോട്ടം വഹിച്ചപ്പോഴും ഒക്കെ തികഞ്ഞ സംയമനമാണ് പ്രിയങ്ക പ്രദർശിപ്പിച്ചത്. ഹാർവാർഡിൽ ഇന്റർനാഷണൽ പൊളിറ്റിക്സ് പഠിക്കുന്ന രാഹുൽഗാന്ധി വിവരമറിഞ്ഞ ഉടനെ ഡൽഹിയിലേക്ക് പറക്കുകയായിരുന്നു. പിതാവിന്റെ മൃതദേഹത്തിനരികിൽ ഏറ്റവും കൂടുതൽ നേരം ഇരുന്നത് രാഹുലാണ്.**

രാജീവ് ഗാന്ധിയുടെ മരണം ഉൾക്കൊള്ളാൻ ഉമ്മൻചാണ്ടിക്കോ മറ്റു കോൺഗ്രസ് നേതാക്കൾക്കോ അപ്പോഴും കഴിഞ്ഞിരുന്നില്ല. ഉമ്മൻചാണ്ടി വിദൂരതയിലേക്ക് നോക്കി നെടുവീർപ്പിട്ടുകൊണ്ട് എന്തൊക്കെയോ ആലോചിച്ചു. താനും രാജീവ് ഗാന്ധിയും തമ്മിൽ ഒരു വയസ്സിന്റെ വ്യത്യാസമേ ഉള്ളൂ. രാജീവ് ഗാന്ധി രാഷ്ട്രീയത്തിൽ എത്തിയത് വളരെ വൈകിയാണ് 1980കളിലാണ് നാൽപ്പതാമത്തെ വയസ്സിൽ തികച്ചും യാദൃശ്ചികമായി ഇന്ത്യയുടെ പ്രധാനമന്ത്രി പദത്തിലെത്തുന്നത്.

രാജ്യ ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രി. കേവലം 46-ാം വയസ്സിൽ രക്തസാക്ഷിത്വം വരിച്ചു. വെറും 11 വർഷത്തെ പരിചയം മാത്രമാണ് രാഷ്ട്രീയത്തിൽ അദ്ദേഹത്തിന് ഉണ്ടായിരുന്നത്. ഭരണത്തിൽ ആകട്ടെ അഞ്ചുവർഷവും..!

ഉമ്മൻചാണ്ടിയുടെ രാഷ്ട്രീയ റോൾ മോഡൽ ഇപ്പോൾ രാജീവ്ഗാന്ധി തന്നെയാണെന്ന് അദ്ദേഹം ഓർത്തു. കേവലം അഞ്ചുവർഷത്തെ ഭരണ കാലയളവിനുള്ളിൽ തന്നെ ഏതാണ്ട് 50 വർഷത്തെ പുരോഗതിയാണ് രാജീവ് ഗാന്ധി ഉണ്ടാക്കിയെടുത്തത്. കാലാനുസൃതമായ മാറ്റങ്ങൾക്ക് ഒപ്പം മറ്റു രാജ്യങ്ങളോട് കൂടുതൽ അടുപ്പം ഉണ്ടാക്കി. ഇന്ത്യയെ പുരോഗതിയുടെ പുതിയൊരു തലത്തിലേക്ക് നയിച്ചു കൊണ്ടിരിക്കുകയായിരുന്നു.

ഇന്ദിരാഗാന്ധിയിൽ നിന്നും തികച്ചും വ്യത്യസ്തനായിരുന്നു രാജീവ് ഗാന്ധി. അതിശക്തയായ ഭരണാധികാരി എന്ന് ഏവരും സമ്മതിക്കുന്ന ഇന്ദിരാഗാന്ധി. അവരുടെ തീരുമാനങ്ങൾ എല്ലാം ചടുലമാണ്. അത് പിഴക്കാറുമില്ല. എന്നാൽ രാജീവ് ഗാന്ധി ആകട്ടെ തീരുമാനങ്ങളുടെ നടപ്പിലാക്കിലാണ് മികവ് കാണിക്കുക. അറച്ചു നിൽക്കാറില്ല.

ഏതു പ്രതിസന്ധികളെയും നേരിടാൻ തയ്യാറായിരുന്നു അദ്ദേഹം. രാഷ്ട്രീയപ്രേരിതമായ അനാവശ്യ ഒത്തുതീർപ്പുകൾക്ക് ഒരിക്കലും രാജീവ് ഗാന്ധി വഴങ്ങിയിട്ടില്ല. ഒരു ആശയം സ്വീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്തു കഴിഞ്ഞാൽ അത് നടപ്പിലാക്കാൻ ഒട്ടും വൈകാറുമില്ല.

ഫലം ഉറപ്പാക്കുന്നതിൽ കാണിക്കുന്ന ശുഷ്കാന്തി എടുത്തു പറയേണ്ടതാണ്. ടെലി കമ്മ്യൂണിക്കേഷൻ രംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങൾക്ക് കടപ്പെട്ടിരിക്കുന്നത് രാജീവ് ഗാന്ധിയോട് ആണ്.

അതിനായി സാം പിട്രോഡയോട് പലവട്ടം സംസാരിച്ചു. അദ്ദേഹത്തെ ഒരു രൂപ ശമ്പളത്തിലാണ് ടെലികോം ഡിപ്പാർട്ട്മെന്റിലേക്ക് കൊണ്ടുവരുന്നത്. അന്ന് മുതിർന്ന രാഷ്ട്രീയക്കാരിൽ പലരും രൂക്ഷമായി രാജീവ് ഗാന്ധിയെ വിമർശിച്ചിരുന്നതും ഉമ്മൻചാണ്ടി ഓർത്തു. ടെലഫോൺ സ്ഥാപിച്ചതുകൊണ്ട് നാട്ടിലെ പട്ടിണി മാറുമോ?

കോട്ടയത്തുനിന്ന് പുതുപ്പള്ളിയിലേക്ക് ഒന്ന് ഫോൺ ചെയ്യണമെങ്കിൽ പോലും ട്രങ്ക് കോൾ ബുക്ക് ചെയ്യണമായിരുന്നു. മാത്രമല്ല ചുരുങ്ങിയത് രണ്ടര മണിക്കൂർ എങ്കിലും കാത്തു നിൽക്കേണ്ട അവസ്ഥയുമായിരുന്നു. ഡൽഹിയിലേക്ക് ഒരു കോൾ കിട്ടാൻ 24 മണിക്കൂർ വേണമായിരുന്നു. ഇപ്പോൾ ആ മേഖലയിൽ ഉണ്ടായ പുരോഗതി പറഞ്ഞറിയിക്കാൻ കഴിയുന്നതല്ലല്ലോ. വാർത്താവിനിമയരംഗത്ത് വികസനം അടിസ്ഥാന വളർച്ചയുടെ അടിത്തറ ആകുമെന്ന് സാം പിട്രോടയും രാജീവ് ഗാന്ധിയും കണക്കുകൂട്ടിയത് എത്രയോ ശരിയായിരുന്നു.

ഇന്ദിരാഗാന്ധി ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് വലിയ പ്രാധാന്യം നൽകിയിരുന്നു. ഈ രംഗത്തും രാജീവ് ഗാന്ധി കൂടുതൽ വേഗതയിൽ രാജ്യത്തെ നയിച്ചു. ചന്ദ്രയാൻ വരെ എത്തിയ ഇന്ത്യയുടെ ബഹിരാകാശ ഗവേഷണം ലോക സമക്ഷം തല ഉയർത്തി നിൽക്കുന്നത് അദ്ദേഹം ഇട്ട ശിലയിൽ അല്ലേ..?



പതിനെട്ടാം വയസ്സിലെ വോട്ടവകാശം ഇന്ത്യൻ യുവതയ്ക്ക് രാജീവ് ഗാന്ധി ആണ് നൽകിയത്. ഗ്രാമപഞ്ചായത്ത് മുതൽ ജില്ലാ പഞ്ചായത്ത് വരെയും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഭരണത്തിൽ 50% സ്ത്രീകൾക്കു നൽകിയത് രാജീവ് ഗാന്ധി ആയിരുന്നു. പല പ്രബലരായ രാഷ്ട്രീയക്കാരും അതിനെ എതിർത്തുവെങ്കിലും രാജീവ് ഗാന്ധി നിശ്ചയദാർഢ്യത്തോടെ അത് നടപ്പിൽ വരുത്തി. സ്ത്രീ ശാക്തീകരണ രംഗത്തെ ഏറ്റവും വലിയ സംഭവം അതായിരുന്നില്ലേ..? അദ്ദേഹം നടപ്പിൽ വരുത്തിയ പഞ്ചായത്തീരാജ് നഗരപാലികാ ബിൽ അധികാര വികേന്ദ്രീകരണത്തിന്റെയും തദ്ദേശസ്വയംഭരണത്തിന്റെയും അലകും പിടിയും മാറ്റിമറിച്ചു.

പുതിയൊരു ദിശാബോധം സൃഷ്ടിച്ചു. കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണ് ഈ നിയമം പാസാക്കിയതെങ്കിലും അത് നടപ്പിൽ വരുത്തിയത് എ.കെ. ആന്റണി ആയിരുന്നു. തീർന്നില്ല ദാരിദ്ര്യ നിർമാർജനത്തിനുള്ള സമഗ്രമായ ഒരു പദ്ധതി ആസൂത്രണം ചെയ്തത് രാജീവ് ഗാന്ധിയാണ്. അതിനെ എതിർത്തവർ താൽക്കാലികമായി ലാഭമുണ്ടാക്കിയിട്ടുണ്ടാകാം. അവിടെന്നും പതറാതെ രാജീവ് ഗാന്ധി പൊരുതുകയായിരുന്നു!.

വി.പി. സിംഗ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ഉയർത്തിപ്പിടിച്ചത് സാമൂഹികനീതി ഉറപ്പാക്കാനുള്ള വ്യഗ്രത കൊണ്ടൊന്നുമായിരുന്നില്ല. സിംഗിന്റെ ജാതി രാഷ്ട്രീയം, അധികാരത്തിൽ കടിച്ചുതൂങ്ങാനുള്ള തന്ത്രം മാത്രമായിരുന്നു. പ്രധാനമന്ത്രി പാദത്തിലേക്കുള്ള വഴി സുഗമമാക്കാൻ ബി.ജെ.പിയെ കൂട്ടുപിടിക്കുകയും അവരെ മുഖം മിനുക്കി അവതരിപ്പിക്കുകയും ചെയ്തപ്പോൾ തുറന്നത് തീവ്ര ഹൈന്ദവ രാഷ്ട്രീയത്തിലേക്കുള്ള പാതയായിരുന്നു. 1991 ൽ രാജീവ് ഗാന്ധി അധികാരത്തിൽ തിരിച്ചെത്തിയിരുന്നെങ്കിൽ മതത്തിന്റെ പേരിൽ ഉള്ള ഇന്നത്തെ വെറുപ്പിന്റെയും അകറ്റിനിർത്തലിന്റെയും ഉന്മൂലനത്തിന്റെയും രാഷ്ട്രീയം ഉണ്ടാകുമായിരുന്നില്ല.

ജനസേവനത്തിനും വികസനത്തിനും ഊന്നൽ നൽകുന്ന ഭരണക്രമം വരുമായിരുന്നു. തികച്ചും ശാസ്ത്ര വീക്ഷണമുള്ള ഇന്ത്യ നിലനിൽക്കുമായിരുന്നു. എന്നാൽ എല്ലാം തകിടം മറിഞ്ഞു പോയല്ലോ എന്ന് ഉമ്മൻചാണ്ടി ഓർത്തുപോയി...!

ഈ സമയം ഓൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും രാജീവിന്റെ മൃതദേഹം അദ്ദേഹത്തിന്റെ വസതിയിലേക്ക് കൊണ്ടുപോകുകയായിരുന്നു. അടുത്ത സുഹൃത്തുക്കളും ബന്ധുക്കളും മൃതദേഹത്തിൽ പനിനീർ പൂവിന്റെ ഇതളുകൾ വർഷിച്ചു. തൂവെള്ള സാരി ധരിച്ച് സോണിയ ഗാന്ധി മൃതദേഹത്തിന്റെ അരികിൽ ഒരു പ്രതിമ കണക്ക് ഇരുന്നു. ഒരു മണിയോടെ മൃതദേഹം പൊതുദർശനത്തിനായി തീൻ മൂർത്തി ഭവനിലേക്ക് കൊണ്ടുപോകുന്നതിന് തൊട്ടുമുൻപ് അല്പസമയം തനിക്ക് തനിച്ചു വേണമെന്ന് സോണിയ അഭ്യർത്ഥിച്ചു.

അതനുസരിച്ച് ധവാൻ മുറിയിൽ ഉണ്ടായിരുന്നവരോട് പുറത്തു പോകാൻ വിനയപൂർവ്വം ആവശ്യപ്പെടുകയും വാതിലിന്റെ കർട്ടൻ താഴ്ത്തി അഞ്ചുമിനിറ്റ് നേരം സോണിയായും പ്രിയങ്കയും തനിച്ചായി. തുടർന്ന് രാജീവ് ഗാന്ധി എന്നന്നേക്കുമായി ആ വീടിനോട് വിട പറഞ്ഞു. ശവമഞ്ചം ചുമക്കുന്നവരുടെ തൊട്ടുപിന്നിൽ നീങ്ങിയ സോണിയ ഗാന്ധിയുടെ അടുത്തേക്ക് ഒരു സ്ത്രീ ഓടിവന്ന് ഷൂസ് ധരിച്ചിട്ടില്ല എന്ന കാര്യം ഓർമിപ്പിച്ചു. ഷൂസിനുവേണ്ടി ചുറ്റും നോക്കിയെങ്കിലും കാണാതായപ്പോൾ സാരമില്ല എന്ന് പറഞ്ഞ് സോണിയ വീട്ടിന് പുറത്തേക്ക് നടന്നു. അവിടെ ഒരു പരിചാരകൻ അവരുടെ ഷൂസുമായി കാത്തു നിൽക്കുന്നുണ്ടായിരുന്നു.

തിടുക്കത്തിൽ ഷൂസ് ധരിച്ചതിനുശേഷം പ്രിയങ്കയുടെ കൈപിടിച്ച് സോണിയ ആംബുലൻസ് കിടക്കുന്നിടത്തേക്ക് നീങ്ങി. തലേദിവസം രാത്രി മദ്രാസിലേക്ക് തിരിക്കുമ്പോൾ ഒരേ ഒരു അവസരത്തിൽ മാത്രമാണ് സോണിയ തന്നെക്കുറിച്ച് ചിന്തിച്ചത്. തന്റെ ഹൈഹീൽഡ് ഷൂസ് അന്വേഷിക്കേണ്ടി വന്നപ്പോൾ മാത്രം. പാദങ്ങളുടെ വളവു കാരണം സോണിയ ഹൈഹീൽഡ് ഷൂസ് മാത്രമേ ധരിക്കാറുള്ളൂ. എന്നാൽ ഇപ്പോൾ ചെരുപ്പ് ഉണ്ടെങ്കിലും ഇല്ലെങ്കിലും ഒന്നും ഒരു പ്രശ്നമേയല്ല എന്നതുപോലെ....!

തന്റെ കുട്ടിക്കാലത്ത് നല്ലൊരു പങ്ക് ചെലവഴിച്ച തീമൂർത്തി ഭവനിൽ അദ്ദേഹത്തിന്റെ മൃതദേഹത്തിന് അരികെ ഏറെ സംയമനത്തോടെ സോണിയ ഗാന്ധിയിരുന്നു. കൂടുതൽ ഐസ് വയ്ക്കുന്നതിനു വേണ്ടി ശവക്കച്ച മാറ്റുമ്പോഴൊക്കെ സോണിയ വേദന കൊണ്ട് പുളഞ്ഞു. അവരുടെ നീട്ടിയ കൈകളും വേദന ഘനീഭവിച്ച മുഖവും ഇങ്ങനെ കേണു : ഹോ... ശ്രദ്ധിച്ചു ചെയ്യൂ, അദ്ദേഹത്തെ വേദനിപ്പിക്കരുത്...!

ഒരിക്കൽ പോലും വിശ്രമിക്കാനായി അവർ വീട്ടിലേക്ക് പോയതേയില്ല. ഇടയ്ക്ക് എപ്പോഴെങ്കിലും ആരെങ്കിലും നൽകുന്ന ലെമൺറ്റി മാത്രം കുടിച്ചു. ശവസംസ്കാരം കഴിയുന്നതുവരെ അടുപ്പിൽ തീ പുകഞ്ഞില്ല. എങ്കിലും വീട് അലങ്കോലപ്പെടാതിരിക്കാൻ പ്രിയങ്ക ഏറെ ശ്രദ്ധിച്ചു. വീടിന്റെ ഉത്തരവാദിത്വം മുഴുവൻ പ്രിയങ്കയാണ് ഏറ്റെടുത്തത്. പലപ്പോഴും 19 കാരിയായ ഈ പെൺകുട്ടി ഇന്ദിരാഗാന്ധിയെ അനുസ്മരിപ്പിച്ചു.


ജോഷി ജോർജ്

രാഹുലിനെ കൂട്ടിക്കൊണ്ടു വരാൻ അമിതാഭ് ബച്ചനൊപ്പം വിമാനത്താവളത്തിൽ പോയപ്പോഴും സംസ്കാരത്തിന്റെ ഒരുക്കങ്ങൾക്ക് മേൽനോട്ടം വഹിച്ചപ്പോഴും ഒക്കെ തികഞ്ഞ സംയമനമാണ് പ്രിയങ്ക പ്രദർശിപ്പിച്ചത്. ഹാർവാർഡിൽ ഇന്റർനാഷണൽ പൊളിറ്റിക്സ് പഠിക്കുന്ന രാഹുൽഗാന്ധി വിവരമറിഞ്ഞ ഉടനെ ഡൽഹിയിലേക്ക് പറക്കുകയായിരുന്നു. പിതാവിന്റെ മൃതദേഹത്തിനരികിൽ ഏറ്റവും കൂടുതൽ നേരം ഇരുന്നത് രാഹുലാണ്.

വെളിയിൽ ദുഃഖം പങ്കിടാൻ എത്തിയവരുടെ നിര നീണ്ടു നീണ്ടു വന്നു. മുമ്പിലുള്ളവർ നെഞ്ചത്തടിച്ചു കരയുമ്പോൾ വളരെ പിന്നിലുള്ളവർ ക്ഷമപൂർവം എല്ലാവർക്കും കാത്തുനിന്നു. എല്ലാവർക്കും ഒന്നേ ചോദിക്കാൻ ഉണ്ടായിരുന്നുള്ളൂ. എന്തുകൊണ്ട് രാജീവിനിതു സംഭവിച്ചു..! ഇങ്ങനെ ഒരു മരണം അദ്ദേഹം ആഗ്രഹിക്കുന്നതല്ല. ഉയർന്നുപൊന്തിയ വിലാപങ്ങൾക്കും രാഹുൽ, പ്രിയങ്ക, നിങ്ങൾ വിഷമിക്കരുത് നിങ്ങളോടൊപ്പം രാഷ്ട്രം മുഴുവനും ഉണ്ട്. തുടങ്ങിയ മുദ്രാവാക്യങ്ങൾക്ക് ശക്തി വച്ചുകൊണ്ടിരുന്നു.

തീൻ മൂർത്തി ഭവനിൽ നിന്നും ശക്തിസ്ഥാനിലേക്കുള്ള അവസാന യാത്ര ആരംഭിച്ചു. തെരഞ്ഞെടുപ്പ് പ്രചരണത്തിനായി തലങ്ങും വിലങ്ങും പോസ്റ്റുകൾ ഒട്ടിച്ച തലസ്ഥാനനഗരിയുടെ ഹൃദയത്തിലൂടെ വിലാപയാത്ര മുന്നേറിയപ്പോൾ, രാജീവ് ഗാന്ധിയുടെ പുഞ്ചിരിക്കുന്ന പോസ്റ്ററുകൾ അവരെ എതിരേറ്റു. ഭർത്താവിന് തന്റെ അവസാന സമ്മാനമായ ഒരു തുളസിമാല അദ്ദേഹത്തിന്റെ ചിതയിൽ വച്ചതിനുശേഷം സോണിയ ഗാന്ധി കുട്ടികളോടൊപ്പം തള്ളിക്കയറിയ ജനക്കൂട്ടത്തിനിടയിൽ പെടാതെ സാവധാനം സമാധിസ്ഥലം വിട്ടു... സ്വന്തം അമ്മയ്ക്ക് അരികെ എന്നന്നേക്കുമായി വിശ്രമിക്കാൻ രാജീവ് ഗാന്ധിയെ അനുവദിച്ചുകൊണ്ട്.

(തുടരും)



# ചില ബഹിരാകാശ വിശേഷങ്ങൾ..



ബഹിരാകാശത്ത് വച്ച് മരിച്ചാൽ എന്താണ് സംഭവിക്കുകയെന്നറിയാമോ? ഹൈഡ്രജൻ ബലൂൺ പാറിപറന്ന് നടക്കുന്ന പോലെ ബഹിരാകാശത്ത് മൃതദേഹം പാറി നടക്കുമോ? അത്തരം വിശേഷങ്ങളെക്കുറിച്ച് അറിയാം.

### ചന്ദ്രനിൽ വച്ച് മരിച്ചാൽ

ചാന്ദ്ര ദൗത്യത്തിനായി എത്തിയപ്പോഴാണ് മരിക്കുന്നതെങ്കിൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ ഒപ്പമുള്ള ക്രൂ അംഗങ്ങൾക്ക് മൃതദേഹം ഭൂമിയിലേക്ക് അയക്കാൻ സാധിക്കും.

### മരണം ചൊവ്വയിൽ വച്ചായാലോ?

ചൊവ്വയിലേക്കുള്ള യാത്രക്കിടെ മരണം സംഭവിക്കുകയാണെങ്കിൽ ക്രൂ അംഗങ്ങളുടെ ദൗത്യം പൂർത്തിയായി അവർ തിരികെ വരുമ്പോൾ മാത്രമേ മൃതദേഹം ഭൂമിയിലേക്ക് എത്തൂ. ഭൂമിയിൽ നിന്ന് 300 മില്യൺ മൈൽ അകലെയാണ് ചൊവ്വ.

അതുകൊണ്ട് ചൊവ്വയിലേക്ക് പുറപ്പെടുന്നവർ വർഷങ്ങൾ കഴിഞ്ഞ് മാത്രമേ തിരിച്ചുവരൂ. ഇതിനിടെ മരണം സംഭവിച്ചാൽ മൃതദേഹം ഭൂമിയിലെത്തിക്കുക എന്നത് ദൗത്യത്തിന് അവസാനം മാത്രമാകും.

### മൃതദേഹം സൂക്ഷിക്കുന്നതെങ്ങനെ?

ബഹിരാകാശത്ത് വച്ച് മരണം സംഭവിച്ചാൽ മൃതദേഹം ഭൂമിയിലേക്ക് എത്തിക്കാൻ വൈകുന്ന സാഹചര്യമാണെങ്കിൽ പ്രത്യേകം ചാംബറിലാക്കി സൂക്ഷിക്കുകയാണ് ചെയ്യുക. അതുമല്ലെങ്കിൽ പ്രത്യേകം തയ്യാറാക്കിയ ബോഡി ബാഗിൽ സൂക്ഷിക്കും.

### സ്പേസ് സ്യൂട്ട് ഇല്ലാതെ ബഹിരാകാശത്ത് നടന്നാൽ?

ഭൂമിക്ക് പുറത്തേക്ക് കടന്നതിന് ശേഷം ബഹിരാകാശ നടത്തം ആഗ്രഹിച്ച് സ്പേസ് സ്യൂട്ട് ഇല്ലാതെ ഇറങ്ങുന്നത് ജീവന് ഭീഷണിയാണ്. ബഹിരാകാശത്ത് വായുവില്ല, ശൂന്യമായ അവസ്ഥ ആയതിനാൽ സ്പേസ് സ്യൂട്ടില്ലാതെ ഇറങ്ങുന്ന ബഹിരാകാശ സഞ്ചാരി ശ്വാസംമുട്ടി മരിക്കുന്നതാണ്. അതുമല്ലെങ്കിൽ യുവി രശ്മികളും മറ്റും ദേഹത്ത് തട്ടി വെന്തുമരിക്കാനുള്ള സാധ്യതയും ഏറെയാണ്. 60 വർഷം മുമ്പാണ് മനുഷ്യൻ ബഹിരാകാശ ദൗത്യങ്ങൾ ആരംഭിച്ചത്. ഇതിനോടകം വിവിധ ദൗത്യങ്ങൾക്കായി പോയ 20 ബഹിരാകാശ സഞ്ചാരികൾ മരിച്ചിട്ടുണ്ട്. 1986 ലെയും 2003 ലെയും നാസയുടെ ബഹിരാകാശ ദൗത്യങ്ങളിൽ 14 പേർ മരിച്ചു. 1971 ലെ സോയസ് 11 ദൗത്യത്തിൽ മൂന്ന് സഞ്ചാരികളാണ് മരിച്ചത്. 1967 ലെ അപ്പോളോ 1 ലോഞ്ച് പാഡ് തീപിടിത്തത്തിൽ മൂന്ന് പേരും മരിച്ചിരുന്നു.

# ലോക്സഭാ സ്പീക്കർ പദവി: പുരന്ദേശ്വരിയ്ക്ക് സാദ്ധ്യത



വിജയവാഡ: ലോക്സഭാ സ്പീക്കർ സ്ഥാനത്തേക്ക് ബി.ജെ.പി ആന്ധ്രപ്രദേശ് പ്രസിഡന്റ് ദഗ്ഗുപതി പുരന്ദേശ്വരിയുടെ പേര് സജീവ പരിഗണനയിൽ. സ്പീക്കർ സ്ഥാനം വേണമെന്ന ആവശ്യത്തിൽ നിന്ന് ടി.ഡി.പി പിൻവാങ്ങുകയും സ്ഥാനം ആന്ധ്രയ്ക്ക് വേണമെന്ന് ആവശ്യം ഉന്നയിക്കുകയും ചെയ്താൽ ദഗ്ഗുപതി പുരന്ദേശ്വരി എൻ.ഡി.എയുടെ ലോക്സഭാ സ്പീക്കർ സ്ഥാനാർത്ഥിയാകും.

ആന്ധ്രയിൽ എൻ.ഡി.എ ഉജ്ജ്വല വിജയം നേടിയിട്ടും പാർട്ടി സംസ്ഥാന അദ്ധ്യക്ഷയായ പുരേന്ദേശ്വരി ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടും അവരെ കേന്ദ്രമന്ത്രിസഭിയലേക്ക് ബി.ജെ.പി നേതൃത്വം പരിഗണിക്കാതിരുന്നത് ഈ സാദ്ധ്യത മുന്നിൽ കണ്ടുകൊണ്ടായിരുന്നു.

ബി.ജെ.പി നേതാവാണെങ്കിലും ടി.ഡി.പി പുരന്ദേശ്വരിയെ എതിർക്കാനിടയില്ല. ടി.ഡി.പി അദ്ധ്യക്ഷൻ എൻ.ചന്ദ്രബാബു നായിഡുവിന്റെ ഭാര്യാസഹോദരിയാണ് പുരന്ദേശ്വരി. വനിതാ ശാക്തീകരണത്തെ കുറിച്ച് പറയുന്ന മോദിയുടെ മന്ത്രിസഭയിൽ ഇത്തവണ വനിതകൾ ഏഴുപേരേ ഉള്ളൂ. ഈ കുറവും സ്പീക്കർ സ്ഥാനം പുരന്ദേശ്വരിക്കു നൽകുന്നതിനിലൂടെ നികത്താനാകുമെന്ന് പാർട്ടി നേതൃത്വം കരുതുന്നു.

2004ലും 2009ലും കോൺഗ്രസ് ടിക്കറ്റിൽ എം.പിയായ ഡി.പുരന്ദേശ്വരി മൻമോഹൻ സിംഗ് മന്ത്രിസഭയിൽ കേന്ദ്രമന്ത്രിയായിരുന്നു. ആന്ധ്രാപ്രദേശിനെ രണ്ടായി വിഭജിച്ച് തെലങ്കാന സംസ്ഥാനം രൂപീകരിക്കാനുള്ള മൻമോഹൻ സിംഗ് സർക്കാരിന്റെ തീരുമാനത്തിൽ പ്രതിഷേധിച്ച് 2014ൽ പുരന്ദേശ്വരി കോൺഗ്രസ് വിട്ട് ബി.ജെ.പിയിൽ ചേർന്നു. 2019ൽ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. ഇത്തവണ രാജമഹേന്ദ്രവരത്തു (രാജമുണ്ട്രി) നിന്നും 2.39 ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്.ടി.ഡി.പി സ്ഥാപകനും മുൻ മുഖ്യമന്ത്രിയും ഇതിഹാസ നടനുമായ എൻ.ടി രാമറാവുവിന്റെ മകളുമായ പുരന്ദേശ്വരിക്ക് തെലുങ്ക്, തമിഴ്, ഹിന്ദി, ഫ്രഞ്ച് തുടങ്ങി അഞ്ച് ഭാഷകൾ അറിയാം. 1998ൽ സർക്കാരിന് പുറത്തു നിന്ന് പിന്തുണ നൽകിയ ടി.ഡി.പിക്കായിരുന്നു സ്പീക്കർ സ്ഥാനം. സ്പീക്കറായത്ജി.എം.സി ബാലയോഗി. ലോക്സഭാ സ്പീക്കറാകുന്ന ആദ്യത്തെ ദളിത് വ്യക്തിയെന്ന റെക്കാഡും ആദ്ദേഹത്തിന്റെ പേരിലാണ് . ബാലയോഗിയുടെ മകൻ ഹരീഷ് മധുര് ഇപ്പോൾ ടി.ഡി.പി എം.പിയായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

## മൂർഖൻ പാമ്പിനെ ഡെലിവറി ചെയ്ത് ആമസോൺ



ബംഗ്ളൂരു: ആമസോൺ ഡെലിവറി ബോക്സ് ലഭിച്ച ബംഗ്ളൂരു സ്വദേശികളായ ദമ്പതികൾ ഞെട്ടി. ജീവനുള്ള മൂർഖൻ പാമ്പ്. സർജപൂർ റോഡിൽ താമസിക്കുന്ന ദമ്പതികൾ എക്സ്ബോക്സ് കൺട്രോളറാണ് ഓർഡർ ചെയ്തത്. ബോക്സിൽ ഒട്ടിച്ചിരുന്ന ടേപ്പിനുള്ളിൽ കുടുങ്ങിയ നിലയിലായിരുന്നു പാമ്പെന്ന് സോഫ്റ്റ്വെയർ എൻജിനിയർമാരായ ദമ്പതികൾ പറഞ്ഞു. അതുകൊണ്ടാണ് കടിയേൽക്കാതെ രക്ഷപ്പെട്ടത്. ഇതിന്റെ ദൃശ്യങ്ങൾ ദമ്പതികൾ സോഷ്യൽ മീഡിയയിൽ പങ്കുവച്ചു. ആമസോണിൽ പരാതി നൽകിയെങ്കിലും നടപടിയെടുത്തില്ല. പരിശോധിക്കാമെന്ന ഓട്ടോമേറ്റഡ് മറുപടി മാത്രമാണ് ലഭിച്ചതെന്നും ദമ്പതികൾ പറഞ്ഞു. റീഫണ്ട് ലഭിച്ചു. ഉഗ്രവിഷമുള്ള പാമ്പിനെ അയച്ച് ജീവൻ അപകടത്തിലാവുന്ന സാഹചര്യമുണ്ടാക്കിയതിന് ആമസോൺ മറുപടി പറയണമെന്ന് ദമ്പതികൾ ആവശ്യപ്പെട്ടു. ഖേദം പ്രകടിപ്പിച്ച ആമസോൺ സുരക്ഷ പ്രധാനമാണെന്നും എന്താണ് സംഭവിച്ചതെന്ന് അന്വേഷിക്കുമെന്നും പ്രതികരിച്ചു.






# തമിഴ്നാട്ടിൽ വ്യാജമദ്യ ദുരന്തം: 10 പേർക്ക് ദാരുണാന്ത്യം



ചെന്നൈ: തമിഴ്നാട്ടിലെ കള്ളക്കുറിച്ചിയിൽ വ്യാജമദ്യം കഴിച്ച് പത്ത് പേർക്ക് ദാരുണാന്ത്യം. 40 പേർചികിത്സയിലാണ്. 10 പേരെ വിദഗദ്ധ ചികിത്സയ്ക്കായി പുതുച്ചേരി ജിപ്മറിലേക്ക് മാറ്റി. മൂന്നുപേർ വീട്ടിലാണ് മരിച്ചത്. ഒരാൾക്ക് വയറുവേദനയും ഒരാൾക്ക് അപസ്മാരവുമുണ്ടായി. രക്തസാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ചൊവ്വാഴ്ച രാത്രിയായിരുന്നു സംഭവം.

കരുണാകുളത്തു നിന്നാണ് ഇവർ മദ്യം കഴിച്ചതെന്നാണ് റിപ്പോർട്ട്. വ്യാജമദ്യം വിറ്റ രണ്ടുപേരെ പൊലീസ് കസ്റ്റഡിയിലെടുത്തെന്നും സൂചനയുണ്ട്. മരിച്ചവരെല്ലാം കൂലിപ്പണിക്കാരാണ്. വ്യാജ മദ്യം കഴിച്ചുടൻ ഇവർ അസ്വസ്ഥത പ്രകടിപ്പിച്ചെന്ന് പൊലീസ് പറഞ്ഞു. തലവേദന, ഛർദ്ദി, തലകറക്കം, വയറുവേദന, കണ്ണിന് അസ്വസ്ഥത എന്നിവയുണ്ടായതോടെ ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിശോധന കഴിഞ്ഞാലേ മരണകാരണം വ്യക്തമാകൂ എന്നും പൊലീസ് അറിയിച്ചു.

അതേസമയം മരിച്ചവരിൽ ഒരാൾ മദ്യപാനിയായിരുന്നില്ലെന്ന് കള്ളക്കുറിച്ചി ജില്ല കളക്ടർ ശ്രാവൺ കുമാർ ശെഖാവത് അറിയിച്ചു. മറ്റ് രണ്ടു പേർ വയറിളക്കത്തെ തുടർന്നാണ് മരിച്ചത്. രക്ത പരിശോധയുടെ ഫലം ലഭിച്ചാലേ മരണകാരണം വ്യക്തമാകൂ എന്നും അദ്ദേഹം വ്യക്തമാക്കി. ദുരന്തത്തിന് പിന്നാലെ കള്ളക്കുറിച്ചി ജില്ലാ കളക്ടർ ശ്രാവൺ കുമാർ ശെഖാവത്തിനെ മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ സ്ഥലം മാറ്റി. സ്ഥലം എസ്.പിയെയും പൊലീസ് ലഹരി വിരുദ്ധ വിഭാഗത്തിലെ മുഴുവൻ ഉദ്യോഗസ്ഥരെയും സസ്പെൻഡ് ചെയ്തു. അന്വേഷണം സി.ബി.സി.ഐ.ഡിക്ക് കൈമാറാനും സർക്കാർ ഉത്തരവിട്ടു. സംഭവം ഞെട്ടിക്കുന്നതാണെന്നും ഉത്തരവാദിത്വം ഏറ്റെടുത്ത് എക്സൈസ് മന്ത്രി രാജിവയ്ക്കണമെന്നും ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കെ. അണ്ണാമലൈ ആവശ്യപ്പെട്ടു.

# കേജ്‌രിവാളിന്റെ കസ്റ്റഡി നീട്ടി, ജാമ്യാപേക്ഷയിൽ വാദം തുടരും



ന്യൂഡൽഹി: മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാളിന്റെ ജുഡിഷ്യൽ കസ്റ്റഡി ജൂലായ് മൂന്നുവരെ നീട്ടി. ഡൽഹി റോസ് അവന്യൂ കോടതിയുടേതാണ് തീരുമാനം. കേജ്‌രിവാളിന് മദ്യ അഴിമതിയിൽ നേരിട്ടു പങ്കുണ്ടെന്ന് ഇ.ഡി ആവർത്തിച്ചു. വാദം ഇന്നും തുടരും.

കസ്റ്റഡി കാലാവധി അവസാനിച്ചതിനെ തുടർന്ന് തിഹാർ ജയിലിൽ നിന്ന് വീഡിയോ കോൺഫറൻസ് വഴിയാണ് കേജ്‌രിവാൾ കോടതിയിൽ ഹാജരായത്. കേജ്‌രിവാളിന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ വിക്രം ചൗധരി ഇ.ഡി സമർപ്പിച്ച രേഖകളുടെ വിശ്വാസ്യത ചോദ്യം ചെയ്തു. മാപ്പു സാക്ഷിയായ മഗുന്ത റെഡ്ഡിയുടെ പ്രസ്താവനകൾ വിശ്വസനീയമല്ല. കേസിൽ നിന്ന് ഒഴിവാക്കാമെന്ന വാഗ്ദാനം നൽകിയാണ് മാപ്പു സാക്ഷിയാക്കിയത്. സൗത്ത് ഗ്രൂപ്പിൽ നിന്ന് 100 കോടി വാങ്ങിയെന്ന ആരോപണം വെറും പ്രസ്താവന മാത്രമാണ്.

കേജ്‌രിവാൾ അന്വേഷണവുമായി സഹകരിക്കുമെന്ന് ഉറപ്പുള്ളതിനാലാണ് സുപ്രീംകോടതി ഇടക്കാല ജാമ്യം അനുവദിച്ചത്. തന്റെ കക്ഷി ഭരണഘടനാ പദവി വഹിക്കുന്ന ആളായിട്ടും പ്രത്യേക പരിഗണന ആവശ്യപ്പെട്ടിട്ടില്ല. അതിന് അർഹനാണെന്നും ചൂണ്ടിക്കാട്ടി. ഇ.ഡിക്ക് വേണ്ടി ഹാജരായ അഡിഷണൽ സോളിസിറ്റർ ജനറൽ (എ.എസ്.ജി) എസ്. വി രാജു, പൊതു തിരഞ്ഞെടുപ്പിൽ പ്രചാരണം നടത്താനാണ് കേജ്‌രിവാളിന് ഇടക്കാല ജാമ്യം അനുവദിച്ചതെന്ന് ചൂണ്ടിക്കാട്ടി.

കേജ്‌രിവാൾ100കോടിരൂപകൈക്കൂലി ആവശ്യപ്പെട്ടതായും അദ്ദേഹംപറഞ്ഞു. കള്ളപ്പണംവെളുപ്പിക്കൽകേസിൽ കുറ്റക്കാരനല്ലെന്ന് തെളിയിക്കേണ്ടത് കേജ്‌രിവാളാണ്. അദ്ദേഹം ഭരണഘടനാ പദവി വഹിക്കുന്നതിൽ കാര്യമില്ലെന്നും എ.എസ്.ജിവാദിച്ചു. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷമുള്ള അറസ്റ്റ് എന്ന ആരോപണത്തെ പ്രതിരോധിച്ച എ.എസ്.ജി അത് അന്വേഷണ ഉദ്യോഗസ്ഥന്റെ പ്രത്യേകാവകാശമാണെന്നും സമയത്തിന് പ്രസക്തിയില്ലെന്നും ചൂണ്ടിക്കാട്ടി. സാക്ഷി മൊഴികളിൽ സംശയമുണ്ടെങ്കിൽ വിചാരണഘട്ടത്തിൽ പരിശോധിക്കാം. കേജ്‌രിവാൾ പണം ആവശ്യപ്പെട്ടത് സാക്ഷി മൊഴികളില്ലാതെയും തെളിയിക്കാമെന്നു അദ്ദേഹം പറഞ്ഞു. ജനപ്രാതിനിധ്യ നിയമത്തിന് കീഴിലുള്ള വ്യക്തികളുടെ കൂട്ടായ്മയാണ് ആംആദ്മി പാർട്ടി. പാർട്ടിക്കായി ഒരു കുറ്റകൃത്യം ചെയ്താൽ, ചുമതലയുള്ള ഓരോ വ്യക്തിയും കുറ്റവാളിയാകുമെന്നും എസ്.വി. രാജു വാദിച്ചു.

മെഡിക്കൽ ബോർഡ് നടത്തുന്ന പരിശോധനയിൽ വീഡിയോ കോൺഫറൻസ് വഴി ഭാര്യയെ പങ്കെടുപ്പിക്കണമെന്ന കേജ്‌രിവാളിന്റെ അപേക്ഷയും കോടതി പരിഗണിക്കും.









# നാഗ ചൈതന്യയ്ക്കൊപ്പമുള്ള ആദ്യ ചിത്രത്തെക്കുറിച്ച് സാമന്ത റൂത്ത് പ്രഭു





ആരാധകർ ഏറെയുള്ള പ്രിയ താരമാണ് നടി സാമന്ത റൂത്ത് പ്രഭു. താരമിപ്പോൾ സിനിമകളിൽ നിന്ന് ഇടവേളയെടുത്തിരിക്കുകയാണ്. എന്നാൽ സോഷ്യൽ മീഡിയയിൽ സജീവമായ താരം തന്റെ എല്ലാ വിശേഷങ്ങളും സോഷ്യൽ മീഡിയയിലൂടെ പങ്കുവയ്ക്കാറുണ്ട്.അതുപോലെ,വിവാഹമോചനമോ ആരോഗ്യപ്രശ്നങ്ങളോ ആയിക്കൊള്ളട്ടെ, എല്ലാ കാര്യങ്ങളും നടി എപ്പോഴും തുറന്നുപറയാറുണ്ട്. ഇപ്പോഴിതാ തന്റെ സിനിമ യാത്രയെക്കുറിച്ച് പറയുകയാണ് നടി. ഇന്ത്യാ ടുഡേ കോൺക്ലേവിൽ. ഇൻഡസ്ട്രിയിലെ തന്റെ യാത്രയെക്കുറിച്ചും ഗൗതം വാസുദേവ് മേനോൻ സിനിമയിൽ താൻ എങ്ങനെ എത്തിയെന്നതിനെക്കുറിച്ചും സാമന്ത സംസാരിച്ചു. നാഗ ചൈതന്യയ്ക്കൊപ്പമുള്ള യേ മായ ചേസാവേയിലെ ചിത്രങ്ങൾ സ്ക്രീനിൽ തെളിഞ്ഞപ്പോൾ സാം പറഞ്ഞു പറഞ്ഞു, ഞാൻ വളരെക്കാലം ഭയത്തിന്റെ ഇടത്തിൽ നിന്നാണ് പ്രവർത്തിച്ചത്. നിങ്ങളുടെ വിഭവങ്ങളും നിങ്ങളുടെ മനസ്സും പരിമിതമായിരുന്നു. പരാജയഭീതിയാണ് ഇന്ന് എനിക്കുള്ളതെല്ലാം നേടാൻ എന്നെ പ്രേരിപ്പിച്ചതെന്ന് ഞാൻ കരുതുന്നു, നടി കൂട്ടിച്ചേർത്തു.അതേസമയം, 2017ൽ ഏഴ് വർഷത്തെ പ്രണയത്തിനൊടുവിൽ ആയിരുന്നു നാഗചൈതന്യയും സാമന്തയും വിവാഹിതരായത്. 'യേ മായ ചെസവേ' എന്ന ചിത്രത്തിന്റെ സെറ്റിൽ വച്ച് 2009ൽ ആയിരുന്നു ആദ്യമായി ഒന്നിച്ച് അഭിനയിക്കുന്നത്. 2021ൽ ആണ് ചൈതന്യയും സാമന്തയും വേർപിരിഞ്ഞത്. വർക്ക് ഫ്രണ്ടിൽ, സാമന്തയ്ക്ക് ചില ആവേശകരമായ പ്രോജക്ടുകൾ ഉണ്ട്. ആദ്യത്തേത് സിറ്റാഡൽ: ഹണി ബണ്ണി, ബോളിവുഡ് നടൻ വരുൺ ധവാനൊപ്പം. സിക്കന്ദർ ഖേർ, കേ കേ മേനോൻ, സാഖിബ് സലീം, എമ്മ കാനിംഗ് എന്നിവരും പ്രധാന വേഷങ്ങളിൽ എത്തുന്നു.

## നിർമിച്ചത് ഒരൊറ്റ കോപ്പി; വു ടാങ് ക്ലാന്റെ അത്യപൂർവ ആൽബം പ്ലേ ചെയ്ത് ഓസ്ട്രേലിയൻ മ്യൂസിയം



അമേരിക്കൻ ഹിപ്-ഹോപ്പ് ഗ്രൂപ്പായ വു ടാങ് ക്ലാന്റെ അപൂർവ ആൽബം പ്ലേ ചെയ്ത് ഓസ്ട്രേലിയൻ മ്യൂസിയം. ടാസ്മാനിയയിലെ മ്യൂസിയം ഓഫ് ഓൾഡ് ആൻഡ് ന്യൂ ആർട്ടിൽ ദിവസത്തിൽ രണ്ടുതവണ ട്രാക്കുകൾ പൊതുജനങ്ങൾക്കായി പ്ലേ ചെയ്യും. ഒരൊറ്റ കോപ്പി മാത്രമുള്ള ഈ സംഗീത ആൽബം ജൂൺ 15 മുതൽ 24 വരെ മ്യൂസിയത്തിൽ കേൾപ്പിക്കും.ആൽബത്തിന്റെ മുപ്പത് മിനിറ്റ് സാമ്പിളുകൾ മാത്രമേ പ്രേക്ഷകർക്ക് കേൾക്കാൻ കഴിയൂ. ലോകമെമ്പാടുമുള്ള ആരാധകരുള്ള വു-ടാങ് ക്ലാൻ ഗ്രൂപ്പ് രഹസ്യമായി റെക്കോർഡ് ചെയ്ത ആൽബത്തിന് ഒരൊറ്റ കോപ്പി മാത്രമായിരുന്നു നിർമിച്ചത്. ആറ് വർഷത്തിനിടയിൽ റെക്കോർഡ് ചെയ്ത 31 ട്രാക്കുകൾ ആണ് ആൽബത്തിൽ ഉള്ളത്. വൺസ് അപ്പോൺ എ ടൈം ഇൻ ഷാവോലിൻ എന്ന് പേരിട്ടിരിക്കുന്ന ട്രാക്കിലെ ആൽബങ്ങൾ 2006 നും 2013 നും ഇടയിലാണ് റെക്കോർഡ് ചെയ്തിരിക്കുന്നത്. ഓൺലൈൻ സ്ട്രീമിംഗും പൈറസിയും മൂലം സംഗീതത്തിന്റെ മൂല്യം 'വിലകുറഞ്ഞതായി' തോന്നിയതിനാലാണ് വു ടാങ് ക്ലാൻ സംഘം ഇത്തരമൊരു ആൽബം സംഘം നിർമിച്ചത്. ആൽബത്തിന്റെ ഉടമയ്ക്ക് 88 വർഷത്തേക്ക് ട്രാക്കുകൾ പുറത്തിറക്കാൻ കഴിയില്ലെന്ന നിയമ വ്യവസ്ഥയുണ്ട്.തുകൽ കൊണ്ട് പൊതിഞ്ഞ 174 പേജുള്ള പുസ്തകം ഉൾപ്പെടെ വെള്ളിയും നിക്കലും ഉപയോഗിച്ച് കൈകൊണ്ട് നിർമ്മിച്ച കെയ്സിലാണ് ആൽബം പായ്ക്ക് ചെയ്തിരിക്കുന്നത്. യുഎസ് ഗവൺമെന്റിൽ നിന്നും 4 മില്യൺ ഡോളറിന് Pleasr DAO എന്ന നോൺ-ഫംഗബിൾ ടോക്കൺ കളക്ടർമാർ ആൽബം സ്വന്തമാക്കുകയായിരുന്നു.

## കെവിൻ കോസ്റ്റ്നർ ജുവലുമായി ഡേറ്റിംഗിലോ?



മാസങ്ങളോളം നീണ്ടു നിന്ന് ഊഹാപോഹങ്ങൾക്കൊടുവിൽ തങ്ങൾ ഡേറ്റിങ്ങിൽ അല്ലെന്ന് തുറന്ന് പറഞ്ഞ് കെവിൻ കോസ്റ്റ്നറും ജ്യുവലും.ചൊവ്വാഴ്ച 'ദി ഹോവാർഡ് സ്റ്റേൺ ഷോ'യിൽ പ്രത്യക്ഷപ്പെട്ട കോസ്റ്റ്നർ, താനും ജുവലും സമീപ മാസങ്ങളിൽ ഒരുപാട് സംസാരിച്ചിട്ടുണ്ടെന്നും എന്നാൽ ഞങ്ങൾ ഒരിക്കലും പ്രണയത്തിൽ എത്തിയിട്ടില്ലെന്നും വ്യക്തമാക്കി.'ഞങ്ങൾക്കിടയിൽ സൗഹൃദമുണ്ട്, അത് പ്രണയമല്ല, ഞങ്ങൾ ഡേറ്റ് ചെയ്തിട്ടില്ല, ഈ കിംവദന്തികൾ കാരണം ഞങ്ങളുടെ സൗഹൃദം നശിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല- നടൻ വിശദീകരിച്ചു. ഡിസംബറിൽ ബ്രിട്ടീഷ് വിർജിൻ ദ്വീപുകളിൽ ഇരുവരെയും ഒരുമിച്ച് കണ്ടതോടെയാണ് കോസ്റ്റ്നറും ജുവലും പ്രണയത്തിലാണെന്ന വാർത്തകൾ പുറത്ത് വന്നത്. കോസ്റ്റ്നറും ഭാര്യ ക്രിസ്റ്റീൻ ബോംഗാർട്ട്നറും മാസങ്ങൾക്ക് മുമ്പ് വേർപിരിഞ്ഞുവെന്നത് കണക്കിലെടുത്താണ് റിപ്പോർട്ടുകൾ പ്രചരിക്കാൻ തുടങ്ങിയത്.

## സിനിമാ ചിത്രീകരണത്തിനിടയിൽ പ്രിയങ്ക ചോപ്രയ്ക്ക് പരിക്ക്



ബോളിവുഡ് താരം പ്രിയങ്ക ചോപ്രയ്ക്ക് സിനിമാ ചിത്രീകരണത്തിനിടയിൽ പരിക്ക്. ദ ബ്ലഫ് എന്ന ചിത്രത്തിലെ സംഘട്ടന രംഗത്തിനിടെയാണ് താരത്തിന് കഴുത്തിന് മുറിവേറ്റത്. 'ജോലിക്കിടയിലെ അപകടങ്ങൾ' എന്ന കുറിപ്പോടെ താരം തന്നെയാണ് ചിത്രം സോഷ്യൽമീഡിയയിൽ പങ്കുവെച്ചത്. ഫ്രാങ്ക് ഇ ഫ്ളവേഴ്സ് സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് ദ ബ്ലഫ്. പത്തൊൻപതാം നൂറ്റാണ്ടിലെ കരീബിയൻ പശ്ചാത്തലത്തിലാണ് ഒരുക്കുന്നത്. ചിത്രത്തിൽ ഒരു കടൽ കൊള്ളക്കാരിയുടെ വേഷത്തിലാണ് പ്രിയങ്ക എത്തുക. തന്റെ കുടുംബത്തെ സംരക്ഷിക്കുന്നതിനായി കഥാപാത്രം നടത്തുന്ന ശ്രമങ്ങളാണ് സിനിമ പറയുന്നത്.

# സിനിമയുടെ റേറ്റിങ് ഉയർത്താൻ ലോബി; പരാതിയുമായി നിർമാതാക്കൾ

2024 മലയാള സിനിമയുടെ ഭാഗ്യവർഷമായാണ് കരുതി പോന്നത്. പ്രേമലു, മഞ്ഞുമ്മൽ ബോയ്സ്, ആവേശം, ആടുജീവിതം തുടങ്ങിയ സിനിമകളാണ് ഈ വർഷം നേട്ടം കരസ്ഥമാക്കിയത്. അതിൽ തന്നെ മഞ്ഞുമ്മൽ ബോയ്സ് 200 കോടി ക്ലബ്ബിൽ കയറി.മഞ്ഞുമ്മൽ 200 കോടി ക്ലബ്ബിൽ കയറിയ സന്തോഷത്തിൽ നിൽക്കുമ്പോഴാണ് സിനിമയുടെ നിർമ്മാതാക്കളിൽ ഒരാൾ സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട് പരാതി നൽകിയത്. ആ പരാതിയ്ക്ക് പിന്നാലെ നടൻ സൗബിനെ കള്ളപ്പണ ഇടപാടിൽ ചോദ്യം ചെയ്തിരുന്നു. ഇതുകൊണ്ടും നിൽക്കുന്നില്ല സിനിമയ്ക്കുള്ളിലെ പരാതി എന്നാണ് ഇപ്പോൾ വ്യക്തമാകുന്നത്. മഞ്ഞുമ്മൽ ബോയ്സ് സിനിമയുടെ ലാഭം പെരുപ്പിച്ചു കാട്ടി കള്ളപ്പണം വെളുപ്പിച്ചതായുള്ള പരാതിയിൽ കേസ് റജിസ്റ്റർ ചെയ്തതിനു പിന്നാലെ മലയാള സിനിമയിലെ 2 നിർമാതാക്കൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനു (ഇ.ഡി) വിവരങ്ങൾ കൈമാറി. പ്രദർശനത്തിന് അഞ്ചും ആറും മണിക്കൂർ മുൻപുതന്നെ ബുക്കിങ് ആപ്പിൽ ഹൗസ്ഫുള്ളായി കാണിക്കുന്ന ചില സിനിമകൾ പകുതിയിൽ അധികം ഒഴിഞ്ഞ സീറ്റുകളോടെ പ്രദർശിപ്പിക്കുന്നതിന്റെ ചിത്രങ്ങളും വിഡിയോകളും അടക്കമാണ് ഇ.ഡിക്കു പരാതി ലഭിച്ചത്. ചില സിനിമകളുടെ കേരളത്തിലെ ടിക്കറ്റ് കളക്ഷൻ പെരുപ്പിച്ചു കാണിക്കാനും സിനിമയുടെ റേറ്റിങ് ഉയർത്തിക്കാട്ടി കാണികളെ തിയറ്ററിൽ എത്തിക്കാനും ഒരു ലോബി പ്രവർത്തിക്കുന്നുണ്ടെന്ന വിവരമാണു ഇവർ പരാതിയായി നൽകിയത്.



## ഗായകൻ ടിംബർലേക്ക് അറസ്റ്റിൽ

ന്യൂയോർക്ക്: മദ്യപിച്ച് വാഹനമോടിച്ചതിന് അമേരിക്കൻ ഗായകനും ഗാനരചയിതാവും നടനുമായ ജസ്റ്റിൻ ടിംബർലേക്ക് ന്യൂയോർക്കിൽ അറസ്റ്റിലായി. ടിംബർലേക്കിനെ പിന്നീട് കോടതിയിൽ ഹാജരാക്കുമെന്നാണ് റിപ്പോർട്ട്. ചൊവ്വാഴ്ച രാവിലെ വരെ ഗായകൻ പോലീസ് കസ്റ്റഡിയിലായിരുന്നുവെന്ന് ഒരു ഉറവിടത്തെ ഉദ്ധരിച്ച് എൻബിസി റിപ്പോർട്ട് ചെയ്തു. മാർച്ചിൽ അരങ്ങേറിയ തന്റെ ഏറ്റവും പുതിയ ആൽബമായ 'എവരിതിംഗ് ഐ തോട്ട് ഇറ്റ് വാസ്' പ്രൊമോട്ട് ചെയ്തുകൊണ്ട് 'ഫോർഗെറ്റ് ടുമാറോ' എന്ന പേരിൽ ടിംബർലെക്ക് ആഗോള പര്യടനം നടത്തി വരികയാണ്. അടുത്തയാഴ്ച ചിക്കാഗോയിലെ യുണൈറ്റഡ് സെന്ററിലും ന്യൂയോർക്കിലെ മാഡിസൺ സ്ക്വയർ ഗാർഡനിലും ടിംബർലേക്ക് രണ്ട് പരിപാടികൾ വീതം നടത്താനൊരുങ്ങുകയാണ്. ടൂറിന്റെ വടക്കേ അമേരിക്കൻ ഭാഗം ജൂലൈ 9-ന് കെന്റക്കിയിൽ സമാപിക്കും. തുടർന്ന് ഈ മാസം അവസാനം യൂറോപ്പിൽ ഷോകൾ ആരംഭിക്കും.

## പത്ത് വരിയിൽ 'ആടുജീവിതം കഥ' വൈറൽലായത് പങ്കുവെച്ച് ബെന്യാമിൻ





പൃഥ്വിരാജിന്റെ കരിയറിലെ തന്നെ അടയാളപ്പെടുത്താവുന്ന സിനിമയാണ് 'ആടുജീവിതം'. ബെന്യാമിന്റെ നോവലിനെ അടിസ്ഥാനമാക്കി സംവിധായകൻ ബ്ലെസിയാണ് ആടുജീവിതം സിനിമ ഒരുക്കിയത്. ലോകശ്രദ്ധ പിടിച്ചു പറ്റിയ ചിത്രത്തിന്റെ കഥ പത്ത് വരിയിൽ എഴുതിയിരിക്കുകയാണ് മന്തരത്തൂർ എം എൽ പി സ്കൂൾ വിദ്യാർത്ഥിനി നന്മ തേജസ്വിനി എന്ന മിടുക്കിക്കുട്ടി.നോട്ടുബുക്കിൽ കുട്ടി എഴുതിയ കഥയുടെ ചിത്രം ബെന്യാമിൻ സോഷ്യൽ മീഡിയയിൽ പങ്കുവെച്ചിട്ടുണ്ട്. 'ഇത്രേ ഒള്ളൂ... മന്തരത്തൂർ എം എൽ പി സ്കൂൾ വിദ്യാർത്ഥിനി നന്മ തേജസ്വിനി എന്ന മിടുക്കിക്കുട്ടി' എന്നാണ് ബെന്യാമിൻ ഫേസ്ബുക്കിൽ കുറിച്ചിരിക്കുന്നത്. 'ഒരു ദിവസം നജീബ് എന്ന ഒരാൾ ജീവിച്ചിരുന്നു, ഒരുനാള് നജീബ് ദുബായിൽ പോയി, അവിടത്തെ അറബ് മനുഷ്യൻ നജീബിനെ പറ്റിച്ച് മരുഭൂമിയിൽ ഇട്ടു. കുറെ വർഷങ്ങൾ കഴിഞ്ഞു, നജീബ് ആടിന്റെ പുല്ലും ആടിന്റെ വെള്ളവും കുടിച്ച് ജീവിച്ചു. ഒരു ദിവസം നജീബിനെ രക്ഷിക്കാൻ ഒരാള് വന്നു. രക്ഷിച്ച് കൊണ്ട് പോയി. പെരിയോനേ റഹ്മാനെ... പെരിയോനേ റഹീം... 'എന്നാണ് നോട്ടുബുക്കിൽ നന്മ തേജസ്വിനി എഴുതിയത്.

## വർഷങ്ങൾക്ക് ശേഷം ഒടിടിയിൽ കണ്ടാൽ ആർക്കും ബോറടിക്കും: ധ്യാൻ ശ്രീനിവാസൻ



''വർഷങ്ങൾക്ക് ശേഷം'' സിനിമയെക്കുറിച്ച് ധ്യാൻ ശ്രീനിവാസൻ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധേയമാകുന്നു. വർഷങ്ങൾക്ക് ശേഷം സിനിമ ഒടിടിയിൽ കണ്ടാൽ ആർക്കും ബോറടിക്കുമെന്നും പ്രണവ് മോഹൻലാലിൻറെ മേക്കപ്പ് ചേരുന്നതാണോയെന്ന് ആശങ്ക ഉണ്ടായിരുന്നുവെന്നും ധ്യാൻ ശ്രീനിവാസൻ പറയുന്നു. പുതിയ സിനിമയുടെ പ്രമോഷൻറെ ഭാഗമായി നൽകിയ അഭിമുഖത്തിലാണ് ധ്യാൻ വർഷങ്ങൾക്ക് ശേഷം സിനിമയെക്കുറിച്ച് തുറന്നു പറഞ്ഞത്. താരത്തിൻറെ വാക്കുകൾ ഇങ്ങനെ: ''സെക്കൻഡ് ഹാഫ് ചെയ്യാനിരുന്നത് മോഹൻലാലും അച്ഛനും ചേർന്നായിരുന്നുവെന്നും എന്നാൽ പിന്നീട് അതു നടക്കാതെ പോയെന്നും ധ്യാൻ പറയുന്നു. സിനിമയുടെ അവസാന ഭാഗത്ത് ചേട്ടൻ ഡ്രൈവറായി വരുന്നുണ്ട്. ഇതിൽ വേറൊരാളെ ഡ്രൈവറുടെ വേഷത്തിൽ വയ്ക്കണമെന്ന് തുടക്കം മുതൽ ഞാൻ ചേട്ടനോടു പറഞ്ഞിരുന്നു. പുള്ളി എഴുതിയ കഥ, ഞാനും ചേട്ടനും അഭിനയിക്കുന്നു. ചിലപ്പോൾ വേറൊരാളെ വച്ചിരുന്നെങ്കിൽ അവിടെയും ആ ക്ലീഷേ വരില്ലായിരുന്നു. എന്നാൽ ഞങ്ങളൊരുമിച്ചൊരു കോംബോ വേണമെന്നത് വിശാഖിന് (വിശാഖ് സുബ്രഹ്മണ്യം) നിർബന്ധമായിരുന്നു. ചേട്ടന് ആ റോൾ ചെയ്യാൻ ഒരു താൽപര്യവുമില്ലായിരുന്നു.പ്രണവിൻറെ മേക്കപ്പിൻറെ കാര്യത്തിൽ അജുവും സെറ്റിലുള്ള പലരും ഇത് ഓക്കെ ആണോ എന്ന് എന്നോടു ചോദിച്ചിരുന്നു. എന്നാൽ ചേട്ടന് അത് ഓക്കെ ആയിരുന്നു. എനിക്കും അജുവിനും ഈ ലുക്കിൽ ആ കഥാപാത്രം ഓക്കെ ആണോ എന്ന ആശങ്ക ഉണ്ടായിരുന്നു. പക്ഷേ ആത്യന്തികമായി അതെല്ലാം തീരുമാനിക്കുന്നത് സംവിധായകനാണ്.എൻറെ ലുക്ക് ചെയ്തു വന്നപ്പോഴും പല സംശയങ്ങളും ഉണ്ടായിരുന്നു. എന്നിരുന്നാലും ഫസ്റ്റ് ഹാഫിൽ ചെറിയ ലാഗും ക്രിഞ്ചും ഒക്കെ ഉണ്ട്. സ്ഥിരം വിനീത് ശ്രീനിവാസൻ സിനിമകളിൽ കാണുന്ന എല്ലാ ക്രിഞ്ചും ക്ലീഷേയും ഉള്ള ഫോർമുല സിനിമയാണിത്.ചില സിറ്റുവേഷനൊക്കെ കാണുമ്പോൾ ഇത് ക്ലീഷേ അല്ലേ എന്നു തോന്നും. തിയറ്ററിലും ചെറിയ രീതിയിൽ എനിക്കു ബോറടിച്ചിരുന്നു. ഇതൊരു വലിയ സിനിമയാണെന്ന അവകാശവാദമൊന്നുമില്ലായിരുന്നു.പക്ഷേ പ്രേക്ഷകരുടെ കണ്ണിൽ പെടാതിരിട്ടും, മ്യൂസിക്കും പരിപാടിയുമൊക്കെയായി അദ്ദേഹം അത് വിജയിപ്പിച്ചെടുക്കും. സിനിമയുടെ കാര്യത്തിൽ ഓരോ ആളുകളുടെയും കാഴ്ചപ്പാട് വ്യത്യാസപ്പെട്ടിരിക്കും. തിയറ്ററിൽ വന്നപ്പോൾ ഇത്രയേറെ വിമർശനങ്ങൾ സിനിമയ്ക്കു ലഭിച്ചില്ല.ഇമോഷനൽ ഡ്രാമ ഒടിടിയിലോ ടിവിയിലോ കണ്ടിരിക്കാൻ പറ്റില്ല. അത്തരം സിനിമകൾക്ക് ലാഗ് സംഭവിക്കും, പ്രേക്ഷകന് ബോറടിക്കും. ഈ സിനിമയ്ക്കും ലാഗ് ഉണ്ട്. ഇതെന്താ തീരാത്തത് എന്നു തോന്നും. ഈ സിനിമ തിയറ്ററിൽ റിലീസ് ചെയ്ത് രണ്ടാം വാരം കഴിഞ്ഞപ്പോഴെ സിനിമയുടെ രണ്ടാം ഭാഗത്ത് പാളിച്ചകൾ ഉണ്ടായിരുന്നുവെന്ന് ഞാൻ തന്നെ തുറന്നു പറഞ്ഞിരുന്നു.

# 'ഗ്ർർർ' എന്നു ഒരു നേതാവ് മുരളുന്നു, പാർട്ടിയിലുള്ളവർ വാല് ചുരുട്ടുന്നു..!

കേരളാ വിൻഡോ


ആന്റണി ചടയംമുറി

കുഞ്ചാക്കോ ബോബൻ നായകനായിട്ടുള്ള പുതിയ സിനിമയുടെ പേര് 'ഗ്ർർർ!' എന്നാണ്. ഹോളിവുഡ് സിനിമകളിൽ തകർത്തഭിനയിച്ചിട്ടുള്ള മോജോ എന്ന സിംഹമാണ് സിനിമയുടെ ഏറ്റവും വലിയ അട്രാക്ഷൻ. 'ഗ്ർർർ' സിനിമയിൽ ഇടവിട്ടിട്ടുള്ള ദിവസങ്ങളിലേ ഷൂട്ടിംഗുള്ളൂ. കാരണം, മോജോ തന്നെ. തുടർച്ചയായി അഭിനയിക്കില്ലെന്നു മാത്രമല്ല, മൂഡ് പോയാൽ മോജോ എന്ന സ്വഭാവ നടന്റെ സ്വഭാവം മാറും.

അതുകൊണ്ട് സംവിധായകന്റെ കട്ടും കടുംവെട്ടുമൊന്നും ഈ സിംഹത്താന് പ്രശ്നമേയല്ല. സിനിമയിൽ ദർശൻ എന്ന കഥാപാത്രമായാണ് മോജോ എത്തുന്നത്. ഒരു മതത്തിലും പെടാത്ത പേരായതിനാൽ വിലക്കുണ്ടാവില്ലെന്ന് സംവിധായകൻ ജെയ് കരുതുന്നു.

എന്തിനാണ് മോജോ എന്ന സിംഹരാജാവിനെക്കുറിച്ച് ഇങ്ങനെ വിവരിച്ചതെന്ന് ചിലർ സംശയിക്കും. കാരണം പറയാം: അഞ്ചു ദിവസം നീളുന്ന സി.പി. എമ്മിന്റെ സംസ്ഥാന കമ്മിറ്റിയോഗത്തിൽ മോജോയെ പോലെ ഒരു നേതാവും പങ്കെടുക്കുന്നുണ്ട്. 'ഗ്ർർർ' എന്ന് മുരണ്ടുകൊണ്ട് യോഗത്തിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന പല നേതാക്കളെയും അദ്ദേഹം നിശ്ശബ്ദരാക്കുന്നതായി പരദൂഷണമുയർന്നിട്ടുണ്ട്. സി.പി.എം, സി.പി.ഐ. എന്നീ പാർട്ടികളുടെ ജില്ലാ കമ്മിറ്റികളിൽ മുഖ്യമന്ത്രിയ്ക്കെതിരെയും അദ്ദേഹത്തിന്റെ ശൈലിക്കെതിരെയുമുള്ള വിമർശനമുയർന്നതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

സി.പി.ഐ.യുടെ തിരുവനന്തപുരം ജില്ലാ കമ്മിറ്റി ഭരണവിരുദ്ധവികാരമാണ് ലോകസഭയിൽ ഇടതുമുന്നണി സ്ഥാനാർത്ഥികൾ തോൽക്കാൻ കാരണമെന്ന് അഭിപ്രായപ്പെട്ടതും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ബുധനാഴ്ച (ജൂൺ 19) സി.പി.ഐ. സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ചാനലുകളിൽ പറഞ്ഞത് മുഖ്യമന്ത്രി രാജിവയ്ക്കേണ്ട കാര്യമില്ലെന്നാണ്. ചൊവ്വാഴ്ച സി.പി.ഐ. നേതാവ് കെ.ഇ. ഇസ്മയിൽ മുഖ്യമന്ത്രിയുടെ ധാർഷ്ട്യവും ഭരണവിരുദ്ധ വികാരവുമാണ് ലോകസഭാ തോൽവിക്ക് കാരണമെന്നു പറഞ്ഞതിന്റെ പുറത്ത് ബിനോയ് വിശ്വത്തെ പോലെയുള്ള ഒരു നേതാവ് 'ജനതാസം' അടിച്ച് വെളുപ്പിക്കുന്നതെന്തിനാണാവോ?

## ഇങ്ങനെ പുതപ്പിട്ട് മൂടല്ലേ, കൂട്ടരേ

എല്ലാം കാലിയായ മാവേലി സ്റ്റോറുകളും 6 മാസമായി മുടങ്ങിക്കിടക്കുന്ന ക്ഷേമപെൻഷനുകളും ജനങ്ങളെ സർക്കാരിന് എതിരാക്കിയില്ലേയെന്ന് ചോദിക്കുന്നുണ്ട് സി.പി.എം. അണികൾ. പോരാളി ഷാജിയെന്ന സോഷ്യൽ മീഡിയ സൈബർ പോരാളിയാണ് ഇടതു തോൽവിക്ക് കാരണമെന്നു പറഞ്ഞ എം.വി. ജയരാജൻ മുഖ്യമന്ത്രിയുടെ ബൂത്തിൽ പോലും ബി.ജെ.പിക്ക് സി.പി.എമ്മിനേക്കാൾ വോട്ട് കിട്ടിയത് അറിഞ്ഞില്ലേ? മുഖ്യന്റെ നിയമസഭാ മണ്ഡലമടക്കം പലേടത്തും യു.ഡി.എഫിന് കൂടുതൽ വോട്ട് കിട്ടിയെന്ന രാഷ്ട്രീയ യാഥാർത്ഥ്യങ്ങൾ ആരെ സോപ്പിടാനാണ് ജയരാജനെ പോലെ മാന്യന്മാരായ നേതാക്കൾ മൂടിവെയ്ക്കുന്നത്?

പത്തനംതിട്ടയിൽ ജില്ലാ കമ്മിറ്റി ഇടപെട്ട് ലൈംഗിക കുറ്റവാളിയായി കരുതപ്പെടുന്ന നേതാവിന്റെ പുറത്താക്കൽ പിൻവലിച്ചതായി വാർത്തകളുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസിൽ, മറ്റ് ചില ക്യാബിനറ്റ് തസ്തികയുള്ള പോസ്റ്റുകളിലെല്ലാം 'സംശയാസ്പദമായ' വരെ തിരുകിക്കയറ്റിയതു പോലും തിരുത്താനാവാത്ത വിധം സി.പി.എം. എന്ന കേഡർ പാർട്ടി അധഃപതിച്ചുവോ? തിരുവായ്ക്ക് എതിർവായില്ലെന്ന മട്ടിലുള്ള പാർട്ടിയിലെ ഒരു നേതാവിന്റെ 'സിംഹവേഷം' മൂലം പാവപ്പെട്ടവരുടെയും അധ്വാനിക്കുന്നവരുടെയും പാർട്ടിയെന്ന സൽപ്പേര് സി.പി.എമ്മിന് കൈമോശം വരികയാണോ?

അതല്ലെങ്കിൽ, ബി.ജെ.പിക്കുവേണ്ടി പാർട്ടി ഗ്രാമങ്ങളിൽ പോലും പരവതാനി വിരിച്ചുകൊടുത്തും കേന്ദ്ര ഏജൻസികളുടെ അന്വേഷണങ്ങളിൽ നിന്ന് രക്ഷപ്പെടാനുള്ള തന്ത്രങ്ങളാണോ ചിലർ പയറ്റുന്നത്? ചങ്ങാത്ത മുതലാളിത്തത്തിന്റെ ഏറ്റവും ഹീനമായ അഴിമതിയുടെ ചെളിക്കുണ്ടിലേക്ക് സാധാരണക്കാരായ സഖാക്കൾ ചോര വീഴ്ത്തിയും ജീവൻ ബലി കഴിച്ചും കെട്ടിപ്പടുത്ത കേരളത്തിലെ സി.പി.എമ്മിന്റെ രാഷ്ട്രീയ മാർഗങ്ങളിൽ കലർന്ന മാലിന്യം കഴുകിക്കളയാനുള്ള പടയണികൾ എന്തുകൊണ്ട് ഈ പാർട്ടിയിൽ ഉണ്ടാകുന്നില്ല?

ബംഗാളിൽ കോൺഗ്രസുമായുള്ള സഖ്യം തുടരാൻ സി.പി.എമ്മിന്റെ ദേശീയ നേതൃത്വം തീരുമാനിച്ചിരിക്കെ, കേരളത്തിലെ ചില നേതാക്കൾ എന്തുകൊണ്ട്, കോൺഗ്രസിനെ ഇവിടെ മുഖ്യശത്രുവായി കാണുന്നു? ഗ്ർർർ എന്ന് മുരളുന്ന സിംഹനേതാവിന്റെ മുമ്പിൽ അടിയറവയ്ക്കാനുള്ളതാണോ സി.പി. എമ്മിന്റെ ഉൾപ്പാർട്ടി ജനാധിപത്യം?



## ഇവന്റ് നടത്തിപ്പും കമ്മീഷനും, അടിപൊളിയേ...

ലോക കേരളസഭയിൽ, കേരളത്തിന്റെ പൈതൃക കലകൾ അമേരിക്കയിലും മറ്റും അവതരിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കിയതായി മുഖ്യമന്ത്രി പറഞ്ഞതു കേട്ടു. നല്ലത്. കേരളത്തിലെ പൈതൃക കലകൾ വളർത്തുന്നതിൽ അമ്പേ പരാജയപ്പെട്ട സർക്കാരാണിത്. 'ഇവന്റ് നടത്തിപ്പും കമ്മീഷനുമെന്ന മിനിമം പരിപാടിയാണ് സർക്കാരിനും പല ഉദ്യോഗസ്ഥർക്കുമുള്ളത്. പാവപ്പെട്ടവരുടെ നക്കാപ്പിച്ച പെൻഷനും റേഷൻ അരിയും കൃത്യമായി വിതരണം ചെയ്യാൻ കഴിയാത്ത സർക്കാരാണിത്. ജനങ്ങളുടെ നികുതിപ്പണമെടുത്ത് ഇത്തരം തരികിട പരിപാടികൾ സംഘടിപ്പിക്കുമ്പോൾ സർക്കാരിന്റെ ആനുകൂല്യങ്ങൾക്കായി കാത്തിരിക്കുന്ന ജനലക്ഷങ്ങളെ ഇവർ മറക്കുന്നതെന്ത് ?

കൊട്ടിഘോഷിച്ചു നടത്തിയ നവകേരള സദസ്സിനായി ചെലവഴിച്ച തുക, നവകേരള ബസ്സ് നേരെ വേദിയിലെത്തിക്കാനായി ഇടിച്ചുപൊളിച്ച സ്കൂൾ മതിലുകളുടെ കണക്ക്, പിരിഞ്ഞു കിട്ടിയ സ്പോൺസർഷിപ്പ് തുക എന്നിവയ്ക്കൊന്നും ഇപ്പോഴും സർക്കാരിന്റെ കൈവശം കണക്കില്ലെന്നും, അതെല്ലാം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും നിയമസഭയിൽ പറയാൻ മുഖ്യമന്ത്രിക്ക് നാണമില്ലേയെന്ന് ചിലർ ചോദിക്കുന്നുണ്ടെങ്കിലും, ഇതുവരെയും ഇക്കാര്യത്തിൽ ഔദ്യോഗിക വിശദീകരണമൊന്നുമില്ല.

എസ്.എഫ്.ഐ. മിക്ക കലാലയങ്ങളിലും ഒറ്റപ്പെടുകയാണെന്ന പ്രചരണം പൂർണ്ണമായി വിശ്വസിക്കാനാവില്ല. എങ്കിലും, കെ.എസ്.യു കോഴിക്കോട് വാഴ്സിറ്റി യൂണിയനിലേക്കുള്ള തെരഞ്ഞെടുപ്പിൽ എം.എസ്.എഫുമായി മുന്നണിയുണ്ടാക്കി നേടിയ വിജയം മധുരമുള്ളതാണ്. സിദ്ധാർത്ഥൻ എന്ന വിദ്യാർത്ഥിയെ പച്ചയ്ക്ക് പിച്ചിപ്പറിച്ച് കൊന്നത് എസ്.എഫ്.ഐ. വിദ്യാർത്ഥികളാണെന്ന പരാതിയുയർന്നെങ്കിലും, ആ കൊലപാതകത്തിൽ നിന്ന് പാഠം പഠിക്കാൻ ഇടത് അനുഭാവികളായ വിദ്യാർത്ഥികൾ തയ്യാറായോ ?

ഏതായാലും എസ്.എഫ്.ഐ. ഉയർത്തിയ രാഷ്ട്രീയ കോലാഹലത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നേട്ടമുണ്ടാക്കുമെന്ന് പുതിയ വാർത്തകളുണ്ട്. സെപ്തംബറിൽ കാലാവധി പൂർത്തിയാക്കുന്ന ഗവർണറുടെ കാലാവധി കേന്ദ്രം നീട്ടി നൽകിയേക്കുമെന്നാണ് അനന്തപുരിയിലെ ജനസംസാരം. പരസ്പരം ഉടക്കുന്നതിൽ കട്ടയ്ക്ക് നിൽക്കുന്ന ഗവർണറും മുഖ്യമന്ത്രിയും അഭിനയിക്കുന്ന ചില 'സ്റ്റണ്ട് നാടക'ങ്ങൾ ഇനിയും പ്രത്യക്ഷപ്പെട്ടുവെന്നു വരാം.

## ടർബോ സിനിമയും മഹീന്ദ്ര താറും

വൈശാഖിന്റെ ടർബോ ഹിറ്റായപ്പോൾ വാഹന വിപണിയിൽ ലോട്ടറിയടിച്ച വാഹനമാണ് മഹീന്ദ്ര താർ. മഹീന്ദ്രയുടെ രണ്ട് സഹോദരന്മാരും മുഹമ്മദ് എന്ന മറ്റൊരാളും ചേർന്നാണ് 'മഹീന്ദ്ര ആൻഡ് മുഹമ്മദ്' എന്ന വാഹന നിർമ്മാണ കമ്പനി തുടങ്ങിയത്. പാക്കിസ്ഥാൻ വിഭജനത്തോടെ മുഹമ്മദ് മഹീന്ദ്ര ആൻഡ് മഹീന്ദ്രയായി. ഒന്നേ കാൽ ലക്ഷം മഹീന്ദ്ര താർ വാഹനങ്ങളാണ് ഇതിനകം വിറ്റുപോയിട്ടുള്ളത്. വണ്ടിപ്രാന്തനായ മമ്മൂട്ടിയുടെ തോപ്പിൽ ജോപ്പനിലും മഹീന്ദ്ര താർ മുഖ്യകഥാപാത്രമാണ്. ഒരു വാഹനത്തിന്റെ വിൽപന ചില സിനിമകളിലൂടെ ചരിത്രം സൃഷ്ടിക്കുമ്പോൾ മഹീന്ദ്രയുടെ ഇപ്പോഴത്തെ ഉടമസ്ഥനായ ആനന്ദ് മഹീന്ദ്ര 17000 കോടി രൂപയുടെ ആസ്തിയുണ്ടെങ്കിലും ലളിത ജീവിതം നയിക്കുന്നുവെന്നതാണ് അത്ഭുതകരമായ കാര്യം.

## ഇ.ഡി.യുടെ ഗുഹയിൽ മഞ്ഞുമ്മൽ ബോയ്സ് !

മഞ്ഞുമ്മൽ ബോയ്സിന്റെ കളക്ഷൻ പെരുപ്പിച്ചു കാണിച്ചുവെന്നും അതിലൂടെ കള്ളപ്പണം വെളുപ്പിച്ചുവെന്നുമുള്ള കേസിൽ നടൻ സൗബിൻ സാഹിറും പിതാവും ഇ.ഡി.യുടെ ചോദ്യം ചെയ്യൽ നേരിട്ടുവരികയാണ്. സിനിമകളുടെ കളക്ഷൻ പെരുപ്പിച്ചുകാണിക്കുന്നത് സാമ്പത്തിക കുറ്റമായതുകൊണ്ട് ഈ അന്വേഷണങ്ങളെ സിനിമാ നിർമ്മാതാക്കൾ ഗൗരവത്തോടെയാണ് കാണുന്നത്. കലാമൂല്യമുള്ള ഒരു ചിത്രത്തിന് ലഭിക്കുന്ന ജനപ്രീതിയ്ക്കപ്പുറം, നാട്ടിലുള്ള നിയമങ്ങളെ വെല്ലുവിളിച്ച് സാമ്പത്തിക കുറ്റകൃത്യങ്ങളുടെ ഇരുട്ട് നിറഞ്ഞ ഗുഹകളിലേക്ക് സൗബിനെ പോലെയുള്ളവർ എടുത്തുചാടിയില്ലെന്ന് കരുതാനാണ് നമുക്ക് ഇഷ്ടം. ചൂതാട്ടകേന്ദ്രങ്ങളുമായിബന്ധപ്പെടുത്തി പ്രചരിക്കുന്ന സിനിമാ കളക്ഷനെ ചുറ്റിപ്പറ്റിയുള്ള വാർത്തകൾ നമുക്ക് മറക്കാൻ ശ്രമിക്കാം. കൂടുതൽ കലാമൂല്യമുള്ള സിനിമകൾ മലയാളത്തിൽ നിർമ്മിക്കപ്പെടുകയും, അവയെല്ലാം ജനങ്ങൾ സാമ്പത്തികമായി വിജയിപ്പിക്കുകയും ചെയ്യട്ടെ. സൗബിന്റെ നിർമ്മാണക്കമ്പനിയുടെ പേര് പറവ ഫിലിംസെന്നാണ്. ഒരു 'പറവ'യും സാമ്പത്തിക തട്ടിപ്പുകാരുടെ വലയിൽ കുടുങ്ങാതിരിക്കട്ടെ.

ആന്റണി ചടയംമുറി





# സൂര്യ 44നായി പൂജ ഹെഗ്ഡെ വാങ്ങുന്നത് വമ്പൻ പ്രതിഫലം

സംവിധായകൻ കാർത്തിക് സുബ്ബരാജിന്റെ വരാനിരിക്കുന്ന ചിത്രത്തിൽ സൂര്യയാണ് നായകൻ എന്നത് ആവേശമുണ്ടാക്കുന്നതാണ്. പ്രണയം ചിരി പോരാട്ടം എന്നാണ് ചിത്രത്തെ സൂര്യ വിശേഷിപ്പിച്ചിരിക്കുന്നത്. ഛായാഗ്രാഹണം നിർവഹിക്കുക ശ്രേയാസ് കൃഷ്ണയായിരിക്കും. ആൻഡമാനിലെ പോർട് ബ്ലെയറിൽ ചിത്രീകരിക്കുന്ന ചിത്രത്തിൽ നായികയാകുന്ന പൂജ ഹെഗ്ഡെ ആണ്. സൂര്യ 44 എന്നാണ് താത്കാലികമായി പേര് നൽകിയിരിക്കുന്നത്. സിനിമയിൽ സൂര്യയ്ക്കൊപ്പം ആദ്യമായി സ്ക്രീൻ സ്പേസ് പങ്കിടുന്ന ചിത്രത്തിനായി പൂജ ഹെഗ്ഡെ വാങ്ങുന്ന പ്രതിഫലത്തെക്കുറിച്ചുള്ള റിപ്പോർട്ടുകളാണ് ഇപ്പോൾ ചർച്ചയാകുന്നത്.സൂര്യ 44 നായി താരം പ്രതിഫലം വർധിപ്പിച്ചതായാണ് ഗ്രേപ്പ് വൈൻ റിപ്പോർട്ട് ചെയ്യുന്നത്. സാധാരണഗതിയിൽ ഒരു സിനിമയ്ക്കായി നടിയുടെ പ്രതിഫലം മൂന്ന് മുതൽ മൂന്നരക്കോടി വരെയാണ്. എന്നാൽ സൂര്യ 44 നായി നടി നാല് കോടി ആവശ്യപ്പെട്ടതായാണ് റിപ്പോർട്ട്. ചിത്രത്തിൽ ജയറാമും പ്രധാന വേഷത്തിലെത്തുന്നുണ്ട്. 'ലവ് ലാഫ്റ്റർ വാർ' എന്ന ടാഗ്ലൈനോടെയുള്ള സിനിമ ആക്ഷനും പ്രാധാന്യം നൽകുന്ന പ്രണയകഥയായിരിക്കുമെന്നാണ് സൂചന. സൂര്യ-ജ്യോതികയുടെ 2ഡി എന്റർടെയ്ൻമെന്റും കാർത്തിക് സുബ്ബരാജിന്റെ സ്റ്റോൺ ബെഞ്ച് ഫിലിംസും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. മലയാളത്തിൽ നിന്ന് ജോജു ജോർജും സിനിമയിൽ സുപ്രധാനമായൊരു കഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ട്. നേരത്തെ കാർത്തിക് സുബ്ബരാജിന്റെ 'ജഗമേ തന്തിരം' എന്ന സിനിമയിലും ജോജു ഭാഗമായിരുന്നു.അതേസമയം സൂര്യ നായകനായി പ്രദർശനത്തിന് എത്താനിരിക്കുന്ന ചിത്രം കങ്കുവ പ്രേക്ഷകർ ആകാംക്ഷയോടെ കാത്തിരിക്കുന്നതാണ്. സംവിധാനം സിരുത്തൈ ശിവയാണ് നിർവഹിക്കുന്നത്. തിരക്കഥയും സിരുത്തൈ ശിവ എഴുതുന്ന ചിത്രം പാൻ ഇന്ത്യനായിരിക്കും. സൂര്യയുടെ കങ്കുവ ഒരുങ്ങുന്നത് മൂന്നൂറ് കോടി ബജറ്റിലാണ് എന്ന് നേരത്തെ റിപ്പോർട്ടുകളുണ്ടായിരുന്നു. സൂര്യ കങ്കുവ എന്ന ടൈറ്റിൽ കഥാപാത്രമായി എത്തുമ്പോൾ പ്രധാനപ്പെട്ട ഒരു ഗാനരംഗത്ത് 100 നർത്തകരുണ്ടാകും. ദിഷാ പഠാണിയാണ് നായികയായി എത്തുക. നടരാജൻ സുബ്രമണ്യം ജഗപതി ബാബു, റെഡ്ലിൻ കിംഗ്സ്ലെ, കൊവൈ സരള, ആനന്ദരാജ, രവി രാഘവേന്ദ്ര, കെ എസ് രവികുമാർ എന്നിവരും കങ്കുവയിൽ പ്രധാന കഥാപാത്രങ്ങളായുണ്ടാകും എന്നാണ് റിപ്പോർട്ട്. ഐമാക്സ് ഫോർമാറ്റിലും സൂര്യ നായകനായ ചിത്രമായ കങ്കുവ പ്രദർശനത്തിന് എത്തും എന്നുമാണ് റിപ്പോർട്ടുകളിൽ നിന്ന് വ്യക്തമാകുന്നത്.



## 'ദേവദൂതൻ' റീ റിലീസിന്; മഹേശ്വറും അലീനയും വീണ്ടും പ്രേക്ഷകരിലേക്ക്




മോഹൻലാലിനെ നായകനാക്കി സിബി മലയിൽ സംവിധാനം ചെയ്ത ദേവദൂതൻ റീ റിലീസിന്. 2000ത്തിലാണ് ചിത്രം റിലീസ് ചെയ്തത്.ചിത്രം തിയറ്ററിൽ പരാജയപ്പെട്ടെങ്കിലും ഏറെ വർഷങ്ങൾക്കു ശേഷം ഈ സിനിമയെക്കുറിച്ച് സോഷ്യൽ മീഡിയയിൽ നിരവധി ചർച്ചകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എന്നാൽ എന്നാണ് ചിത്രം വീണ്ടും തിയറ്ററിൽ എത്തുന്നത് എന്ന കാര്യം പുറത്തുവിട്ടിട്ടില്ല.വിശാൽ കൃഷ്ണമൂർത്തി എന്ന നാടകപ്രവർത്തകനായി മോഹൻലാൽ എത്തിയ ദേവദൂതൻ ഒരു ഹൊറർ മിസ്റ്ററി ത്രില്ലർ ആയിരുന്നു. ജനാർദ്ദനൻ, ജഗതി, ജഗദീഷ്, ജയപ്രദ, വിനീത് കുമാർ എന്നിവർ മറ്റ് പ്രധാന വേഷങ്ങളിലെത്തിയ ചിത്രത്തിന്റെ സംഗീതം ഒരുക്കിയത് വിദ്യാസാഗർ ആണ്. അന്നും ഇന്നും ചിത്രത്തിലെ പാട്ടുകൾ സംഗീത പ്രേമികളുടെ പ്ലേ ലിസ്റ്റിൽ മുൻപന്തിയിലാണ്.ദേവദൂതൻ റി മാസ്റ്റേർഡ് ഫോർ കെ അറ്റ്മോസ് പതിപ്പ് തയാറാകുന്നതിന്റെ പണിപ്പുരയിലാണ് താനെന്ന് സംവിധായകൻ സിബി മലയിൽ സമൂഹ മാധ്യമങ്ങളിലൂടെ അറിയിച്ചിരുന്നു. ദേവദൂതന്റെ തിരക്കഥ രഘുനാഥ് പലേരിയുടെതാണ്. ഭദ്രൻ-മോഹൻലാൽ കൂട്ടുകെട്ടിൽ എത്തിയ സ്ഫടികവും നേരത്തെ റീ റിലീസ് ചെയ്തിരുന്നു.

## ബോക്സ് ഓഫീസിൽ കത്തിക്കേറി 'മഹാരാജ'



ചെന്നൈ: തമിഴിന് പുറമേ ഒരു നടൻ എന്ന നിലയിൽ പാൻ ഇന്ത്യതലത്തിൽ തൻറെ സ്ഥാനം അടയാളപ്പെടുത്തിയ നടൻ വിജയ് സേതുപതിയുടെ അമ്പതാമത്തെ ചിത്രമാണ് മഹാരാജ. റിലീസായി അഞ്ച് ദിവസത്തിനുള്ളിൽ ചിത്രം വൻ ഹിറ്റിലേക്ക് നീങ്ങുകയാണ്.തമിഴ് സിനിമയിലെ ഈ വർഷത്തെ ഏറ്റവും മികച്ച ഓപ്പണിംഗ് വാരാന്ത്യ കളക്ഷനാണ് ചിത്രം കുറിച്ചിരിക്കുന്നത്. ഇന്ത്യൻ ബോക്സ് ഓഫീസ് ട്രാക്കർ സാക്നിൽക് പറയുന്നതനുസരിച്ച്, മഹാരാജ ബോക്സ് ഓഫീസിൽ ആദ്യ നാല് ദിവസം മികച്ച പ്രകടനം കാഴ്ചവെക്കുകയും ഇന്ത്യയിൽ മൊത്തം 31.77 കോടി രൂപ നേടുകയും ചെയ്തു. വിജയ് സേതുപതിക്ക് പുറമേ അനുരാഗ് കാശ്യപ്, നട്ടി നടരാജ് എന്നിവർ മഹാരാജയിൽ പ്രധാന വേഷത്തിൽ എത്തുന്നു ചിത്രം നിതിലൻ സ്വാമിനാഥനാണ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്നത്. കൊരങ്ങു ബൊമ്മൈ എന്ന പ്രശംസ നേടിയ ചിത്രത്തിൻറെ സംവിധായകനാണ് ഇദ്ദേഹം. അജ്ജനേഷ് ലോക്നാഥ് ആണ് ചിത്രത്തിൻറെ സംഗീതം. ദിനേഷ് പുരുഷോത്തമനാണ് ഛായഗ്രഹണം.

## തങ്കലാനിൽ ഹോളിവുഡ് നടൻ ഡാനിയേലും





ചിയാൻ വിക്രം നായകനായി വരാനിരിക്കുന്ന ചിത്രമാണ് തങ്കലാൻ. ഹോളിവുഡ് നടൻ ഡാനിയേൽ കാൾടജിറോണിയും ചിത്രത്തിൽ വേഷമിടുന്നു. തങ്കലാനിലെ ഡാനിയേൽ കാൾടജിറോണിയുടെ കഥാപാത്രത്തിന്റെ ഫസ്റ്റ് ലുക്ക് പുറത്തുവിട്ടു. സംവിധാനം നിർവഹിച്ചിരിക്കുന്നത് പാ രഞ്ജിത്താണ്. ജി വി പ്രകാശ് കുമാർ സംഗീതം നിർവഹിക്കുന്ന തങ്കലാന്റെ റിലീസ് പ്രഖ്യാപനത്തിനായി ചിത്രത്തിന്റെ ആരാധകർ കാത്തിരിക്കുകയാണ്. ഉയർന്ന ബജറ്റിലുള്ളതാകും വിക്രമിന്റെ തങ്കലാൻ സിനിമ എന്ന് നിർമാതാവ് ജ്ഞാനവേൽ രാജ പറഞ്ഞത് ചർച്ചയായിരുന്നു.സംവിധായകൻ പാ രഞ്ജിത്തിന്റെ പുതിയ ചിത്രത്തിൻറെ പശ്ചാത്തലം കോളാർ ഗോൾഡ് ഫീൽഡ്സാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് കാലഘട്ടത്തിൽ കോളാർ ഗോൾഡ് ഫീൽഡ്സിൽ നടന്ന ഒരു സംഭവത്തെ ആസ്പദമാക്കിയാണ് 'തങ്കലാൻ' എന്ന ചിത്രം ഒരുങ്ങുന്നത്. മാളവിക മോഹനനും പാർവതി തിരുവോത്തും ചിത്രത്തിൽ പ്രധാന സ്ത്രീ വേഷങ്ങളിലെത്തുന്നുവെന്ന പ്രത്യേകതയും ചിത്രത്തിന് ഉണ്ട്. വിക്രം നായകനാകുന്ന 'തങ്കലാൻ' എന്ന ചിത്രത്തിൽ പശുപതി, ഹരി കൃഷ്ണൻ, അൻപുദുരൈ തുടങ്ങി താരങ്ങളും ഭാഗമാണ്. ഛായാഗ്രാഹണം എ കിഷോറാണ് നിർവഹിക്കുന്നത്.

# മേഘ്ന ഗുൽസാറിന്റെ സിനിമ ഉപേക്ഷിച്ച് സിദ്ധാർത്ഥ് മൽഹോത്ര



2024 ന്റെ തുടക്കം മുതൽ ആക്ഷൻ മുതൽ റൊമാൻസ് വരെയുള്ള നിരവധി പ്രോജക്റ്റുകളുടെ തിരക്കിലാണ് സിദ്ധാർത്ഥ് മൽഹോത്ര. ഇപ്പോഴിതാ മേഘ്ന ഗുൽസാറിന്റെ സിനിമയിൽ നിന്ന് താരം പിന്മാറിയതായാണ് റിപോർട്ടുകൾ. ഈ റോൾ കരീന കപൂർ ഖാനൊപ്പം ആയുഷ്മാൻ ഖുറാന ചെയ്യുമെന്നാണ് റിപ്പോർട്ട്. പുതിയ കഥാപാത്രങ്ങൾ ആഗ്രഹിക്കുന്നതിനാലാണ് താരം ഈ പ്രോജക്റ്റിൽ നിന്ന് പിന്മാറിയതെന്നാണ് റിപ്പോർട്ടുകൾ. അതായത് യൂണിഫോമിലുള്ള വേഷങ്ങൾ ഒരുപാട് ചെയ്തിട്ടുണ്ടെന്നും അതുകൊണ്ട് ഇപ്പോൾ ചിത്രം നിരസിക്കുകയാണെന്ന് അടുത്ത വൃത്തങ്ങൾ പറയുന്നു. ഒരു അഭിനേതാവെന്ന നിലയിൽ തന്റെ വൈദഗ്ധ്യം പ്രകടിപ്പിക്കാനും കൂടുതൽ വ്യത്യസ്തമായ സിനിമകൾ പര്യവേക്ഷണം ചെയ്യാനും അനുവദിക്കുന്ന വേഷങ്ങൾ ഏറ്റെടുക്കാൻ താൽപ്പര്യപ്പെടുന്നു.

ദേശീയ അവാർഡ് നേടിയ'ഷേർഷാ', 'ഇന്ത്യൻ പോലീസ് ഫോഴ്സ്', 'യോദ്ധ' തുടങ്ങിയ പ്രോജക്ടുകളിൽ സിദ്ധാർത്ഥ് മുമ്പ് ജവാനായി അഭിനയിച്ചിട്ടുണ്ട്.അതേസമയം, സിദ്ധാർത്ഥ് ഉടൻ തന്നെ മുറാദ് ഖേതാനിക്കൊപ്പം ഒരു ആക്ഷൻ സിനിമയിൽ പ്രവർത്തിക്കും. ചിത്രത്തെ കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ലെങ്കിലും ഈ വർഷം അവസാനത്തോടെ ചിത്രം

## അരവിന്ദ് സ്വാമിക്ക് പ്രതിഫലം നൽകിയില്ല; നിർമാതാവിനെതിരേ അറസ്റ്റ് വാറന്റ്



അരവിന്ദ് സ്വാമി നായകനായ തമിഴ് സിനിമയായ 'ഭാസ്കർ ഒരു റാസ്കലി'ന്റെ നിർമ്മാതാവ് കെ മുരുകനെതിരെ മദ്രാസ് ഹൈക്കോടതി അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചു. അന്തരിച്ച സംവിധായകൻ സിദ്ദിഖ് ഒരുക്കിയ സിനിമയിൽ അരവിന്ദ് സ്വാമിക്ക് മൂന്നുകോടി രൂപയാണ് പ്രതിഫലം നിശ്ചയിച്ചിരുന്നത്. അരവിന്ദ് സ്വാമിക്ക് പ്രതിഫലം നൽകാത്തതിനും കടമെടുത്ത 35 ലക്ഷം രൂപ തിരിച്ചടയ്ക്കാത്തതിനുമാണ് കെ മുരുകനെതിരേ അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചത്.ഇത് സംബന്ധിച്ച് 2017 ഏപ്രിൽ ഏഴിന് അരവിന്ദ് സ്വാമിയും നിർമ്മാതാവും കരാറിൽ ഒപ്പുവെച്ചു. തുകയിൽ നിന്ന് നികുതി പിടിച്ച് ആദായനികുതി വകുപ്പിന് നൽകുമെന്നും കരാറുണ്ടായിരുന്നു.എന്നാൽ സിനിമ റിലീസായ ശേഷവും 30 ലക്ഷം രൂപ നിർമാതാവ് അരവിന്ദ് സ്വാമിക്ക് നൽകാനുണ്ടായിരുന്നു. നികുതി തുകയായ 27 ലക്ഷം ആദായനികുതി വകുപ്പിൽ അടച്ചതുമില്ല. തുടർന്ന് അരവിന്ദ് സ്വാമി കോടതിയെ സമീപിക്കുകയും 18 ശതമാനം പലിശസഹിതം 65 ലക്ഷം അരവിന്ദ് സ്വാമിക്കു നൽകാനും ആദായനികുതിവകുപ്പിൽ 27 ലക്ഷം അടക്കാൻ കോടതി ഉത്തരവിടുകയും ചെയ്തിരുന്നു.

## ബാംഗ്ലൂർ ഡെയ്സിന്റെ ഹിന്ദി പതിപ്പിനെതിരെ രൂക്ഷ വിമർശനവുമായി ആരാധകർ




അഞ്ജലി മേനോന്റെ സംവിധാനത്തിലൊരുങ്ങിയ 'ബാംഗ്ലൂർ ഡെയ്സ്' മലയാളി സിനിമാപ്രേമികൾ ഹൃദയത്തിൽ ഏറ്റുവാങ്ങിയ സിനിമയാണ്. സിനിമ ഹിന്ദിയിലും തമിഴിലും റീമേക്ക് ചെയ്തിരുന്നു. ബാംഗ്ലൂർ ഡെയ്സിന്റെ ഹിന്ദി പതിപ്പിനെതിരെ രൂക്ഷ വിമർശനവുമായി എത്തിയിരിക്കുകയാണ് ആരാധകർ. സിനിമയെ റീമേക്ക് ചെയ്ത് കൊന്നെന്നും വികലമാക്കിയെന്നും ആരാധകർ ആരോപിക്കുന്നു. സിനിമയിലെ റീമേക്ക് ചെയ്ത രംഗം പങ്കുവെച്ചാണ് ആരാധകർ വിമർശനം ഉന്നയിക്കുന്നത്.ഫഹദ് ഫാസിൽ അവതരിപ്പിച്ച ദാസ് എന്ന കഥാപാത്രം താൻ അറിയാതെ കസിൻസിനൊപ്പം കറങ്ങാൻ പോയ നസ്രിയയെ കയ്യോടെ പിടിക്കുന്ന രംഗം ഹിന്ദിയിൽ റീമേക്ക് ചെയ്തപ്പോൾ വികലമായെന്നും കസിൻസ് മാറി ബെസ്റ്റി ആയെന്നുമാണ് കമെന്റുകൾ. ആ കഥാപാത്രങ്ങൾ സഹോദരങ്ങളാണെന്ന് ഓർക്കാത്ത തരത്തിലുള്ള ചിത്രീകരണം ആയിപ്പോയെന്നും ആരാധകർ ചൂണ്ടിക്കാട്ടി.

## അനിൽ കപൂറല്ല, 2001 ലെ 'നായക്' ചിത്രത്തിലെ ആദ്യ ചോയ്സ് ഈ നടൻ





ചലച്ചിത്ര സംവിധായകൻ ശങ്കർ പ്രധാനമായും തമിഴിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നെങ്കിലും ഇടയ്ക്കിടെ മറ്റ് ഭാഷകളിലേക്കും അദ്ദേഹം ഭാഗ്യ പരീക്ഷണം നടത്താറുണ്ട്. അടുത്തിടെ, അദ്ദേഹം രാം ചരണിനൊപ്പം തെലുങ്ക് ചിത്രം ഗെയിം ചേഞ്ചർ സംവിധാനം ചെയ്തു, അത് റിലീസിന് തയ്യാറെടുക്കുകയാണ്. എന്നിരുന്നാലും അദ്ദേഹത്തിന്റെ ഹിന്ദി റിലീസുകളിൽ ഏറ്റവും ജനപ്രിയമായത് അനിൽ കപൂർ അഭിനയിച്ച നായക്: ദി റിയൽ ഹീറോയാണ്. ശങ്കർ തന്നെ സംവിധാനം ചെയ്ത തമിഴ് ചിത്രം മുതൽവൻ എന്ന സിനിമയുടെ റീമേക്ക് ആയിരുന്നു നായക്: ദി റിയൽ ഹീറോ. ചിത്രത്തിലെ കേന്ദ്ര കഥാപാത്രം അനിൽ കപൂർ ആയിരുന്നു.എന്നാൽ ചിത്രത്തിലേക്ക് ആദ്യം നായകനായി കണ്ടെത്തിയിരുന്നത് അനിൽ കപൂറിനെയല്ല. ബോളിവുഡിലെ ബാദ്ഷാ ഷാരൂഖ് ഖാനെ നായകനാക്കാനായിരുന്നു ആദ്യം തീരുമാനം. കൂടാതെ ചിത്രത്തിനായി തന്റെ ഡേറ്റ് തരാമെന്ന് ശങ്കറിനോട് പറഞ്ഞിരുന്നു.എന്നാൽ മുദൽവൻ കണ്ടതിന് ശേഷം, ഷാരൂഖ് ഖാന്റെ മനസ്സ് മാറ്റി. സിനിമ ഇഷ്ടമാണെന്ന് പറഞ്ഞെങ്കിലും 1 ദിവസത്തെ മുഖ്യമന്ത്രി എന്ന ആശയം ഉത്തരേന്ത്യൻ പ്രേക്ഷകരെ ആകർഷിക്കില്ലെന്നാണ് ഖാൻ പറഞ്ഞത്.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

120

| | |
|---|---|
| Movie | Etho Oru Swapnam (1978) |
| Director | Sreekumaran Thampi |
| Lyrics | Sreekumaran Thampi |
| Music | Salil Chowdhury |
| Singer | KJ Yesudas |

പൂമാനം പൂത്തുലഞ്ഞേ പൂവള്ളിക്കുടിലിലെന്റെ
കരളുണർന്നോ കിളീ തെളിഞ്ഞു പുഴയും വയലും
പൊന്നോണം കാത്ത നെഞ്ചും (2)
പൂമാനം പൂത്തുലഞ്ഞേ .....

ഇനിയ്ക്കും നാവിലെൻ പാട്ടുണ്ടല്ലോ
തുടുക്കും കവിളിലെൻ പാടുണ്ടല്ലോ
തുടിയ്ക്കും മാറത്തും തുളുമ്പും
ചുണ്ടത്തും തേനുണ്ടല്ലോ (2)
കുടിലുണർന്നൂ കണി വിടർന്നൂ കണ്ടു വാ കിളിയേ
തെളിഞ്ഞു പുഴയും വയലും
പൊന്നോണം കാത്ത നെഞ്ചും
പൂമാനം ...

പുണർന്നാൽ പൂക്കുന്ന കടമ്പാണല്ലോ
ഇടവപ്പാതിക്കും വിയർത്തോളല്ലോ



പിടയും തോണിയിൽ
പിരിയും നേരത്ത് കരഞ്ഞോളല്ലോ (2)
അവളുണർന്നോ കുളി കഴിഞ്ഞോ
കണ്ടു വാ കിളിയേ
തെളിഞ്ഞു പുഴയും വയലും
പൊന്നോണം കാത്ത നെഞ്ചും
പൂമാനം.....

# വിശ്വാസ്യത തകർന്നടിഞ്ഞ നീറ്റ് പരീക്ഷയിൽ ആസൂത്രിതമായ വൻ തട്ടിപ്പ്

**ഡൽഹി ഡെർബാർ**

**നീറ്റ് പരീക്ഷയിൽ ക്രമക്കേട് നടന്നതായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ സ്ഥിരീകരിക്കുന്നതുവരെ, പരീക്ഷയെക്കുറിച്ച് രാജ്യത്തെമ്പാടുമായി ഇത്രയേറെ ഒച്ചപ്പാടുണ്ടായിട്ടും സർക്കാർ തുടർന്ന മൗനം ഏതെങ്കിലും തരത്തിൽ നീതീകരിക്കാൻ കഴിയുന്നതാണോ..?**

മെഡിക്കൽ പ്രവേശനത്തിനായി നടത്തുന്ന ദേശീയ യോഗ്യതാപ്രവേശന പരീക്ഷ (നീറ്റ് യുജിസി). ഇന്നത് ആസൂത്രിതമായ വൻ തട്ടിപ്പിന്റെ പേരായി മാറിയിരിക്കുന്നു. നീറ്റ് പരീക്ഷാ ക്രമക്കേടിൽ കേന്ദ്ര സർക്കാരിനും നീറ്റ് പരീക്ഷയുടെ നടത്തിപ്പുകാരായ നാഷണൽ ടെസ്റ്റിംഗ് ഏജൻസിയ്ക്കും (എൻടിഎ) സുപ്രീംകോടതി നോട്ടീസ് അയക്കേണ്ട അവസ്ഥയിലെത്തിയിരിക്കുന്നു. ഇതിന്റെ നടത്തിപ്പിൽ 0.001 % പിഴവ് സംഭവിച്ചാൽപ്പോലും അതിനെ അങ്ങേയറ്റം ഗൗരവത്തോടെ കാണേണ്ടതാണെന്നാണ് സുപ്രീംകോടതി പറഞ്ഞുവച്ചത്.

രാജ്യത്തെ പ്രൊഫഷണൽ വിദ്യാർത്ഥികളുടെ ഭാവി വെച്ചു പന്താടുന്ന സമീപനമാണ് അധികാരികൾ തുടരുന്നതു തന്നെ. തട്ടിപ്പ് നടത്തി ഡോക്ടറാകുന്നവർ സമൂഹത്തിന് എത്രത്തോളം അപകടകാരിയാകുമെന്ന് ചിന്തിക്കണമെന്നുകൂടി ബെഞ്ചിന് ഓർമ്മപ്പെടുത്തേണ്ടതായും വന്നു.

ഇതിനിടെ ബിഹാറിൽ അറസ്റ്റിലായ വിദ്യാർത്ഥികൾ അന്വേഷണ സംഘത്തിനുമുന്നിൽ കുറ്റസമ്മതം നടത്തുക കൂടി ചെയ്തതോടെ സർക്കാരിനും പരീക്ഷാബോർഡിനും നിക്കക്കള്ളിയില്ലാതായി.

ചോദ്യപേപ്പർ പരീക്ഷയുടെ തലേന്ന് കിട്ടിയെന്നും അതിനായി ലക്ഷങ്ങൾ നൽകിയെന്നും അറസ്റ്റിലായ വിദ്യാർത്ഥികൾ സമ്മതിച്ചതായി അന്വേഷണ സംഘം പറയുമ്പോൾ കാര്യങ്ങൾ എവിടംവരെ എത്തിയെന്ന് മനസിലാക്കാവുന്നതാണ്.

നീറ്റ് പരീക്ഷയിൽ ക്രമക്കേട് നടന്നതായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ സ്ഥിരീകരിക്കുന്നതുവരെ, പരീക്ഷയെക്കുറിച്ച് രാജ്യത്തെമ്പാടുമായി ഇത്രയേറെ ഒച്ചപ്പാടുണ്ടായിട്ടും സർക്കാർ തുടർന്ന മൗനം ഏതെങ്കിലും തരത്തിൽ നീതീകരിക്കാൻ കഴിയുന്നതാണോ..?

ദേശീയതലത്തിൽ തന്നെ പ്രവേശന പരീക്ഷ എന്നതിനോട് തമിഴ്നാട് ഉൾപ്പെടെ ചില സംസ്ഥാനങ്ങളിൽ ശക്തമായ എതിർപ്പ് ഉന്നയിച്ചിരിക്കുന്ന കാലത്താണ് പരീക്ഷയുടെ വിശ്വാസ്യതയെ കുറിച്ച് തന്നെ ശക്തമായ സംശയങ്ങൾ ഉയരുന്നത്.




വിദ്യാർത്ഥികളുടെ ലക്ഷ്യബോധവും മനോവീര്യവും തകർക്കുന്ന ഇത്തരം ഹീന പ്രവർത്തികൾ എത്ര കാലമായി തുടങ്ങിയിട്ട് എത്രകാലമായി എന്നൊന്നും അറിയില്ല. ഇതിങ്ങനെ ആവർത്തിച്ചുകൊണ്ടിരുന്നാൽ സാധാരണക്കാർക്ക് എന്തു ചെയ്യാൻ പറ്റും. ഇനിയൊരിക്കലും ഇത്തരം സാഹചര്യങ്ങൾ ഒരു കാരണവശാലും ഉണ്ടാകാൻ ഇടയാകാത്ത വിധം നിയമം പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

ഇത്തവണ പരീക്ഷ എഴുതിയ കുട്ടികളിൽ ചിലർ അന്വേഷണം ആവശ്യപ്പെട്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് പരാതി നൽകിതോടെയാണ് ഈ വൻ തട്ടിപ്പിന്റെ ചുരുളഴിയാൻ തുടങ്ങിയത്. ഇതിൽ ആറ് പേർ ഒരേ സെന്ററിൽ നിന്ന് പരീക്ഷ എഴുതിയവരാണെന്ന ആരോപണവും പരാതിക്കാർ ഉന്നയിക്കുന്നു. ഒന്നാം റാങ്ക് ലഭിച്ചവരിൽ 47 പേർക്ക് ഗ്രേസ് മാർക്ക് നൽകിയെന്നാണ് എൻടിഎ പറയുന്നത്.

67 പേർക്ക് ഒന്നാം റാങ്ക് ലഭിച്ചതും ചില വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകിയതിലും അട്ടിമറിയുണ്ടെന്നാണ് ആരോപണം. അട്ടിമറി നടന്നിട്ടുണ്ടെന്നും അതിനാൽ നീറ്റ് പരീക്ഷ വീണ്ടും നടത്തണമെന്നുമായിരുന്നു ആവശ്യം.

അതേസമയം, ചോദ്യപേപ്പർ ചോർന്നെന്ന ആരോപണത്തെ ഇത്രയും കാലം ശക്തമായി എതിർത്തുകൊണ്ടിരിക്കുകയായിരുന്നു എൻടിഎ ചെയർമാൻ സബോധ് കുമാർ സിംഗ്. എൻടിഎ സുതാര്യമായ ഏജൻസിയാണ്. ഈ വർഷം ചില പരാതികൾ ഉയർന്നു. 15 മിനിറ്റ് വൈകി പരീക്ഷയ്ക്കെത്തിയ 44 പേർക്ക് ഗ്രേസ് മാർക്ക് നൽകിയതോടെ മുഴുവൻ മാർക്ക് കിട്ടി. ആറ് സെന്ററുകളിലാണ് സമയക്രമത്തിന്റെ പരാതി ഉയർന്നത്. അവിടുത്തെ വിദ്യാർത്ഥികൾക്കാണ് ഗ്രേസ് മാർക്ക് നൽകിയതെന്ന് ഒരു ഉളുപ്പുമില്ലാതെ എൻടിഎ ചെയർമാൻ വാർത്താസമ്മേളനം വിളിച്ചാണ് പറഞ്ഞത്. അതോടെ പ്രശ്നം കൂടുതൽ രൂക്ഷമാകുകയാണുണ്ടായത്.

നമ്മുടെ രാജ്യത്തെ ഏറ്റവും വലിയപരീക്ഷയുടെ ഫലം പ്രഖ്യാപിച്ചപ്പോൾ പരമാവധി എഴുതിയെടുക്കാൻ കഴിയുന്ന മാർക്കോടെ 67 പേർക്ക് ഒന്നാം റാങ്ക് ലഭിച്ചതാണ് എല്ലാവരേയും അമ്പരപ്പിച്ചത്. നീറ്റുപരീക്ഷയുടെ ചോദ്യപേപ്പറിന് ഏതാണ്ട് 30 ലക്ഷത്തോളം രൂപവരെ വിദ്യാർത്ഥികൾ നൽകിയെന്നാണ് അറിയാൻ കഴിഞ്ഞത്. ചോദ്യപേപ്പർ ചോർച്ചയിൽ അന്വേഷണം നടത്താൻ എത്തിയ ബീഹാർ എക്കണോമിക് യൂണിറ്റ് ആറ് ചെക്കുകൾ കണ്ടെടുത്തിട്ടുണ്ട്.

കേസുമായി ബന്ധപ്പെട്ട വിദ്യാർത്ഥികൾ ഉൾപ്പെടെ പലരെയും കസ്റ്റഡിയിലെടുത്തിട്ടുമുണ്ട്. ഗുജറാത്തിലെ ഗോദ്രയിൽ പരീക്ഷ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ആസൂത്രിതമായ തട്ടിപ്പ് നടന്നെന്നാണ് കണ്ടെത്തിയിരിക്കുന്നത്. വളഞ്ഞ വഴിയിലൂടെ എങ്ങനെയും പണം തട്ടാനുള്ള വിദ്യയായി നീറ്റ് പരീക്ഷയെ ഉപയോഗപ്പെടുത്തിയവർ ഒന്നോർക്കണം, ശരിയായ രീതിയിൽ കഷ്ടപ്പെട്ട് പഠിച്ച ലക്ഷക്കണക്കിന് വിദ്യാർത്ഥികളെയും അവരുടെ അധ്യാപകരേയും രക്ഷിതാക്കളെയും വഞ്ചിക്കുകയായിരുന്നില്ലേ നിങ്ങൾ ചെയ്തത്. അനേകം രാത്രികളിൽ ഊണുമുറക്കവും ഉപേക്ഷിച്ചാണ് അവരൊക്കെ പരീക്ഷ എഴുതിയത്.

അവരെയൊക്കെ എത്ര ക്രൂരമായ ആണ് നിങ്ങൾ പരിഹസിക്കുന്നത്. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിലെയും മൂല്യനിർണയ രീതിയിലെയും പ്രധാനപ്പെട്ട ചില പോരായ്മകൾ ഈ സംഭവത്തിലൂടെ മറനീക്കി പുറത്തുവന്നിരിക്കുന്നു. നീറ്റ് പരീക്ഷാഫലം പുറത്തുവന്നശേഷം രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി ആരോപണങ്ങൾ ഉയർന്നിരുന്നുവെങ്കിലും ഇതുവരെ കേന്ദ്രസർക്കാർ ഒട്ടകപ്പക്ഷി കണക്കെ തല മണലിൽ പൂർത്തി ഇരിക്കുകയായിരുന്നില്ലേ..?

ഇവിടെ പണമുള്ളവർക്കായി മെഡിക്കൽ വിദ്യാഭ്യാസം വിശാലമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നു. ഇതിനൊക്കെ തടയിടാൻ മുന്നിൽ നിൽക്കേണ്ട സർക്കാർ തന്നെ അത് ഇക്കണ്ട കാലമത്രയും കണ്ടില്ലെന്ന് നടിച്ചത് കൊടിയ പാതകം തന്നെയാണ്.

പരീക്ഷയിൽ ഉയർന്ന മാർക്ക് നേടുന്നതിനുള്ള ഒരേയൊരു വഴി കഠിനമായ പഠനം തന്നെയാണെന്ന് ഇനിയെങ്കിലും ഒരു വിഭാഗം പണമുള്ള രക്ഷിതാക്കളും വിദ്യാർത്ഥികളും മനസ്സിലാക്കിയാൽ നന്ന്. ഇവിടെ നമുക്ക് ആശ്രയിക്കാവുന്ന ഏക കേന്ദ്രം കോടതിയായി മാറിയിരിക്കുന്നു

◗ *എമ എൽസ എൽവിൻ*

# രൂപ നൽകി എണ്ണ വാങ്ങാം! സൗദി ഇന്ത്യയുടെ വഴിക്ക് എത്തി

സൗദി അറേബ്യയും അമേരിക്കയും തമ്മിലുള്ള പെട്രോ ഡോളർ കരാർ കാലാവധി അവസാനിച്ചത് ഇന്ത്യയ്ക്ക് നേട്ടമാകുമെന്നാണ് വിലയിരുത്തൽ. രൂപയിലും റിയാലിലും ഇടപാട് നടത്താൻ ഇനി മുതൽ എളുപ്പമായിരിക്കും. സൗദി അറേബ്യയിൽ നിന്ന് എണ്ണ വാങ്ങുമ്പോൾ ഇന്ത്യയ്ക്ക് രൂപ നൽകിയാൽ മതിയാകും. ബില്ലിൽ കുറവ് വരില്ലെങ്കിലും രൂപയുടെ മൂല്യം ഉയരാൻ ഇത് കാരണമാകും.

ഇതുവരെ എണ്ണ ഇടപാടിനുള്ള ആഗോള കറൻസിയായി കണക്കാക്കിയിരുന്നത് ഡോളറിനെയായിരുന്നു. പ്രാദേശിക കറൻസിയിൽ ഇടപാട് നടത്തണമെന്ന് ഇന്ത്യ ഏറെ കാലമായി ആവശ്യപ്പെടുന്നു. ചൈന പല രാജ്യങ്ങളുമായും ഇത്തരത്തിൽ പ്രാദേശിക കറൻസി ഉപയോഗിച്ച് ഇടപാട് നടത്തുന്നുണ്ട്. ഇന്ത്യയ്ക്കും സമാനമായ വഴി ഒരുങ്ങിയിരിക്കുകയാണിപ്പോൾ. ആഗോള സാമ്പത്തിക രംഗം അടിമുടി മാറുമെന്നാണ് വിലയിരുത്തൽ.

2021 വരെ സൗദി അറേബ്യയിൽ നിന്നാണ് ഇന്ത്യ കൂടുതൽ എണ്ണ ഇറക്കുമതി ചെയ്തിരുന്നത്. ഉക്രൈയിൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ വില കുറച്ച് കിട്ടാൻ തുടങ്ങിയതോടെ ഇന്ത്യ റഷ്യയെ ആശ്രയിക്കാൻ തുടങ്ങി. നിലവിൽ ഇന്ത്യ ഏറ്റവും കൂടുതൽ എണ്ണ വാങ്ങുന്നത് റഷ്യയിൽ നിന്നാണ്. രണ്ടാം സ്ഥാനത്ത് ഇറാഖും മൂന്നാം സ്ഥാനത്ത് സൗദിയുമാണ്.




സൗദിഅറേബ്യയും അമേരിക്കയും തമ്മിലുണ്ടായിരുന്ന പെട്രോ ഡോളർ കരാർ 50 വർഷത്തേക്കായിരുന്നു. ഈ മാസം ഒൻപതിന് ഇതിന്റെ കാലാവധി കഴിഞ്ഞു. കരാർ പുതുക്കാൻ സൗദി അറേബ്യ താൽപ്പര്യം കാണിച്ചില്ല. സൗദി അറേബ്യയുടെ എണ്ണ ഇടപാടുകൾ ഡോളറിലാകണം എന്നായിരുന്നു കരാർ. ഇതുവഴി ലഭിക്കുന്ന ലാഭം അമേരിക്കൻ ബോണ്ടുകളിൽ നിക്ഷേപിക്കണമെന്നും കരാറിലുണ്ടായിരുന്നു. പകരം സൗദിയുടെസുരക്ഷഉറപ്പാക്കുമെന്ന് അമേരിക്കയും വാക്ക് നൽകിയിരുന്നു.

ലോകത്തെ എണ്ണ കയറ്റുമതി രാജ്യങ്ങളിൽ പ്രധാനിയാണ് സൗദി അറേബ്യ. സൗദിയുടെ ഇടപാടുകളെല്ലാം ഡോളറിലായതോടെ ഒപെകിലെ മറ്റു എണ്ണ രാജ്യങ്ങളും സമാനമായ നയം സ്വീകരിച്ചു. ലോകത്ത് ഡോളർ പ്രധാന കറൻസിയായി ഉയരാൻ ഇടയാക്കിയ കരാറുകളിലൊന്നായിരുന്നു ഇത്.മിക്ക രാജ്യങ്ങളും വിദേശ കരുതൽ ധനമായി ഡോളറിനെ കണ്ടു. എന്നാൽ സൗദി കരാറിൽ നിന്ന് പിന്നോക്കം പോയതോടെ ഡോളറിന്റെ മൂല്യമിടിഞ്ഞേക്കുമെന്നാണ് വിലയിരുത്തൽ.

മാത്രമല്ല, എല്ലാ പ്രധാന രാജ്യങ്ങൾക്കും സൗദിയിൽ നിന്ന് എണ്ണ വാങ്ങുമ്പോൾ അവരുടെ പ്രാദേശിക കറൻസി ഉപയോഗിക്കാം. ലോകത്ത് എണ്ണ ഇറക്കുമതിയിൽ മൂന്നാമത്തെ രാജ്യമാണ് ഇന്ത്യ. ഒന്നാം സ്ഥാനത്തുള്ള ചൈനയും പ്രാദേശിക കറൻസി ഉപയോഗിക്കണമെന്നും ഡോളർ ഒഴിവാക്കണമെന്നും അഭിപ്രായമുള്ളവരാണ്. എണ്ണ വിലയിൽ കുറവ് വരില്ലെങ്കിലും രൂപയിലുള്ള ഇടപാടുകൾ കൂടുന്നത് കറൻസിയുടെ മൂല്യം ശക്തിപ്പെടുത്തും.

കഴിഞ്ഞ ജനുവരിയിൽ ദാവോസിൽ നടന്ന പരിപാടിയിൽ രൂപ അന്തർദേശീയ കറൻസിയാകുമെന്ന് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞിരുന്നു. ഈ വാക്കുകൾ ശരിവയ്ക്കുന്നതിലേക്ക് നയിക്കുന്ന പുതിയ സാമ്പത്തിക ക്രമമാണ് ലോകത്ത് വരുന്നത്. ഇന്ത്യയും യുഎഇയും അടുത്തിടെ സ്വതന്ത്ര്യ വ്യാപാര കരാർ ഒപ്പുവച്ചിരുന്നു. പിന്നീട് യുഎയിൽ നിന്ന് വാങ്ങുന്ന എണ്ണയ്ക്ക് പകരം ഇന്ത്യ രൂപ നൽകുകയും ചെയ്തിരുന്നു.

ഡോളർ കരുതൽ ധനമായി സൂക്ഷിക്കുന്നത് അമേരിക്കക്ക് കീഴ്പ്പെടുന്നതിന് സമമാണ് എന്നാണ് റഷ്യയുടെ നിലപാട്. ഉക്രെയിൻ യുദ്ധകാലത്ത് അമേരിക്ക ഉപരോധം പ്രഖ്യാപിച്ചതോടെ റഷ്യ പ്രതിസന്ധിയിലായിരുന്നു. ചൈന വൻതോതിൽ ഡീഡോളറൈസേഷൻ നടത്തുന്നുണ്ട്. കൂടുതൽ രാജ്യങ്ങൾ ഈ നടപടിയിലേക്ക് നീങ്ങുമെന്നാണ് റിപ്പോർട്ടുകൾ. പ്രതിസന്ധി രൂപപ്പെട്ടാൽ അമേരിക്ക പലിശ നിരക്ക് ഉയർത്തി ബോണ്ടുകൾ ഇറക്കിയേക്കാനും സാധ്യതയുണ്ട്. അതാകട്ടെ സ്വർണ വില കുറയാൻ വഴിയൊരുക്കുകയും ചെയ്യും.

# ഗംഭീർ

## പുതിയ കോച്ച്, കോലിക്കും രോഹിത്തിനും എതിർപ്പ്



ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ പുതിയ പരിശീലകനായി ഗൗതം ഗംഭീർ ചുമതലയേൽക്കും. ആദ്യഘട്ട അഭിമുഖം പൂർത്തിയായി. ഈ മാസം അവസാനത്തോടെ ഗംഭീർ ചുമതലയേറ്റേക്കുമെന്നാണ് ലഭിക്കുന്ന വിവരം. ഗംഭീറിന്റെ വരവിൽ ബിസിസിക്ക് വലിയ പ്രതീക്ഷയുണ്ട്. ഇന്ത്യയുടെ മുൻ ഓപ്പണറായ ഗംഭീർ പരിശീലകനാകുമ്പോൾ മൂന്ന് ഫോർമാറ്റിലും ഇന്ത്യ മെച്ചപ്പെടുമെന്ന പ്രതീക്ഷയിലാണ് ആരാധകരും ബിസിസിഐയും.ഗംഭീറിന്റെ വരവ് ഏറെക്കുറെ ഉറപ്പായ സാഹചര്യത്തിൽ ഇന്ത്യൻ ടീമിലെ മുതിർന്ന താരങ്ങൾ വിയോജിപ്പ് അറിയിച്ചതായി റിപ്പോർട്ടുകളുണ്ട്. ഗംഭീറിന്റെ വരവിൽ രോഹിത് ശർമ്മയും വിരാട് കോഹ്‌ലിയും അതൃപ്തരാണെന്നാണ് റിപ്പോർട്ട്. ഗംഭീർ മുന്നോട്ടുവെച്ച ആവശ്യങ്ങളെ തുടർന്നാണിത്. ഇന്നലെ നടന്ന അഭിമുഖത്തിൽ ഗംഭീർ ചില ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. ടെസ്റ്റിലും ഏകദിനത്തിലും വ്യത്യസ്ത ടീമുകൾ വേണമെന്നതാണ് അതിലൊന്ന്. മുതിർന്ന താരങ്ങളെ ടെസ്റ്റിൽ ഒതുക്കാനുള്ള നീക്കങ്ങളാണ് ഗംഭീർ നടത്തുന്നത്. ഒപ്പം ഓരോ ഫോർമാറ്റിലും വ്യത്യസ്ത നായകന്മാർ വേണമെന്ന ആവശ്യവും ഗംഭീർ മുന്നോട്ട് വച്ചിട്ടുണ്ട്. ബിസിസിഐയും ഇതിന് അനുകൂലമായാണ് പെരുമാറിയതെന്നാണ് റിപ്പോർട്ട്.





അങ്ങനെ വരുമ്പോൾ വിരാട് കോലിയും രോഹിത് ശർമ്മയും ടെസ്റ്റിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടി വരും. ടി20 ഫോർമാറ്റിൽ ഇനി രോഹിതും കോഹ്‌ലിയും ഇടം പ്രതീക്ഷിക്കുന്നില്ല.ഏകദിനത്തിൽ നിന്ന് രോഹിതിനെ മാറ്റുന്നതിനെ കുറിച്ച് ചർച്ചകൾ നടക്കുന്നതായി സൂചനയുണ്ട്. ഇതിൽ രോഹിതിന് അതൃപ്തിയുണ്ടെന്നാണ് ടീം വൃത്തങ്ങളെ ഉദ്ധരിച്ച് പുറത്തുവരുന്ന വിവരം. നിലവിൽ ഓരോ ഫോർമാറ്റിലും വ്യക്തിഗത ക്യാപ്റ്റൻമാരെ അവതരിപ്പിക്കുമ്പോൾ സീനിയർ താരങ്ങൾക്ക് ടീമിലെ ആധിപത്യം നഷ്ടപ്പെടുന്നു. നിലവിൽ കോഹ്‌ലിക്കും രോഹിത്തിനും കാര്യങ്ങൾ നിയന്ത്രിക്കാനുള്ള കഴിവുണ്ട്.നിലവിൽ ഇന്ത്യൻ ടീമുമായി ബന്ധപ്പെട്ട എല്ലാ സുപ്രധാന തീരുമാനങ്ങളിലും അവർക്ക് ഇടപെടാം. എന്നാൽ ഗംഭീർ പരിശീലകനായാൽ ഇത് സംഭവിച്ചേക്കില്ല. ഗംഭീർ ഇതിനകം കോഹ്‌ലിയുമായി ഏറ്റുമുട്ടിയിട്ടുണ്ട്. തന്റെ സുപ്രധാന തീരുമാനങ്ങളിൽ കോലിയോ രോഹിതോ അനാവശ്യമായി ഇടപെട്ടാൽ ഗംഭീർ ചോദ്യങ്ങൾ ഉന്നയിക്കുമെന്ന് ഉറപ്പാണ്. വിട്ടുവീഴ്ചയില്ലാത്ത സ്വഭാവക്കാരനാണ് ഗംഭീർ.

## സൂപ്പർ 8: പൊരുതിയ യുഎസിനെ 18 റൺസിന് തോൽപ്പിച്ച് ദക്ഷിണാഫ്രിക്ക

ടി20 ലോകകപ്പ് സൂപ്പർ 8 ലെ ആദ്യ പോരാട്ടത്തിൽ ദക്ഷിണാഫ്രിക്കക്ക് യുഎസ്എയ്ക്കെതിരെ 18 റൺസ് വിജയം. പേരുകേട്ട പേസ് പടയുള്ള ദക്ഷിണാഫ്രിക്കയെ അക്ഷരാർത്ഥത്തിൽ വിറപ്പിച്ച ശേഷമാണ് ആദ്യ ലോകകപ്പ് കളിക്കുന്ന യുഎസ് കീഴടങ്ങിയത്. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനയക്കപ്പെട്ട ദക്ഷിണാഫ്രിക്ക ഫോമിലേക്കുയർന്ന ഓപ്പണർ ക്വിന്റൺ ഡിക്കോക്കിന്റെ തകർപ്പൻ അർദ്ധസെഞ്ച്വറിയുടെ പിൻബലത്തിൽ 194 റൺസാണ് അടിച്ചു കൂട്ടിയത്. മറുപടി ബാറ്റിംഗിൽ അവസാന രണ്ട് ഓവറിൽ 28 റൺസ് മാത്രം മതിയെന്ന നിലയിലേക്ക് യുഎസ് ബാറ്റർമാർ ടീമിനെ എത്തിച്ചു. 19 ാം ഓവറിൽ കംഗീസോ റബാഡയുടെ മാസ്മര ബൗളിംഗാണ് കളി ദക്ഷിണാഫ്രിക്കയുടെ വരുതിയിലാക്കിയത്. 20 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 176 റൺസെടുക്കാനേ യുഎസിന് സാധിച്ചുള്ളൂ.ബാറ്റിംഗ് ദുഷ്കരമല്ലാത്ത പിച്ചിൽ ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്കക്ക് സ്കോർ 16 ൽ എത്തി നിൽക്കെ ഓപ്പണർ റീസ ഹെൻഡ്രിക്സിനെ നഷ്ടമായി. രണ്ടാം വിക്കറ്റിൽ 58 പന്തിൽ 110 റൺസ് കൂട്ടുകെട്ടുയർത്തി ക്വിന്റൺ ഡിക്കോക്കും ക്യാപ്റ്റൻ എയ്ഡൻ മാർക്രവും യുഎസിന് മറുപടി നൽകി. 40 പന്തിൽ 74 റൺസെടുത്ത ഡികോക്ക് മടങ്ങിയതോടെ എത്തിയ ഡേവിഡ് മില്ലർ ആദ്യ പന്തിൽ പുറത്ത് ഹർമീത് സിംഗിനാണ് രണ്ടുപേരുടെയും വിക്കറ്റ്.



## യൂറോ കപ്പിൽ ക്രൊയേഷ്യയെ സമനിലയിൽ പൂട്ടി അൽബേനിയ

മ്യൂണിക്ക്: യൂറോ കപ്പിൽ ക്രൊയേഷ്യയെ സമനിലയിൽ തളച്ച് അൽബേനിയ.ഇരു ടീമുകളും രണ്ട് ഗോളുകൾ വീതം നേടി. ഇതോടെ ക്രൊയേഷ്യയുടെ പ്രീ ക്വാർട്ടർ സാധ്യതകൾ തുലാസിലായിരിക്കുകയാണ്. ആന്ദ്രെ ക്രാമാരിച്ചാണ് ക്രൊയേഷ്യയുടെ ആദ്യ ഗോൾ നേടിയത്. ക്വാസിം ലാസിയാണ് അൽബേനിയയുടെ ആദ്യ ഗോൾ നേടിയത്. ക്ലോസ് ഗാസുലയാണ് സമനില ഗോൾ നേടിയത്. സമനിലയോടെ ക്രൊയേഷ്യ രണ്ട് കളികളിൽ നിന്ന് ഒരു പോയിന്റുമായി നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. ആദ്യ മത്സരത്തിൽ സ്പെയിനിനോട് തോറ്റിരുന്നു. അൽബേനിയയാണ് മൂന്നാം സ്ഥാനത്ത്. ആദ്യ മത്സരത്തിൽ അവർ ഇറ്റലിയോട് തോറ്റിരുന്നു.മത്സരത്തിലെ ആദ്യ ഗോൾ അൽബേനിയയുടെ വകയായിരുന്നു. 11-ാം മിനിറ്റിൽ തന്നെ ക്രൊയേഷ്യയുടെ വലയിൽ പന്തെത്തിക്കാൻ അൽബേനിയക്ക് സാധിച്ചു. ജാസിർ അസാനിയുടെ പാസിൽ നിന്നായിരുന്നു ഗോൾ. രണ്ട് മിനിറ്റിനിടെയായിരുന്നു ക്രോയേഷ്യയുടെ രണ്ട് ഗോളും പിറന്നത്. ഗോൾശ്രമത്തിനിടെ രണ്ടാം ഗോൾ സെൽഫ് ഗോളായി. ഇതോടെയാണ് കൊയേഷ്യ ലീഡ് പിടിച്ചത്. എന്നാൽ വാശിയേറി പോരാട്ടത്തിൽ 95-ാം മിനിറ്റിൽ രണ്ടാം ഗോൾ നേടിയ അൽബേനിയ ക്രൊയേഷ്യൻ ആരാധകരെ വീണ്ടും നിരാശയിലാഴ്ത്തി. ഏതായാലും ക്രൊയേഷ്യക്ക് കൂടുതൽ നിർണായകമാകുന്ന മത്സരങ്ങളാണ് ഇനി വരാനിരിക്കുന്നത്. വലിയ മാർജിനിൽ വിജയം കണ്ടില്ലെങ്കിൽ അവരുടെ നില മോശമായേക്കാം



## ഒളിമ്പിക്സിനൊരുങ്ങി ഗോൾഡൻ ബോയ്; സ്വർണ്ണമണിഞ്ഞ് മുന്നൊരുക്കം



പാരീസ് ഒളിമ്പിക്സിലേക്ക് ആഴ്ചകൾ മാത്രം ശേഷിക്കെ ഫിൻലൻഡിലെ ടർക്കുവിൽ നടന്ന പാവോ നൂർമി ഗെയിംസിൽ മികച്ച പ്രകടനത്തോടെ സ്വർണം നേടി പ്രതീക്ഷകൾ കൂടുതൽ സജീവമാക്കി ജാവലിൻ സൂപ്പർതാരം നീരജ് ചോപ്ര. ജർമനിയുടെ കൗമാര സെൻസേഷൻ മാക്സ് ഡെഹ്നിംഗിനെയടക്കം പിന്നിലാക്കിയാണ് നീരജദിന്റെ വിജയം. 90 മീറ്റർ ക്ലബ്ബിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമാണ് 19 കാരനായ ഡെഹ്നിംഗ്. 79.84 മീറ്റർ എറിഞ്ഞാണ് 19 ഡെഹ്നിംഗ് മത്സരം ആരംഭിച്ചത്. 83.62 മീറ്റർ എറിഞ്ഞ് നീരജ് ആദ്യ റൗണ്ടിൽ മുന്നിലെത്തി. രണ്ടാമത്തെ ത്രോ ഡെഹ്നിംഗ് ഫൗൾ ചെയ്തു. കിട്ടിയ അവസരം മുതലാക്കി നീരജ് 85.97 മീറ്റർ എറിഞ്ഞ് മൂന്നാം റൗണ്ടിൽ ലീഡ് നേടി. പിന്നീടുള്ള രണ്ട് റൗണ്ടിലും ഈ ദൂരം മെച്ചപ്പെടുത്താനായില്ലെങ്കിലും സ്വർണം കൈക്കലാക്കാൻ ഇത് മതിയായിരുന്നു. 85.97 മീറ്റർ എറിഞ്ഞ് ഇന്ത്യക്ക് സ്വർണം സമ്മാനിച്ച നീരജിന് തൊട്ടുപിന്നാലെ ടോണി കെരാനെൻ (84.19 മീറ്റർ), ഒലിവർ ഹെലാൻഡർ (83.96 മീറ്റർ) എന്നിവർ വെള്ളിയും വെങ്കലവും നേടി.

# തകർപ്പൻ സെഞ്ച്വറി; സ്മൃതി മന്ദാന ഇനി മിഥാലിയുടെ റെക്കോഡിനൊപ്പം



ബെംഗളൂരു: ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ഓപ്പണർ സ്മൃതി മന്ദാന തന്റെ രാജ്യാന്തര കരിയറിലെ മറ്റൊരു നാഴികക്കല്ല് കൂടി പിന്നിട്ടു.വനിതാ അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ സെഞ്ചുറികൾ നേടിയ മുൻ ഇന്ത്യൻ നായിക മിതാലി രാജിന്റെ റെക്കോർഡിനൊപ്പമെത്തിയിരിക്കുകയാണ് മന്ദാന.ദക്ഷിണാഫ്രിക്കയ്ക്കെതിരെ ബെംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടന്ന രണ്ടാം ഏകദിനത്തിലാണ് താരം ഈ നേട്ടം കൈവരിച്ചത്. 120 പന്തിൽ രണ്ട് സിക്സും 18 ഫോറുമടക്കം 136 റൺസെടുത്ത ശേഷമാണ് താരം പുറത്തായത്.27കാരിയുടെ ഏകദിന കരിയറിലെ ഏഴാം സെഞ്ച്വറിയാണിത്. മിഥാലിയും ഏഴു സെഞ്ച്വറികൾ നേടിയിട്ടുണ്ട്. അഞ്ചു സെഞ്ച്വറികളുമായി ഹർമൻപ്രീത് കൗറാണ് ഇരുവർക്കും പിന്നിലുള്ളത്. 39ാം ഓവറിൽ സുനെ ലൂസിൻറെ പന്തിൽ സിംഗ്ൾ ഓടിയാണ് താരം സെഞ്ച്വറി തികച്ചത്. പരമ്പരയിലെ ആദ്യ മത്സരത്തിലും മന്ദാന സെഞ്ച്വറി നേടിയിരുന്നു.മത്സരത്തിൽ ഹർമൻപ്രീത് കൗറും മൂന്ന് ഗോളുകൾ നേടിയതോടെ ദക്ഷിണാഫ്രിക്കൻ വനിതകൾക്കായി ഇന്ത്യ കൂറ്റൻ വിജയലക്ഷ്യം ഉയർത്തി. ഇന്ത്യ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 325 റൺസെടുത്തു. നായിക ഹർമൻപ്രീത് 88 പന്തിൽ 103 റൺസുമായി പുറത്താകാതെ നിന്നു. മന്ദാനയെ കൂടാതെ ഷഫാലി വർമ (38 പന്തിൽ 20), ദയാലൻ ഹേമലത (41 പന്തിൽ 24) എന്നിവരുടെ വിക്കറ്റുകളാണ് ഇന്ത്യക്ക് നഷ്ടമായത്.റിച്ച ഘോഷ് 13 പന്തിൽ 25 റൺസുമായി പുറത്താകാതെ നിന്നു.

# ന്യൂസിലൻഡ് നായകസ്ഥാനം ഒഴിഞ്ഞ് കെയ്ൻ വില്യംസൺ




ടി20 ലോകകകപ്പിൽ സൂപ്പർ 8 കാണാതെ പുറത്തായതിന് പിന്നാലെ ന്യൂസിലൻഡ് നായകസ്ഥാനം ഒഴിഞ്ഞ് കെയ്ൻ വില്യംസൺ. ഏകദിന,ടി20 ടീമുകളുടെ നായകസ്ഥാനമാണ് വില്യംസൺ ഒഴിഞ്ഞത്. നായകസ്ഥാനം ഒഴിഞ്ഞതിന് പിന്നാലെ 2024-25 സീസണിലേക്കുള്ള പുതിയ കരാർ ന്യൂസിലൻഡ് ക്രിക്കറ്റ് ബോർഡുമായി ഒപ്പിടാനും താരം വിസമ്മതിച്ചതായാണ് റിപ്പോർട്ടുകൾ.33കാരനായ വില്യംസൺ ന്യൂസിലൻഡിന്റെ എക്കാലത്തെയും മികച്ച ബാറ്ററാണ്. ടീമിനെ മുന്നോട്ട് നയിക്കുന്നത് ഇഷ്ടമുള്ള കാര്യമാണ് അത് തുടരുമെന്നും എന്നാൽ ന്യൂസിലൻഡിലെ വേനൽക്കാലത്ത് വിദേശലീഗുകളിൽ കളിക്കാനുള്ള അവസരം തേടുന്നതായും വില്യംസൺ പറഞ്ഞു. കിവികൾക്കായി കളിക്കുന്നത് അമൂല്യമായാണ് കാണുന്നത്. ക്രിക്കറ്റിന് പുറത്തുള്ള ജീവിതം ഒരുപാട് മാറി. കുടുംബത്തിനൊപ്പം കൂടുതൽ സമയം ചിലവഴിക്കാൻ ആഗ്രഹിക്കുന്നു. വില്യംസൺ പറഞ്ഞു.ന്യൂസിലൻഡ് ക്രിക്കറ്റ് ബോർഡുമായി കരാറുള്ള താരങ്ങളെ ടീമിൽ പരിഗണിക്കുന്നതിൽ മുൻഗണനയുണ്ടാകും. വില്യംസൺ കരാർ പുതുക്കിയിട്ടില്ലെങ്കിലും താരത്തിന് ഇളവ് നൽകുമെന്നും ബോർഡ് സിഇഒ സ്കോട്ട് വീനിങ്ക് വ്യക്തമാക്കി.



## 'മെസിയുടെ വിരമിക്കൽ ചിന്തിക്കുമ്പോൾ ഭയം തോന്നുന്നു'; ഡി പോൾ

റിയോ ഡി ജനീറോ: ക്യാപ്റ്റൻ ലയണൽ മെസ്സി വിരമിക്കുന്ന ദിവസത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ തനിക്ക് ഭയം തോന്നുന്നുവെന്ന് അർജന്റീന താരം റോഡ്രിഗോ ഡി പോൾ. താൻ വിരമിച്ചാലും ടീമിന് ആവശ്യമുള്ളപ്പോൾ ഫോൺ വിളിച്ചാൽ താൻ അവിടെയുണ്ടാകുമെന്ന് മെസ്സി പറഞ്ഞതായി അമേരിക്കൻ ടിവി ചാനലിന് നൽകിയ അഭിമുഖത്തിൽ ഡി പോൾ പറഞ്ഞു.മെസ്സി നമ്മോടൊപ്പമുള്ളപ്പോൾ നമുക്കെല്ലാവർക്കും എളുപ്പമാണ്. കാരണം ഞങ്ങൾ സുരക്ഷിതരാണ്. അതിന് ഞങ്ങൾ അദ്ദേഹത്തോട് നന്ദിയുള്ളവരാണ്. മെസ്സി തന്നെയാണ് ഈ ടീമിന് എല്ലാം. ഞങ്ങൾ മെസ്സിയെ കുറിച്ച് എപ്പോഴും സംസാരിക്കാറുണ്ട്. ദേശീയ ടീമിന് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഫോൺ എടുത്ത് എന്നെ വിളിച്ചാൽ മതി, ഞാൻ ഉണ്ടാകും, ഞാൻ എപ്പോഴും നിങ്ങൾക്ക് ഒപ്പം ഉണ്ടാകും എന്ന് അദ്ദേഹം പറയും.ഗ്രൗണ്ടിലായാലും പുറത്തായാലും മെസിക്കൊപ്പം എപ്പോഴും നിഴലായി കാണാറുള്ള ഡി പോളിനെ അർജൻറീന നായകൻറെ ബോഡിഗാർഡ് എന്നാണ് ആരാധകർ വിശേഷിക്കുന്നത്.

# 40 കഴിഞ്ഞ സ്ത്രീകൾക്ക് ആവശ്യമായ ഏഴ് പോഷകങ്ങൾ



സ്ത്രീകളെ സംബന്ധിച്ചിടത്തോളം, അവർ അവരുടെ ജീവിതത്തിൽ പല ഘട്ടങ്ങളിലൂടെ കടന്നപോകുന്നു. അതിനാൽ, ഓരോ ഘട്ടത്തിലും ശരീരത്തിന് ആവശ്യമായ പോഷകങ്ങൾ നൽകേണ്ടത് വളരെ പ്രധാനമാണ്. പോഷകങ്ങൾ അടങ്ങിയ ഭക്ഷണം കഴിക്കുന്നത് ഹോർമോണുകളെ സന്തുലിതമാക്കുകയും പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, ഹൃദയ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ രോഗങ്ങളുടെ സാധ്യത കുറയ്ക്കുകയും ചെയ്യുന്നു.

ന്യൂട്രിയന്റ്സ് ജേണലിൽ പ്രസിദ്ധീകരിച്ച ഒരു പഠനമനുസരിച്ച്, ആർത്തവവിരാമം നേരിടുന്ന സ്ത്രീകൾക്ക് അമിതവണ്ണം, മെറ്റബോളിക് സിൻഡ്രോം, ഹൃദ്രോഗം, ഓസ്റ്റിയോപൊറോസിസ് എന്നിവയ്ക്കുള്ള സാധ്യത കൂടുതലാണ്. ഭക്ഷണ ശീലങ്ങൾ മാറ്റുന്നത് ഈ ആരോഗ്യപ്രശ്നങ്ങളുടെ സാധ്യത കുറയ്ക്കും. ശരിയായ പോഷകാഹാരം ശാരീരിക ആരോഗ്യം മാത്രമല്ല, മാനസിക ക്ഷേമവും ഊർജ്ജ നിലയും വർദ്ധിപ്പിക്കുന്നു. 40 കഴിഞ്ഞ സ്ത്രീകൾക്ക് വേണ്ട ചില പ്രധാന പോഷകങ്ങൾ...

### കാൽസ്യം

40 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്ക് എല്ലുകളുടെയും പല്ലുകളുടെയും ബലം നിലനിർത്താൻ കാൽസ്യം ഒരു പ്രധാന പോഷകമാണ്. പ്രായം കൂടുന്തോറും അസ്ഥികളുടെ സാന്ദ്രത കുറയുന്നു. ഇത് ഓസ്റ്റിയോപൊറോസിസ് സാധ്യത വർദ്ധിപ്പിക്കുന്നു. എല്ലുകളുടെ ആരോഗ്യത്തിന് കാൽസ്യം പ്രധാനമാണ്.

### വിറ്റാമിൻ ഡി

വിറ്റാമിൻ ഡി കാൽസ്യം ആഗിരണം ചെയ്യുന്നതിനും എല്ലുകളുടെ ആരോഗ്യത്തിനും സഹായിക്കുന്നു. ഇത് രോഗപ്രതിരോധ സംവിധാനത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

### മഗ്നീഷ്യം

പേശികളുടെയും നാഡികളുടെയും പ്രവർത്തനത്തിനും രക്തത്തിലെ പഞ്ചസാര നിയന്ത്രണത്തിനും എല്ലുകളുടെ ആരോഗ്യത്തിനും മഗ്നീഷ്യം അത്യാവശ്യമാണ്. മഗ്നീഷ്യത്തിന്റെ അളവ് കുറയുന്നത് പേശിവലിവ്, ക്ഷീണം, ഉയർന്ന രക്തസമ്മർദ്ദം എന്നിവയ്ക്ക് കാരണമാകും.

### ഒമേഗ 3 ഫാറ്റി ആസിഡുകൾ

ഒമേഗ 3 ഫാറ്റി ആസിഡുകൾ ഹൃദയാരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. അവ വീക്കം കുറയ്ക്കുകയും തലച്ചോറിന്റെ പ്രവർത്തനത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു. ഒമേഗ 3 ഹൃദ്രോഗ സാധ്യത കുറയ്ക്കാൻ സഹായിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. സ്ത്രീകൾ ആഴ്ചയിൽ രണ്ടുതവണയെങ്കിലും കൊഴുപ്പുള്ള മത്സ്യം കഴിക്കണം അല്ലെങ്കിൽ ഇപിഎയും ഡിഎച്ച്എയും അടങ്ങിയ സപ്ലിമെന്റുകൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തണം.

### വിറ്റാമിൻ ബി 12

ചുവന്ന രക്താണുക്കളുടെ രൂപീകരണം, നാഡീവ്യവസ്ഥയുടെ പ്രവർത്തനം, ഡിഎൻഎ സിന്തസിസ് എന്നിവയ്ക്ക് വിറ്റാമിൻ ബി 12 അത്യാവശ്യമാണ്. വിറ്റാമിൻ ബി 12ന്റെ കുറവ് ക്ഷീണത്തിനും വിളർച്ചയ്ക്കും കാരണമാകും. 40 വയസ്സിനു മുകളിലുള്ള സ്ത്രീകൾ മാംസം, പാലുൽപ്പന്നങ്ങൾ, ധാന്യങ്ങൾ എന്നിവ അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കണം.

### ഇരുമ്പ്

രക്തത്തിലേക്ക് ഓക്സിജൻ എത്തിക്കുന്നതിനും വിളർച്ച തടയുന്നതിനും ഇരുമ്പ് ആവശ്യമാണ്. 40 വയസ്സിനു മുകളിലുള്ള സ്ത്രീകൾ, പ്രത്യേകിച്ച് ആർത്തവവിരാമത്തിന് മുമ്പുള്ള സ്ത്രീകൾ, ക്ഷീണവും ബലഹീനതയും ഒഴിവാക്കാൻ മതിയായ ഇരുമ്പിന്റെ അളവ് നിലനിർത്തേണ്ടതുണ്ട്. ബീൻസ്, പയർ, ധാന്യങ്ങൾ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക.

### ഫൈബർ

ദഹന ആരോഗ്യത്തിന് നാരുകൾ അത്യന്താപേക്ഷിതമാണ്. നാരുകൾ അടങ്ങിയ ഭക്ഷണങ്ങൾ ഹൃദ്രോഗം, ടൈപ്പ് 2 പ്രമേഹം, ചില ക്യാൻസർ എന്നിവ തടയാൻ സഹായിക്കും.

# ഉറക്കം കൂടിയാലും പ്രശ്നമാണ്; ആരോഗ്യത്തെ ദോഷകരമായി എങ്ങനെ ബാധിക്കും?



മൊത്തത്തിലുള്ള ആരോഗ്യം നിലനിർത്തുന്നതിന് മതിയായ ഉറക്കം അത്യാവശ്യമാണ്. സ്ലീപ്പ് ഫൗണ്ടേഷന്റെ അഭിപ്രായത്തിൽ, ഒരു വ്യക്തിക്ക് ദിവസവും 7 -8 മണിക്കൂർ ഉറക്കം ആവശ്യമാണ്. എന്നാൽ അതിലധികം സമയം ഉറങ്ങുന്നത് നല്ലതല്ല. ഉറക്കം കൂടുന്നതിന് പലവിധ കാരണങ്ങളുണ്ട്. എത്ര ഉറങ്ങിയാലും മതിവരാത്ത ഹൈപ്പർസോംനിയ എന്ന അവസ്ഥ ഗൗരവമായി കാണേണ്ടതാണ്. ഇക്കൂട്ടരിൽ പകൽമുഴുവൻ ഉറങ്ങിയാലും ഉറക്കച്ചടവ് വിട്ടുമാറില്ല.

ഹൈപ്പർസോംനിയ ഉള്ളവരിൽ വിഷാദം, ഊർജമില്ലായ്മ, മറവി തുടങ്ങിയവ കണ്ടുവരാറുണ്ട്. കൂടാതെ ഉറക്കത്തിനിടയിൽ ശ്വാസതടസ്സം നേരിടുന്ന ഒബ്സ്ട്രക്ടീവ് സ്ലീപ് അപ്നിയ എന്ന ഡിസോർഡർ ഉള്ളവരിലും എപ്പോഴും ഉറങ്ങണമെന്ന തോന്നൽ കൂടുതലായിരിക്കും. ഒബ്സ്ട്രക്ടീവ് സ്ലീപ് അപ്നിയ മൂലം മതിയായ ഉറക്കം ലഭിക്കുന്നതിൽ തടസ്സം നേരിടുന്നതിനാലാണിത്. ഇവമാത്രമല്ല അമിതമദ്യപാനം, ചിലമരുന്നുകൾ, വിഷാദം തുടങ്ങിയവയും ഉറക്കം കൂടുന്നതിന് കാരണമാകാം.

പ്ലോസ് വൺ ജേണലിൽ പ്രസിദ്ധീകരിച്ച 2014ലെ ഒരു പഠനമനുസരിച്ച്, വളരെ ഹ്രസ്വമായ ഉറക്കവും (5 മണിക്കൂറിൽ താഴെ) വളരെ നീണ്ട ഉറക്കവും (10 മണിക്കൂറിൽ കൂടുതൽ) അനാരോഗ്യകരമാണെന്ന് ഗവേഷകർ കണ്ടെത്തി. സ്ലീപ്പ് ഫൗണ്ടേഷൻ സൂചിപ്പിക്കുന്നത്, അമിതമായി ഉറങ്ങുന്നത് ശരീരത്തിൽ വിവിധ പ്രതികൂല ഫലങ്ങൾ ഉണ്ടാക്കുമെന്നാണ്. അതായത് :

വീക്കം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ കുറയുന്നു, വിട്ടുമാറാത്ത രോഗങ്ങളുടെ സാധ്യത വർദ്ധിക്കുന്നു.

കൂടാതെ, ഉറക്കമില്ലായ്മയും അമിതമായ ഉറക്കവും ഇനിപ്പറയുന്നതിലേക്ക് നയിച്ചേക്കാം: അമിതവണ്ണം, മാനസിക വിഷമം, ഹൃദയ ധമനി ക്ഷതം, പ്രമേഹം, സ്ട്രോക്ക്

**പൊണ്ണത്തടി:** ദിവസം ഒമ്പത് മുതൽ 10 മണിക്കൂർ വരെ ഉറങ്ങുന്നവർക്ക് ഏഴ് മുതൽ എട്ട് മണിക്കൂർ വരെ ഉറങ്ങുന്നവരെ അപേക്ഷിച്ച് ആറ് വർഷത്തിനുള്ളിൽ പൊണ്ണത്തടി ഉണ്ടാകാനുള്ള സാധ്യത കൂടുതലാണെന്ന് അടുത്തിടെ നടത്തിയ ഒരു പഠനം കണ്ടെത്തി.

**തലവേദന:** പകൽ കൂടുതൽ ഉറങ്ങുകയും രാത്രിയിൽ ഉറക്കക്കുറവ് അനുഭവപ്പെടുകയും ചെയ്യുന്നവർക്ക് പിറ്റേന്ന് രാവിലെ തലവേദന കൂടുതലായിരിക്കുമെന്നും ഗവേഷകർ പറയുന്നു.

**നടുവേദന:** അമിതമായി ഉറങ്ങുന്ന പലർക്കും നടുവേദന മൂലം അസ്വസ്ഥതകളും അനുഭവപ്പെടും. സദാസമയവും കിടന്നുകൊണ്ട് ശരീരത്തിന് വേണ്ടത്ര വ്യായാമം ലഭിക്കാതെ വരികയും ഇത് നടുവേദനയ്ക്ക് കാരണമാവുകയും ചെയ്യും. നടുവേദന പോലുള്ള പ്രശ്നങ്ങളുമായി വരുന്ന പലരും ഉറക്കത്തിന്റെദൈർഘ്യംകൂടുതലാണെങ്കിൽ കുറച്ച് ശാരീരിക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഡോക്ടർമാർ പറയുന്നു.

ഹൃദ്രോഗവും പക്ഷാഘാതവും ഉണ്ടാകാനുള്ള സാധ്യത ദിവസവും ഒമ്പത്മുതൽപതിനൊന്ന്മണിക്കൂർവരെ ഉറങ്ങുന്ന സ്ത്രീകൾക്ക് ഹൃദ്രോഗ സാധ്യത കൂടുതലാണെന്ന് പഠനങ്ങൾ കാണിക്കുന്നു. ദിവസവും എട്ട് മണിക്കൂറിൽ കൂടുതൽ ഉറങ്ങുന്നവരിൽ സ്ട്രോക്ക് സാധ്യത 46 ശതമാനം കൂടുതലാണെന്നും കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിൽ പറയുന്നു.

# പാൽ അമിതമായി തിളപ്പിക്കല്ലേ.. ചായക്ക് രുചിയും പോകും വയറിനും കേട്



മനുഷ്യർ ഏറ്റവും കൂടുതൽ ആസ്വദിച്ച് കുടിക്കുന്ന പാനീയങ്ങളിൽ ഒന്നാണ് ചായ. അതിൽ തന്നെ പാലൊഴിച്ച ചായയായിരിക്കും പലരുടേയും പ്രിയപ്പെട്ടത്. പലപ്പോഴും ചായ സ്ട്രെസ് റിലീസിംഗ് പാനീയമാണ് എന്ന് തന്നെ പറയാം. എന്നാൽ ഈ അമിതമായ ചായകുടി പൊല്ലാപ്പാകുമെന്ന് എത്രപേർക്ക് അറിയാം. അമിതമായി തിളപ്പിച്ച പാൽ ചായ ചില പാർശ്വഫലങ്ങൾക്ക് കാരണമാകുമെന്നാണ് ആരോഗ്യ വിദഗ്ദ്ധർ പറയുന്നത്.

പാൽ അമിതമായി അല്ലെങ്കിൽ കൂടുതൽ നേരം തിളപ്പിക്കുന്നത് പോഷകങ്ങളുടെ നഷ്ടത്തിലേക്ക് നയിക്കുന്നു. പാലിൽ കാൽസ്യം, പ്രോട്ടീൻ, വിറ്റാമിൻ ഡി തുടങ്ങിയ അവശ്യ പോഷകങ്ങൾ അടങ്ങിയിട്ടുണ്ട്. എന്നാൽ തിളപ്പിക്കുമ്പോൾ ഈ പോഷകങ്ങൾ കുറയുകയും ചെയ്യുന്നു. ഉദാഹരണത്തിന്, പാലിലെ വിറ്റാമിൻ ബി 12 തിളപ്പിച്ചാൽ ഗണ്യമായി കുറയുന്നു. ഇതുവഴി പാൽ ചായയിൽ പാലിന്റെ ചില പ്രധാന ആരോഗ്യ ഗുണങ്ങൾ നഷ്ടപ്പെടും. അമിതമായി തിളപ്പിച്ച പാൽ ചായയുടെ അധികം ശ്രദ്ധിക്കപ്പെടാത്ത മറ്റൊരു പാർശ്വഫലം രുചി നഷ്ടമാണ്. നിങ്ങൾ പാൽ ചായ വളരെ നേരം തിളപ്പിക്കുമ്പോൾ അത് കയ്പേറിയതും അസുഖകരമായതുമായ ഒരു രുചി വികസിപ്പിച്ചെടുക്കുന്നു. ഇത് ചായയുടെ അതിലോലമായ രുചിയെ മറികടക്കും.

വീക്കവും വിട്ടുമാറാത്ത രോഗങ്ങളുമായി ബന്ധപ്പെട്ട അഡ്വാൻസ്ഡ് ഗ്ലൈക്കേഷൻ എൻഡ് പ്രോഡക്ട്സ് (AGEs) പോലുള്ള ഹാനികരമായ സംയുക്തങ്ങളുടെ രൂപവത്കരണമാണ് മറ്റൊരു പ്രധാന ആശങ്ക. രക്തപ്രവാഹത്തിൽ പ്രോട്ടീനുകളോ കൊഴുപ്പുകളോ പഞ്ചസാരയുമായി സംയോജിപ്പിക്കുമ്പോൾ AGE-IÄ രൂപം കൊള്ളുന്നു, കൂടുതൽ നേരം തിളപ്പിച്ച പാൽ ചായ പാലിന്റെ ആന്റിഓക്സിഡന്റ് ഗുണങ്ങളെ നശിപ്പിക്കുകയും നിരവധി ആരോഗ്യ ഗുണങ്ങൾ കുറയ്ക്കുകയും ചെയ്യുന്നു.

കാറ്റെച്ചിൻസ്, തേഫ്ളാവിൻ തുടങ്ങിയആന്റിഓക്സിഡന്റുകൾഓക്സിഡേറ്റീവ് സ്ട്രെസിനെതിരെ പോരാടുകയും മൊത്തത്തിലുള്ള ആരോഗ്യത്തെ സഹായിക്കുകയും ചെയ്യുന്നു. അമിതമായി തിളപ്പിക്കുന്നതിലൂടെ, മൊത്തത്തിലുള്ള ആരോഗ്യത്തിന് സഹായിക്കുന്ന ചില അവശ്യ സംയുക്തങ്ങൾ നിങ്ങൾക്ക് നഷ്ടപ്പെട്ടേക്കാം.

തിളപ്പിച്ച ചായ അമിതമായി കുടിക്കുന്നത് ദഹനസംബന്ധമായ പല പ്രശ്നങ്ങൾക്കും കാരണമാകും. കാരണം തിളച്ചു കഴിഞ്ഞാൽ ദഹിക്കാൻ പ്രയാസമാകും. ഇത് പ്രോട്ടീന്റെ ഘടന മാറ്റുകയും ചില ആളുകൾക്ക് ഇത് പ്രോസസ്സ് ചെയ്യുന്നത് കൂടുതൽ ബുദ്ധിമുട്ടാക്കുകയും ചെയ്യുന്നു. ഇത് ഗ്യാസ്, വയറിളക്കം, വയറുവേദന തുടങ്ങിയ ലക്ഷണങ്ങളിലേക്ക് നയിക്കുന്നു.

കൂടാതെ, തേയിലയിലെ ടാന്നിൻ, രേതസ് ഗുണങ്ങൾ ഉണ്ടാകാം. ഇത് കൂടുതൽ സാന്ദ്രവും കഠിനവുമാകാം. ഇത് ദഹനസംബന്ധമായ അസ്വസ്ഥതകൾക്ക് കൂടുതൽ സംഭാവന നൽകുന്നു. അതിനാൽ പാലൊഴിച്ച ചായയുടെ എല്ലാ ഗുണങ്ങളും ലഭിക്കാൻ അത് അമിതമായി തിളപ്പിക്കാതിരിക്കുന്നതാണ് നല്ലത്.

അമിതമായി തിളപ്പിച്ചാൽ പാലിന്റെ സാധാരണ മധുരവും പോഷകങ്ങളും നഷ്ടപ്പെടുന്നു. പാൽ അമിതമായി തിളപ്പിക്കുമ്പോൾ അതിന്റെ ഘടനയിൽ മാറ്റം വരുത്തുകയും പ്രോട്ടീൻ കട്ടപിടിക്കുകയും ചെയ്യുന്നു.

# ചെറുപ്പക്കാർക്കിടയിലെ അകാലനര; ഭക്ഷണം മുതൽ മാനസിക സമ്മർദം വരെ കാരണങ്ങൾ

ഇന്നത്തെ കാലത്ത് യുവാക്കളിൽ അകാലനര വളരെ സാധാരണമാണ്. നരച്ചമുടി ഇപ്പോൾ വാർധക്യത്തിന്റെ അടയാളമായി കാണുന്നില്ല എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇന്ത്യൻ ജേണൽ ഓഫ് അപ്ലൈഡ് റിസർച്ചിൽ പ്രസിദ്ധീകരിച്ച പഠനമനുസരിച്ച് രാജ്യത്തെ 10.6 ശതമാനം സ്കൂൾ കുട്ടികളും ചെറുപ്രായത്തിൽ തന്നെ മുടി നരച്ചവരാണ്. മുടി നരയ്ക്കുന്നതിൽ പലരും പരിഭ്രാന്തരാകാറുണ്ട്. മറ്റുള്ളവർക്കും ഇതേ പ്രശ്നം ഉണ്ടെന്നതിനാൽ അകാലനര സാധാരണസംഗതിയാണെന്ന് കരുതുന്നവരാണ് ഭൂരിഭാഗം പേരും. കൗമാരപ്രായത്തിലും 20കളുടെ തുടക്കത്തിലും മുടിനരക്കുന്നതിന് പിന്നിലുള്ള കാരണം എന്താവാം ? അകാലനര തടയാൻ സാധിക്കുമോ ?

അകാല നരയ്ക്ക് രണ്ട് പ്രധാന കാരണങ്ങളുണ്ട് ജനിതകശാസ്ത്രവും പോഷകാഹാരക്കുറവും. ഫരീദാബാദിലെ റാഡിക്കൽ സ്കിൻ ആൻഡ് ഹെയർ ക്ലിനിക്കിലെ ഡെർമറ്റോളജിസ്റ്റും ഹെയർ ട്രാൻസ്പ്ലാന്റ് സർജനുമായ ഡോ. രാധികാ രഹേജ പറയുന്നത്: നാല്പതുകളിലോ അൻപതുകളിലോ മുടി നരക്കാൻ തുടങ്ങുന്ന മാതാപിതാക്കളുടെ മക്കൾക്ക് 20 കളിൽ തന്നെ മുടി നരച്ചേക്കാമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. അതിനാൽ ഓരോ തലമുറ പിന്നിടുമ്പോഴും അകാലനര ഉണ്ടാകുന്ന പ്രായം കുറഞ്ഞുവരികയാണ്.

പോഷകങ്ങളുടെ കുറവ് ആണ് മറ്റൊരു പ്രധാന ഘടകം. വിറ്റാമിൻ ഡി, വിറ്റാമിൻ ബി 12, അയൺ, സിങ്ക്, കോപ്പർ തുടങ്ങിയവയുടെ കുറവ് അകാലനരയിലേക്ക് നയിച്ചേക്കാം. ഹീമോഗ്ലോബിൻ, തൈറോയ്ഡ് എന്നിവയുടെ അളവ് സാധാരണയിൽ കുറയുന്നതും അകാലനരയിലേക്ക് നയിക്കുന്നു.

ശാരീരികവും വൈകാരികവുമായ സമ്മർദ്ദവും നരയെ ത്വരിതപ്പെടുത്തും. മുടിയുടെ നിറം വരുന്നത് മെലനോസൈറ്റുകളിൽ നിന്നാണ്. ഓക്സിഡേറ്റീവ് സ്ട്രെസ് മെലനോസൈറ്റുകളെ നശിപ്പിക്കുന്നു. മലിനീകരണം, അൾട്രാ വയലറ്റ് രശ്മികൾ തുടങ്ങിയ പാരിസ്ഥിതിക വിഷയങ്ങൾ, പുകവലി, മദ്യപാനം, ലഹരിമരുന്ന് തുടങ്ങിയ ശീലങ്ങൾ, വിട്ടുമാറാത്ത പ്രശ്നങ്ങൾ, ഹോർമോൺ അസന്തുലിതാവസ്ഥ, സംസ്കരിച്ച ഭക്ഷണങ്ങൾ കഴിക്കുന്നത് (മെറ്റബോളിക് പ്രശ്നങ്ങൾക്ക് കാരണമാകുന്നു) തുടങ്ങിയവും അകാലനരയിലേക്ക് നയിക്കുന്നു.

അകാലനരയുടെ മറ്റ് കാരണങ്ങളും പഠനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

1. മലിനീകരണം, സൂര്യൻ, അൾട്രാവയലറ്റ് രശ്മികൾ എന്നിവയുമായി സമ്പർക്കം പുലർത്തുന്ന പാരിസ്ഥിതിക ഘടകങ്ങൾ.
2. പുകവലി, മദ്യപാനം അല്ലെങ്കിൽ മയക്കുമരുന്ന് ഉപയോഗം പോലുള്ള ജീവിതശൈലി ശീലങ്ങൾ.
3. വിട്ടുമാറാത്ത രോഗങ്ങൾ.
4. ഹോർമോൺ അസന്തുലിതാവസ്ഥ.

ജനിതകപ്രശ്നങ്ങൾ മൂലമുണ്ടാകുന്ന അകാല നര തടയാനാവില്ല. എന്നാൽ സപ്ലിമെന്റുകളും മരുന്നുകളും കഴിക്കാം. അകാല നരയെ ചികിത്സിക്കാൻ ഹെയർ തെറാപ്പി, ഹെയർ സെറം, കാൽസ്യം പാന്റോതെനേറ്റ് സപ്ലിമെന്റുകൾ തുടങ്ങിയ ചികിത്സാ രീതികളും നിലവിലുണ്ട്.

## ട്രൂ കോളറിന് മുട്ടൻ പണി;
# കോളർ ഐഡി സേവനവുമായി ടെലികോം കമ്പനികൾ




ഇന്ത്യൻ ടെലികോം ഓപ്പറേറ്റർമാർ രാജ്യത്തെ തിരഞ്ഞെടുത്ത നഗരങ്ങളിൽ കോളർ ഐഡി സേവനം പരീക്ഷിക്കാൻ തുടങ്ങി. ഹരിയാനയിലും മുംബൈയിലുമാണ് ട്രയൽസ് നടക്കുന്നത്.

കോൾ സ്വീകരിക്കുന്ന ഉപയോക്താവിന് വിളിക്കുന്നയാളുടെ പേര് പ്രദർശിപ്പിക്കാൻ ടെലികോം കമ്പനികളോട് ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് (DoT) ആവശ്യപ്പെട്ടിട്ടുണ്ട്. ഇതൊരു ട്രൂകോളർ പോലെയുള്ള സേവനമാണെങ്കിലും, ടെലികോം കമ്പനികൾ നേരിട്ടാണ് സംവിധാനം നടപ്പിലാക്കുന്നത്.

സ്പാം കോളുകൾ തിരിച്ചറിയാൻ ഇത് ഉപയോക്താക്കളെ സഹായിക്കും. ഈ സേവനത്തിന്റെ സാങ്കേതിക നാമം CNAP (കോളിംഗ് നെയിം പ്രസന്റേഷൻ) എന്നാണ്.

ഈ പരീക്ഷണങ്ങളിൽ നിന്നുള്ള ഫലങ്ങൾ സർക്കാർ പങ്കിടും. അതിന് ശേഷം, സേവനം നടപ്പിലാക്കുന്നത് സംബന്ധിച്ച് ശരിയായ തീരുമാനങ്ങൾ എടുക്കും.

4 ജി അല്ലെങ്കിൽ 5 ജി ഉപകരണങ്ങൾക്ക് മാത്രമേ ഇതിനെ പിന്തുണയ്ക്കാൻ കഴിയൂ എന്നതിനാൽ, ദശലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് ഈ സേവനത്തിൽ നിന്ന് പ്രയോജനം ലഭിക്കില്ല.

# ആൻഡ്രോയിഡ് ഫോണുകളിലേക്ക് ഫയൽ കൈമാറ്റം ഇനി എളുപ്പമാകും, പുതിയ ഫീച്ചറുമായി മൈക്രോസോഫ്റ്റ്




വിൻഡോസ് പിസികളിൽ നിന്ന് (പേഴ്സണൽ കമ്പ്യൂട്ടറുകൾ) ആൻഡ്രോയിഡ് ഫോണുകളിലേക്ക് ഫയലുകൾ കൈമാറുന്നത് എളുപ്പമാക്കാൻ മൈക്രോസോഫ്റ്റിന്റെ പുതിയ ഫീച്ചർ. ഏറ്റവും പുതിയ വിൻഡോസ് 11 ബീറ്റ അപ്ഡേറ്റിലാണ് ഈ ഫീച്ചർ വന്നത്. വിൻഡോസ് ഇൻസൈഡർ പ്രോഗ്രാമിന്റെ ഭാഗമായവർക്ക് ഈ ഫീച്ചർ ഇപ്പോൾ ലഭ്യമാണ്.

വിൻഡോസ് പിസികളിൽ നിന്ന് ആൻഡ്രോയിഡ് ഫോണുകളിലേക്ക് നേരിട്ട് ഫയലുകൾ പങ്കിടുന്നത് മുമ്പൊരിക്കലും അത്ര എളുപ്പമായിരുന്നില്ല. ക്രോസ്പ്ലാറ്റ്ഫോം ഫയൽ കൈമാറ്റങ്ങളിലെ ഈ ബുദ്ധിമുട്ട് ഒഴിവാക്കാനാണ് മൈക്രോസോഫ്റ്റ് ഒരു പുതിയ ഫീച്ചർ അവതരിപ്പിച്ചത്.

ഇതോടെ വിൻഡോസ് ഷെയർ ഇന്റർഫേസിൽ 'മൈ ഫോൺ' എന്ന സെർച്ച് ഐക്കൺ പ്രത്യക്ഷപ്പെടും. ഈ പുതിയ ഫീച്ചർ ഉപയോഗിച്ച് ഫയലുകൾ ഷെയർ ചെയ്യാൻ ആൻഡ്രോയ്ഡ് ഫോണും പിസിയും തമ്മിൽ പെയർ ചെയ്യുകയാണ് ആദ്യം ചെയ്യേണ്ടത്. ആൻഡ്രോയ്ഡ് ഫോണിൽ ലിങ്ക് ടു വിൻഡോസ് ആപ്പും പിസിയിൽ ഫോൺ ലിങ്ക് ആപ്ലിക്കേഷനും ഡൗൺലോഡ് ചെയ്യുക.

ആപ്ലിക്കേഷനുകൾ ഡൗൺലോഡ് ചെയ്തുകഴിഞ്ഞാൽ സ്ക്രീനിൽ കാണുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ഇരു ഡിവൈസുകളും പെയർ ചെയ്യാം. ഇങ്ങനെ പെയർ ചെയ്തുകഴിഞ്ഞാൽ മൈ ഫോൺ ഐക്കൺ വിൻഡോസിന്റെ ഷെയർ വിൻഡോയിൽ പ്രത്യക്ഷപ്പെടും. ഈ സംവിധാനം ഫയലുകൾ വളരെ വേഗത്തിലും എളുപ്പത്തിലും പങ്കുവെക്കുന്നുവെന്ന് മൈക്രോസോഫ്റ്റ് അവകാശപ്പെടുന്നു.

നിലവിൽ പരീക്ഷണ ഘട്ടത്തിലുള്ള മൈ ഫോൺ സംവിധാനം കൂടുതൽ അപ്ഡേറ്റുകളോടെ ആളുകൾക്ക് ലഭ്യമാക്കും. നിലവിൽ പിസികളിൽ നിന്ന് ആൻഡ്രോയ്ഡ് ഫോണുകളിലേക്ക് ഫയലുകൾ ഷെയർ ചെയ്യാൻ ഗൂഗിളിന്റെ ക്വിക് ഷെയർ പോലുള്ള സംവിധാനങ്ങളാണ് ഉപയോഗിച്ചുവരുന്നത്.

ഇതിനേക്കാളെല്ലാം മികച്ചതായിരിക്കും 'മൈ ഫോൺ' എന്നാണ് പ്രതീക്ഷിക്കുന്നത്.

# ഒരു കയ്യബദ്ധത്തിൽ പിറന്ന ഗൂഗിൾ എന്ന പേരിന്റെ കഥ അറിയുമോ?




1995ൽ സ്റ്റാൻഫഡ് സർവകലാശാലയിലെ രണ്ടു വിദ്യാർത്ഥികൾ കൂട്ടുകാരായി. ലാറി പേജും സെർജി ബ്രിന്നും. ആദ്യകാലത്ത് ബാക്രബ് എന്നറിയപ്പെടുന്ന ഒരു സെർച് എൻജിൻ പദ്ധതി ഇവർ വികസിപ്പിച്ചു.

എന്നാൽ അവർക്ക് പേര് അത്ര ഇഷ്ടപ്പെട്ടില്ല. പേര് മാറ്റാനായി അവർ ചർച്ച ആരംഭിച്ചു.

തങ്ങളുടെ കൂട്ടുകാരനായ സീൻ ഡ ആൻഡേഴ്സനെയും അവർ സമീപിച്ചു, ഗൂഗോൾപ്ലെക്സ് എന്ന ഒരു വാക്ക് ആൻഡേഴ്സൻ മുന്നോട്ടുവച്ചു. ഒന്ന് കഴിഞ്ഞാൽ 100 പൂജ്യങ്ങൾ കൂടി വരുന്ന വലിയൊരു നമ്പരാണ് ഇത്.

ഗൂഗിൾ ഭാവിയിൽ വലിയ അളവിലുള്ള ഡേറ്റ കൈകാര്യം ചെയ്യേണ്ടിവരുമെന്നതാണ് ഇത്തരമൊരു വാക്കിന് ആൻഡേഴ്സനെ പ്രേരിപ്പിച്ചത്.

എന്നാൽ ഈ പേര് ഡൊമെയ്ൻ റജിസ്റ്റർ ചെയ്തപ്പോൾ ആൻഡേഴ്സന് ഒരു കയ്യബദ്ധം പറ്റി. ഗൂഗോൾ (googol) ഗൂഗിളായി മാറി. അപകടത്തിൽ സംഭവിച്ച അബദ്ധമാണെങ്കിലും ലളിതവും ആകർഷകവുമായ പേര് പേജിന് നല്ല സ്വീകാര്യത നേടിക്കൊടുത്തു.

അങ്ങനെ, 1997 സെപ്തംബർ 15ന്, ഗൂഗിൾ എന്ന പേര് ഔദ്യോഗികമായി രജിസ്റ്റർ ചെയ്തു. അങ്ങനെ ഏറ്റവും വലിയ സെർച്ച് എഞ്ചിൻ പിറന്നു.

പിന്നീട് 1999ൽ ഗൂഗിളിന്റെ ആദ്യ ഓഫിസ് യുഎസ്സിലെ പാലോ അൽറ്റോയിൽ സ്ഥാപിച്ചു. ലാറിയും സെർജിയും സ്റ്റാൻഫഡിലെ പഠനം അവസാനിപ്പിക്കുകയും ചെയ്തു.

2000ൽഒന്നരക്കോടിയിലധികംപേർ ഗൂഗിളിന്റെ സെർച് സേവനങ്ങൾ ഉപയോഗിച്ചു. അങ്ങനെ വളർന്ന് വളർന്ന് വാസ്തവത്തിൽ, ഗൂഗിൾ എന്ന പേര് ഇന്റർനെറ്റിന്റെ പര്യായമായി മാറിയിരിക്കുന്നു.

## വോയ്സ് മെസേജ് ടെക്സ്റ്റാക്കി മാറ്റാം;
# വാട്സാപ്പിൽ പുതിയ 'ട്രാൻസ്ക്രൈബ്' ഫീച്ചർ




പുതിയ ട്രാൻസ്ക്രൈബ് ഓപ്ഷനുമായി വാട്സ്ആപ്പ്. ഇനി റെക്കോർഡുചെയ്ത വോയ്സ് സന്ദേശങ്ങൾ ടെക്സ്റ്റിലേക്ക് തർജ്ജമ ചെയ്യാനും ഇതുവഴി സാധിക്കും.

ഹിന്ദി, സ്പാനിഷ്, പോർച്ചുഗീസ്, റഷ്യൻ, ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഭാഷകളിൽ ഈ സൗകര്യം തുടക്കത്തിൽ ലഭ്യമാകും. വാട്സ്ആപ്പിന്റെ 2.24.7.8 ആൻഡ്രോയിഡ് ബീറ്റ പതിപ്പിലാണ് ഈ ഫീച്ചർ പരീക്ഷിക്കുന്നത്.

വാട്സ്ആപ്പിൽ വോയ്സ് ട്രാൻസ്ക്രിപ്റ്റ് ഭാഷ തിരഞ്ഞെടുക്കാനുള്ള ഓപ്ഷൻ ഇത് നിങ്ങൾക്ക് നൽകും. തുടർന്ന് നിങ്ങൾക്ക് വാട്സ്ആപ്പിൽ വോയ്സ് സന്ദേശങ്ങൾ ട്രാൻസ്ക്രൈബ് ചെയ്യാം.

ദൈർഘ്യമേറിയ സന്ദേശങ്ങൾ ടൈപ്പ് ചെയ്യാൻ ആഗ്രഹിക്കാത്തവർക്ക് വാട്സ്ആപ്പിലെ വോയ്സ് സന്ദേശങ്ങൾ വളരെ ഉപയോഗപ്രദമാണ്. നിങ്ങളുടെ സ്വന്തം ശബ്ദത്തിൽ നിങ്ങളുടെ സന്ദേശം റെക്കോർഡ് ചെയ്യാം.

ഫോണിൽ തന്നെയാവും ഈ ഫീച്ചറിന്റെ പ്രൊസസിങ് നടക്കുക എന്നാണ് വിവരം. അതിനാൽ സന്ദേശങ്ങൾ ട്രാൻസ്ക്രൈബ് ചെയ്യാനായി പുറത്തുള്ള സെർവറുകളിലേക്ക് അയക്കില്ല. ശബ്ദ സന്ദേശങ്ങളുടെ എന്റ് ടു എന്റ് എൻക്രിപ്ഷൻ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടിയാണിത്.

# ഐഫോൺ സ്വിച്ച് ഓഫ് ചെയ്യാം ഇനി എളുപ്പം, ദാ ഇങ്ങനെ..!!

ഐഫോൺ ഇപ്പോൾ എളുപ്പത്തിൽ സ്വിച്ച് ഓഫ് ചെയ്യാം. ഈ വർഷത്തെ വേൾഡ് വൈഡ് ഡെവലപ്പേഴ്സ് കോൺഫറൻസിലാണ് ആപ്പിൾ പുതിയ ഐഒഎസ് 18 ഫീച്ചറുകൾ അവതരിപ്പിച്ചത്.

പവർ ബട്ടണും വോളിയം ബട്ടണും ഒരേ സമയം പ്രസ് ചെയ്ത് പിടിച്ചാണ് ഇതുവരെ ഐഫോൺ സ്വിച്ച് ഓഫ് ആക്കുന്നതിനുള്ള സ്ലൈഡർ ഓപ്ഷൻ എടുത്തിരുന്നത്.

എന്നാൽ പുതിയ അപ്ഡേറ്റ് അനുസരിച്ച് ഫോൺ സ്വിച്ച് ഓഫ് ചെയ്യാൻ കൺട്രോൾ സെന്ററിൽ തന്നെ ഓപ്



ഷൻ ഉണ്ടാകും. കൺട്രോൾ സെന്റർ ഓപ്പൺ ചെയ്യുമ്പോൾ മുകളിൽ വലത് കോണിലായി തന്നെ പവർ ബട്ടൻ കാണാം. ഈ ബട്ടണിൽ ടാപ്പ് ചെയ്താൽ സ്വിച്ച് ഓഫ് ആക്കുന്നതിനുള്ള സ്ലൈഡർ കാണാം. അത് ടോഗിൾ ചെയ്താണ് ഫോൺ ഓഫാക്കേണ്ടത്. ഐഒഎസ് 18ന്റെ ഡെവലപ്പർ ബീറ്റ ഇതിനകം പലർക്കും ലഭിച്ചു കഴിഞ്ഞു.

സമ്മേളനത്തിൽ അവതരിപ്പിച്ച പ്രധാന മാറ്റങ്ങളിലൊന്ന് കൺട്രോൾ സെന്ററിലായിരുന്നു. മൂന്നാം കക്ഷി ആപ്പുകൾക്കുള്ള നിയന്ത്രണ ഓപ്ഷനുകൾ ഉൾപ്പെടെ നിരവധി പുതിയ ഓപ്ഷനുമായാണ് കൺട്രോൾ സെന്റർ വരുന്നത്.

ഇതിന്ശേഷം, ഇനി മുതൽ ഐഫോൺ ഉപഭോക്താക്കൾ ആഗ്രഹിച്ചാൽ കോൾ റെക്കോർഡിംഗ് ഓപ്ഷൻ ഉണ്ടാകും. കോൾ ട്രാൻസ്ക്രൈബ് ചെയ്യാനുള്ള സൗകര്യവും ഉണ്ടാകും. ഫോൺ ആപ്പിൽ നിന്ന് നേരിട്ട് കോളുകൾ റെക്കോർഡ് ചെയ്യാനും സംഭാഷണങ്ങൾ തത്സമയം ടെക്സ്റ്റിലേക്ക് പകർത്താനും കഴിയുമെന്ന് ആപ്പിൾ പറയുന്നു. ആൻഡ്രോയിഡിന് സമാനമായി കോൾ റെക്കോർഡ് ചെയ്യുന്ന വിവരം ഫോണിന്റെ മറുതലയ്ക്കൽ ഉള്ളവർക്ക് അറിയാനാകും. റെക്കോർഡ് ചെയ്യുന്ന സമയത്ത് സ്ക്രീനിൽ സൗണ്ട് വേവ് ഗ്രാഫിക്സും കാണിക്കും.

വേൾഡ് വാചകം

# ഉക്രെയ്നോട് മൃദുത്വ സമീപനം; അർജന്റീന-റഷ്യൻബന്ധം തുലാസിൽ

മോസ്കോ: അർജന്റീനയുമായുള്ള റഷ്യൻ ബന്ധം കടുത്ത സമ്മർദ്ദത്തിൽ. അർജന്റീനിയൻ പ്രസിഡന്റ് ജാവിയർ മിലേയുടെ ഉക്രെയ്നോടുള്ള സമീപനത്തിൽ റഷ്യൻ പ്രസിഡന്റ് പുടിന് അഗാധമായ നിരാശയുണ്ടെന്ന് ബ്യൂണസ് ഐറിസിലെ റഷ്യൻ അംബാസഡർ ദിമിത്രി ഫിയോക്റ്റിസ്റ്റോവ് അറിയിച്ചു. ലാറ്റിനമേരിക്കൻ രാജ്യത്തിൽ നിന്ന് ജർമ്മനി വഴി ഉക്രെയ്നിലേക്ക് ആയുധങ്ങളും സൈനിക ഉപകരണങ്ങളും കയറ്റി അയയ്ക്കാൻ സാധ്യതയുണ്ടെന്ന് വിവരം പുറത്ത് വന്നതിന് പിന്നാലെയാണ് പുടിന് നിരാശ ഉണ്ടായത്.എന്നാൽ സൈനിക സാമഗ്രികളുടെ കയറ്റുമതി മാത്രമല്ല ക്രെംലിനെ അലോസരപ്പെടുത്തുന്നത്. റാംസ്റ്റീൻ ഗ്രൂപ്പിലെ അർജന്റീനിയയുടെ സാന്നിധ്യത്തെയും അവർ ഭയപെടുന്നുണ്ട്. 2022 ലെ റഷ്യയുടെ അധിനിവേശത്തിനുശേഷം സൈനിക ഉപകരണങ്ങൾ അയച്ച് ഉക്രെയ്നിന്റെ പ്രതിരോധത്തെ പിന്തുണയ്ക്കാൻ തീരുമാനിച്ച 50 ലധികം രാജ്യങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്ന ഉക്രെയ്നിന്റെ പ്രതിരോധ കോൺടാക്റ്റ് ഗ്രൂപ്പാണ് റാംസ്റ്റൈൻ ഫോർമാറ്റ്.സമീപ വർഷങ്ങളിൽ അർജന്റീന പുലർത്തിയ നിഷ്പക്ഷതയ്ക്ക് വിരുദ്ധമായ ഈ തീരുമാനം ക്രെംലിനേയും അലട്ടിയിരുന്നു.

കൂടാതെ, അടുത്തിടെ, സ്വിറ്റ്സർലൻഡിൽ നടന്ന ആഗോള സമാധാന ഉച്ചകോടിയിൽ, മിലേ തന്റെ ഉക്രെയ്ൻ പ്രസിഡന്റ് സെലെൻസ്കിയുമായുള്ള അടുത്ത ബന്ധത്തെക്കുറിച്ച് സംസാരിച്ചു, അർജന്റീനിയൻ ജനതയ്ക്ക് വേണ്ടി ഉക്രെയ്നിന് പരമാവധി പിന്തുണയും അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. ഇത് റഷ്യയെ അലോസരപ്പെടുത്തിയിരിക്കുകയാണ്.



## ഫോസിൽ ഇന്ധനത്തിന്റെ പുറന്തള്ളൽ എക്കാലത്തെയും ഉയർന്ന നിരക്കിൽ



ലണ്ടൻ: ആഗോള ഊർജ മിശ്രിതത്തിൽ ഫോസിൽ ഇന്ധനങ്ങളുടെ വിഹിതം 2023ൽ നേരിയ തോതിൽ കുറഞ്ഞുവെങ്കിലും, ആഗോള ഫോസിൽ ഇന്ധന ഉപഭോഗവും ഊർജ ഉദ്വമനവും എക്കാലത്തെയും ഉയർന്ന നിരക്കിലെത്തി. വ്യാഴാഴ്ച പുറത്തുവിട്ട ഒരു റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്.ആഗോളതാപനം 1.5 ഡിഗ്രി സെൽഷ്യസിൽ (2.7 എഫ്) എത്തുമ്പോൾ, പുനരുൽപ്പാദിപ്പിക്കാവുന്നവയുടെ തോത് വർധിച്ചിട്ടും ഫോസിൽ ഇന്ധനത്തിനായുള്ള വർദ്ധിച്ചുവരുന്ന ആവശ്യം കാർബൺ ഊർജത്തിലേക്ക് മാറുന്നതിനുള്ള ഒരു പ്രധാന കാരണമാണ്. 2022-ൽ മോസ്കോയുടെ ഉക്രെയ്ൻ അധിനിവേശത്തെത്തുടർന്ന് പടിഞ്ഞാറ് ദിശയിൽ നിന്ന് റഷ്യൻ ഊർജ പ്രവാഹത്തിന്റെ ആദ്യ മുഴുവൻ വർഷവും കഴിഞ്ഞ വർഷം, കൂടാതെ കോവിഡ് പാൻഡെമിക്കുമായി ബന്ധപ്പെട്ട വലിയ ചലന നിയന്ത്രണങ്ങളില്ലാത്ത ആദ്യത്തെ മുഴുവൻ വർഷവും ഫോസിൽ ഇന്ധനം ഒഴുകി. മൊത്തത്തിലുള്ള ആഗോള പ്രാഥമിക ഊർജ്ജ ഉപഭോഗം എക്കാലത്തെയും ഉയർന്ന 620 എക്സാജൂളിൽ (ഇജെ) എത്തിയെന്ന് ഉദ്വമനം ആദ്യമായി സിഒ2 ന്റെ 40 ജിഗാടൺ കവിഞ്ഞതിനാൽ റിപ്പോർട്ട് പറയുന്നു.''പുനരുപയോഗിക്കാവുന്നവയുടെ സംഭാവന പുതിയ റെക്കോർഡ് ഉയരത്തിലെത്തുന്നത് ഞങ്ങൾ കണ്ട ഒരു വർഷത്തിൽ, ആഗോള ഊർജ ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നതിനർത്ഥം ഫോസിൽ ഇന്ധനങ്ങളിൽ നിന്നുള്ള വിഹിതം ഫലത്തിൽ മാറ്റമില്ലാതെ തുടരുന്നു,'' എന്നാണെന്ന് കെപിഎംജിയിലെ സൈമൺ വിർലി പറഞ്ഞു.വിവിധ പ്രദേശങ്ങളിലെ ഫോസിൽ ഇന്ധന ഉപയോഗത്തിലെ വ്യതിയാന പ്രവണതകൾ റിപ്പോർട്ട് രേഖപ്പെടുത്തി.

## സ്റ്റോൺഹെഞ്ചിൽ ഓറഞ്ച് നിറമുള്ള പദാർത്ഥം സ്പ്രേ ചെയ്ത 2 പേർ അറസ്റ്റിൽ

ലണ്ടൻ: യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെട്ട ഇംഗ്ലണ്ടിലെ സ്റ്റോൺഹെഞ്ചിൽ ഓറഞ്ച് നിറമുള്ള പദാർത്ഥം സ്പ്രേ ചെയ്യാൻ ശ്രമിച്ചതിന് ഇന്ത്യൻ വംശജൻ ഉൾപ്പെടെ രണ്ട് പേരെ യുകെ പോലീസ് ബുധനാഴ്ച അറസ്റ്റ് ചെയ്തു. 73 കാരനായ പരിസ്ഥിതി പ്രവർത്തകനായ രാജൻ നായിഡുവാണ് അറസ്റ്റിലായ ഇന്ത്യക്കാരൻ. വിനാശകരമായ പ്രതിഷേധങ്ങൾക്ക് കുപ്രസിദ്ധമായ ജസ്റ്റ് സ്റ്റോപ്പ് ഓയിലിലെ അംഗമാണ് നായിഡു. നായിഡുവും മറ്റ് പ്രവർത്തകരും 'ജസ്റ്റ് സ്റ്റോപ്പ് ഓയിൽ' ബ്രാൻഡഡ് ടി-ഷർട്ടുകൾ ധരിച്ച് മെഗാലിത്തിക് സ്റ്റാൻഡിംഗ് സ്റ്റോണുകളിൽ ഓറഞ്ച് പെയിന്റ് സ്പ്രേ ചെയ്യുന്നതായി സോഷ്യൽ മീഡിയയിലെ വീഡിയോകൾ കാണിച്ചു. 2030-ഓടെ ഫോസിൽ ഇന്ധനങ്ങൾ ഘട്ടംഘട്ടമായി നിർത്തലാക്കാൻ അടുത്ത ബ്രിട്ടീഷ് സർക്കാർ നിയമപരമായി പ്രതിജ്ഞാബദ്ധരാകണമെന്ന് ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. നായിഡുവിനൊപ്പം നിയാം ലിഞ്ച് എന്ന 21 കാരനായ വിദ്യാർത്ഥിയെയും പോലീസ് അറസ്റ്റ് ചെയ്തതായി പരിസ്ഥിതി സംഘടന അറിയിച്ചു.'ജസ്റ്റ് സ്റ്റോപ്പ് ഓയിൽ' സ്പ്രേ ചെയ്ത പെയിന്റ് 'ഓറഞ്ച് കോൺഫ്ലോർ' ആണെന്നും മഴ



പെയ്യുമ്പോൾ ഒലിച്ചു പോകുമെന്നും സംഘടന അവകാശപ്പെട്ടു. അതേസമയം ഹെറിറ്റേജ് സൈറ്റ് കൈകാര്യം ചെയ്യുന്ന വിദഗ്ധർ 'നാശനഷ്ടത്തിന്റെ വ്യാപ്തി' അന്വേഷിക്കുകയാണെന്ന് എഎഫ്പി റിപ്പോർട്ട് ചെയ്തു.ബിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനക് സംഭവത്തെ അപലപിച്ചു. 'അപമാനകരമായ നശീകരണ പ്രവൃത്തി' എന്നാണ് ഇതിനെ അദ്ദേഹം വിശേഷിപ്പിച്ചത്.

## നോം ചോംസ്കി മരിച്ചെന്ന റിപ്പോർട്ടുകൾ വാസ്തവ വിരുദ്ധമെന്ന് ഭാര്യ വലേറിയ



സാവോ പോളോ: പ്രശസ്ത ഭാഷാ പണ്ഡിതനും ആക്ടിവിസ്റ്റുമായ നോം ചോംസ്കി മരിച്ചെന്ന റിപ്പോർട്ടുകൾ വാസ്തവവിരുദ്ധമാണെന്ന് ഭാര്യ വലേറിയ വാസർമാൻ ചോംസ്കി. അസോസിയേറ്റഡ് പ്രസിൽ നിന്നുള്ള ഇമെയിൽ ചോദ്യത്തിന് മറുപടിയായി ചോംസ്കിയുടെ മരണ വാർത്ത വലേറിയ നിഷേധിച്ചു. 95 കാരനായ നോം ചോംസ്കിയെ ഒരു വർഷം മുമ്പുണ്ടായ മസ്തിഷ്കാഘാതത്തിന്റെ ചികിൽസക്കായി ബ്രസീലിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയായിരുന്നെന്ന് വലേരിയ ചോംസ്കി പറഞ്ഞു. വീട്ടിൽ വെച്ച് ചികിത്സ തുടരുന്നതിനായി ചോംസ്കിയെ ചൊവ്വാഴ്ച ഡിസ്ചാർജ് ചെയ്തതായി സാവോ പോളോയിലെ ബെനഫിസെൻഷ്യ പോർച്ചുഗീസ ആശുപത്രി പ്രസ്താവനയിൽ പറഞ്ഞു. ചൊവ്വാഴ്ച ചോംസ്കിയുടെ മരണത്തെക്കുറിച്ചുള്ള തെറ്റായ റിപ്പോർട്ടുകൾ സാമൂഹ്യ മാധ്യമങ്ങളിൽ പടർന്നിരുന്നു. പിന്നാലെ ബ്രസീലിലെ ചില ന്യൂസ് വെബ്സൈറ്റുകളും ചോംസ്കിയുടെ മരണം വാർത്തയാക്കി. പിന്നീട് വാർത്തകൾ പിൻവലിക്കപ്പെടുകയും വെബ്സൈറ്റുകൾ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു.

## സെലൻസ്കി പ്രസിഡന്റായി തുടരണം; 70% പേരുടെ പിന്തുണ



കീവ്: വോളോഡിമർ സെലെൻസ്കി രാജ്യത്തിന്റെ പ്രസിഡന്റായി തുടരണമെന്ന് ഉക്രേനിയക്കാരിൽ പകുതിയിലധികവും ആഗ്രഹിക്കുന്നതായി സർവ്വേ. ജൂൺ 17 ന് പ്രസിദ്ധീകരിച്ച കീവ് ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യോളജിയിൽ നിന്നുള്ള പുതിയ പോളിംഗ് ആണ് ഇക്കാര്യം വ്യക്തമാക്കുന്നത്.സർവേയിൽ പങ്കെടുത്തവരിൽ 70% പേരും സെലൻസ്കി സൈനികനിയമം അവസാനിക്കുന്നതുവരെ ഉക്രെയ്നിന്റെ പ്രസിഡന്റായി തുടരണമെന്ന് ആഗ്രഹിക്കുന്നു. 22% പേർ മാത്രമാണ് സെലൻസ്കി പ്രസിഡന്റ് സ്ഥാനത്ത് നിന്ന് മാറണമെന്ന് പ്രതികരിച്ചത്. പ്രസിഡന്റ് എന്ന നിലയിൽ സെലൻസ്കിയുടെ പ്രവർത്തനങ്ങളെ 56% പേർ പിന്തുണയ്ക്കുന്നു.'ഇപ്പോൾ എല്ലാവരും നമ്മുടെ രാജ്യത്തെ പ്രതിരോധിക്കുന്നതിനെക്കുറിച്ച് ചിന്തിക്കണം. നമ്മൾ സ്വയം ഒന്നിച്ചുനിൽക്കണം, തർക്കങ്ങളിലേക്കോ മറ്റ് മുൻഗണനകളിലേക്കോ മാറുന്നത് ഒഴിവാക്കണമെന്ന് നവംബറിലെ ഒരു പ്രസംഗത്തിൽ സെലെൻസ്കി പറഞ്ഞിരുന്നു. ഉക്രെയ്നിൽ പട്ടാള നിയമം ഏർപ്പെടുത്തിയിരുന്നില്ലെങ്കിൽ 2024 മാർച്ച് 31 ന് തിരഞ്ഞെടുപ്പ് നടക്കുമായിരുന്നു.

# കിമ്മിന് അത്യാഢംബര കാർ സമ്മാനിച്ച് പുടിൻ



മോസ്കോ: ഉത്തര കൊറിയൻ സന്ദർശനത്തിനിടെ പരമോന്നത നേതാവ് കിം ജോങ് ഉന്നിന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ആഡംബര കാർ സമ്മാനിച്ചു. റഷ്യൻ നിർമ്മിത ഓറസ് ലിമോസിനാണ് കിമ്മിന് പുടിന്റെ സമ്മാനം. കൂടാതെ ടീ സെറ്റ്, വാൾ എന്നിവയും കിമ്മിന് പുടിൻ സമ്മാനിച്ചിട്ടുണ്ട്. സോവിയറ്റ് കാലത്തെ ഓർമ്മിപ്പിക്കുന്ന റെട്രോ സ്റ്റൈൽ ലിമോസിനാണ് കിമ്മിന് സമ്മാനിച്ച ഓറസ് സെനറ്റ്. പുടിൻ ഉപയോ?ഗിക്കുന്ന വാഹനങ്ങളിലൊന്നാണ് ഈ ഓറസ് സെനറ്റ്. കഴിഞ്ഞ സെപ്റ്റംബറിൽ റഷ്യ സന്ദർശിച്ച കിമ്മിന് പുടിൻ ഈ വാഹനം കാണിച്ച് നൽകുന്നതും അദ്ദേഹം ഇത് ആസ്വദിക്കുന്നതുമായ ചിത്രങ്ങൾ പുറത്തുവന്നിരുന്നു. കിം ഒരു കാർ പ്രേമിയാണ്. ആഡംബര വിദേശ വാഹനങ്ങളുടെ വലിയ ശേഖരം കിമ്മിന്റെ പക്കലുണ്ടെന്ന് നിരവധി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉത്തരകൊറിയയിലേക്ക് ആഡംബര വാഹനങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് അമേരിക്ക വിലക്ക് ഏർപ്പെടുത്തിയ സാഹചര്യത്തിൽ, ഈ വാഹനങ്ങളെല്ലാം അനധികൃതമായാണ് കൊറിയയിലേക്ക് കൊണ്ടുവന്നത്.ലിമോസിൻ, മേസിഡസിന്റെ വിവിധ മോഡലുകൾ, റോൾസ് റോയ്സ് ഫാന്റം, ലെക്സസ് സ്പോർട്സ് യൂട്ടിലിറ്റി വെഹിക്കിൾ എന്നിങ്ങനെ കിമ്മിന്റെ കൈയിൽ വാഹനങ്ങളേറെയാണ്. ഈ വർഷം സെന്റ് പീറ്റേഴ്സ്ബർഗിലെ പഴയ ടൊയോട്ട ഫാക്ടറിയിൽ റഷ്യ ഓറസ് ആഢംബര കാറുകളുടെ നിർമ്മാണം ആരംഭിച്ചതായി റഷ്യയിലെ ഉന്നത ഉദ്യോഗസ്ഥനെ ഉദ്ധരിച്ച് റിപ്പോർട്ട് ചെയ്യുന്നു. ഈ വർഷം 40 ഓറസ് ബ്രാന്റ് കാറുകൾ റഷ്യയിൽ വിറ്റുപോയെന്നാണ് റഷ്യൻ അനലിറ്റിക്കൽ ഏജൻസി ഓട്ടോസ്റ്റാറ്റ് വ്യക്തമാക്കുന്നത്.അതേസമയം ഉത്തരകൊറിയയിലെ പ്യോങ്യാങ് സന്ദർശിച്ച പുടിന് വിവിധ കലാസൃഷ്ടികൾ സമ്മാനമായി ലഭിച്ചതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ആഘോഷങ്ങളും ആരവങ്ങളുമായാണ് പുടിനെ ഉത്തരകൊറിയ സ്വീകരിച്ചത്. ഉക്രെയ്നിലെ യുദ്ധത്തിൽ റഷ്യക്ക് പൂർണ പിന്തുണ ഉത്തരകൊറിയ അറിയിച്ചു.മൊത്തത്തിൽ, സമ്മാനങ്ങളുടെ കൈമാറ്റവും സൗഹൃദ സംഭാഷണങ്ങളും റഷ്യയും ഉത്തര കൊറിയയും തമ്മിലുള്ള ആഴത്തിലുള്ള ബന്ധത്തിന് അടിവരയിടുന്നു. ഉക്രെൻ- മോസ്കോ സംഘർഷവും, ആഗോള സുരക്ഷ, നിലവിലെ സൈനിക, ജിയോപൊളിറ്റിക്കൽ സന്ദർഭങ്ങൾ എന്നിവ കാരണം ഇരുരാജ്യങ്ങളുടെയും ബന്ധം അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ചിരിക്കുകയാണ്.

## ആരാദ്യം കയറും! കാറിൽ കയറാൻ പരസ്പരം നിർബന്ധിച്ച് പുടിനും കിമ്മും



പ്യോങ്യാങ്: 24 വർഷത്തിന് ശേഷം കൊറിയയിലേക്ക് പുടിൻ നടത്തുന്ന ചരിത്ര സന്ദർശനത്തിൽ ഊഷ്മള വരവേൽപ്പാണ് അദ്ദേഹത്തിന് ലഭിച്ചത്. എന്നാൽ, വിമാനത്താവളത്തിൽ വെച്ച്, നേതാക്കൾ തമ്മിലുള്ള അസ്വാഭാവികമായ ഇടപെടലാണ് ഇപ്പോൾ ചർച്ചയാവുന്നത്. പ്യോങ്യാങ് ഇന്റർനാഷണൽ എയർപോർട്ടിലെ ടെർമിനൽ 1 ബിൽഡിംഗിന് പുറത്ത് ബുധനാഴ്ച പുലർച്ചെ വ്ളാഡിമിർ പുടിനും കിം ജോങ് ഉന്നും തങ്ങളുടെ പരിവാരങ്ങളോടൊപ്പം ഒരു അകമ്പടി വാഹനത്തെ സമീപിച്ചപ്പോഴാണ് സംഭവം. സ്പുട്നിക് പ്രസിദ്ധീകരിച്ച 21 സെക്കൻഡ് ദൈർഘ്യമുള്ള വീഡിയോയിൽ കാറിന്റെ പിൻഭാഗത്ത് വലത് വശത്തെ വാതിലിലേക്ക് റഷ്യൻ പ്രസിഡന്റ് കിമ്മിനെ ആനയിക്കാൻ ശ്രമിക്കുന്നത് കാണാം. വ്ളാഡിമിർ പുടിനും കിം ജോങ്-ഉന്നും തമ്മിൽ അങ്ങോട്ടും ഇങ്ങോട്ടും ഒരു ആംഗ്യതർക്കം ഉടലെടുത്തു. ഇരു നേതാക്കളും കറുത്ത സെഡാന്റെ നേരെ മറ്റേയാളെ ആനയിക്കാൻ ശ്രമിച്ചു. പരസ്പരമുള്ള ഈ ആനയിക്കൽ ഏകദേശം 8 സെക്കൻഡ് നീണ്ടുനിന്നു. ഒടുവിൽ പുടിൻ വഴങ്ങി കാറിൽ കയറി. കിം മറ്റേ വാതിലിലൂടെ കാറിൽ പ്രവേശിക്കുകയും ചെയ്തു. ഇരു നേതാക്കളും തമ്മിലുള്ള പരസ്പര വിശ്വാസമില്ലായ്മയാണ് ഇതിലൂടെ പ്രകടമായതെന്ന് സോഷ്യൽ മീഡിയയിൽ ഒരു വിഭാഗം ആളുകൾ അഭിപ്രായപ്പെട്ടു.

## ഇക്വഡോറിനെ ഇരുട്ടിലാഴ്ത്തി രാജ്യവ്യാപക വൈദ്യുതി മുടക്കം



ഇക്വഡോർ: ബുധനാഴ്ച രാജ്യവ്യാപകമായി വൈദ്യുതി മുടക്കം നേരിടുന്നതായി രാജ്യത്തെ പൊതുമരാമത്ത് മന്ത്രി സ്ഥിരീകരിച്ചു. ബ്ലാക്ക്ഔട്ടിന്റെ കാരണം വിശദീകരിച്ച റോബർട്ടോ ലുക്ക്, ട്രാൻസ്മിഷൻ ലൈൻ പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്ന് വിശദീകരിച്ചു. എന്നാൽ, എപ്പോൾ വൈദ്യുതി തിരികെയെത്തുമെന്ന കാര്യത്തിൽ വ്യക്തത വന്നിട്ടില്ല.'ട്രാൻസ്മിഷൻ ലൈനിൽ ഒരു തകരാറുണ്ട്, അത് കാസ്കേഡ് വിച്ഛേദിക്കുന്നതിന് കാരണമായി, അതിനാൽ ദേശീയ തലത്തിൽ വൈദ്യുതി ഇല്ല,' ലുക്ക് മുമ്പ് ട്വിറ്റർ എന്നറിയപ്പെട്ടിരുന്ന എക്സ് പ്ലാറ്റ്ഫോമിൽ പറഞ്ഞു.




WE PROVIDE INNOVATIVE PRINT & DESIGN SOLUTIONS FOR ALL YOUR PRINT JOBS

We bring our superior quality craftsmanship, seamless work flow and impeccable timing to every print job- whether a high end magazine or a simple business card

Business Card
Flyer•Brochure
Booklet •Souvenir
Entry Ticket
Flex Board
Flex banner
Wall Calendar
Pull Out Banner
Newsletter
Letter Head
Envelops
Window Sticker

Chennikkara Printers
Call: Jose Chennikkara
Ph: 773 842 9149

Email: chennikkara@gmail.com | www.chennikkara.com

HOME STAY DAILY & WEEKLY

FOR SALE
CHANGANACHERRY
5/3/2 BEDROOMS VILLA WITH ATTACHED BATH ROOMS FULLY FURNISHED & EQUIPPED WITH A/C



CALL
USA: 1 773-842-9149
INDIA: 91 996-145-0755




Near Baselius College, K K Road, Kottayam | Ph: 0481 256 3916
Changanacherry | Karukachal | Kanjirappally | Pala | Ranni | Punalur | www.edimannickal.in